KODAMTHURUTH PANCHAYATH

# കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത്

ആലപ്പുഴ ജില്ല



# വികസനരേഖ '97-2002

# കോടംതുരുത്ത്
# ഗ്രാമപഞ്ചായത്ത്
ആലപ്പുഴ ജില്ല.











"Where there is pure and active love for, there is God.
I see God in every thread that I draw on the spinning wheel."

- GANDHIJI

Dr. P. ചന്ദ്രഹാസൻ നായർ



ആദരാഞ്ജലികൾ.

# കോടംതുരുത്ത് പഞ്ചായത്ത്
## ആദ്യ ഭരണസമിതി




Sitting : L to R. N. K. KARUNAKARAN (Ward 2 - Resevation), P. V. KUMAR (Ward 2), P. T. ANTONY (Vice President Ward 4), JOSEPH CHERIAN (President), N. KUMARA PANICKER ( Ward 6), C. R. DAMODARA PANICKER (Ward 1), A. BALAKRISHNAN NAIR (Ward 3), K. S. JESUDASAN (Executive Officer).

Standing : L to R AUGESTY PALIE (Market Sweeper), K. RAMACHANDRAN NAIR (Panchyath Assistant), C. N. SANKARAN (Peon).



**കെ.രാജീവൻ,**
**അരൂർ ഡിവിഷൻ.**



**ഭൈമീ സദാശിവൻ,**
**തുറവൂർ ഡിവിഷൻ.**



**ദിലീപ് കണ്ണാടൻ,**
**കുത്തിയതോട് ഡിവിഷൻ.**



**കെ. ഉമേശൻ,**
**ചമ്മനാട് ഡിവിഷൻ.**

## കോടംതുരുത്ത് പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് മെമ്പറൻമാർ




1. ജോയി അറയ്ക്കൽ (പ്രസിഡൻറ്, വാർഡ് VII), 2. സി. ജി. കുമാർ (സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ, വാർഡ് VI) 3. പി. വൈ. ഉമ്മർ (വൈ. പ്രസിഡൻറ്, വാർഡ് II) 9. എ. നാസർ (മെമ്പർ, വാർഡ് I) 8. ബി. രമാദേവി, (മെമ്പർ, വാർഡ് IV) 7. കാർത്ത്യായനി വേണു (മെമ്പർ, വാർഡ് VIII) 4. ബി. ജയകുമാർ, (മെമ്പർ, വാർഡ് III) 5. പ്രഭാ പുഷ്ക്കരൻ (മെമ്പർ, വാർഡ് V) 6. കെ. പ്രഭാകരൻ (മെമ്പർ, വാർഡ് IX)




M - പഞ്ചായത്ത് വക മാർക്കററ്.
CI - പോലീസ് സർക്കിൾ ഓഫീസ്.
PS - പോലീസ് സ്റ്റേഷൻ.
E - ഇലക്ട്രിസിററി ഓഫീസ്
K - കൃഷിഭവൻ ഓഫീസ്.
DLB - ധനലക്ഷ്മി ബാങ്ക്.
RH - റൂറൽ ഹൗസിംഗ് സംഘം
PO - പോസ്ററ് ഓഫീസ് കുത്തിയതോട്
F - കേരള സ്റ്റേററ് ഫിനാൻഷ്യൽ എന്റർ.
SBI - സ്റ്റേററ്ബാങ്ക് ഓഫ് ഇന്ത്യ.
LT - ലോറി വ്യവസായ സംഘം.
T - സിനിമാ തീയേററർ.
SBT - സ്റ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂർ
DCB - ജില്ലാ സഹകരണ ബാങ്ക്.
PHC - പ്രാഥമിക ആരോഗ്യ കേന്ദ്രം കോടം:
E - കെ. എസ്. ഇ. ബി എക്സി. ഓഫീസ്.
V - വില്ലേജ് ഓഫീസ്
P - പഞ്ചായത്ത് ഓഫീസ്.
CVCS - കയർ വ്യവസായ സഹ: സംഘം കോടം.
B - ബാലവാടി.
CVCS - കയർ വ്യവസായ സഹ: സംഘം എഴു:
PHC - പ്രാഥമിക ആരോഗ്യകേന്ദ്രം എഴു:
KCS - ക്ഷീരോൽപാദക സഹ: സംഘം
V - മൃഗാശുപത്രി.
PHCS - മാതൃ ശിശു സംരക്ഷണ കേന്ദ്രം.
WA - പമ്പ് ഹൗസ് പുതുശ്ശേരി വെളി.
KWA - വാട്ടർടാങ്ക് കരുവാശ്ശേരി.
PO - പോസ്ററ് ഓഫീസ്.
SCB - 1124 സഹകരണ ബാങ്ക് എഴു:

# കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ ജില്ല
## വികസന രേഖ '97-2002

1996 ഡിസംബർ-25 | താളുകളിലൂടെ.

എഡിറ്റോറിയൽ ബോർഡ്:
V.K. അമ്പർഷൻ.
K. പ്രദീപ്കുമാർ.
M. ശശിധരൻ.
A. വിശ്വനാഥൻ.

മുഖചിത്രം
ലേഔട്ട്
N.V. ശിവൻ
വല്ലേത്തോട്.



ചീഫ്
കൺസൾട്ടന്റ്
P.R. രാമചന്ദ്രൻ
അന്ധകാരനഴി.




1 ആമുഖം
2 ചരിത്ര പശ്ചാത്തലം
3 ഭൂപ്രകൃതിയും വിഭവങ്ങളും.






വികസന അവലോകനം

4 കൃഷിയും ജലസേചനവും.
5 മൃഗസംരക്ഷണം.
6 മത്സ്യബന്ധനം.
7 വ്യവസായം.
8 ഊർജ്ജം.
9 ഗതാഗതം.
10 മാർക്കറ്റ്.
11 കുടിവെള്ളം.
12 പൊതുജനാരോഗ്യം
13 വിദ്യാഭ്യാസം.
14 പാർപ്പിടം.
15 ക്ഷേമപ്രവർത്തനങ്ങൾ.
16 പട്ടികജാതി പട്ടികവർഗ്ഗം.








17 സ്ത്രീ പദവി.
18 സംസ്കാരം.
19 സഹകരണ മേഖല.
20 വിഭവസമാഹരണം.
21 ഉപസംഹാരം.
22 അനുബന്ധങ്ങൾ.









**വി.ദേവകി,**
സെക്രട്ടറി സ്പെഷ്യൽ ഗ്രേഡ്,
കോടംതുരുത്ത്
ഗ്രാമപഞ്ചായത്ത്

# 1 ആമുഖം



പഞ്ചായത്തീരാജ് - അധികാരം ജനങ്ങളിലേക്ക് - ഇന്നലെകളിൽ ജനഹൃദയങ്ങളിൽ കാത്തു സൂക്ഷിച്ചിരുന്ന സ്വപ്നത്തിന്റെ പൂർത്തീകരണം. അധികാര കേന്ദ്രീകരണത്തിന്റെ അനുഭവങ്ങൾ പങ്കിട്ട ജീവിതത്തിൽ, അധികാരവികേന്ദ്രീകരണത്തിൽ പങ്കാളിയാകാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യം. നാളെകളിൽ നാടിന്റെ ഭരണത്തിൽ ആസൂത്രണത്തിൽ, വികസനത്തിൽ കണ്ണിയാകാൻ കഴിയുമെന്ന ആത്മ സംതൃപ്തി. ലോക ജനാധിപത്യത്തിന്റെ ശ്രീകോവിലായ ഭാരതത്തിന്റെ സാംസ്ക്കാരികപൈതൃകം ഏറ്റുവാങ്ങുന്ന സാക്ഷര കേരളം, അധികാര വികേന്ദ്രീകരണത്തിലൂടെ - ആസൂത്രണ വികേന്ദ്രീകരണത്തിലൂടെ - ഭാരതത്തിന് മാതൃകയാകുന്നു.

## 1.1 രാഷ്ട്രപിതാവിന്റെ സ്വപ്നം

വെള്ളക്കാരുടെ കൈകളിൽ അടിമകളായി കഴിഞ്ഞിരുന്ന ഭാരതമക്കൾക്ക് മോചനത്തിന്റെ മന്ത്രമോതിയ രാഷ്ട്രപിതാവ് മഹാത്മജി പറഞ്ഞു: "ഗ്രാമസ്വരാജ്"- അതാണെന്റെ ലക്ഷ്യം.

1948 ജനുവരി 18ന് ഹരിജൻ പത്രത്തിൽ ഗാന്ധിജി എഴുതി ." ഡൽഹിയിൽ ഇരുന്ന് ഇരുപത് മന്ത്രിമാർ ഇന്ത്യയുടെ ഭാഗധേയം നിർണ്ണയിച്ചതുകൊണ്ടായില്ല. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ്; പഞ്ചായത്തുകളുടെഅധികാരം എത്രയ്ക്ക് അധികമാകുന്നുവോ അത്രയ്ക്ക് ജനങ്ങൾക്ക് ഗുണകരവുമാണ്. ഇന്ത്യൻ ജനാധിപത്യത്തിൽ ഗ്രാമങ്ങളാണ് അടിസ്ഥാന ഘടകം. ഗ്രാമീണ ജനത ചേർന്ന് താഴെ നിന്നും അത് നടപ്പാക്കുമ്പോഴാണ് അധികാര വികേന്ദ്രീകരണം പൂർണ്ണമാകുന്നത്".

## 1.2. പഞ്ചായത്തീരാജിന്റെ ചരിത്രം

1958ൽ അന്നത്തെ പ്രധാന മന്ത്രി ജവഹർലാൽ നെഹ്റു നിയോഗിച്ച ബെൽവന്ത്റായിമേത്ത കമ്മറ്റി സമർപ്പിച്ച റിപ്പോർട്ട് പഞ്ചായത്തീരാജ് സംവിധാനത്തിന്റെ നാഴികക്കല്ലാണ്. 1959 ഒക്ടോബർ രണ്ടിന് രാജസ്ഥാനിൽ പഞ്ചായത്തീ രാജ് നിലവിൽ വന്നു. തുടർന്നു മറ്റു പല സംസ്ഥാനങ്ങളിലും ഗ്രാമ സ്വരാജ് നടപ്പിലാക്കി. പക്ഷെ രാഷ്ട്ര പിതാവ് ഭാവനയിൽ കണ്ടതും രാഷ്ട്രശിൽപ്പി നടപ്പിലാക്കാൻ ശ്രമിച്ചതുമായ ഗ്രാമ സ്വരാജ് പൂർണതയിൽ എത്തിയോ എന്ന സംശയം ബാക്കി നിൽക്കുകയാണ് .



പഞ്ചായത്തീരാജ് നിയമത്തിന് ഭരണഘടനയുടെ പരിരക്ഷ കിട്ടുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധിയുടെ ഭാഗത്തു നിന്നും ഉണ്ടായിയെങ്കിലും അത് ഫലപ്രാപ്തിയിലെത്തിക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. 1992 ഡിസംബർ മാസത്തിൽ പ്രധാന മന്ത്രിയായ പി. വി. നരസിംഹറാവു പാർലമെന്ററിൽ അവതരിപ്പിച്ച 73ാം ഭരണഘടന ഭേദഗതിയിലൂടെ പഞ്ചായത്തീരാജ് നിയമത്തിന് ഭരണഘടനയുടെ പരിരക്ഷകിട്ടി. 1993 ഏപ്രിൽ മാസം 24-ാം തീയതി ഇതു പ്രാബല്യത്തിൽ വന്നു. 1994 ഏപ്രിൽമാസം 23ന് നമ്മുടെ സംസ്ഥാന ഗവൺമെൻറും ഈ ഭേദഗതി അംഗീകരിച്ചു.

## 1.3. പദ്ധതികൾ വിശകലനം

വിഭവങ്ങളുടെ ശാസ്ത്രീയവും സന്തുലിതവുമായ ഉപയോഗത്തിലൂടെ മാത്രമേ ഒരു രാജ്യത്തിന് സാമ്പത്തിക പുരോഗതി നേടുവാൻ കഴിയൂ എന്ന ആശയം 1930ൽ ദേശീയപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടുകൂടി ഇന്ത്യയിൽ പ്രചരിച്ചിരുന്നു. ഇത് പിൽക്കാലത്ത് 'സാമ്പത്തിക ആസൂത്രണം' (Economic Planning) എന്ന ആശയമായിത്തീർന്നു. ഇന്ത്യ ഒരു പരമാധികാര ജനകീയ റിപ്പബ്ലിക്ക് ആയതോടുകൂടി 1950ൽ പ്ലാനിംഗ് കമ്മീഷൻ

രൂപീകരിക്കപ്പെട്ടു. ഇതിൻെറ ഫലമായി സ്വതന്ത്ര ഭാരതത്തിൻെറ സമഗ്രമായ വികസനം ലാക്കാക്കി പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്രു 1951 ഏപ്രിൽ 1ന് ഇന്ത്യയിൽ ഒന്നാം പഞ്ചവത്സരപദ്ധതിക്ക് തുടക്കം കുറിച്ചു. ആകെ വകകൊള്ളിച്ചിരുന്ന 160 കോടി അടങ്കൽ തുകയുടെ 44% കൃഷിക്കും ജലസേചനത്തിനും വേണ്ടി നീക്കിവെച്ചു. രണ്ടാം പഞ്ചവത്സരപദ്ധതി 1956-61 കാലഘട്ടത്തിലായിരുന്നു. 4800 കോടി രൂപ അടങ്കൽ തുക ഉണ്ടായിരുന്ന ഈ പദ്ധതിയിൽ വ്യാവസായികവൽക്കരണത്തിനായിരുന്നു മുൻഗണന. 1961ൽ ആരംഭിച്ചതും 8577 കോടി രൂപ അടങ്കൽ തുക ഉണ്ടായിരുന്നതുമായ 3ാം പഞ്ചവത്സര പദ്ധതിയിൽ ഭക്ഷ്യ സ്വയം പര്യാപ്തതക്കായിരുന്നു പ്രഥമ സ്ഥാനം നൽകിയത്. 1966 മുതൽ മൂന്ന് വാർഷിക പദ്ധതികളാണ് നടപ്പിലാക്കിയത്. 4-ാം പഞ്ചവത്സര പദ്ധതി 69-74 കാലഘട്ടത്തിലായിരുന്നു. 15759 കോടി രൂപ അടങ്കൽ തുക കണക്കാക്കിയിരുന്ന ഈ പദ്ധതിയിൽ കൃഷിക്കായിരുന്നു പ്രാമുഖ്യം. അഞ്ചാം പഞ്ചവത്സര പദ്ധതി 1974ൽ തുടങ്ങി, 79-ൽ അവസാനിച്ചു. അടങ്കൽ തുക 39303 കോടി രൂപയായിരുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായിരുന്നു മുൻഗണന. 110821 കോടി രൂപ അടങ്കൽ തുക ഉണ്ടായിരുന്ന 6-ാം പഞ്ചവത്സര പദ്ധതിയിൽ ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യം വച്ചുകൊണ്ട് 1980-85 കാലഘട്ടത്തിൽ നടപ്പിലാക്കി. 7-ാം പഞ്ചവത്സര പദ്ധതി 1985-90 കാലഘട്ടത്തിൽ നടപ്പിലാക്കുകയും ആയതിലേക്ക് 348145 കോടി രൂപ വകകൊള്ളിക്കുകയും ചെയ്തു.

8-ാം പഞ്ചവത്സര പദ്ധതി 92 ഏപ്രിൽ 1 ന് ആരംഭിച്ചു. 792000 കോടി രൂപ ആയിരുന്നു അടങ്കൽ തുക. സ്വകാര്യ ഓഹരി മൂലധനവും [45000 കോടി] പബ്ലിക്ക് സെക്ടർ മൂലധനവും [342000 കോടി] സംയോജിതമായ സഹകരണം കാഴ്ചവെച്ചു എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ജന സംഖ്യാ നിയന്ത്രണം, തൊഴിൽ ദാനം, ശുദ്ധജല വിതരണം, ഗ്രാമീണ ഊർജ്ജ വിതരണം എന്നീ വിഷയങ്ങൾക്കാണ് ഈ പദ്ധതി പ്രാമുഖ്യം നൽകിയത്.

## 1.4. പുതിയ കാൽവെയ്പ്പ്

ഇവിടെയാണ് ജനകീയ ആസൂത്രണത്തിൻെറ പ്രസക്തി. 1997 ഏപ്രിൽ ഒന്നിന് സമാരംഭിക്കുന്ന 9-ാം പഞ്ചവത്സരപദ്ധതി ജനകീയ ആസൂത്രണത്തിലൂടെ രൂപപ്പെടുത്തുക വഴി കേരളം വീണ്ടും ഒരു പരീക്ഷണശാലയായി മാറുകയാണ്.

കഴിഞ്ഞ 8 പഞ്ചവത്സര പദ്ധതികളിൽ നിന്നും വ്യത്യസ്ഥമായി 9-ാം പദ്ധതിയിൽ നമ്മുടെ സംസ്ഥാന ആസൂത്രണത്തിൽ ഒട്ടേറെ പുതുമകളുണ്ട്. കേരളീയ ഗ്രാമങ്ങളിലെ ഓരോ പൗരനും ആസൂത്രണത്തിൽ നേരിട്ട് പങ്കാളിയാകുന്നു എന്നതാണ് ഏറ്റവും വലിയ സവിശേഷത.



## 1-5. പഞ്ചായത്ത് സമിതിയുടെ പങ്ക്

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ ജനങ്ങളുടെയും പ്രസ്ഥാനമായി ജനകീയാസൂത്രണ പ്രവർത്തനങ്ങളെ മാറ്റി തീർക്കുവാനുള്ള ബോധപൂർവ്വമായ ശ്രമം പഞ്ചായത്ത് സമിതി ഏറ്റെടുക്കുകയുണ്ടായി.

പഞ്ചായത്ത് തലത്തിൽ പ്രസിഡൻറ് ചെയർമാനും, വാർഡ് സമിതികളുടെ ചെയർമാൻമാർ വാർഡു മെമ്പർമാരുമാണ്. ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾക്ക് രൂപം നൽകുവാൻ ഏഴു തവണ ഗ്രാമപഞ്ചായത്ത് ചേരുകയുണ്ടായി. പ്ലാനിങ്ങ് ബോർഡിൻെറ നിർദ്ദേശാനുസരണം പ്രദേശത്തെ 35 വിദഗ്ദ്ധൻമാരെ തിരഞ്ഞെടുത്ത് പ്രവർത്തനം സജീവമാക്കി. തുടർന്ന് ആറ് ഡി.ആർ.പി. മാരെ പഞ്ചായത്ത് സമിതിയും ഒരോ വാർഡിൽ നിന്നും 5-8 ആർ. പി.മാരെ വാർഡു മെമ്പർമാരും നോമിനേറ്റ് ചെയ്യുകയുണ്ടായി. ഇപ്രകാരം 106 പേർ പ്രവർത്തന രംഗത്തുണ്ട്.

17-9-96 ൽ വിവിധ രാഷ്ട്രീയ ബഹുജന സംഘടനാ നേതാക്കളുടെ യോഗം പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ ചേർന്ന് ആസൂത്രണ പദ്ധതിക്ക് രാഷ്ട്രീയ - ബഹുജന പ്രസ്ഥാനങ്ങളുടെ പങ്ക് ഉറപ്പുവരുത്തി.

19-9-96 ൽ ചങ്ങരം യു. പി. എസ്സിൽ ആർ. പി. മാരുടെ ഒന്നാം ഘട്ട പരിശീലന കളരി നടത്തുകയുണ്ടായി. വിഷയാടിസ്ഥാനത്തിൽ വിവിധ ഗ്രൂപ്പുകളെ നിശ്ചയിക്കുകയുണ്ടായി. 14-9-96 മുതൽ 2-10-96 വരെയുള്ള കാലയളവിൽ സമയബന്ധിതമായി വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. ഗ്രാമസഭകളുടെ വിജയത്തിന് എല്ലാ വാർഡുകളിലും സ്വാഗത സംഘം രൂപീകരിച്ചു.

ദ്വിതീയ സ്ഥിതി വിവരങ്ങൾ ശേഖരിക്കുന്നതിനായി 14-10-96 ൽ V.V.H.S ലും 28-10-96 മുതൽ 2-11-96 വരെയുള്ള തീയതിക്കുള്ളിൽ പഞ്ചായത്ത് കോൺഫറൻസ് ഹാളിലും ഒന്നിച്ചും ഗ്രൂപ്പ് തിരിച്ചും ആർ.പി മാരെ വിളിച്ചുകൂട്ടുകയുണ്ടായി.

ഗ്രാമ പഞ്ചായത്ത് മെമ്പർമാർ, ഡി.ആർ. പി. മാർ, ഗ്രൂപ്പ് ലീഡർമാർ എന്നിവരുടെ സംയുക്ത യോഗം രണ്ടുതവണ ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി ആർ. പി. മാരുടെ രണ്ടാം ഘട്ട ക്യാംപ് 16-11-96 ൽ എഴുപുന്ന തെക്ക് എസ്. എൻ. ഡി.പി. ഹാളിൽ നടക്കുകയുണ്ടായി. 97 പേർ ക്യാംപിൽ പങ്കെടുത്തു. വിവിധ സർക്കാർ സ്ഥാപനങ്ങളിലെ ഓഫീസർമാർ, ധനകാര്യ-സഹകരണ സംഘം മാനേജർമാർ എന്നിവരുടെ പ്രത്യേകം യോഗം നടപ്പു സ്ക്കീമുകളെക്കുറിച്ച് അവലോകനം നടത്തി. 6-12-96ൽ തുടങ്ങി 20-12-96ൽ പൂർത്തീകരിക്കത്തക്കവണ്ണം സാമ്പത്തിക സാമൂഹ്യ സർവെ പ്ലാൻ ചെയ്തു. ഈ കരട് വികസന രേഖ എഴുതി തയ്യാറാക്കുന്നതിനുള്ള കോർ ഗ്രൂപ്പ് രൂപീകരിക്കുന്നതിനുള്ള യോഗം 9-12-96ൽ ഗവൺമെൻറ് എൽ.പി.എസ്സിൽ ചേരുകയും 12 വിദഗ്ദ്ധ ഗ്രൂപ്പുകളെ തെരഞ്ഞെടുക്കുകയും ചെയ്തു. 69 പേരാണ് ആകെ ഗ്രൂപ്പുകളിൽ ഒട്ടാകെ പ്രവർത്തിച്ചത്.

### 1.6. വിശേഷാൽ ഗ്രാമസഭകൾ

1996 സെപ്റ്റംബർ 14നു് തുടങ്ങി ഒക്ടോബർ 2 വരെയുള്ള കാലയളവിൽ ഓരോ വാർഡിലും വിശേഷാൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടി, ശരിയായ മുന്നൊരുക്കത്തോടുകൂടി യാണ് ഗ്രാമസഭകൾ നടന്നത്. നാടിൻെറ പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ എന്നിവ കണ്ടെത്തുന്നതിന് ഈ ഗ്രാമസഭകൾ ഉപകരിച്ചു. ജനങ്ങൾ തന്നെ ആസൂത്രണപ്രക്രിയയിൽ പങ്കെടുക്കുന്ന ഈ സംരംഭം പഞ്ചായത്തിലൊട്ടാകെ ആവേശം പകർന്നു. വിശേഷാൽ ഗ്രാമസഭയുടെ അവലോകനം അനുബന്ധമായി കൊടുത്തിട്ടുണ്ട്.



# വിശേഷാൽ ഗ്രാമസഭ: അവലോകനം

| വാർഡ് | തീയതി സമയം | സ്ഥലം | SC/ST | മുന്നൊരുക്കങ്ങൾ | ആകെ പങ്കെടുത്തവർ | പുരുഷൻ | സ്ത്രീ | ഉദ്യോഗസ്ഥൻമാർ |
|---|---|---|---|---|---|---|---|---|
| I | 2-10-96 2. P.M. | ഗവ: വി. വി. ഹൈസ്ക്കൂൾ, കോടംതുരുത്ത്. | 40 | സ്വാഗതസംഘം, വീടുസന്ദർശനം, നോട്ടീസ് വിതരണം, തലേ ദിവസം മൈക്ക് പ്രചരണം, പോസ്റ്റർ, ബാനർ, അയൽക്കൂട്ടം, ചോദ്യാവലി തയ്യാറാക്കൽ, ഗ്രൂപ്പ്ചർച്ച, ബാഡ്ജ്, ചായ, മൈക്ക് | 160 | 134 | 26 | 5 |
| II | 2-10-96 2. P.M. | ഗവ: എൽ. പി. എസ്. കോടംതുരുത്ത്. | 15 | സ്വാഗതസംഘം, വീടുസന്ദർശനം, നോട്ടീസ് വിതരണം, തലേദിവസം മൈക്ക് പ്രചരണം, പോസ്റ്റർ, ബാനർ, ചോദ്യാവലി തയ്യാറാക്കൽ, ഗ്രൂപ്പ്ചർച്ച, ചായ, മൈക്ക്. | 150 | 112 | 38 | 7 |
| III | 29-9-96 2. P.M. | ഗവ: വി. വി. ഹൈസ്ക്കൂൾ, കോടംതുരുത്ത് | 22 | സ്വാഗതസംഘം, വീടുസന്ദർശനം, നോട്ടീസ് വിതരണം, ചോദ്യാവലി തയ്യാറാക്കൽ, ഗ്രൂപ്പ്ചർച്ച, മൈക്ക്, പോസ്റ്റർ, ചായ. | 117 | 102 | 15 | 5 |
| IV | 2-10-96 2. P.M. | ഗവ: വി. വി. ഹൈസ്ക്കൂൾ, കോടംതുരുത്ത് | 35 | സ്വാഗതസംഘം, വീടുസന്ദർശനം, നോട്ടീസ് വിതരണം, ചോദ്യാവലി തയ്യാറാക്കൽ, ഗ്രൂപ്പ്ചർച്ച, മൈക്ക്, ചായ. | 174 | 136 | 38 | 3 |
| V | 29-9-96 2. P.M. | ഗവ: സെൻറ് ആൻറണീസ് എൽ. പി. എസ്. | 40 | സ്വാഗതസംഘം, വീടുസന്ദർശനം, നോട്ടീസ് വിതരണം, ചോദ്യാവലി തയ്യാറാക്കൽ, ഗ്രൂപ്പ്ചർച്ച, പോസ്റ്റർ, ചായ, മൈക്ക്. | 162 | 118 | 44 | 6 |
| VI | 29-9-96 10. A.M. | ഗവ: സെൻറ് ആൻറണീസ് എൽ. പി. എസ്. | 30 | സ്വാഗതസംഘം, വീടുസന്ദർശനം, നോട്ടീസ് വിതരണം, ചോദ്യാവലി തയ്യാറാക്കൽ, ഗ്രൂപ്പ്ചർച്ച, മൈക്ക്, പോസ്റ്റർ, ചായ. | 156 | 101 | 55 | 4 |
| VII | 21-9-96 3. P.M. | ഗവ: സെൻറ് ആൻറണീസ് പാരിഷ് ഹാൾ. | 45 | സ്വാഗതസംഘം, വീടുസന്ദർശനം, നോട്ടീസ് വിതരണം, ചോദ്യാവലി തയ്യാറാക്കൽ, ഗ്രൂപ്പ്ചർച്ച, മൈക്ക്, പോസ്റ്റർ, ചായ. | 209 | 105 | 104 | 4 |
| VIII | 22-9-96 9. A.M. | ചങ്ങരം ഗവ: യു. പി. എസ്. എഴുപുന്ന തെക്ക്. | 33 | സ്വാഗതസംഘം, വീടുസന്ദർശനം, നോട്ടീസ് വിതരണം, ചോദ്യാവലി തയ്യാറാക്കൽ, ഗ്രൂപ്പ്ചർച്ച, പോസ്റ്റർ, മൈക്ക്, ചായ. | 118 | 107 | 11 | 7 |
| IX | 22-9-96 2. P.M. | ചങ്ങരം ഗവ: യു. പി. എസ്. എഴുപുന്ന തെക്ക്. | 21 | സ്വാഗതസംഘം, വീടുസന്ദർശനം, നോട്ടീസ് വിതരണം, ചോദ്യാവലി തയ്യാറാക്കൽ, മൈക്ക്. | 106 | 91 | 15 | 3 |
| ആകെ | | | 281 | ആകെ | 1352 | 1007 | 345 | 44 |

## 2. ഗ്രാമപഞ്ചായത്തിന്റെ പൊതു വിവരങ്ങൾ

### 2.1. രൂപീകരണവർഷം

1953 ആഗസ്റ്റ് അഞ്ചാം തീയതിയാണ് ഈ പഞ്ചായത്ത് നിലവിൽ വന്നത്. തുടക്കത്തിൽ ആറു വാർഡുകളാണ് ഉണ്ടായിരുന്നത്. കുറുമ്പിക്കായലിന് പടിഞ്ഞാറുവശമുള്ള കുഴുവേലിൽ, കുരീത്തറ, കരുമാഞ്ചേരി, നീണ്ടകര, ചേരുങ്കൽ, വട്ടക്കാൽ മുക്ക്, മൂട്ടത്തിൽ, P.S. കടവ്, വല്ലേത്തോട്, ചങ്ങരം, മൂർത്തിക്കൽ, പുല്ലുവേലിൽ, P.S: കവല, മണ്ണുചിറ, പുതുശ്ശേരി വെളി, കൊടിത്തറ എന്നീ പ്രദേശങ്ങൾ 4,5,6 വാർഡുകളിൽ ഉൾപ്പെട്ടിരുന്നു. കുറുമ്പിക്കായലിന് കിഴക്കു വശമാണ് 1,2,3 വാർഡുകൾ സ്ഥിതി ചെയ്തിരുന്നത്. ഇതിൽ കോടംതുരുത്ത്, ചമ്മനാട്, മുരിക്കൽ, ആലത്തറ, മനത്തോടം, തൈക്കൂട്ടം, മോന്തച്ചാൽ എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ടിരുന്നു.

### 2.2. ഭരണസമിതികൾ-സാരഥികൾ

പഞ്ചായത്ത് രൂപീകരിച്ചതിന് ശേഷം നാളിതുവരെ ഭരണം നടത്തിയിട്ടുള്ള സമിതി അംഗങ്ങളുടെ പേരു വിവരം താഴെ ചേർക്കുന്നു.

**2.2.1. ഒന്നാം ഭരണസമിതി (1953 ആഗ:5-1963)**

ശ്രീ. ജോസഫ് ചെറിയാൻ (പ്രസിഡണ്ട്) ചാരങ്കാട്, എഴുപുന്ന തെക്ക് പി.ഒ.

ശ്രീ. പി.റ്റി. ആൻറണി (വൈസ്:പ്രസി) പണിക്കവീട്ടിൽ, എഴുപുന്ന തെക്ക് പി.ഒ.

ശ്രീ. സി.ആർ. ദമോദരപണിക്കർ, ചങ്ങരത്ത്, കോടംതുരുത്ത്.

ശ്രീ. പി.വി. കുമാർ (പി.വി. കുമാരൻ) (ദ്വയാംഗ മണ്ഡലം) പുന്നവേലിൽ, കുത്തിയതോട് പി.ഒ.

ശ്രീ. എൻ. കെ. കരുണാകരൻ (റിസർവേഷൻ) (ദ്വയാംഗ മണ്ഡലം)

ശ്രീ. എ. ബാലകൃഷ്ണൻ നായർ, മാളിയേക്കൽ, ചമ്മനാട്.

ശ്രീ. എൻ. കുമാരപണിക്കർ, ചങ്ങരത്ത്, എഴുപുന്ന തെക്ക് പി.ഒ.

ഒന്നാമത് ഭരണ സമിതി പഞ്ചായത്തിന്റെ ഭരണം സുഗമമായി മുന്നോട്ടു കൊണ്ടു പോകുന്നതിന്, പഞ്ചായത്തതിർത്തിയിലുള്ള പൊതുസ്ഥാപനങ്ങളുടെ പ്രതിനിധികൾ, സ്ക്കൂളുകളുടെ പ്രതിനിധികൾ, ബഹുമാനപ്പെട്ട വ്യക്തികൾ എന്നിവരെ ക്ഷണിച്ചു വരുത്തി 1953 ആഗസ്റ്റ് 9-ാം തീയതി ഉച്ചകഴിഞ്ഞ് ഒരു യോഗം നടത്താൻ തീരുമാനിച്ചു. ഇതായിരുന്നു ഒന്നാമതു ഭരണസമിതിയുടെ ഒന്നാമതു തീരുമാനം.

**2.2.2. രണ്ടാം ഭരണസമിതി (1963-79)**

ശ്രീ. കുരീത്തറ കരുണാകര ബാബു, കുരീത്തറ.

(പ്രസിഡണ്ട്)

ശ്രീ. കെ പുരുഷോത്തമൻ, കൊല്ലം പറമ്പിൽ,

(മെമ്പർ)

ശ്രീ. സി. പാലി, ഇടമുറിയിൽ.

(വൈസ്പ്രസിഡൻറ്)

ശ്രീ. കെ. സി. നാരായണൻ, കളത്തിൽ.

(മെമ്പർ)

ശ്രീമതി. എമ്മീ, അഴീപറമ്പിൽ.

(നോമിനേറ്റഡ് മെമ്പർ)

ശ്രീ. വി. എ. ഗോപാലൻ നായർ, ഇച്ചിരിക്കൽ,

കുത്തിയതോട് (മെമ്പർ)

ശ്രീ. കെ. ഈ. കുമാരൻ, ഇടത്തിച്ചിറ,
കോടംതുരുത്ത്, കുത്തിയതോട്.
(റിസർവേഷൻ മെമ്പർ)

ശ്രീ. കുരീത്തറ കരുണാകര ബാബു ഗവൺമെൻറ് സ്ക്കൂളിൽ ജോലി സ്വീകരിച്ചതിനെ തുടർന്ന് തൽസ്ഥാനം രാജിവെച്ചു. അദ്ദേഹം ഒരു വർഷക്കാലം പ്രസിഡൻറ് ആയിരുന്നു. തുടർന്ന് ശ്രീ. കെ. പുരുഷോത്തമൻ പ്രസിഡൻറ് ആയി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം ചില രാഷ്ട്രീയ കാരണങ്ങളാൽ പ്രസിഡൻറ് സ്ഥാനം രാജിവെച്ചു. തുടർന്ന് ഒൻപതു മാസക്കാലം ശ്രീ. പാലി ആയിരുന്നു പ്രസിഡൻറ്. അവിശ്വാസ പ്രമേയം വന്നതിനെ തുടർന്ന് ശ്രീ. പാലി രാജിവെക്കുകയും ശ്രീ. കെ. പുരുഷോത്തമൻ വീണ്ടും പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

ശ്രീ. കുരീത്തറ കരുണാകര ബാബുവിന്റെ രാജിയെ തുടർന്നുണ്ടായ ഒഴിവിൽ ഉപതെരഞ്ഞെടുപ്പ് നടന്നു. ശ്രീ. ജോസഫ് ചെറിയാൻ തിരഞ്ഞെടുക്കപ്പെട്ടു.

## ആദ്യത്തെ വനിതാ മെമ്പർ.

ഈ പഞ്ചായത്തിലെ ആദ്യത്തെ വനിത അംഗം ശ്രീമതി. എമ്മീ അഴീപറമ്പിൽ ആണ്. ഈ അംഗത്തെ ഗവൺമെൻറ് നിർദ്ദേശപ്രകാരം പഞ്ചായത്ത് സമിതി നോമിനേറ്റ് ചെയ്യുകയായിരുന്നു.

## 2.2.3. മൂന്നാം ഭരണസമിതി. (1979 -1984)

ഡോ. പി. ചന്ദ്രഹാസൻ നായർ, പ്രിയരശ്മി, കോടംന്തുരുത്ത്, കുത്തിയതോട് പി.ഒ.

(പ്രസിഡണ്ട്)

ശ്രീ. സി.പി. മൈക്കിൾ, ചാണിയിൽ,

എഴുപുന്ന തെക്ക് പി.ഒ.(വൈസ്പ്രസിഡൻറ്)

ശ്രീ. കെ. എൻ. അബ്ദുൾഖാദർ, കോയിക്കൽ, കോടംന്തുരുത്ത്, കുത്തിയതോട് പി.ഒ. (മെമ്പർ)

ശ്രീ. പി. വൈ. ഉമ്മർ, പുത്തൻപുരയ്ക്കൽ, കോടംന്തുരുത്ത്, കുത്തിയതോട് പി.ഒ. (മെമ്പർ)

ശ്രീമതി. ജി. സരസ്വതിയമ്മ, കൊല്ലംപറംമ്പിൽ, എഴുപുന്ന തെക്ക് പി.ഒ. (മെമ്പർ)

ശ്രീ. വി. കെ. കേശവൻ, ചെറുനിലത്ത്, കോടംന്തുരുത്ത്, കുത്തിയതോട് പി.ഒ.

(റിസർവേഷൻ മെമ്പർ)

ശ്രീ. സി. ജി. കുമാർ, കുഴുവേലിൽ മംഗലത്ത്, എഴുപുന്ന തെക്ക് പി.ഒ. (മെമ്പർ)

ശ്രീ. സി. ജി. ജോസി, കമ്പോളത്തു പറമ്പ്, എഴുപുന്ന തെക്ക് പി.ഒ. (മെമ്പർ)

ശ്രീ. എം. വി. പുരുഷൻ, മാറേകാട്ടുതറ, എഴുപുന്ന തെക്ക് പി.ഒ. (മെമ്പർ)

## 2.2.4 അഡ്മിനിസ്ട്രേറ്റീവ് ഭരണം (1984 - 88)

നാലുവർഷക്കാലം തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരുന്നില്ല. ഈ കലായളവിൽ എക്സിക്യൂട്ടീവ് ഓഫീസർ അഡ്മിനിസ്ട്രേറ്ററായി ഭരണം നടത്തിപ്പോന്നു. ഗവൺമെൻറിൻെറ തീരുമാനം അനുസരിച്ചായിരുന്നു ഇത്.

## 2.2.5. നാലാം ഭരണസമിതി. (1988 -1995 സെപ്റ്റംബർ 30)

ഡോ. പി. ചന്ദ്രഹാസൻ നായർ, പ്രിയരശ്മി, കോടംന്തുരുത്ത്, കുത്തിയതോട് പി.ഒ.(പ്രസിഡണ്ട് (1996 മാർച്ച് 23ന് അന്തരിച്ചു.)

ശ്രീ. കെ. രാജീവൻ, വെളിയിൽ, എഴുപുന്ന തെക്ക് പി.ഒ. (മെമ്പർ)

ശ്രീ. എസ്സ്. ജോസഫ്, വെളീപറമ്പിൽ, കോടംന്തുരുത്ത്, കുത്തിയതോട് പി.ഒ. (വൈസ്പ്രസിഡൻറ്)

ശ്രീ. എം. വി. പുരുഷൻ, മാറേകാട്ടുതറ, എഴുപുന്ന തെക്ക് പി.ഒ. (1991 ഒക്ടോബർ 25ന് അന്തരിച്ചു.)

ശ്രീ. സി. കെ. തങ്കപ്പൻ, ചാലുമ്പുറത്ത്, എഴുപുന്ന തെക്ക് പി.ഒ. (റിസർവേഷൻ മെമ്പർ)

ശ്രീ. ജോയി അറയ്ക്കൽ, അറയ്ക്കൽ, നീണ്ടകര, എഴുപുന്ന തെക്ക് പി.ഒ. (4-7-94 മുതൽ 30-9-95 വരെ പ്രസിഡണ്ട്)

ശ്രീ. എൻ. സി. ദാമോദരൻ, മാവുങ്കൽത്തറ, എഴുപുന്ന തെക്ക് പി.ഒ. (മെമ്പർ)

ശ്രീമതി. ഏലിയാമ്മ, വെളിയിൽ, എഴുപുന്ന തെക്ക് പി.ഒ. (മെമ്പർ)

ശ്രീമതി. ജെ. ആനന്ദവല്ലി, ചാണിയിൽ ലക്ഷംവീട്, എഴുപുന്ന തെക്ക് പി.ഒ. (മെമ്പർ)

1991 ഒക്ടോബർ 25-ാം തീയതി ശ്രീ. എം.വി. പുരുഷനും 1994 മാർച്ച് 23ന് ഡോ. പി. ചന്ദ്രഹാസൻ നായരും അന്തരിച്ചു. കാലാവധി കഴിഞ്ഞും ഗവൺമെൻറ് നിർദ്ദേശപ്രകാരം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയായി തുടരുകയായിരുന്നു പഞ്ചായത്ത് സമിതി. അപ്പോഴായിരുന്നു Dr. ചന്ദ്രഹാസൻ നായരുടെ മരണം. തുടർന്നു ഗവൺമെൻറു തന്നെ 4-7-94 മുതൽ ശ്രീ. ജോയി അറയ്ക്കലിനെ പ്രസിഡണ്ടായി നിയമിച്ചു. അദ്ദേഹം 1995 സെപ്തംബർ 30 വരെ തുടർന്നു.

## 2.2.6. പഞ്ചായത്ത്രാജ് ആക്ട് അനുസരിച്ച് നിലവിൽ വന്ന പ്രഥമഭരണസമിതി (1995 സെപ്റ്റംബർ 30 മുതൽ തുടരുന്നു.)

ശ്രീ. ജോയി അറയ്ക്കൽ, അറയ്ക്കൽ, നീണ്ടകര, എഴുപുന്ന തെക്ക് പി.ഒ. (പ്രസിഡണ്ട്)

ശ്രീ. പി. വൈ. ഉമ്മർ, പുത്തൻപുരയ്ക്കൽ, കോടംന്തുരുത്ത്, കുത്തിയതോട് പി.ഒ. (വൈസ്പ്രസിഡൻറ്)

ശ്രീ. സി. ജി. കുമാർ, കുഴുവേലിൽ മംഗലത്ത്,

എഴുപുന്ന തെക്ക് പി.ഒ. സ്റ്റാൻറിംഗ് കമ്മിറ്റി (ചെയർമാൻ)

ശ്രീ. എ. നാസർ, നമ്പൂരിച്ചിറ, കോടംന്തുരുത്ത്, കുത്തിയതോട് പി.ഒ. (മെമ്പർ)

ശ്രീ. ബി. ജയകുമാർ, രാധാകൃഷ്ണവിലാസം, കോടംന്തു രുത്ത്, കുത്തിയതോട് പി.ഒ. (മെമ്പർ)

ശ്രീമതി. ബി. രമാദേവി, കുരിഞ്ഞാലിൽ, കോടംന്തുരുത്ത്, കുത്തി യതോട് പി.ഒ.

(വനിതാ സംവരണം മെമ്പർ)

ശ്രീമതി. പ്രഭാ പുഷ്ക്കരൻ, തിരുവിളയ്ക്കൽ, എഴുപുന്ന തെക്ക് പി.ഒ.

(വനിതാ സംവരണം മെമ്പർ)

ശ്രീമതി. കാർത്ത്യായനി വേണു, എഴുപുന്ന തെക്ക് പി.ഒ. (പട്ടികജാതി സംവരണം മെമ്പർ)

ശ്രീ. കെ. പ്രഭാകരൻ, പുതുശ്ശേരി വെളി, എഴുപുന്ന തെക്ക് പി.ഒ. (പട്ടികജാതി വനിതാ സംവരണം മെമ്പർ)

## 3. സ്ഥാനം

ആലപ്പുഴ പട്ടണത്തിൽ നിന്നും 36 കി.മീ. വടക്ക് കൊച്ചി നഗരത്തിൽ നിന്നും 27 കി.മീ. തെക്ക് എൻ. എച്ച്. 47ൻെറ ഇരുവശങ്ങളിലുമായി സ്ഥിതി ചെയ്യുന്നു. ആകെ ഒൻപതു വാർഡുകളുണ്ട്. പഞ്ചാ യത്തിൻെറ മദ്ധ്യത്തിലൂടെ പുത്തൻ തോട് എന്നറി യപ്പെടുന്ന കായൽ കടന്നു പോകുന്നു. കായലിൻെറ കിഴക്കു ഭാഗം കോടന്തുരുത്തെന്നും പടിഞ്ഞാറു ഭാഗം എഴുപുന്ന തെക്ക് എന്നും അറിയപ്പെടുന്നു.

## 4. അതിർത്തികൾ

വടക്ക് എഴുപുന്ന പഞ്ചായത്ത്, തെക്ക് കു ത്തിയതോടു പഞ്ചായത്ത്, കിഴക്ക് വേമ്പനാട്ടു കായ ലിൻെറ ഉപശാഖയായ ഉളവയ്പ് കായൽ, പടി ഞ്ഞാറ് എറണാകുളം ജില്ലയുടെ ഭാഗമായ ചെ ല്ലാനം പഞ്ചായത്ത്.

## 5. വില്ലേജ്

കോടന്തുരുത്തു പഞ്ചായത്ത് പൂർണ്ണമായി കോടന്തുരുത്ത് വില്ലേജിൽ സ്ഥിതി ചെയ്യുന്നു. ഈ വില്ലേജ് മുമ്പ് തുറവൂർ വടക്കു വില്ലേജ് എന്നാണ് അറിയപ്പെട്ടിരുന്നത്. സർവ്വെ 23 മുതൽ 359 വരെ നമ്പരുകളിലുള്ള ഭൂമി ഈ വില്ലേജിൽ ഉൾപ്പെ ടുന്നു.

## 6. താലൂക്ക് - ജില്ല

ചേർത്തല താലൂക്കിൽ ആലപ്പുഴ ജില്ല യിലാണ് കോടന്തുരുത്ത് പഞ്ചായത്ത് ഉൾപ്പെ ടുന്നത്.

### പഞ്ചായത്ത് ഭരണ ചരിത്രത്തിലെ നാഴികകല്ലുകൾ

1. ജോലിക്ക് ഭക്ഷണം - എന്ന പരിപാടി യിൽ ഉൾപ്പെടുത്തി 1-ാം വാർഡിൽ നിർമ്മിച്ച ഇ പ്പോഴത്തെ പി. എസ്സ്. കടവ് റോഡ്.

2. ഒരു തെങ്ങിന് ഒരു തേങ്ങാ വീതം പി രിച്ച് നാട്ടുകാരുടെ പൂർണ്ണ സഹകരണത്തോടെ നിർ മ്മിച്ച വല്ലേത്തോട് പ്രാഥമിക ആരോഗ്യ കേന്ദ്രം. ഈ ആരോഗ്യകേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടം 'ഒരു രൂപ' പ്രതിഫലം വാങ്ങിക്കൊണ്ട് എഴുപുന്ന തെക്ക് 1124-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്ക് ഗവൺമെൻറിന് വിട്ടുകൊടുക്കുകയായിരുന്നു.

കോടംതുരുത്ത് പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിതമായതും നാട്ടുകാരുടെ സ മ്പൂർണ്ണ സഹകരണത്തോടെയാണ്.

4. ശുദ്ധജലവിതരണത്തിനായി പഞ്ചാ യത്ത് ഓഫീസിനു മുന്നിലും, 6-ാം വാർഡിൽ പുതു ശ്ശേരി വെളിയിലും, കരുമാഞ്ചേരിയിലും വാട്ടർ ടാങ്കുകൾ.

5. 1979ൽ 18 അംഗൻവാടികൾ സ്ഥാപി തമായി. 1994 ആയപ്പോൾ 14 അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും.

6. സ്വന്തമായി പഞ്ചായത്ത് ആഫീസിന് കെട്ടിടം നിർമ്മിച്ചു.

തറക്കല്ലിടൽ - 1984 ജൂൺ 16

ഉദ്ഘാടനം 1985 ഏപ്രിൽ 21

7. സ്പെഷ്യൽ ഗ്രേഡ് -

പ്രഖ്യാപിക്കപ്പെട്ടത് - 1984-85

### പഞ്ചായത്ത് കെട്ടിടം

1953ൽ ആരംഭിച്ച പഞ്ചായത്ത് 1984 വരെ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. കുത്തിയതോട് പാലത്തിനു സമീപം, കേളംകുള ത്തിനു പടിഞ്ഞാറുവശം, പഴയ പോസ്റ്റാഫീസിനു സമീപം എന്നിവിടങ്ങളിൽ പ്രവർത്തിച്ച ശേഷം 1985 ഏപ്രിൽ 21 മുതൽ ഇപ്പോഴത്തെ സ്വന്തം കെട്ടിടത്തിലേക്ക് മാറി.

## കോടംതുരുത്ത് - സ്ഥലപ്പേരിൻെറ ഉത്ഭവം

കോടംതുരുത്തിൻെറ കിടപ്പ് വളഞ്ഞും പുളഞ്ഞുമാണ്. ഈ പ്രത്യേകതയെ 'കോടിയ' എന്ന വാക്കുപയോഗിച്ചാണ് വ്യവഹരിച്ചു പോന്നത്. വേമ്പനാട്ടുകായലിൻെറ ഉപശാഖയായ ഉളവയ്പ്പ് കായലിൻേറയും, പടിഞ്ഞാറുഭാഗത്തുള്ള കുറുമ്പിക്കായലിൻേറയും, വല്ലേത്തോട്, പൊഴിത്തോട്, കരേത്തോട്, തയ്യിൽത്തോട് എന്നിവയുടേയും ഉള്ളിലേയ്ക്കു തള്ളി ചിതറിക്കിടക്കുന്ന തുരുത്തു പോലെയാണ് ഇത് സ്ഥിതിചെയ്യുന്നത്. അതിനാൽ 'കോടിയ' തുരുത്ത് - കോടംതുരുത്ത് ആയതാവാം എന്നാണ് ഒരു അനുമാനം.

എട്ടുവീട്ടിൽ കർത്താക്കൻമാരുടെവീടുകൾ സന്ദർശിക്കുന്നതിനു പണ്ടുകാലത്ത് തയ്യിൽത്തോട്ടിലൂടെ ഓടത്തിൽ വന്നിരുന്ന ആഴ്വാഞ്ചേരി തമ്പ്രാക്കൻമാരുടെ വരവിനെ അനുസ്മരിച്ചുകൊണ്ട് ഈ പ്രദേശത്തിന് 'ഓടംതുരുത്ത്' എന്നു പേർ കിട്ടിയെന്ന് പഴമക്കാർ വിശ്വസിക്കുന്നു. ഓടംതുരുത്ത് എന്നത് പറഞ്ഞ് പറഞ്ഞ് കോടംതുരുത്ത് ആയതാവാം.

കരപ്പുറം എന്ന പേരിലാണ് ചേർത്തല താലൂക്ക് അറിയപ്പെട്ടിരുന്നത്. 'മുത്തേടത്ത്, ഇളയേടത്ത്' എന്ന രണ്ടു നാടുകൾ ഇവിടെ ഉണ്ടായിരുന്നു. ഇതിൽ 'മുട്ടം' കേന്ദ്രമാക്കി ഭരിച്ചിരുന്ന മൂത്ത കൈമളിൻെറ നാട്ടു രാജ്യത്തിലാണ് ഈ പ്രദേശം ഉൾപ്പെട്ടിരുന്നത്.

### പ്രധാന സ്ഥലങ്ങൾ

### 1. കുത്തിയതോട്

ഇത് പഞ്ചായത്തിൻെറ ആസ്ഥാനവും, പ്രധാന പട്ടണവും അറിയപ്പെടുന്ന വാണിജ്യ വ്യാപാര കേന്ദ്രവുമാണ്. ജലഗതാഗതത്തിന് ഉതകുന്ന തരത്തിൽ ഉളവയ്പ്പിനേയും കുറുമ്പിക്കായലിനേയും തമ്മിൽ ബന്ധിപ്പിക്കുന്നതിനു വേണ്ടി ഒരു തോട് കുഴിക്കുകയുണ്ടായി. ഇതിൽ നിന്നാണ് കുത്തിയതോട് എന്ന പേരുണ്ടായതെന്നും പറയപ്പെടുന്നു. ഒരു കാലത്ത് ആലപ്പുഴ ജില്ലയിലെ തന്നെ പ്രധാനപ്പെട്ട ഒരു വ്യാപാര കേന്ദ്രമായിരുന്നു കുത്തിയതോട്. ആലപ്പുഴയിൽനിന്നും എറണാകുളത്തുനിന്നും കുത്തിയ തോട് വഴി ബോട്ട് സർവ്വീസ് ഉണ്ടായിരുന്നു. പ്രശസ്തമായ വിളഞ്ഞൂർ ശിവക്ഷേത്രം ഇവിടെ സ്ഥിതി ചെയ്യുന്നു.

### 2. വല്ലേത്തോട്

പഞ്ചായത്തിലെ പ്രാധാനപ്പെട്ട ഒരു കാർഷികകേന്ദ്രമാണ് വല്ലേത്തോട്. ജലഗതാഗതത്തിനായി വല്ലയിൽ കുടുംബക്കാരുടെ ഭൂമി മുറിച്ചുണ്ടാക്കിയ തോടാണ് വല്ലേത്തോട് എന്നും, പ്രദേശത്തെ വലിയ തോടായതുകൊണ്ട് പറഞ്ഞു പറഞ്ഞു വല്ലേത്തോട് ആയെന്നും പറയപ്പെടുന്നു. പഞ്ചായത്തിലെ ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന ഏക സഹകരണ ബാങ്ക് സ്ഥിതിചെയ്യുന്നത് ഈ പ്രദേശത്താണ്. പ്രാഥമിക ആരോഗ്യകേന്ദ്രം ഇവിടെ സ്ഥിതി ചെയ്യുന്നു.

### 3. ചമ്മനാട്

പഞ്ചായത്തിലെ പുരാതനമായ ദേവീക്ഷേത്രവും ആദ്യത്തെ ഹൈസ്ക്കൂളും, ഏക കളിസ്ഥലവും ചമ്മനാട് മാർക്കറ്റും ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. കോടംതുരുത്തിൻെറ സാംസ്ക്കാരിക ചരിത്രത്തിൽ ചമ്മനാടിന് അദ്വിതീയ സ്ഥാനമാണുള്ളത്.

### 4. കരുമാഞ്ചേരി

ഏഴുപുന്ന തെക്ക് ആറ്,ഏഴ് വാർഡിൽ പഞ്ചായത്തിൻെറ വടക്ക് പടിഞ്ഞാറൻ മേഖലയിൽ ഈ പ്രദേശം സ്ഥിതി ചെയ്യുന്നു. പുരാതനമായ സെൻറ് ആൻറണീസ് ക്രൈസ്തവ ദേവാലയം ഇവിടെയാണ്. ചേർത്തല – കുമ്പളങ്ങി എം.സി റോഡ് ഈ പ്രദേശത്തിൻെറ മദ്ധ്യഭാഗത്തുകൂടി കടന്നു പോകുന്നു.ഒരു കാലത്തും ആലപ്പുഴ ജില്ലയിൽതന്നെ കയറ ഫാക്ടറി മേഖലയും നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന ഒരു വ്യവസായ സ്ഥാപനം ഇവിടെ ഉണ്ടായിരുന്നു.

### ചരിത്രസ്മാരകങ്ങൾ

1. ചൗക്ക

തിരുവിതാംകൂർ – കൊച്ചി നാട്ടുരാജ്യങ്ങളുടെ അതിർത്തി ഗ്രാമത്തെ സൂചിപ്പിക്കുന്ന ഒരു ചൗക്ക (ചെക്ക് പോസ്റ്റ് )ഇവിടെ ഉണ്ടായിരുന്നു. തിരുവിതാം കൂറിൻെറ വടക്കൻ മേഖലയിൽ രാജ ഭരണത്തിൻെറ ബാക്കിപത്രമായി ഇത് കുത്തിയതോട് മാർക്കറ്റിന് പടിഞ്ഞാറ് വശം ജീർണ്ണാവസ്ഥയിൽ ഇപ്പോഴും കാണപ്പെടുന്നു.

2. അതിർത്തിശില

രാജഭരണത്തിൻെറ ഗതകാല

സ്മരണകളിലേക്ക് മാടിവിളിക്കും വിധം തിരുവിതാം കൂറിൻേറയും കൊച്ചിയുടേയും അതിർത്തിയായിരുന്ന പഞ്ചായത്തിൻെറ ഏഴാം വാർഡിൽ ഇപ്പോഴും ഒരു അതിർത്തിശില തലയെടുപ്പോടെ നിലകൊള്ളുന്നു.

3.പൗണ്ട്

രാജഭരണകാലത്ത് അലഞ്ഞ്തിരുഞ്ഞ് നടക്കുന്ന വളർത്തു മൃഗങ്ങളെ പിടിച്ചു കെടുന്നതിനായി പഞ്ചായത്ത് എടാം വാർഡ് പ്രദേശത്ത് സ്ഥാപിച്ചിരുന്ന പൗണ്ട് എന്ന കെട്ടിടം നാശോൻമുഖമായി സ്ത്ഥിതി ചെയ്യുന്നു.പൗണ്ടിലെത്തിച്ചേരുന്ന മൃഗങ്ങളെ വിട്ടം നൽകുന്നതിന് അക്കാലത്ത് പിഴ ഈടാക്കി കൊണ്ടിരുന്നു. ഇന്നിത് ചങ്ങരം യു.പി സ്ക്കൂൾ കോമ്പൗണ്ടിനുള്ളിലാണ്.

വൈദ്യരംഗത്തെ പ്രശസ്തി

വൈദ്യരംഗത്ത് പ്രശസ്തമായ ഒരു പാരമ്പര്യമാണ് ഈ പഞ്ചായത്തിനുള്ളത്. മഠത്തി കൃഷ്ണൻ വൈദ്യർ ( വാതചികത്സ - ആയുർവേദം) യുസഫ് വൈദ്യൻ (യുനാനി)മംഗലത്തം പത്മനാഭൻ വൈദ്യർ (ആയുർവേദം-കണ്ണുചികിത്സ)സുരേന്ദ്രപണിക്കർ ( വിഷവൈദ്യർ ) അച്ചുതൻ വൈദ്യർ കണ്ടത്തിൽ (ആയുർവേദം ) ഡോഃഎൻ .എസ്. ഡി. രാജു(കണ്ണ് അലോപ്പതി) വിത്തവൈദ്യർ (ആയുർവേദം) കോന്തിവൈദ്യർ,കുഞ്ഞുണ്ണി വൈദ്യർ (ആയുർവേദം ബാലചികിത്സ)ഡോഃവി.എൻ മുകുന്ദൻ (അലോപ്പതി) ഖാലിദ് വൈദ്യർ (മാനസിക രോഗചികിത്സ, സിദ്ധ വൈദ്യം)എന്നിങ്ങനെ ആരോഗ്യരംഗത്ത് പ്രവർത്തിച്ച് പ്രശസ്തരായ ധാരാളം ഭിഷഗ്വരൻമാർ ഉണ്ട്.

പ്രശസ്തരായ കലാകാരൻമാരാണ് ചങ്ങരത്ത് നീലകണ്ഠ പണിക്കർ (നാടകനടൻ)കുരീത്തറ നാണു (കഥകളി നടൻ) പൈങ്ങൻ അയ്യപ്പൻ (ചെണ്ട)എന്നിവർ

സ്വാതന്ത്ര്യ സമരസേനാനികൾ വി.എ ഗോപാലൻനായർ,ചങ്ങരത്ത്എൻ കുമാര പണിക്കർ എന്നിവർ ദേശിയ സ്വതന്ത്രസമര ഭടൻമാരാണ്. എസ്.കുമാരൻ, കെ.എൻ ഗോപാലൻ കോട്ടപ്പറമ്പിൽ എന്നിവർ വയലാർ സമരത്തിൽ പങ്കെടുത്തിട്ടുണ്ട്. സ്വതന്ത്ര്യ സമര പെൻഷൻ വാങ്ങുന്നവർ പഞ്ചായത്തിലുണ്ട്.

കോടം തുരുത്ത് ഗ്രാമപഞ്ചായത്ത്

പൊതുവിവരങ്ങൾ

| | | | |
|---|---|---|---|
| 1. സ്ഥാനം | LAT 9 º 45' N, LONG. 76 0 17- 10' E | | |
| 2. വിസ്തീർണ്ണം | - | 10.81 ചഃകി | |
| 3. ജനസംഖ്യ (1991ലെ സെൻസസ്) | - | 18124 | |
| 4. പുരുഷൻമാർ | - | 8935 (49.3%) | |
| 5. സ്ത്രീകൾ | - | 9189 (507. %) | |
| 6. പട്ടിക ജാതി | - | 3173 (17 . 5%) | |
| 7 . പട്ടികവർഗ്ഗം | - | 25 (0.13% ) | |
| 8. നദികൾ | - | ഇല്ല | |
| 9. പ്രധാന തോടുകൾ | - | 5 | |
| 10. വിസ്തീർണ്ണം കൂടിയ വാർഡ് | - | 7ാം വാർഡ് | |
| 11. വിസ്തീർണ്ണം കുറഞ്ഞ വാർഡ് | - | 2ാം വാർഡ് | |
| 12. പഞ്ചായത്തിൻെറ ഗ്രേഡ് | - | സ്പെഷ്യൽ | |
| 13. ജനസാന്ദ്രത കിലോമീറ്ററിൽ | - | 1677 | |
| 14. സാക്ഷരതാ ശതമാനം (1991-1996 ) | - | 95.46 | |
| 15. ജനനം (1996ൽ ഡിസംബർ 13 വരെ ) | - | 136 | പഞ്ചായത്ത് |
| 16. മരണം (1996ൽ ഡിസംബർ 16 വരെ ) | - | 113 | രജിസ്റ്ററിൽ |
| 17. വിവാഹം(1996ൽ ഡിസംബർ 18 വരെ ) | - | 40 | നിന്ന് |

| | | |
|---|---|---|
| 18. ആകെ വാർഡുകൾ | - | 9 |
| 19. ആകെ പഞ്ചായത്ത് മെമ്പറൻമാർ | - | 9 |
| 20. സംവരണം (പട്ടികജാതി) | - | പുരുഷൻ 1 സ്ത്രീ 1 |
| 21. സംവരണം (സ്ത്രീകൾ) | - | 3 |
| 22. പഞ്ചായത്ത് റോഡ് ടാറിട്ടത് | - | 4.710 കി:മി |
| പഞ്ചായത്ത് റോഡ് പൂഴി വിരിച്ചത് | - | 7.415 കി:മി |
| മണൽ റോഡ് | - | ഇല്ല |
| പി.ഡബ്ലിയു. ഡി റോഡ് | - | 2 കി:മി |
| എൻ.എച്ച്. 47 | - | 1.8 കി:മി |
| 23. തെരുവ് വിളക്കുകൾ | - | 281 |
| 24. കമ്മ്യൂണിറ്റി ഹാൾ | - | ഇല്ല |
| 25. പൊതു ചന്തകൾ | - | 1 |
| 26. സ്വകാര്യ ചന്തകൾ | - | 3 |
| 27. അറുവശാല (പൊതു) | - | 1 |
| 28. അറുവശാല (സ്വകാര്യം) | - | 2 |
| 29. കന്നു കാലി പൗണ്ട് | - | 1 |
| 30. പൊതു കളി സ്ഥലം | - | ഇല്ല |
| 31. പൊതുകിണർ | - | 187 |
| 32. പഞ്ചായത്തു വക സ്ക്കൂൾ | - | ഇല്ല |
| 33. പഞ്ചായത്തം ജലവിതരണ പദ്ധതി | - | ഇല്ല |
| 34. വാട്ടർ അതോരിറ്റ വക | - | 2 |
| 35. പാർക്കുകൾ | - | ഇല്ല |
| 36. പൂന്തോട്ടം | - | ഇല്ല |
| 37. സിനിമാ തീയറ്റർ (സ്ഥിരം) | - | ഇല്ല |
| സിനിമാ തീയറ്റർ (താൽകാലികം) | - | 1 |
| 38. കടത്തുകൾ | - | 5 |
| 39. റേഡിയോ സെറ്റുകൾ (പൊതു ) | - | ഇല്ല |
| 40. ടി.വി സെറ്റുകൾ (പൊതു ) | - | ഇല്ല |
| 41 പബ്ലിക് കംഫർട്ട് സ്റ്റേഷൻ | | |
| മൂത്രപ്പുര | - | ഇല്ല |
| പൊതുകക്കൂസ് | - | ഇല്ല |
| പൊതുസ്മശാനം | - | ഇല്ല |
| പ്രൈവറ്റ് സ്മശാനം | - | 3 |
| 42. സ്ക്കൂളുകൾ | | |
| ഹൈസ്ക്കൂൾ | - | 2 ഗവ:1 എയ്ഡഡ് 1 |
| യു.പി.സ്ക്കൂൾ | - | 2 1 1 |
| എൽ.പി.സ്ക്കൂൾ | - | 2 - 2 |
| ഇംഗ്ലീഷ് മീഡിയം യു.പി.എസ് (അൺ എയ്ഡഡ്) | - | 1 |
| 43. അംഗന വാടികൾ | - | 18 |
| 44. നിലത്തെഴുത്താശാൻ കളരികൾ | - | 4 അംഗീകൃതം |
| 45. ജില്ല | - | ആലപ്പുഴ |

| | | |
|---|---|---|
| 46. താലൂക്ക് | - | ചേർത്തല |
| 47. ബ്ലോക്ക് | - | പട്ടണക്കാട് |
| 48. ബ്ലോക്ക് ഡിവിഷനുകൾ | - | ജനപ്രധിനിധികൾ |
| കുത്തിയതോട് | - | ദീലിപ് കണ്ണാടൻ |
| ചമ്മനാട് | - | കെ. ഉമേശൻ |
| 49. ജില്ലാ ഡിവിഷനുകൾ | - | |
| അരൂർ | - | കെ. രാജീവൻ |
| തുറവൂർ | - | ഷൈമി സദാശിവൻ |
| 50. നിയമസഭാമണ്ഡലം | - | എം.എൽ.എ. |
| അരൂർ | - | കെ.ആർ. ഗൗരിയമ്മ |
| 51. പാർലമെൻറ് മണ്ഡലം | - | എം.പി. |
| ആലപ്പുഴ | - | വി.എം.സുധീരൻ |
| 52. പോസ്റ്റ് ആഫീസ് | - | കുത്തിയതോട് |
| 53. വില്ലേജ് ആപീസ് | - | കോടം തുരുത്ത് |

## പഞ്ചായത്തിലുള്ള പൊതു സ്ഥാപനങ്ങൾ

1. പഞ്ചായത്ത്ആഫീസ്, കോടംതുരുത്ത്
2. വില്ലേജ് ആഫീസ് കോടംതുരുത്ത്
3. വി.ഇ.ഒ കോടംതുരുത്ത്
4. കൃഷി ഭവൻ കോടംതുരുത്ത്
5. പോസ്റ്റാഫീസ് കുത്തിയതോട്
6. എസ്.ബി.ഐ കുത്തിയതോട്
7. എസ്.ബി.ടി കുത്തിയതോട്
9. ഡി.സി.ബി കുത്തിയതോട്
10. ഡി.എൽ.ബി കുത്തിയതോട്
11. കെ.എസ്.ഇ.ബി ഓഫീസ് കുത്തിയതോട്
12 കെ.എസ്.എഫ്.ഇ കുത്തിയതോട്
13.പോലീസ് സി.ഐ ഓഫീസ്,പോലീസ് സ്റ്റേഷൻ കുത്തിയതോട്
14. സി.വി.സി.എസ് ക്ലിപ്പം നമ്പർ 136
15. ഗവഃവി.വിഎച്ച്.എസ്, കോടം തുരുത്ത്
16. ഗവഃഎൽ.പി.എസ്, കോടം തുരുത്ത്
17. ഇ.സി.ഇ.കെ യു.എച്ച്.എസ് കുത്തിയതോട്
18. കക്ക വ്യവസായ സഹകരണ സംഘം, കുത്തിയതോട്
19. സി.വി.സി.എസ് ക്ലിപ്തം നമ്പർ 556 എഴുപുന്ന തെക്ക്
20. ഗവഃ എൽ.പി.സ്ക്കൂൾ ചങ്ങരം
21. സെൻറ് മാർട്ടിൻ യു.പി.എസ് നീണ്ടകര
22. സെൻറ് അൻറണീസ് എൽ.പി.എസ് എവുപുന്ന തെക്ക്
23. എസ്.സി.ബി 1124 എഴുപുന്ന തെക്ക്
24 റൂറൽ ഹൗസിംഗ് സൊസൈറ്റി എ 692

# 2 ചരിത്രപശ്ചാത്തലം





## 2.1 ആമുഖം

ഗ്രാമത്തിൻെറ ചരിത്രം കണ്ടെത്തി രേഖപ്പെടുത്തുക ഏറെപ്രയാസമാണ്. ചരിത്ര സാമഗ്രികളുടെ കുറവ്, ഗ്രാമത്തിൻെറ ചരിത്രവസ്തുതകൾ സമാഹരിച്ച് സൂക്ഷിക്കുന്ന രേഖകളുടെ കുറവ് എന്നിവയാണ് പ്രധാനമായി അനുഭവപ്പെട്ട ബുദ്ധിമുട്ടുകൾ. കാരണവൻമാരുമായി നടത്തിയ ചർച്ചയും ഇപ്പോഴും അവശേഷിക്കുന്ന ചില ചരിത്ര സ്മാരകങ്ങളും ഉപയോഗിച്ചാണ് പ്രധാനമായും ഇത് തയ്യാറാക്കിയിട്ടുള്ളത്.

ശ്രീനാരായണഗുരുസ്വാമികൾ, മഹാനായ ശ്രീ അയ്യൻകാളി, പണ്ഡിറ്റ് കറുപ്പൻ മുതലായവർ ഉണർത്തിവിട്ട അനാചാര വിരുദ്ധ, സാമുദായിക നവീകരണ പ്രസ്ഥാനങ്ങളാണ് ഈ ഗ്രാമത്തെ നവോത്ഥാനത്തിലേക്കും, ദേശീയ പ്രസ്ഥാനത്തിലേക്കും നയിച്ചത്. പ്രാദേശികമായി ഈ പ്രസ്ഥാനങ്ങൾ വേരു പിടിച്ചു വളർന്നു. അയിത്തോച്ചാടന സമരങ്ങളിൽ ഗ്രാമം വിജയം കൈവരിച്ചതോടൊപ്പം, രാജവാഴ്ച്ച അവസാനിപ്പിക്കൽ, സ്വാതന്ത്ര്യം നേടിയെടുക്കൽ എന്നിവയിൽ എളിയ പങ്ക് വഹിച്ചു. അവശതകൾ പരിഹരിക്കുന്നതിനായി സ്വയം സംഘടിച്ച് സമരം ചെയ്തു. അതിൽ നിന്നും ഏറെ വളർച്ചനേടി. അത് തുടരുകയാണ്.

## 2.2 സവർണ്ണ മേധാവിത്വം

കേരളത്തിൻെറ ഇതര ഭാഗങ്ങളിൽ എന്നതു പോലെ സവർണ്ണ മേധാവിത്വം ഈ ഗ്രാമത്തിലും നിലനിന്നിരുന്നു. നാടു വാഴികളും, ഭൂപ്രഭുക്കളും സവർണ്ണരുടെ താല്പര്യമാണ് സംരക്ഷിച്ചിരുന്നത്. രാജാവിൽ നിന്നും അവർ താഴ്ച്ച കുറഞ്ഞ വെള്ളചാലുകൾ പതിച്ചു വാങ്ങി. ഇത്ര കഴുക്കോൽ മുട്ട് എന്ന അടിസ്ഥാനത്തിലാണ് താഴ്ച്ച കണക്കാക്കിയിരുന്നത്. ദേവ സ്ഥാനത്തിന് വേണ്ടി വേറെ ഭൂമിയും പതിച്ചു കിട്ടി.

അവർണ്ണരെ ഈ ഭൂമിയിൽ അടിമകളെപ്പോലെ പണിയെടുപ്പിച്ചു. ജലാശയങ്ങളിൽ താഴ്ച്ച ഭാഗത്ത് വരമ്പുകൾ കുത്തിയുണ്ടാക്കി. കള്ളികൾ



തിരിച്ചു. തേക്കു കുട്ട ഉപയോഗിച്ചും ചക്രം ചവിട്ടിയും വെള്ളം വറ്റിച്ചു.

പിൽക്കാലത്ത് വാരം, പാട്ടം, പണയം, ഒറ്റി മുതലായ വ്യവസ്ഥകൾ ഉടലെടുത്തു. നൂറു പറ നെല്ലിന് അറുപത് പറ നെല്ല് ജൻമിക്ക് അവകാശപ്പെട്ടതാണ്. ജൻമിയുടെ കളത്തിൽ കൃഷിക്കാരൻെറ ചെലവിൽ കറ്റ എത്തിക്കണം. പൊലിപ്പായിൽ മെതിച്ച് കൂട്ടണം. ജൻമിയുടെ നടത്തുകാർ അളക്കാൻ വരുന്നതു വരെ കാവൽ കിടക്കണം. അവർക്കെന്തെങ്കിലും വിരോധം കൃഷിക്കാരനോടുണ്ടെങ്കിൽ പച്ച നെല്ല് ദിവസങ്ങളോളം അളക്കാതെ കിടക്കും. നെല്ലിൽ നല്ലൊരു ഭാഗം കിളിർക്കും. പായ നിശ്ശേഷം നഷ്ടപ്പെടും.

'വാരമറിയിപ്പ്' എന്നൊരു ചടങ്ങുണ്ട്. ആകെ നെല്ലിൽ നിന്നും കുറെഭാഗം അളക്കുന്നതിനു മുമ്പായി ജൻമിയുടെ ആൾക്കാർ മാറ്റും. ഈ ജൻമിഭോഗത്തിനാണ് 'വാരമറിയിപ്പ്' എന്നു പറയുന്നത്. മറ്റൊരു ചടങ്ങാണ് 'പോങ്ങ്‌വാര്'. ജൻമിയുടെ തൊഴിലാളികളായ ആളുകൾക്ക് വേണ്ടി (കൂറ്റുകാർ) മൊത്തം പൊലിയിൽ നിന്ന് മാറ്റുന്ന വീതമാണിത്. ജൻമിക്കു വേണ്ടി കളത്തിൽ കാവൽ നിൽക്കുന്നവരുണ്ട്. ഇവർക്ക് വേണ്ടിയാണ് 'പടിക്കൽ തീർപ്പ്' മെതിച്ച് പുറത്തേക്ക് കൊണ്ടു പോകുന്ന നെല്ലിൽ നിന്നും കാവൽക്കാർ എടുക്കുന്ന പങ്കാണിത്.

വൻകിട ജൻമിമാരുടെ കളത്തിൽ തീർപ്പു കറ്റ (മൂപ്പു കറ്റ)എന്ന ഏർപ്പാടുണ്ടായിരുന്നു. കൊയ്തു വച്ച കറ്റകളിൽ നിന്ന് മെച്ചപ്പെട്ട ഒരെണ്ണം മൂപ്പു പണിക്കാരനായ കർഷകത്തൊഴിലാളിക്ക് വേണ്ടി മാറ്റി വെയ്ക്കുന്ന സമ്പ്രദായമാണിത്. ഈ കറ്റയിൽ നിന്നും കാവൽക്കാരൻ തൻെറ പങ്ക് വലിച്ചൂരിയെടുക്കുമായിരുന്നു. അളന്നു കഴിഞ്ഞാൽ കുറെ നെല്ല് മിച്ചം വരും മിച്ചം വരുന്ന ഈ നെല്ലാണ് 'അളക്കട'. ഇത് വീതിക്കുമ്പോഴും സിംഹഭാഗം ജൻമി കൈക്കലാക്കുന്നു. ചുരുക്കത്തിൽ പത്തിൽ

ആറു ഭാഗവും വൈക്കോലും ജൻമിക്കവകാശപ്പെട്ട താണ്. ബാക്കിയുള്ളതിൽ നിന്നാണ് ജൻമിയുടെ ആൾക്കാർ കർഷകതൊഴിലാളികൾ കാവൽക്കാർ എന്നിവരുടെ വിഹിതങ്ങൾ എടുക്കുന്നത്. കൊയ്ത്തുകാരായ തൊഴിലാളികൾക്ക് പത്തിൽ ഒന്നാണ് 'പതമായി' കൂലി കൊടുത്തിരുന്നത്. ജൻമിയുടെ കാര്യസ്ഥൻമാർക്ക് ഹിതകരമല്ലാത്ത പ്രവർത്തികളുണ്ടായാൽ പിന്നീട് കൃഷിക്കാരനെ കൃഷി ചെയ്യാൻ അനുവദിച്ചിരുന്നില്ല.

**2.3 കാഴ്ച്ച**

ഓണം പോലുള്ള വിശേഷ ദിവസങ്ങളിലും ജൻമിയുടെ വീട്ടിൽ നടക്കുന്ന മറ്റു ചടങ്ങുകളിലും കർഷകരും കുടികിടപ്പുകാരും 'കാഴ്ച്ച' കൊടുക്കണമെന്നകർശനമായ വ്യവസ്ഥയുണ്ടായിരുന്നു. നല്ല ഏത്തക്കുല, ചേന, പഞ്ചസാര, പുകയില എന്നിവയായിരുന്നു ഇഷ്ട കാഴ്ച്ചകൾ.

**2.4 കുടിയിറക്കും മറ്റു പീഢനങ്ങളും**

കളത്തിലേക്ക് കറ്റ കൊണ്ടു വരുമ്പോൾ തൊഴിലാളികളുടെ ഭാഗത്ത് നിന്നുണ്ടാകുന്ന പിഴവുകൾക്ക് ശിക്ഷ നൽകിയിരുന്നു. തുഞ്ചാണിയിൽ ഈർക്കിലി മാത്രം നിർത്തി കെട്ടിയുണ്ടാക്കുന്ന വടി കൊണ്ടാണ് അടിച്ചിരുന്നത്.

കൃത്യസമയത്ത് പാട്ടം അളക്കാതെ വരുക, തിരുവോണക്കാഴ്ച്ച വെക്കാതിരിക്കുക, എന്തെങ്കിലും കാരണവശാൽ ജോലിക്ക് ചെല്ലാതിരിക്കുക, മറ്റാളുകൾക്ക് വേണ്ടി പണിക്ക് പോവുക, എന്നിങ്ങനെയൊക്കെയുണ്ടായാൽ പാട്ടം ഒഴിപ്പിക്കലും കുടിയിറക്കലും പതിവായിരുന്നു. കുടിയൊഴിപ്പിക്കലിനു മുന്നോടിയായി ജൻമിയുടെ ആൾക്കാർ കുടിലിനു മുന്നിൽ കൈത വെട്ടിവെച്ച് കുടിലിലേക്കുള്ള പ്രവേശനം തടയുന്ന സമ്പ്രദായമുണ്ടായിരുന്നു. തേങ്ങാ മോഷ്ടിച്ചെന്നാരോപിച്ച് തൊഴിലാളികളെ മുക്കാലിയിൽ കെട്ടി അടിച്ചിരുന്നു. ജയിലിൽ ദിവസങ്ങളോളം ഇട്ടും തെങ്ങിൽ ചാരി നിർത്തി പൊതിച്ച തേങ്ങാകൊണ്ട് ഇടിച്ചും പീഢിപ്പിക്കുക പതിവായിരുന്നു.

ഗ്രാമത്തിൽ ജൻമിമാരിൽ ചിലർ അടിമകച്ചവടം നടത്തിയിരുന്നു. ഒരു ജൻമിയുടെ കീഴിലുള്ള കർഷകതൊഴിലാളികളിൽ ഒരു പെണ്ണിനേയും ഒരു ആണിനേയും മറ്റൊരു ജൻമിക്ക് വിറ്റ് കൊടുത്ത് നിശ്ചിത സംഖ്യ വാങ്ങിയിരുന്നു.

കുടികിടപ്പിനായി മോശം സ്ഥലം നൽകും. ആ പുരയിടം കർഷകർ മെച്ചപ്പെടുത്തി കഴിയുമ്പോൾ ഉടനെ മറ്റൊരു സ്ഥലത്തേക്ക് മാറ്റി താമസിപ്പിക്കുക പതിവായിരുന്നു.

വേലിക്കകത്തു പുരയിടത്തിൽ ഒരു 'കഴുമരം' ഉണ്ടായിരുന്നു. ഇവിടെ ആളുകളെ തൂക്കിക്കൊന്നിരുന്നതായും പഴമക്കാർ പറയുന്നു.

**3 രണ്ടാം ലോകമഹായുദ്ധം**

ഇക്കാലത്ത് ഗംഭീരമായ ഭക്ഷ്യക്ഷാമം ഉണ്ടായി. ബജറ, മേയ്സ്, കപ്പലണ്ടിപ്പിണ്ണാക്ക്, കപ്പപ്പൊടി എന്നിവയായിരുന്നു പ്രധാന ആഹാരം. പകർച്ച വ്യാധികൾ വ്യാപകമായിരുന്നു. കോളറ, മസൂരി, സന്നിപാതജ്വരം, മലമ്പനി എന്നിവ പിടിപെട്ട് ധാരാളം പേർ മരിച്ചു. സൈനിക സേവനത്തിനായി ആസാമിൽ പോയവർ ധാരാളമുണ്ടായിരുന്നു. ഗ്രാമത്തിൻെറ ചരിത്രത്തിൽ ഏറ്റവും ദുഷ്ക്കരമായ കാലമായിരുന്നു ഇത്.

**4 ചരിത്രസ്മാരകങ്ങൾ – അതിർത്തിശില**

4.1 കൊച്ചി–തിരുവിതാംകൂർ നാട്ടു രാജ്യങ്ങളെ വേർതിരിക്കുന്ന അതിർത്തിക്കല്ല് ഒരെണ്ണം കോടം തുരുത്ത് ഏഴാം വാർഡിൽ (നീണ്ടകര) സ്ഥിതി ചെയ്യുന്നു. ഒരുവശത്ത് 'കൊ', മറുവശത്ത് 'തി' എന്നും രേഖപ്പെടുത്തിയിട്ടുള്ള ഈ കല്ല് ഇപ്പോഴും നില നിൽക്കുന്നു.

**4.2 വിളക്ക് മരങ്ങൾ**

കോടംതുരുത്ത് 3ാം വാർഡിൽ വിളക്കുമാടംതറ പുരയിടത്തിലും കുത്തിയതോട് തോടിൻെറ പടിഞ്ഞാറെ മുഖപ്പിലും വിളക്കുമരത്തിൻെറ അവശിഷ്ടങ്ങൾ കാണാം.

**4.3 ചെക്ക് പോസ്റ്റ് (ചൗക്ക)**

ചൗക്കയുടെ അവശിഷ്ടങ്ങൾ കുത്തിയതോട് മാർക്കറ്റിന് പടിഞ്ഞാറ് വശം കാണാം.

**4.4 പൗണ്ട്**

ചങ്ങരം യു.പി. സ്ക്കൂളിന് പുറകിൽ 'പൗണ്ട്' ഇപ്പോഴുമുണ്ട്. പഴയകാലത്ത് അലഞ്ഞു തിരഞ്ഞു നടന്നിരുന്ന കന്നുകാലികളെ പിടിച്ച് ഇതിൽ സൂക്ഷിച്ചിരുന്നു. അവയെ തിരിച്ചെടുക്കാൻ ഉടമകൾ പിഴ അടക്കണമായിരുന്നു.

**4.5 രാജ്യാതിർത്തി**

തിരുവിതാംകൂർ രാജ്യത്തിൻേറയും കൊച്ചി രാജ്യത്തിൻേറയും അതിർത്തി ഗ്രാമമായിരുന്ന പഞ്ചായത്തിൻെറ നീണ്ടകര പ്രദേശത്ത് ചൗക്ക നിലനിന്നിരുന്നു. ഇവിടെ പോലീസ് ക്യാമ്പും അവരെ സഹായിക്കുവാൻ നാട്ടുകാരായ 'അരപ്പോലീസും' ഉണ്ടായിരുന്നു. തിരുവിതാംകൂറിൽ നിന്നും പുകയില, ചക്കര, ശർക്കര എന്നിവയും കൊച്ചിയിൽ നിന്നും അരി, കൊപ്ര, കറുപ്പ് മുതലായവ അതിർത്തിതോടുവഴി കള്ളക്കടത്ത് നടത്തിയിരുന്നു.

ഇതിനു പുറമേ കാരണവൻമാർ പറഞ്ഞു

കേട്ട ചില ചരിത്ര വസ്തുതകൾ തഴെ ചേർക്കുന്നു.

## 5 ചരിത്ര വസ്തുതകൾ.

5.1 കർഷകതൊഴിലാളികൾ ചെല്ലി എന്ന കള കെട്ടി വെയിലിൽ വാട്ടി പുല്ലുപായപോലെ നെയ്തെടുത്ത് വസ്ത്രമായി ഉപയോഗിച്ചിരുന്നു.

5.2 ജൻമിമാർ എന്തു കുറ്റം ചെയ്താലും കോടതിയിൽ പോകേണ്ടതില്ലായിരുന്നു.

5.3 അടിയാളരുടെ കുടിലുകളിൽ നിന്നും വിവാഹിതരായി അന്യസ്ഥലത്തേക്ക് തിരിച്ചു പോയി വരുന്ന സ്ത്രീക്ക് ഇഷ്ടമുള്ള ഒരുതെങ്ങിൽ ചാരി നിൽക്കാം. ആ തെങ്ങിലുള്ള കരിക്കുകളുൾപ്പെടെ എല്ലാം തെങ്ങുകളും ജൻമി അവൾക്ക് നൽകിയിരുന്നു.

5.4 ഇടവഴിയിൽ കാൽ നാട്ടി രാത്രികാലങ്ങളിൽ മണ്ണെണ്ണ വിളക്കുകൾ കത്തിച്ചിരുന്നു.

5.5 ദാഹശമനത്തിന് തണ്ണീർപന്തലും ഭാരമിറക്കുന്നതിന് അത്താണികളും (ചുമടുതാങ്ങി)ഉണ്ടായിരുന്നു.

5.6 കാലങ്ങൾക്കപ്പുറത്ത് ചിറ്റാനരി, ആമ്പൽകൂന്ത, കൂവ തുടങ്ങിയവ ആഹാരമായി ഉപയോഗിച്ചിരുന്നു.

5.7 കുത്തിയതോട്ടിൽ ഒരു അഞ്ചലാപ്പീസും ഒരു അഞ്ചലോട്ടക്കാരനും ഉണ്ടായിരുന്നു.

5.8 ക്ഷേത്രപ്രവേശന വിളംബരത്തെ തുടർന്ന് സവർണ്ണ പ്രമാണിമാർ പ്രതിഷേധ സൂചകമായി ചമ്മനാട് ദേവീക്ഷേത്രം അടച്ചിടുകയുണ്ടായിട്ടുണ്ട്.

5.9 വെസ്റ്റ്കോസ്റ്റ്, സിൻഡിക്കേറ്റ് എന്നീ പേരുകളിൽ കരി ഗ്യാസ് ഉപയോഗിച്ച് പ്രവർത്തിച്ചിരുന്ന വണ്ടികൾ ഈ പ്രദേശത്ത് കൂടി സർവ്വീസ് നടത്തിയിരുന്നു. ഇതിൻെറ സൈഡ് മറച്ചതായിരുന്നില്ല. പലക സീറ്റുകളാണ് ഉണ്ടായിരുന്നത്.

5.10 കുത്തിയതോട്-ചേർത്തല ബോട്ട് സർവ്വീസ് ഉണ്ടായിരുന്നു. ഈ ബോട്ട് തടഞ്ഞു നിർത്തി പട്ടാളക്കാരെ വയലാറിലേക്ക് കൊണ്ടു പോകാൻ ഉപയോഗപ്പെടുത്തി.

5.11 1960ൽ കൊട്ടിപ്പള്ളിൽ കർത്താക്കൻമാരുടെ പൊഴുതുമുറി പാടശേഖരത്തിൽ തൊഴിലാളികൾ തമ്മിലുണ്ടായ സംഘട്ടനത്തിൽ തൂമ്പാ കൊണ്ടു വെട്ടേറ്റ് രണ്ടു തൊഴിലാളികൾ ക്രൂരമായി കൊല്ലപ്പെട്ടു. ഇത് പാട്ടം വാരം സംഭവവുമായി ബന്ധപ്പെട്ടുണ്ടായതാണ്.

## 6. ദേശീയ പ്രസ്ഥാനം

ബ്രിട്ടീഷുകാർ അടിച്ചേൽപ്പിച്ച, കൊളോണിയൽ ഫ്യൂഡലിസം സാധാരണ ജനങ്ങളുടെ ജീവിതം ദുരിത പൂർണ്ണമാക്കി. 1938ൽ രൂപീകരിച്ച തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിൻെറ നേതൃത്വത്തിൽ ദിവാൻ ഭരണം അവസാനിപ്പിക്കുന്നതിനും പ്രായ പൂർത്തി വോട്ടവകാശത്തിനും വേണ്ടി സമരങ്ങൾ നടന്നു. കോൺഗ്രസിലെ സോഷ്യലിസ്റ്റ് വിഭാഗം പിന്നീട് കമ്യൂണിസ്റ്റുകളായി മാറി.

രാഷ്ട്രീയപാർട്ടികളുടെ പ്രവർത്തനം ശക്തമായതോടു കൂടി വിവിധ വിഭാഗങ്ങളിൽ പെട്ട തൊഴിലാളികൾ രഹസ്യമായും പിന്നീട് പരസ്യമായും സംഘടിച്ചു. ഈ വിഭാഗങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി നടത്തിയ സമരങ്ങൾ പിന്നീട് സ്വാതന്ത്ര്യ സമരത്തിൻെറ ഭാഗമായി മാറി. സ്വാതന്ത്ര്യ സമരത്തോടനു ബന്ധമായി സ്ക്കൂളുകളിൽ വിദ്യാർത്ഥി സമരം നടന്നിട്ടുണ്ട്. സ്വാതന്ത്ര്യം കിട്ടിയ ദിവസം ധാരാളം പങ്കെടുത്ത ഒരു ജാഥ ഈ പഞ്ചായത്തിൽ സംഘടിപ്പിച്ചിരുന്നു. ബ്രിട്ടീഷ് മനോഭാവമുള്ള കുറേ പേർ ഈ നാട്ടിൽ ഉണ്ടായിരുന്നു. ജസ്റ്റീസ് പാർട്ടിയുടെ ബാനറിലായാണ് ഇവർ സംഘടിച്ചിരുന്നത്.

## 7. തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കം

ഈ വെള്ളപ്പൊക്കം ഈ ഗ്രാമത്തേയും ബാധിച്ചു. ഗ്രാമവാസികൾ ഭൂരിഭാഗവും മറ്റു സ്ഥലങ്ങളിലേക്ക് മാറി താമസിച്ചു. രണ്ടാഴ്ച്ചയോളം വെള്ളം വറ്റാതെ നിന്നു. നെൽകൃഷി നിശ്ശേഷം നശിച്ചു. വെള്ളം നീങ്ങിയപ്പോൾ പാടങ്ങളിൽ എക്കൽ മണ്ണ് അടിഞ്ഞ് കിടന്നിരുന്നത് ഫലഭൂയിഷ്ടി കൂട്ടി. വിത്ത് ക്ഷാമം രൂക്ഷമായി. പുറമേനിന്ന് 'പൊക്കാളി' കൊണ്ടുവന്ന് വിതക്കേണ്ടി വന്നു.

## 8 ശ്രീനാരായണഗുരു

പഞ്ചായത്താഫീസിൻെറ കിഴക്ക് വശത്തുള്ള കന്യാടിപുരയിടം ആലുവ അദ്വൈതാശ്രമം വകയായിരുന്നു. ആ പുരയിടം വിലയ്ക്ക് വാങ്ങുവാൻ പുന്നവേലി എ.കെ. വേലായുധൻ ആഗ്രഹിച്ചു. വിവരം ആശ്രമത്തിൽ അറിയിച്ചു. അത് ഗുരുസ്വാമി സമ്മതിച്ചു. ആ പ്രമാണം അന്നത്തെ അരൂക്കുറ്റി സബ് രജിസ്ട്രാർ ആഫീസിൽ രജിസ്റ്റർ ചെയ്യുന്നതിനു വേണ്ടി ഗുരുദേവൻ ഈ പഞ്ചായത്തിൽ വന്നു. വേറെ രണ്ട് സന്യാസിമാർ കൂട്ടത്തിലുണ്ടായിരുന്നു. അന്ന് ഗുരുദേവൻ താമസിച്ചത് ചേന്നനേഴത്ത് ഭജനമഠത്തിലാണ്. ഈ പ്രമാണം എറണാകുളത്ത് താമസിക്കുന്ന പി.വി. നാരായണൻ വശം ഉണ്ടെന്ന് പറയപ്പെടുന്നു.

വാർഡ് അഞ്ചിലെ കുരീത്തറ നാണുവിൻെറ വീട്ടിലും വാർഡ് 3ലെ കണ്ടത്തിൽ അച്ചുതൻ വൈദ്യരുടെ വീട്ടിലും ഗുരുദേവൻ വിശ്രമിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ സന്ദർശനം ഗ്രാമത്തെ ഉണർത്തി. അനാചാരങ്ങൾക്കെതിരെ സംഘടിക്കാൻ ഇത് പ്രചോദനം നൽകി.

8.2 സ്മരിക്കപ്പെടേണ്ടവർ

വി. എ. ഗോപാലൻ നായർ (രാഷ്ട്രീയം, സാമൂഹ്യം)

ചങ്ങരത്ത് കുമാരപ്പണിക്കർ (സഹകരണം, വിദ്യാഭ്യാസം)

പരിമണത്ത് ആദിച്ചൻ പിള്ള, (എം.എൽ.സി)

ആളൂർ നാരായണപണിക്കർ (വിദ്യാഭ്യാസം)

ഉണ്ണിയാശാൻ (നിലത്തെഴുത്ത്)

ചങ്ങരത്ത് നീലകണ്ഠപണിക്കർ (നാടക കലാരംഗം)

ജോർജ് പീറ്റർ (വ്യവസായം, കൃഷി)

പി.എസ്. നാരായണൻ (സമുദായസേവനം, വ്യവസായം)

ഡി.വി. ഷേണായി (വ്യവസായം)

വത്തവൈദ്യൻ (കാർഷിക സമര യോദ്ധാവ്, ബാലചികിത്സ)

കണ്ടത്തിൽ അച്ചുതൻ വൈദ്യർ (ചികിത്സ)

കൊരണ്ടിപ്പള്ളി രാമൻകുട്ടി വൈദ്യർ (ചികിത്സ)

മാധവൻ വൈദ്യർ ചികിത്സ

മഠത്തിൽ കൃഷ്ണൻ വൈദ്യർ "

മംഗലത്ത് പത്മനാഭൻ വൈദ്യർ "

ശങ്കരൻ വൈദ്യർ "

കോന്തി വൈദ്യർ "

കുഞ്ഞുണ്ണി വൈദ്യർ "

മുരിക്കേൽ ഖാലിദ് വൈദ്യർ "

വാവ വൈദ്യൻ "

കൃഷ്ണൻ വൈദ്യൻ "

എം.കെ യൂസഫ് വൈദ്യർ "

കെ.പി. ശങ്കരക്കുറുപ്പ് (സഹകരണം, രാഷ്ട്രീയം) തുടങ്ങിയവർ ഈ ഗ്രാമത്തിന് സ്മരിക്കപ്പെടേണ്ട സേവനങ്ങൾ നൽകിയവരാണ്.

## 9 ഗ്രാമം നടത്തിയ സമരങ്ങൾ

### 9.1 പുന്നപ്ര വയലാർ സമരം

ദിവാൻ ഭരണം അവസാനിപ്പിക്കുന്നതിനും പ്രായപൂർത്തി വോട്ടവകാശം നേടുന്നതിനും വേണ്ടി നടത്തിയ പുന്നപ്രവയലാർ സമരത്തിന് ഈ ഗ്രാമത്തിൻെറ പിന്തുണയും പങ്കാളിത്തവുമുണ്ടായിട്ടുണ്ട്. സമര സേനാനികളിൽ ചിലർ പഞ്ചായത്തിലെ ചില വീടുകളിൽ ഒളിവിൽ താമസിച്ചിട്ടുണ്ട്.

കുത്തിയതോടിനു കുറുകെ പലകകൊണ്ട് നിർമ്മിച്ചതും ഇരുമ്പു തുടലുകളിൽ പലകയെ ബന്ധിച്ചതുമായ ഒരു തൂക്കു പാലം ഉണ്ടായിരുന്നു. വള്ളങ്ങളും ബോട്ടുകളും കടന്നു പോകുന്നതിന് പാലത്തിൻെറ മദ്ധ്യത്തിലുള്ള പലകകൾ മുകളിലേയ്ക്ക് പൊക്കി കൊടുത്തിരുന്നു. അതിനാൽ ഈ പാലത്തെ പൊക്കു പാലം എന്നറിയപ്പെട്ടിരുന്നു. സമരത്തോടനുബന്ധമായി തൊഴിലാളികൾ സംഘടിച്ച് പൊക്കു പാലവും അതിനടുത്ത മറ്റു പാലവും പൊളിക്കുന്നതിന് ശ്രമിക്കുകയുണ്ടായി. നേതാക്കൾ ഇടപെട്ട് തൊഴിലാളികളെ ഇതിൽ നിന്ന് പിന്തിരിപ്പിച്ചു. എങ്കിലും 22 പേർക്ക് അറസ്റ്റ് വാറണ്ട് ഉണ്ടായിരുന്നുവെങ്കിലും പിന്നീട് പിൻവലിക്കപ്പെട്ടു.

### 9.2 തെങ്ങു കയറ്റ തൊഴിലാളി സമരം

ഗ്രാമത്തിലെ ആദ്യകാലത്തെ ട്രേഡ് യൂണിയനുകളിൽ ഒന്നാണിത്. ബീഡിത്തൊഴിലാളി യൂണിയൻ, കന്നിട്ട തൊഴിലാളി യൂണിയൻ, കയർ ഫാക്ടറി തൊഴിലാളി യൂണിയൻ എന്നിവയുടെ പ്രവർത്തനമാണ് ഈ യൂണിയൻ രൂപീകരിക്കുന്നതിന് പ്രചോദനമായത്. ഉച്ചഭക്ഷണത്തിന് നാഴി അരിയോ, രണ്ട് നാഴി നെല്ലോ കൂലിയായി നൽകുകയായിരുന്നു അന്നത്തെ രീതി. കൂലി വർദ്ധനയ്ക്കായിട്ടാണ് സമരം നടന്നത്.

### 9.3. 1957 ലെ ഭൂ പരിഷ്ക്കരണനിയമം

57ലെ മന്ത്രി സഭ കുടിയിറക്ക് നിരോധിച്ചു ഇങ്ങനെ ജന്മി ഭൂപ്രഭുവർഗ്ഗങ്ങൾക്ക് തൊഴിലാളികളുടെ മേൽ ഉണ്ടായിരുന്ന മേൽക്കോയ്മ അവസാനിച്ചു. വാരം പാട്ടമാവുകയും, പാട്ടം തീറാവുകയും ചെയ്തു. കൃഷിക്കാർ സ്വന്തം വീടുകളിലേയ്ക്ക് നെല്ല് കൊയ്ത് കൊണ്ട്പോകുന്നതിന് വീണ്ടും ചെറുത്തു നില്പ് സമരങ്ങൾ വേണ്ടിവന്നു.

വാരം, പാട്ടാവകാശം, ഇവ സ്ഥാപിച്ചു കിട്ടുന്നതിനു വേണ്ടി കുരുടാക്കരിയിലും കൊമ്പനാതുരുത്തിലും നടന്ന സമരത്തിൽ ജൻമികളുടെ ഗുണ്ടകൾ കർഷകരുമായി ഏറ്റുമുട്ടുകയുണ്ടായി.

### 9.4 1967 ലെ ഭൂ പരിഷ്ക്കരണ നിയമം

ജൻമിത്വം അവസാനിപ്പിച്ച് കുടികിടപ്പുകാർക്ക് അവർതാമസിച്ചിരുന്ന ഭൂമിയിൽ 10 സെൻറിനുള്ള അവകാശം നൽകുക, മിച്ചഭൂമി തിട്ടപ്പെടുത്തി ഭൂ രഹിതർക്ക് നൽകുക എന്നിവയായിരുന്നു ഈ നിയമത്തിൻെറ പ്രധാന ലക്ഷ്യം. ആയിരങ്ങൾക്ക് പിറന്ന മണ്ണിൻെറ ഉപ്പ് രുചിക്കാനും ഉടമസ്ഥാവകാശം സ്ഥാപിച്ചു കൊടുക്കുന്നതിനും വേണ്ടിയുള്ള ലക്ഷ്യത്തെ മുൻനിർത്തി, കേരളത്തിലെ റവന്യൂ മന്ത്രിയായിരുന്ന കെ. ആർ. ഗൗരിയമ്മ നിയമസഭയിൽ പൈലറ്റു ചെയ്ത ബിൽ 1970 ജനുവരി1ന് നടപ്പിലായി. ഈ മാറ്റത്തെ ശക്തരായ ജൻമി വർഗ്ഗം പോലീസിനേയും മറ്റും സ്വാധീനിച്ച് തടസ്സപ്പെടുത്തുവാൻ ശ്രമിച്ചു. കള്ളക്കേസുകൾ ഉണ്ടാക്കി മർദ്ദിച്ചു. ഭൂമിയിൽ സ്വന്തം അവകാശം സ്ഥാപിച്ചു കിട്ടുന്നതിന് വേണ്ടി ശക്തമായ ചെറുത്ത് നില്പ്

സമരമാണ് ഈ ഗ്രാമത്തിൽ കുടികിടപ്പുകാർക്ക് നടത്തേണ്ടി വന്നത്. 'കുലവെട്ട്' ഉൾപ്പെടെയുള്ള നിരവധി സമരമാർഗ്ഗങ്ങൾ അവലംബിക്കുകയുണ്ടായി.

**9.5 കർഷകതൊഴിലാളി സമരം**

'പതമ്പ് ' (കൊയ്ത്ത് കൂലി) കൂട്ടിക്കിട്ടുന്നതിനും ജോലി സമയം കുറച്ചു കിട്ടുന്നതിനും വേണ്ടി കർഷകതൊഴിലാളികൾക്ക് സമരം ചെയ്യേണ്ടി വന്നിട്ടുണ്ട്. പത്തിലൊന്ന് പതം ആറിലൊന്നാക്കുന്നതിനു വേണ്ടിയുള്ള സമരം ഇതോടൊപ്പമാണ് നടന്നത്. 1968 ൽ ചങ്ങരം കരിയിൽ ട്രാക്റ്റർ ഉപയോഗിക്കുന്നതിനെതിരെ തൊഴിലാളികൾ സമരം നടത്തി. തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുമെന്നതായിരുന്നു കാരണം. ഈ സമരം വിജയിച്ചു.

**9.6 മത്സ്യതൊഴിലാളി സമരം**

മത്സ്യത്തൊഴിലാളികൾക്ക് പിടിക്കുന്ന മത്സ്യത്തിൻെറ മൂന്നിൽ രണ്ട് ഭാഗം മത്സ്യമായി തന്നെ കൂലി ലഭിക്കുന്നതിന് വേണ്ടി മത്സ്യതൊഴിലാളികൾ സമരം നടത്തുകയുണ്ടായി. ഈ സമരം വിജയിച്ചു. കോടം തുരുത്ത്, ചങ്ങരം, കൊമ്പനാതുരുത്ത് എന്നീ പാടശേഖരങ്ങളായിരുന്നു സമരവേദി. നീണ്ടകര പ്രദേശത്ത് വാലില്ലാത്ത തകരവാണം തൊഴിലാളികളുടെ നേരെ കത്തിച്ചു വിട്ട് സംഘർഷമുണ്ടാക്കിയിട്ടുണ്ട്.

**9.7 മിച്ചഭൂമിസമരം**

'കൃഷി ഭൂമി കർഷകന്' എന്ന മുദ്രാവാക്യം സാർത്ഥകമാക്കുന്നതിന് വേണ്ടി 1970ന് ശേഷം 7 ഘട്ടങ്ങളിലായി ഈ ഗ്രാമത്തിൽ മിച്ച ഭൂമിക്ക് വേണ്ടി സമരം നടന്നു. പാറായി തരകൻമാരുടെ നൂറ്റിയറുപത്തിയഞ്ച് ഏക്കർ ഭൂമി ഭൂരഹിത കർഷകതൊഴിലാളികൾക്കും ദുർബല ജനവി ഭാഗങ്ങൾക്കുമായി പതിച്ചു കിട്ടി. കോടംതുരുത്ത്, കുത്തിയതോട് പഞ്ചായത്തുകളിലെ ജനങ്ങൾക്കാണ് ഇത് കൊണ്ടുള്ള പ്രയോജനം ലഭിച്ചത്. ചങ്ങരം, കൊടിത്തറ, കൊമ്പനാതുരുത്ത്, നീണ്ടകര എന്നീ പ്രദേശങ്ങളിൽ ശക്തമായ സമരം നടന്നിട്ടുണ്ട്. 10 സെൻറിൽ തങ്ങളുടെ അവകാശം സ്ഥാപിക്കുന്നതിന് കുടികിടപ്പുകാർ ഭൂമി വളച്ചു കെട്ടി, മിച്ച ഭൂമി കൈയ്യേറി. കേസുകൾ ഉണ്ടായി. അവസാനം ജൻമികൾ വഴങ്ങി. മിച്ചഭൂമി നിർണ്ണയവുമായി ബന്ധപ്പെട്ട ചില കേസുകൾ ഇപ്പോഴും നിലവിലുണ്ട്.

സാമൂഹ്യ നവോത്ഥാന മതനവീകരണ പ്രസ്ഥാനങ്ങളുടെ മുന്നേറ്റങ്ങൾക്ക് ശേഷം ഇവിടെ നടന്ന ഒട്ടനവധി രാഷ്ട്രീയ സാമൂഹ്യ തൊഴിലാളി വർഗ്ഗങ്ങളുടെ തീ പാറുന്ന സമരമുഖങ്ങളിൽ നെടുനായകത്വം പേറിയിട്ടുള്ളത് കെ. ആർ. ഗൗരിയമ്മ, ടി. കെ രാമൻ, ക്യാപ്റ്റൻ വർഗ്ഗീസ്, വി. എ. ഗോപാലൻ നായർ, കെ. പി. ശങ്കരക്കുറുപ്പ്, വി. എസ്. അച്യുതാനന്ദൻ, പി. ഭാസ്ക്കരൻ, കോട്ടാത്ത് കെ. ജി. കൃഷ്ണൻ, എൻ. സി. രാഘവൻ, അബു, വത്ത വൈദ്യൻ, ആർ. ശങ്കർ, ടി. എ. കൃഷ്ണൻ, ചങ്ങരം കുമാരപ്പണിക്കർ, കെ. ജെ. മത്തായി, വൈപ്പ്ശ്ശേരി പരമേശ്വരൻ, കെ. പി. അമ്പാടൻ, കെ. കരുണാകരൻ, കെ. കെ കുമാരൻ, പി. വി. കുമാർ മുതൽ പേർ പങ്കെടുത്തിട്ടുണ്ട്.

## 10 ഗ്രാമോദ്ധാരണ സമിതി

പടിഞ്ഞാറൻ മേഖലയിലെ നീണ്ടകരയിൽ 1954ൽ ഗ്രാമോദ്ധാരണ സമിതി രൂപീകരിച്ചു. ഈ സമിതി കരേത്തോടിനു കുറുകെ രണ്ട് തടിപ്പാലങ്ങൾ നിർമ്മിച്ചു. ജനപങ്കാളിത്തത്തോടെ നടത്തിയ ആദ്യത്തെ നിർമ്മാണ പ്രവർത്തനമായിരുന്നു ഇത്.

ദേശീയപ്രസ്ഥാനം, നവോത്ഥാന പ്രസ്ഥാനം, അടിസ്ഥാന ആവശ്യങ്ങൾക്ക് വേണ്ടിയുള്ള സമരങ്ങൾ എന്നിവയിൽ കർമ്മോൻമുഖമായ ഒരു ഭൂതകാലം നമുക്കുണ്ടായിരുന്നു.

## 11 വിലയിരുത്തൽ

ഇന്നലെകളിൽ ഇവിടെയുണ്ടായ രാഷ്ട്രീയ-സാമൂഹ്യ-സാംസ്ക്കാരിക മാറ്റത്തെ കമ്പോടുകമ്പ് പരിശോധിച്ചാൽ അവയുടെയെല്ലാം പിന്നാമ്പുറങ്ങളിൽ രഥചക്രം ഉരുട്ടിയത് ഈ നാടിൻെറ സാമൂഹ്യ പശ്ചാത്തലത്തിൽ രൂഢമൂലമായി രൂപം പ്രാപിച്ച് പൂർണ്ണത നേടിയ മത-സാമൂഹ്യ-നവോത്ഥാന പ്രസ്ഥാനങ്ങളായിരുന്നു എന്ന് കാണാം.

സാധാരണക്കാരൻെറ ആശയും ആവേശവുമായി 'തൻെറ ജീവിതമാണ് തൻെറ സന്ദേശം' എന്ന ആപ്തവാക്യം ജനസമൂഹത്തിനു നൽകിക്കൊണ്ട് ഒരു അർദ്ധനഗ്നൻ ഉയിർക്കൊണ്ടു. ആ മഹാത്മാവിൻെറ സന്ദേശം ഇവിടുത്തെ ജനത യ്ക്ക് സഹനസമരത്തിനുള്ള ആവേശമായി.

ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമികളും അയ്യൻകാളിയും വക്കം അബ്ദുൾഖാദർ മൗലവിയുമൊക്കെ ഇഴപാകിയ സാമൂഹ്യ-നവോത്ഥാന പ്രസ്ഥാനങ്ങൾ മധ്യകാലഘട്ടം മുതൽ ഇവിടെ ഇരുൾ മൂടിയ മനുഷ്യ മനസ്സിൻെറ അദൃശ്യ കോണുകളിൽ മാറ്റത്തിൻെറ കാഹളത്തിന് ഹരിശ്രീ കുറിച്ചു. മിഷനറി പ്രവർത്തനങ്ങളിലൂടെയുണ്ടായ സാമൂഹ്യമാറ്റവും അദ്വിതീയമാണ്. ഒപ്പം ചാതുർവർണ്യത്തിൻെറ കയങ്ങളിൽ നിന്ന് മാനുഷികളെ മതനവീകരണത്തിൻെറ വെള്ളിവെളിച്ചത്തിലേക്ക് ആനയിക്കുകയും ചെയ്തു. സമൂഹത്തെ അപ്പാടെ

വിഴുങ്ങിയിരുന്ന അജ്ഞതയുടെ കൂരിരുട്ടിനെ ആട്ടിപ്പായിച്ചുകൊണ്ട്, അതുവരെ സമൂഹത്തിൽ സുസ്ഥാപിതമായിരുന്ന വ്യവസ്ഥിതിയുടെ പുഴുത്തുനാറിയ പുറംകെട്ട് അഴിച്ച് ജഢ തട്ടി, പൊടി കൊട്ടി അവയിൽ അന്തർലീനമായിരുന്ന മനുഷ്യനൻമയെ മോചിപ്പിച്ചു. കുമാരാനാശാനെ പോലുള്ള കവിഹൃദയങ്ങൾ ചണ്ഢാലഗീതങ്ങളിലൂടെയും കുഞ്ചൻ നമ്പ്യാരെപ്പോലുള്ളവർ ഭൂമിയിലെ രാജാക്കൻമാരെയും വ്യവസ്ഥിതിയെയും നിന്ദിച്ചും കാവ്യങ്ങൾ രചിച്ചു. പുറമെ ആർഷസംസ്ക്കാരത്തിൻെറ യശോധാവല്യം കൂടിയായപ്പോൾ നവോത്ഥാന മുന്നേറ്റത്തിന് എരിവും പുളിയുമേറി.

എന്നാൽ ഇടയ്ക്കെപ്പോഴോ ഉണ്ടായ ബൗദ്ധികമായ വിടവ് രഥചക്രത്തെ ഏതോ നാൽക്കവലയിലെത്തിച്ചു. നയിക്കാനാരുമില്ലാതെ സാംസ്ക്കാരിക ശൂന്യതയുടെ ഇരുൾ മൂടി നില്ക്കുമ്പോഴാണ് ഭൂപരിഷ്ക്കരണത്തിൻേറയും വർഗ്ഗസമരത്തിൻേറയുമൊക്കെ കേളികൊട്ടിന് മറ്റു പ്രദേശങ്ങളിലെന്നപോലെ ഇവിടെയും അരങ്ങൊരുങ്ങിയത്.

## 12 വർത്തമാനകാലം

മേൽ പ്രസ്ഥാവിക്കപ്പെട്ട പ്രവർത്തനങ്ങളും മുന്നേറ്റങ്ങളുമെല്ലാം ഫ്യൂഡലിസത്തിൻേറയും അടിച്ചമർത്തലിൻേറയും കരാളഹസ്തങ്ങളെ തളയ്ക്കാൻ ഒരു പരിധി വരെ സഹായിച്ചു എന്നത് പ്രസ്ഥാവ്യമാണ്. ആധുനിക യുഗത്തിൻെറ പിറവിയിൽ സാമൂഹ്യസാംസ്ക്കാരിക മതനവീകരണരംഗങ്ങളിലെന്നപോലെ ശാസ്ത്ര സാങ്കേതിക ജീവിതവളർച്ചയിലും മനുഷ്യമനസ്സിൻെറ വികാസത്തിലും അറിവിൻെറ പുത്തൻ മേച്ചിൽപ്പുറങ്ങളിലും വിപ്ലവകരമായ മുന്നേറ്റം നാം കൈവരിച്ചു എന്നതും ചെറിയ കാര്യമല്ല. പക്ഷേ ഇവയൊക്കെതന്നെ നേടിയപ്പോഴും തൊഴിൽ എന്ന സ്വപ്നം മരീചികയായി മാറുന്ന ദുഃസ്ഥിതി സമൂഹം നേരിടുന്ന സുപ്രധാന വെല്ലുവിളിയായി അവശേഷിക്കുന്നു. അറിവിൻേറയും അധികാരത്തിൻേറയും ലോകത്തുനിന്ന് ആട്ടിയോടിക്കപ്പെട്ട് സമൂഹത്തിൻെറ പിന്നാമ്പുറങ്ങളിൽ തളച്ചിടപ്പെട്ട പിന്നോക്കജാതി മർദ്ദിത മതന്യൂനപക്ഷ വിഭാഗങ്ങളെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള ആസൂത്രിതമായ നീക്കത്തിനു പകരം ജാതിയത, ഫ്യൂഡൽ ഭൂ പ്രഭുത്വത്തിൻെറ നിഴൽ രൂപങ്ങളായി അണിയറയിൽ പാവക്കൂത്ത് നടത്തുകയാണ്. വർണ്ണ-വർഗ്ഗ ജാതിചിന്തയെ ചൂഷണം ചെയ്യപ്പെടുന്ന ശ്രമമാണ് നാം ഇവിടെ കാണുന്നത്. വർണ്ണസമരം പൂർത്തിയാകാതെ സാമൂഹ്യസമത്വം യാഥാർഥ്യമാവുകയില്ല.

'ഇന്നത്തെ ഭരണവർഗ്ഗത്തിൻെറ രാഷ്ട്രീയ ധമനികളിലൂടെ ഒഴുകുന്ന രക്തം ഗ്രാമങ്ങളിലെ ജനകോടികളായ പിന്നോക്കമർദ്ദിത മതജാതി ന്യൂനപക്ഷസമൂഹത്തിൻേറതാണ്. ആ രക്തം തിരികെ ഭരണവർഗ്ഗത്തിൽനിന്ന് പിന്നോക്കമർദ്ദിത മതജാതി ന്യൂനപക്ഷ സമൂഹത്തിൻെറ ധമനികളിലൂടെ ഒഴുകുമ്പോൾ മാത്രമേ സാമൂഹ്യ സമത്വം എന്ന സ്വപ്നം സാക്ഷാത്കരികപ്പെടുകയുള്ളൂ.'

അതിനുവേണ്ടിയുള്ളതാകട്ടെ ഈ പുത്തൻ
പരീക്ഷണശാല.



ആശംസകൾ

ദേവി സ്റ്റോഴ്സ്

&

ഫുഡ്‌വെയേഴ്സ്

ചമ്മനാട്

☎ : KTTD 562-269

22ct സ്വർണ്ണാഭരണങ്ങൾക്ക്



ശിവ വിജയ ജ്വല്ലറി
ചെൽദേവി കോംപ്ലക്സ്
കവലയ്ക്കു കിഴക്കു വശം
തുറവൂർ

*Best Compliments From*

**TEE KAY MEDICALS**

KUTHIYATHODE

# 3 ഭൂപ്രകൃതിയും വിഭവങ്ങളും



### 3. 1 ഭൂപ്രകൃതി

കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് വടക്ക് അക്ഷാംശം 09°.44ലും കിഴക്ക് രേഖാംശം 076°.20ലും സ്ഥിതി ചെയ്യുന്നു. ഈ പഞ്ചായത്തിൻെറ ഭൂപ്രകൃതി തികച്ചും വൈവിധ്യമാർന്നതാണ്. ഒരുകാലത്ത് തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം എന്നീ താലൂക്കുകളുടെ പടിഞ്ഞാറ് അതിർത്തിയോളം കയറിക്കിടന്നിരുന്ന അറേബ്യൻ കടൽ ഏ.ഡി. നാലാം ശതകത്തോടെ പിൻവാങ്ങിയാണ് ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്ന ഇന്നത്തെ ചേർത്തല താലൂക്ക് ഉദ്ഭൂതമായതെന്ന് ഭൂ വിജ്ഞാനികൾ അനുമാനിക്കുന്നു. ഒരു ഭൂകമ്പത്തിൻെറ ഫലമായാണ്, പഞ്ചായത്തിൻെറ കിഴക്കേ അതിർത്തിയായ ഉളവൈപ്പ് കായലുൾപ്പെടുന്ന വേമ്പനാട്ട് കായൽ ഉൽഭവിച്ചതെന്നും കരുതപ്പെടുന്നു. വൃക്ഷനിബിഡമായിരുന്ന ഈ പ്രദേശത്ത് പിൽക്കാലത്ത് സമുദ്രാതിക്രമമുണ്ടായതിന് ഇവിടെ ധാരാളമായി കാണപ്പെടുന്ന കക്ക തെളിവാണ്. ഇപ്പോഴും ഈ പഞ്ചായത്തിൻെറ പടിഞ്ഞാറൻ അതിർത്തിക്കപ്പുറത്തുള്ള പ്രദേശങ്ങൾ ഇടയ്ക്കിടെയുള്ള കടലാക്രമണങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കുന്നു. വേമ്പനാട്ടു കായലിൻെറ തീരമൊഴിച്ചുള്ള ഭാഗം മണൽപ്പരപ്പാണ്. കായൽ തീരം ചെളിപ്രദേശമാണ്

### 3.2 കാലാവസ്ഥ

കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് മേഖലയിൽ മൺസൂൺ കാലാവസ്ഥയാണ് പൊതുവേയുള്ളത് രണ്ടു തരം മൺസൂണുകളാണ് ഇവിടെ ലഭിക്കുന്നത്.

1. തെക്ക് പടിഞ്ഞാറൻ മൺസൂൺ
 (ജൂൺ, ജൂലൈ, ആഗസ്റ്റ്)
2. വടക്ക് കിഴക്കൻ മൺസൂൺ
 (സെപ്തംബർ മുതൽ നവംബർ വരെ)

തെക്കു പടിഞ്ഞാറൻ മൺസൂൺ കലാവസ്ഥയെ 'കാലവർഷം' അഥവാ ഇടവപ്പാതിയെന്നും വടക്ക് കിഴക്കൻ മൺസൂൺ കാലാവസ്ഥയെ 'തുലാവർഷം' എന്നും വിളിക്കുന്നു. ഈ രണ്ടു കാലയളവിലും ഇവയെ നന്നായി മഴ ലഭിക്കുന്നു. ശക്തമായി ഉണ്ടാകുന്ന കാറ്റും ഇടിവെട്ടും മിന്നലും തുലാവർഷത്തിൻെറ പ്രത്യേകതയാണ്. കൂടാതെ സമുദ്രതീരപ്രദേശത്തെ അപേക്ഷിച്ച് സമീകൃതമായ ആർദ്രോഷ്ണാവ്ഥയും ഇവിടെ അനുഭവപ്പെടുന്നു. മാത്രമല്ല ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് ആദ്യപകുതി ശക്തമായ ചൂടും ഇവിടെ ലഭ്യമാണ്. ചുരുക്കത്തിൽ കോടംതുരുത്ത് ഗ്രാമപ്രദേശത്തെ സമ്പന്നമായ കാർഷിക വിളവുകൾക്ക് തികച്ചും അനുയോജ്യമായ കലാവാസ്ഥയാണ് ഇവിടെയുള്ളത്. ഈ പ്രദേശത്ത് ലഭിക്കുന്ന മഴയുടെ അളവിനെ സംബന്ധിച്ച് ഒരു ചാർട്ട് ചുവടെ ചേർക്കുന്നു.



### 3'3മണ്ണ്

പരിസ്ഥിതിയിൽ കാണുന്ന മനുഷ്യോപയോഗ പ്രദങ്ങളായ വസ്തുക്കളാണ് വിഭവങ്ങൾ, ശിലകൾ, ധാതുക്കൾ, മണ്ണ്, നദികൾ, തരുലതാദികൾ, ജന്തുജാലങ്ങൾ മുതലായവയാണ് പ്രധാനപ്പെട്ട പ്രകൃതിവിഭവങ്ങൾ.

പ്രകൃതിയുടെ അപൂർവ്വ ദാനമായ ഒരു വിഭവമാണ് മണ്ണ്. നൈസർഗ്ഗിക സസ്യ - ജന്തുജാലങ്ങളുടെ ജീവനാധാരമായിരിക്കുന്ന ഒന്നാണ് മണ്ണ്. ഭൂമിയിലെ സസ്യ - ജന്തുജാലങ്ങളുടെ ഉൽപത്തിക്കും വളർച്ചയ്ക്കും സഹായിക്കുന്നത് മണ്ണാണ്. ഇത് ഒരു ജീവിതോപാധിയും ഭക്ഷണത്തിൻെറ ഉറവിടവുമാണ്. മാൻറിൽ ശിലയുടെ ഉപരിപാളിയിലെ ഇളകിയ പദാർത്ഥമാണ് മണ്ണ്.

താപവ്യത്യാസം കൊണ്ടും ഒഴുക്കുവെള്ളം, കാറ്റ്, ഹിമാനികൾ എന്നിവയുടെ പ്രവർത്തനം കൊണ്ടും ആയിരക്കണക്കിന് വർഷം കൊ

ണ്ടാണ് മണ്ണുണ്ടാകുന്നത്. മണൽ, കളിമണ്ണ് എന്നീ ധാതുക്കൾ ജൈവവസ്തുക്കളായ സസ്യ ജന്തു അവശിഷ്ടങ്ങൾ ബാക്ടീരിയ, മണ്ണിര എന്നിവയാണ് മണ്ണിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങൾ. കൂടാതെ വിവിധ അളവിൽ ഈർപ്പവും വായുവും മണ്ണിൽ ഉണ്ട്. മാറ്റത്തിനും വികസനത്തിനും സാധ്യതയുള്ളതാണ് മണ്ണ്.

### 3.3.1ഭൂമിയുടെ ഘടന




ഊർജ്ജദ്രവ്യങ്ങളുടെ പരസ്പര കൈമാറ്റവും മണ്ണിൽ നടക്കുന്നു. മാത്രമല്ല മണ്ണ് ഊർജ്ജവ്യവസ്ഥയുടെ ഭാഗവുമാണ്.

കാലാവസ്ഥ, സസ്യജാലം, ഭൂപ്രകൃതി, ഭൂവൽക്കശിലകൾ എന്നിവയുടെ സംയുക്തമായ പ്ര വർത്തനഫലമായി നമ്മുടെ രാജ്യത്തിന് വിവിധ യിനം മണ്ണുകൾ ലഭ്യമാണ്. കേരളത്തിൽ പൊ തുവേ കാണപ്പെടുന്ന മണ്ണിനങ്ങളാണ് - തീരപ്രദേ ശത്തിലെ എക്കൽമണ്ണ്, നദീതടത്തിലെ എക്കൽ മണ്ണ്, ലാറ്ററൈറ്റ് മണ്ണ്, കരിമണ്ണ്, വനപ്രദേശത്തെ ഫലഭൂയിഷ്ടമായ മണ്ണ് മുതലായവ.

3' 3' 2 soil map of kerala.




3'. 3'. 3. soil map of kodamthuruth



### 3.1. SOIL MAP OF KODAM THURUTH

കോടംതുരുത്തിൽ കാണപ്പെടുന്ന മണ്ണിന മാണ് 'തീരപ്രദേശത്തിലെ എക്കൽമണ്ണ്' (Coastal alluvial Soil) ആലപ്പുഴയിലെ ചെങ്ങന്നൂരിൽ പ്രവർത്തിക്കുന്ന മണ്ണു പരിശോധനാ കേന്ദ്രത്തിൽ വിദഗ്ദ്ധമായ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ കണ്ടെത്തിയ ശ്രദ്ധേയമായ ഒരു കാര്യം ഈ മണ്ണിൽ അമ്ലത്വം കൂടുതലാണെന്നാണ്. ഈ മണ്ണിൻെറ ശരാ ശരി അമ്ലത്വം 5.5 p.h ആണ്. ഈ മണ്ണിലെ ലവണ ത്വത്തിൻെറ അളവ് 0.1 ശതമാനമാണ്. അമ്ലത്വം കുറയ്ക്കുവാനുള്ള പരിഹാര മാർഗ്ഗം ഈ മണ്ണിൽ ആവശ്യമായത്ര കുമ്മായം ചേർക്കലാണ്. കാർഷി ക വിളവിനുയോജിച്ച മണ്ണ് അമ്ലത്വവും ക്ഷാര ത്വവും ന്യൂട്രൽ ആയ എക്കൽ മണ്ണാണ് അതായത് അമ്ലത്വത്തിൻേറയും ക്ഷാരത്വത്തിൻേറയും അളവ് ശരാശരി 7 p.h ആയിരിക്കണം. 7.p.h - ൽ കൂടിയാൽ ക്ഷാരത്വത്തിൻെറ അളവ് വർദ്ധിക്കുമെന്നതിനാൽ അത് കാർഷികവിളകൾക്ക് ദോഷകരമാണ്. 7,8 വാർഡുകളുടെ പടിഞ്ഞാറു ഭാഗത്തുള്ള കരിനിലങ്ങളാണ് ഈ പഞ്ചായത്തിൻെറ നെല്ലറ.

### 2. മണ്ണിനങ്ങളുടെ പ്രാധാന്യം

നമ്മുടെ സമ്പദ് വ്യവസ്ഥയിൽ മണ്ണിന് നിർണ്ണായകമായ പങ്കുണ്ട്. ശാസ്ത്രീയമായ രീതിയിൽ മണ്ണ് കൈകാര്യം ചെയ്യുന്നത് വളരെ പ്രാധാന്യം അർഹിക്കുന്നു. ജനസംഖ്യ അനിയന്ത്രിതമാകാതെ സൂക്ഷിക്കുന്നിടത്തോളം നാം നമ്മുടെ മണ്ണിനെ ശരിയായി കൈകാര്യം ചെയ്യുകയാണെങ്കിൽ കോടംതുരുത്തിലെ മണ്ണിന് ജനങ്ങളെ നന്നായി പരിപാലിക്കാൻ കഴിയും. കയറ്റുമതി പ്രാധാന്യമുള്ള ധാന്യങ്ങളും പച്ചക്കറി വിഭവങ്ങളും ഉൽപ്പാദിപ്പിക്കാൻ ഈ മണ്ണിന് കഴിയും. എന്നാൽ മണ്ണൊലിപ്പ്, ഫലപുഷ്ടി നഷ്ടപ്പെടൽ, (ശുഷ്ക്കമാക്കൽ) രാസഘടനാപരമായ മാറ്റം, (Chemical Composition) വെള്ളക്കെട്ട് മുതലായവ മൂലം മണ്ണിൻെറ ഗുണം കുറയുന്നു. ഇത്തരം ഉപദ്രവകാരികളെ ഫലപ്രദമായി നിവാരണം ചെയ്യുന്നത് നമ്മുടെ കാർഷിക മേഖലയുടെ ഭാവിക്ക് ഗുണം ചെയ്യും.

### 2.1. ഭൂവിഭവസംരക്ഷണത്തിൻെറ ആവശ്യകത

* സുസ്ഥിരമായ വികസനത്തിന്
* സാമ്പത്തിക ഭദ്രതയ്ക്ക്
* നമ്മുടെ സസ്യസമ്പത്തിനേയും മൃഗ സമ്പത്തിനേയും നിലനിർത്താൻ ഭൂവിഭവങ്ങളായ മണ്ണ്, ജലം സസ്യ - മൃഗസമ്പത്തുകൾ എന്നിവയെ സംരക്ഷിച്ച് ജീവജാല പരമ്പരയുടെ എന്നെന്നേക്കുമായ നിലനിൽപ്പ് ഉറപ്പാക്കാൻ

### 2.2. കർമ്മപരിപാടികൾ

* ഭൂതല സവിശേഷതകൾക്കും പരിസ്ഥിതിക്കും അനുയോജ്യവും ശാസ്ത്രീയവുമായ കൃഷിരീതികൾ അവലംബിക്കുക
* ക്രമാതീതമായ മരം മുറിക്കൽ തടയുക
* പരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണം നടത്തുക
* ഊർജ്ജ സ്രോതസ്സുകളെ കണ്ടെത്തലും ഉപയോഗവും ശാസ്ത്രീയമായി നടപ്പിലാക്കുക
* മണ്ണൊലിപ്പ് നിവാരണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക
* മണ്ണ് - ജല സംരക്ഷണപ്രവർത്തനങ്ങളുടെ പരിപാലനവും സുരക്ഷിതത്വവും ഉറപ്പാക്കുക
* സംയോജിത നീർമറി (Water shed) ആസൂത്രണത്തിലൂടെ ഭൂ വിഭവ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
* പഞ്ചായത്തിന് അനുയോജ്യമായ ഒരു ഭൂവിനിയോഗ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി തയ്യാറാക്കുക
* ശാസ്ത്രീയമായ ഭൂവിനിയോഗത്തിന് വേണ്ടിയുള്ള നിയമങ്ങൾ പാലിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക.

### 3'2'1 മഴയെ സംബന്ധിച്ച വിവരം

| വർഷം | മഴ ലഭിച്ച് ദിവസങ്ങൾ |
|---|---|
| 1990 | 138 |
| 1991 | 116 |
| 1992 | 133 |
| 1993 | 131 |
| 1994 | 151 |
| 1995 | 135 |
| 1996 ജൂൺ വരെ | 33 |

## 3.2.2. 1990 ജനുവരി മുതൽ 1996 ജൂൺ വരെ പെയ്ത മഴ

ചേർത്തല താലൂക്ക് ഓഫീസിൽനിന്നും ലഭിച്ച കണക്കനുസരിച്ച് മഴ സെ. മീറ്ററിൽ

| YEAR | JAN | FEB | MAR | APR | MAY | JUN | JUL | AUG | SEP | OCT | NOV | DEC | TOTAL |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1990 | 1.3 | - | 1.7 | 2.3 | 33.4 | 29.7 | 47.3 | 13.1 | 7.5 | 9.6 | 9.5 | - | 155.4 |
| 1991 | - | - | 5.4 | 18.7 | 61 | 77.1 | 49.9 | 33.4 | 5.3 | 13.2 | 3.9 | 0.5 | 268.4 |
| 1992 | - | - | 1.9 | 0.7 | 25.2 | 48.7 | 34.7 | 32.9 | 27.8 | 27.5 | 13 | - | 212.4 |
| 1993 | 5 | - | 2 | 1.5 | 9 | 40.4 | 39 | 36 | 25 | 27.5 | 13 | - | 198.4 |
| 1994 | 16.2 | 10 | 6 | 8.3 | 6.3 | 54.6 | 50.7 | 34.5 | 23.9 | 244 | 13.3 | - | 248.2 |
| 1995 | 1 | - | 9.1 | 4.8 | 37.4 | 48.7 | 41.2 | 38 | 25 | 22 | 7.2 | - | 234.4 |
| 1996 | 0.6 | 0.4 | 0.9 | 3.5 | 6.7 | 43.6 | | | | | | | 55.7 |

KODAMTHURUTH PANCHAYATH '96

## 3.1.1. ഭൂപ്രകൃതി പഠനം

## കോടന്തുരുത്ത് പഞ്ചായത്ത്

| ട്രാൻസെക്ട് | ട്രാൻസെക്ട് - 1<br>പടിഞ്ഞാറൻ മേഖല | ട്രാൻസെക്ട് - 2<br>മദ്ധ്യമേഖല | ട്രാൻസെക്ട് - 3<br>കിഴക്കൻ മേഖല | ട്രാൻസെക്ട് 4<br>കുറുകെ |
|---|---|---|---|---|
| ഭൂപ്രകൃതി | നിരപ്പായ പാടശേഖരങ്ങൾ കരിനിലങ്ങൾ 7,8 വാർഡു കൾ | സമതല പ്രദേശം, ജനസാന്ദ്രത കൂടുതലുള്ള പ്രദേശം, മദ്ധ്യഭാഗം കൊണ്ടൽ നിലങ്ങൾ ഇരുവശവും ജനങ്ങൾ തിങ്ങിതാമസിക്കു ന്ന പ്രദേശം 5,6,9,7,8 വാർഡു കൾ ഭാഗികം | തീര സമതലം, മദ്ധ്യഭാഗം ഉ യർന്ന പ്രദേശം, പാടശേഖര ങ്ങളും വെള്ളക്കെട്ടുകളും ഉള്ള പ്രദേശം 1,2,3,4 വാർഡുകൾ | തീര സമതലം, താഴ്ന്ന പ്ര ദേശം, തീര സമതലം അൽ പം ഉയർന്ന പ്രദേശം, തീര സമതലം |
| മൺതരം | ചെളിനിറഞ്ഞ വളക്കൂറുള്ള നെൽകൃഷിക്ക് ഉപയുക്ത മായ മണ്ണ്. | വരൾച്ച ബാധിക്കുന്ന പ്രദേശം, ചൊരിമണൽ, നീർവാർച്ച കൂടു തലുള്ള പ്രദേശം, ജലസേചനം ആവശ്യമുള്ള മൺതരം. | ചൊരിമണലും ചെളിമണലും ചേർന്ന പ്രദേശം | ചെളി നിറഞ്ഞ മണ്ണ്, ചൊരി മണൽ, ചൊരി മണലും ചെ ളി ചേർന്ന മണലും കൂടിയ പ്രദേശം. |
| സസ്യ സംവരണം | നെൽകൃഷി, തെങ്ങിൻതോ പ്പുകൾ കൃഷി കഴിഞ്ഞാൽ മത്സ്യകൃഷിക്ക് വെള്ളത്താ ൽ ആവരണം ചെയ്യപ്പെട്ടു കിടക്കുന്നു. | തെങ്ങിൻ തോപ്പുകൾ, ഇടവിള കൾ, പച്ചക്കറികൃഷിക്ക് പറ്റിയ പ്രദേശം, വാഴ മുതലായ ഫലവൃ ക്ഷങ്ങൾ വളർത്താൻ പറ്റിയ പ്ര ദേശം. | നെൽപ്പാടങ്ങൾ കൃഷിക്കും മത്സ്യം വളർത്തലിനും പറ്റിയ പ്രദേശം. | നെൽപ്പാടങ്ങൾ, തെങ്ങിൻ തോപ്പുകൾ, കൊണ്ടൽപ്പാട ങ്ങൾ, നെൽപ്പാടങ്ങൾ, വെള്ള ക്കെട്ടുകൾ. |
| പരിസ്ഥിതി പ്രശ്നങ്ങൾ | വേനൽക്കാലത്ത് ഓരുകയ റ്റം, മഴക്കാലത്ത് വെള്ളക്കെ ട്ട്, മത്സ്യസംസ്ക്കരണ ശാ ലകളിൽനിന്നും ഒഴുകുന്ന മ ലിനജന പ്രവാഹം. | വേനൽക്കാലത്ത് വരൾച്ചയും ജ ലദൗർലഭ്യവും അനുഭവപ്പെടുന്ന പ്രദേശം. | ഓരുകയറ്റവും ശുദ്ധജലക്ഷാ മവും കൂടുതലുള്ള പ്രദേശം. | ഓരുകയറ്റം, ജലദൗർലഭ്യം, വെള്ളക്കെട്ട് മലിനീകരണം, നീർവാർച്ച, ശുദ്ധജലക്ഷാമം, വരൾച്ച, ഓരുകയറ്റം. |


വികസന
അവലോകനം



ഗതകാല പ്രതാപത്തിന്റെ ബാക്കിപത്രം
ഞാറ്റുവേലപ്പാട്ടുമായി ചമ്പരം മതി – ഒരു ദൃശ്യം

# 4 കൃഷിയും ജലസേചനവും

**കോ**ടംതുരുത്ത് ഗ്രാമ പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. രേഖകൾ പ്രകാരം 10.31 ച: കി: മീ: വിസ്തീർണ്ണവും, വില്ലേജ് ആഫീസ് രേഖകളിൽ 2368 ഏക്കർ 20 സെൻറ് 616 ലിങ്ക്സ് കര ഭൂമിയും 900 ഏക്കർ 619 ലിംഗ്സ് പാടശേഖരങ്ങളും ഉൾപ്പടെ 3268 ഏക്കർ 21 സെൻറ് 235 ലിംഗ്സ് വിസ്തീർണ്ണവും കാണുന്നു. ഇത് തീരസമതല പ്രദേശമാണ്.

## 4.1. കാർഷിക വിളകൾ

### 4.1.1 നെല്ല്

നെല്ലും, നാളികേരവുമാണ് ഇവിടുത്തെ പ്രധാനകൃഷികൾ. പഞ്ചായത്തിലെ 917ഏക്കർ കരിനിലങ്ങളിൽ ചെട്ടിവിരിപ്പ്, വിരിപ്പ്, പൊക്കാളി, മുണ്ടകൻ, കുറുക, കറുകുറുക, കറുത്ത മുണ്ടകൻ എന്നീ ഇനത്തിൽപ്പെട്ട നെൽവിത്തുകളാണ് കൃഷിക്ക് ഉപയോഗിച്ചിരുന്നത്. ഇതിൽ ചെട്ടിവിരിപ്പ് സാർവത്രികമായി കൃഷി ചെയ്തു വരുന്നു. ഏതാനും വർഷങ്ങൾക്കു മുൻപു വരെ നെൽകൃഷിയിൽ നിന്ന് നല്ലവിളവ് ലഭിച്ചിരുന്നു. കരപ്പാടങ്ങളിൽ (ഏകദേശം 100 ഏക്കർ) ഓണമുട്ടൻ, പൊക്കാളി എന്നീ ഇനങ്ങളിൽപ്പെട്ട വിത്തിനങ്ങളും കൃഷിക്ക് ഉപയോഗിച്ചിരുന്നു. അപൂർവ്വമായി ജീരക ച്ചെമ്പാവ് നെൽവിത്തും ചിലസ്ഥലങ്ങളിൽ കൃഷി ചെയ്തിരുന്നു.

എന്നാൽ ചെമ്മീൻ കൃഷി വ്യാപകമായതോടെ നൂറു മേനി വിളഞ്ഞിരുന്ന പാടശേഖരങ്ങളിൽ നിന്നും നെൽകൃഷി ഗണ്യമായി കുറഞ്ഞു. ഇത് കർഷകത്തൊഴിലാളികളുടെ തൊഴിലില്ലായ്മയ്ക്കും, ഭക്ഷ്യ കമ്മിവർദ്ധിക്കുന്നതിനും ഇടവരുത്തുന്നു. നെൽപ്പാടങ്ങൾ തരിശിടുന്ന പ്രവണതയും ഏറിവരികയാണ്.

### 4.1.2 നാളികേരം





കോടം തുരുത്ത് പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം നാളികേര കൃഷിയായിരുന്നു. ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്തിൽ 2085 ഏക്കർ സ്ഥലത്ത് 208500 തെങ്ങിൽ നിന്നും 500400 തേങ്ങാ വർഷത്തിൽ ഉൽപ്പാദിപ്പിക്കുന്നു. ഇവിടുത്തെ ഉൽപ്പാദനം സംസ്ഥാന ശരാശരി ഉൽപ്പാദന ത്തേക്കാൾ വളരെ താഴെയാണ്. സംസ്ഥാന ശരാ ശരി ഉൽപ്പാദനം 38 ആകുമ്പോൾ പഞ്ചായത്തി ലേത് കേവലം 12 മാത്രമാണ്. പ്രദേശത്ത് വർദ്ധി ച്ചുവരുന്ന തെങ്ങ് രോഗങ്ങൾ ഉൽപ്പാദനം കുറയു വാനും, തെങ്ങുകൃഷി നശിക്കുവാനും ഇടയാക്കി. മുൻകാലങ്ങളിലെപോലെ തെങ്ങ് കൃഷിക്ക് ലഭിച്ചു കൊണ്ടിരുന്ന ശ്രദ്ധയും, പരിചരണവും ലഭിക്കാത്തതും ഇതിനൊരു കാരണമാണ്. ഭൂപരിഷ്ക്കരണവും കാർഷികമേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ മറ്റു വിളകളായ പയർ, പച്ചക്കറി, കുരുമുളക്, കവുങ്ങ്, കശുമാവ്, വാഴ, മരച്ചീനി എന്നിവയും ചെറിയ തോതിൽ നിലനിൽക്കുന്നുണ്ട്.

1.പഞ്ചായത്ത് പ്രദേശത്തെ നെല്ല് ഉൽപ്പാദക കരിനിലങ്ങൾ.

| കരിനിലത്തിൻെറ പേര്. | വിസ്തീർണ്ണം |
|---|---|
| 1. ചങ്ങരം | 280 ഏക്കർ |
| 2. കൊച്ചു ചങ്ങരം | 127 " |
| 3. പുളിത്തറ മുറി | 20 " |
| 4. കൊച്ചുകുരുഡാക്കരി | 27 " |
| 5. കൊണ്ടയിൽ | 140 " |
| 6 പുരുഷാക്കരി | 150 " |

### 2. ലഭ്യമായ ഭൂവിസ്തീർണ്ണവും ഉൽപ്പാദനവും
### (അടിസ്ഥാന വിവര രജിസ്റ്ററിൽ നിന്നും.)

| വിളകൾ | വിസ്തീർണ്ണം (ഏക്കറിൽ) | ഉൽപ്പാദനം (കി. ഗ്രാമിൽ) |
|---|---|---|
| 1. നെല്ല് | 485 ഏക്കർ 50 സെൻറ് | 310720 Kg. |
| 2. പയർ | 83. 3/4 ഏക്കർ | 21775 Kg. |
| 3. പച്ചക്കറികൾ | 150 ഏക്കർ | 123000 Kg. |
| 4. നാളികേരം | 2085 ഏക്കർ | 500400 എണ്ണം |
| 5. വാഴ | 100 ഏക്കർ | 80000 Kg. |
| 6. മരച്ചീനി | 5 ഏക്കർ | 3000 Kg. |
| 7. കുരുമുളക് | 7.1/2 ഏക്കർ | 3000 Kg. |
| 8. കശുമാവ് | 5 ഏക്കർ | 1000 Kg. |
| 9. നാടൻമാവ് | 20 ഏക്കർ | 4000 Kg. |
| 10. കവുങ്ങ് | 12 1/2 ഏക്കർ | 500000 എണ്ണം |
| 11. മറ്റുവിളകൾ | 313.96 ഏക്കർ | - |
| ആകെ 208500 തെങ്ങ് പഞ്ചായത്തിലുണ്ട് | | |

7. വടക്കേകുരുഡാക്കരി 50 "
8. തട്ടാരി വിളഞ്ഞൂർ 150 "
ആകെ 917 ഏക്കർ.

മുകളിൽ കാണിച്ചിരിക്കുന്ന കണക്കിൽ നിന്ന് കാർഷികോൽപ്പാദനം കുറഞ്ഞുവരുന്നതായി കാണാൻ കഴിയും. എന്തുകൊണ്ട് ഈ സ്ഥിതി വിശേഷം സംജാതമായി എന്ന് പരിശോധിക്കാം.

## 3.1. കാർഷിക മേഖലയിലെ വെല്ലുവിളികൾ:-

1. കൃഷി മുൻകാലങ്ങളിലേതു പോലെ ഇന്ന് ലാഭകരമല്ല.
2. കർഷക തൊഴിലാളികൾ ഈ മേഖലയിൽ നിന്നും അകലുകയും പുതിയ ജോലികൾ കണ്ടെത്തുകയും ചെയ്യുന്നു.
3. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.
4. വളം, കീടനാശിനി, കാർഷികോപകരണങ്ങൾ എന്നിവയ്ക്ക് അനിയന്ത്രിതമായി വില വർദ്ധിക്കുന്നു.
5. കാലാവസ്ഥയെ മാത്രം ആശ്രയിച്ചാണ് കൃഷി ചെയ്യുന്നത്.
6. ശാസ്ത്രീയ കൃഷി സമ്പ്രദായത്തിൻെറ അപര്യാപ്തത.
7. ഓരു ജലം (ഉപ്പ് വെള്ളം) നിയന്ത്രിക്കുന്നതിനുള്ള ബണ്ടുകളുടേയും, മുട്ടുകളുടേയും അഭാവം.
8. പാടശേഖരങ്ങളുടേയും, തീരപ്രദേശത്തിൻെറയും സംരക്ഷണത്തിനാവശ്യമായ കൽച്ചിറ പൂർണ്ണമായും നിർമ്മിക്കുവാൻ കഴിയായ്ക.
9. കൃഷിഭവനിൽ നിന്നും യഥാവസരം ആവശ്യമായ സഹായങ്ങളും, നിർദ്ദേശങ്ങളും ലഭിക്കുന്നില്ല.
10. തെങ്ങ് രോഗം മൂലം നാളികേര കൃഷി തകരുന്നു.

## 3.2. പരിഹാരങ്ങളും സാദ്ധ്യതകളും

ഗ്രാമസഭാ നിർദേശങ്ങൾ

1. കാലാ കാലങ്ങളിൽ കാർഷികോൽപ്പന്നങ്ങൾക്ക് ഗവൺമെൻറ് തറവില നിശ്ചയിക്കണം.
2. വളം, കീടനാശിനി എന്നിവയുടെ വില കർശനമായി നിയന്ത്രിക്കുകയും, സബ്സിഡി വർദ്ധിപ്പിക്കുകയും വേണം.
3. കാർഷികാവശ്യത്തിനുള്ള വൈദ്യുതി

സൗജന്യവും സാർവത്രികമാക്കണം.

4. ശാസ്ത്രീയമായ കൃഷി സമ്പ്രദായം നടപ്പിലാക്കുവാൻ കർഷകരെ പ്രാപ്തരാക്കണം.

5. കാർഷിക വിളകൾ പൂർണ്ണമായും ഇൻഷ്വർ ചെയ്യണമെന്ന് നിയമം മൂലം കർശനമാക്കുകയും പ്രീമിയം സർക്കാർ നൽകുകയും വേണം.

6. നെല്ല് ഉൽപ്പാദക പാടശേഖരങ്ങളിൽ ഗ്രൂപ്പ് 'ഫാമിങ്ങ്' നിർബ്ബന്ധിതമാക്കണം.

മറ്റ് കാർഷിക മേഖലയിൽ കർഷകനെ പ്രോത്സാഹിപ്പിക്കണം.

7. കരിനില വികസന ഏജൻസിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.

8. കർഷകർക്കുള്ള ക്ഷേമപദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കണം.

9. ശാസ്ത്രീയ കൃഷി രീതിയിൽ കർഷകന് പരിശീലനം നൽകണം.

10. കാർഷിക സർവ്വകലാശാലയിൽ കർഷക - കർഷക തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകണം.

11. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ സൗജന്യ നിരക്കിൽ കർഷകന് ലഭ്യമാക്കണം.

12. തെങ്ങിനെ ബാധിച്ചിട്ടുള്ള കാറ്റു വീഴ്ച്ച, കൂമ്പ് ചീയൽ, ചെന്നീരൊലിപ്പ്, മഞ്ഞളിപ്പ്, ചെല്ലികുത്ത് എന്നീ രോഗങ്ങൾ തടയുവാൻ ഫലപ്രദമായ പ്രതിരോധ നടപടികൾ സാർവ്വത്രികമായി നടപ്പിലാക്കണം.

13. രോഗബാധിതമായ മുഴുവൻ തെങ്ങുകളും വെട്ടിമാറ്റി കർഷകന് ന്യായമായ നഷ്ടപരിഹാരം നൽകുകയും മേൽത്തരം തൈകൾ സൗജന്യമായി വിതരണം ചെയ്യുകയും വേണം.

14. നമ്മുടെ നെൽപ്പാടങ്ങളിൽ ഒരു ചെമ്മീൻ കൃഷിയും ഒരു നെൽകൃഷിയും നടത്തുവാൻ കർഷകർതയ്യാറാകണം. നെൽ കൃഷിയുപേക്ഷിച്ചു കൊണ്ടുള്ള ചെമ്മീൻ കൃഷി നിരോധിക്കണം

15. മാർച്ച് 31ന് മത്സ്യ കൃഷി അവസാനിപ്പിച്ച് ഏപ്രിൽ ആദ്യവാരം നിലങ്ങളിൽ വെള്ളം വറ്റിച്ച് നിലം ഒരുക്കണം.

16. കൃഷി നിലം തരിശിടുന്നത് തടയുവാൻ ഭൂവിനിയോഗ നിയമം കർക്കശമാക്കണം.

17. കാർഷികരംഗത്ത് കാലോചിതമായ യന്ത്രവത്ക്കരണം നടപ്പിലാക്കണം.

18. കുറഞ്ഞ പലിശയ്ക്ക് കാർഷികവായ്പ ലഭ്യമാക്കി നടപടികൾ ഉദാരവത്ക്കരിക്കണം.

19. കുത്തിയതോട് - കോടംതുരുത്ത് ഗ്രാമ പഞ്ചായത്തുകളുടെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന പുല്ലുവേലി 'സ്ലിൽവേ' പുതുക്കിപ്പണിയണം. പള്ളിത്തോട് - ചേരുങ്കൽ പൊഴിച്ചാലിൽ സ്ഥിരമായ സ്ലൂയിസ് നിർമ്മിക്കണം. ഇതുവഴി ഓരു ജലം നിയന്ത്രിക്കാൻ കഴിയും. ഇവിടങ്ങളിൽ വാച്ച് മാനെ നിയമിക്കണം. രണ്ടു പഞ്ചായത്തുകളുടെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഇത്തരം ജോലികൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ സത്വര പരിഗണന അർഹിക്കുന്നവയാണ്.

20. പാടശേഖരങ്ങളുടേയും തീരപ്രദേശത്തിൻേറയും മണ്ണു സംരക്ഷണത്തിന് വേണ്ടിയും വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കുന്നതിനും, നെൽപ്പാടങ്ങളിൽ മട വീഴുന്നത് തടയുവാൻ ലക്ഷ്യമാക്കി 'കൽച്ചിറ' നിർമ്മാണം അനിവാര്യമാണ്. താഴെ പ്പറയുന്ന പ്രവർത്തികൾ ബ്ലോക്ക് ജില്ലാ പഞ്ചായ ത്തുകളും ഗവൺമെൻറും ഏറ്റെടുത്ത് നടപ്പിൽ വരുത്തണം.

a) ചങ്ങരം - കൊച്ച് ചങ്ങരം പാടശേഖരങ്ങളെ സംരക്ഷിക്കുവാൻ ചേരുങ്കൽ ചിറയുടെ ഇരുവശങ്ങളിലും തട്ടാരി - വിളഞ്ഞൂർ പാടശേഖരങ്ങളിലും കൽച്ചിറ കെട്ടണം.

b) കുറുമ്പി കായൽ (പുത്തൻതോട്) ഉളവയ്പ്പ് (വേമ്പനാട്ടുകായലിൻെറ ഭാഗം) കായലിൻെറ കിഴക്കൻ മേഖല (വാർഡ് 3,4) വല്യേത്തോട്, കരേത്തോട് എന്നിവിടങ്ങളിൽ ഇരുവശങ്ങളിലും കൽച്ചിറകെട്ടി സംരക്ഷിക്കണം.

C) 6-ാം വാർഡിൽ നടീപ്പുറം പാടശേഖരങ്ങളുടേയും, പുത്തൻതറ പാടശേഖരങ്ങളുടേയും മദ്ധ്യ ഭാഗത്ത് സ്ഥിചെയ്യുന്ന പുറമ്പോക്ക് ഭൂമിയിൽ ഒരു മീറ്റർ ആഴത്തിലും ഒരു മീറ്റർ വീതിയിലും ഒരു കനാൽ നിർമ്മിച്ച് കൊണ്ടൽ കൃഷിക്ക് ആവശ്യമായ ജല നിർഗ്ഗമന ആഗമനത്തിന് രൂപം നൽകണം.

D ) V.V.H.S ന് തെക്കു ഭാഗം മുതൽ കൈതക്കാട്, കുത്തിയതോട് തോടുകളെ ബന്ധിപ്പിക്കുന്ന തോടിനെ കനാലാക്കി മാറ്റുകയും കൽച്ചിറ കെട്ടി സംരക്ഷിക്കുകയും വേണം.

21. കുത്തിയതോട് തോട്, കരേത്തോട്, തട്ടാരി - വിളഞ്ഞൂർ പാടശേഖരത്തോട്, കരിനിലങ്ങളിലെ തോടുകൾ, കരിനിലങ്ങൾ, കൽക്കെട്ടുകളിലെ സമീപ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ ചെളികുത്തും

മണൽവാരലും കർശനമായും നിരോധിക്കണം.

22. കൃഷി നിലങ്ങളിലേക്ക് പീലിംഗ് ഷെഡ്ഡുകളിൽ നിന്നും മലിനജലം ഒഴുക്കി വിടുന്നത് തടയുവാൻ നടപടി സ്വീകരിക്കണം.

23. കോടംതുരുത്തിലെ കിഴക്കൻ മേഖലയിലെ കാർഷിക വികസനത്തിന് കുത്തിയതോട് N.H ൽ തുടങ്ങി തട്ടാരി - വിളഞ്ഞൂർ പാടശേഖരങ്ങളെ ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണം പൂർത്തീകരിക്കണം.

24. പാടശേഖരങ്ങളിൽ പമ്പിംഗ് നടത്തുന്നതിന് വടക്കേ കുമുഡാക്കരി, പുളിത്തറ ഷിച്ചഭൂമി തട്ടാരി, വിളഞ്ഞൂർ എന്നീ പാടശേഖരങ്ങൾക്ക് 30 H.P മോട്ടോറും, ചങ്ങരം, കൊച്ചു ചങ്ങരം, കൊച്ചു കുമുഡാക്കരി, കൈതണക്കരി എന്നീ പാടശേഖരങ്ങൾക്ക് 50 H.P മോട്ടോറുകളും നൽകണം.

25. കർഷക - കർഷകത്തൊഴിലാളി തർക്കങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ബന്ധപ്പെട്ടവരുടെ സമിതി രൂപീകരിക്കണം.

26. കുളം, തോട് ഇവ വെട്ടി സംരക്ഷിക്കുന്നതിനും മണ്ണ്, ചെളി എന്നിവ ഇടുന്നതിനും സബ്സിഡിയോടു കൂടി സാമ്പത്തിക സഹായം നൽകണം.

2 . കേര സംരക്ഷണ സമിതികളെ വാർഡ് തലത്തിൽ പുനർജീവിപ്പിക്കണം.

28. എലി നശീകരണ തീവ്ര യജ്ഞ പരിപാടിക്ക് രൂപം നൽകണം.

29. വാർഡുകൾ തോറും ജൈവവള നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുകയും പ്രചരിപ്പിക്കുകയും വേണം.

30. പഞ്ചായത്ത് തലത്തിൽ നാളികേര സംഭരണ സംസ്ക്കരണ യൂണിറ്റ് ആരംഭിക്കണം.

31. നിലവിലുള്ള നെൽപ്പാടങ്ങളിൽ ചെമ്മീൻ വളർത്തലിന് വേണ്ടി ആഴം കൂട്ടുന്നതും തോടു കുഴിക്കുന്നതും നിർബന്ധമായും തടയണം.

32. പാടശേഖരങ്ങളിലെ വെള്ളം പമ്പ് ചെയ്യുന്നതിന് പുതുതായി കണ്ടുപിടിച്ചതും കുറഞ്ഞ വൈദ്യുതിയിൽ പ്രവർത്തിക്കുന്നതും കൂടുതൽ വെള്ളം തള്ളുന്നതുമായ പമ്പുകൾ സ്ഥാപിക്കുക.

## 4. പച്ചക്കറി കൃഷി.

പഞ്ചായത്തിലെ എല്ലാവാർഡുകളിലും പച്ചക്കറി കൃഷി ചെയ്യുന്നുണ്ടെങ്കിലും ഓരു ജലം കയറാത്ത 6ാം വാർഡിലാണ് കൂടുതലായി കൃഷി നടത്തിവരുന്നത്. വിരിപ്പു കൃഷിനിലങ്ങളിലും പാടശേഖരങ്ങളുടെ പുറം ചിറയിലും പച്ചക്കറി സുലഭമായി വളരുന്നു. പ്രധാനപ്പെട്ട പച്ചക്കറി വിഭവം അച്ചിങ്ങപ്പയറ് ആണ്. ഓണാവശ്യങ്ങളെ ലാക്കാക്കി വീട്ടുപറമ്പുകളിലും പുരയിടങ്ങളിലുമായി മേയ്, ജൂൺ മാസത്തോടെ പച്ചക്കറി കൃഷിക്ക് തുടക്കം കുറിക്കുന്നു.

### 4.1. പ്രശ്നങ്ങളും ഗ്രാമസഭാ നിർദ്ദേശങ്ങളും.

പച്ചക്കറി കൃഷിക്ക് വിപുലമായ സാദ്ധ്യതകൾ ഉള്ളതും അനുയോജ്യമായ കാലാവസ്ഥ കൊണ്ട് അനുഗ്രഹീതവുമായ ഈ പഞ്ചായത്ത് ഭൂപ്രദേശത്തിന് നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ അനവധിയാണ്. ഉദാഹരണത്തിന് വിപുലമായ രീതിയിൽ വ്യത്യസ്തമായ പച്ചക്കറി കൃഷി നടത്തി വരുന്ന ആറാം വാർഡിലെ താണ പ്രദേശത്ത് വേനൽക്കാല മഴ പെയ്താൽ കൃഷിയിടങ്ങളിൽ വെള്ളം കെട്ടിനിന്ന് കൃഷി നാശം സംഭവിക്കുന്നു. ഇത് ഒഴിവാക്കുവാൻ പച്ചക്കറി കൃഷിപ്പാടത്തിന് സമീപം തെക്കു വടക്ക് നാലടി വീതിയിലും രണ്ടടി താഴ്ചയിലും കാണ നിർമ്മിക്കേണ്ടിയിരിക്കുന്നു.

2. പഞ്ചായത്തും കൃഷിഭവനും സഹകരണ സംഘവും (S.C.B-1124) സംയുക്തമായി പഞ്ചായത്തിലെ എല്ലാ വീട്ടുകാർക്കും നല്ലയിനം പച്ചക്കറി വിത്തുകളും വളവും കീടനാശിനിയും സൗജന്യമായി നൽകുന്നതോടൊപ്പം; ആവശ്യമായ ഗൈഡൻസും കാർഷിക ബോധവൽക്കരണവും നൽകണം.

3. പച്ചക്കറി കർഷകർക്കാവശ്യമായ കാർഷിക വായ്പകൾ ഫലപ്രദമായി ഇപ്പോൾ നൽകുന്നില്ല. ആയതിനാൽ വാണിജ്യ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിചെയ്യുന്ന കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പകളും സബ്സിഡിയും അനുവദിക്കണം.

4. പച്ചക്കറി കൃഷി നടത്തുന്നവരിൽ മത്സര ബുദ്ധി വളർത്തുവാൻ അവരുടെ ഉൽപന്നങ്ങൾക്ക് പ്രദർശനം ഏർപ്പെടുത്തുകയും മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നവർക്ക് കർഷകശ്രീ പോലുള്ള അവാർഡുകൾ പഞ്ചായത്തു തലത്തിൽ നൽകുകയും വേണം.

5. പച്ചക്കറി കർഷകർക്ക് കൃഷി ഭൂമിയിൽ ജലസേചനം നടത്തുന്നതിലേയ്ക്കായി പമ്പു സെറ്റുകൾ വാങ്ങാൻ ധന സഹായം നൽകണം.

6. പഞ്ചായത്തിന് സർക്കാർ അനുവദിക്കുന്ന ഉപാധി രഹിത ഫണ്ടുകളിൽ പച്ചക്കറികൃഷിക്കുള്ള ധന

34

സഹായത്തിന് കൂടി വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ടാകണം.

7. മുൻ കാലങ്ങളിൽ കൃഷിഭവനിലെ ജീവനക്കാർ ഭവന സന്ദർശനങ്ങൾ നടത്തിയിരുന്നുവെങ്കിലും പിന്നീട് അത്തരം പ്രവർത്തനങ്ങൾ പൂർണ്ണമായും നിലച്ചു. ആയതിനാൽ വേണ്ടത്ര ജീവനക്കാരെ നിയമിക്കാൻ സർക്കാർ തലത്തിൽ നടപടികളാരംഭിക്കുകയും അതു വഴി ഭവനസന്ദർശനങ്ങൾ പുനരാരംഭിക്കുകയും വേണം.

8. ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല മുതലായവയ്ക്ക് വമ്പിച്ച സാദ്ധ്യതകൾ ഉള്ള ഈ ഭൂപ്രദേശത്ത് അവയുടെ നടത്തിപ്പിന് വേണ്ടതായ സൗകര്യങ്ങളും പരിശീലനവും കർഷകർക്ക് ലഭ്യമാക്കണം.

9. വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന നൂറുകണക്കിന് ആയുർവ്വേദ പച്ചമരുന്നുകളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള വികസനത്തിന് തിരുവനന്തപുരം, മഞ്ചേശ്വര, കാലടി, ഇടുക്കി എന്നിവിടങ്ങളിൽ നിന്നും മേൽത്തരം ഔഷധ സസ്യതൈകൾ, വിത്തുകൾ ഇവ ലഭ്യമാക്കുകയും; താത്പര്യമുള്ള കർഷകർക്ക് അവയുടെ നടത്തിപ്പിനുള്ള സഹായങ്ങൾ ഏർപ്പെടുത്തുകയും വേണം.

10. കോടന്തുരുത്ത് ഗ്രാമപഞ്ചായത്തിനെ ഒരു പച്ചക്കറി ഗ്രാമമായി ദത്തെടുത്ത് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം.

11. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ക്കൂളുകളിൽ കാർഷിക ക്ളബ്ബുകൾക്ക് രൂപം കൊടുക്കണം. ഇതിലേക്കായി താത്പര്യമുള്ള ഒരദ്ധ്യാപകന്റെ നേതൃത്വത്തിൽ കുട്ടികളെ തിരഞ്ഞെടുത്ത് പച്ചക്കറി കൃഷി സാർവ്വത്രികമാക്കുന്നതിന് ശ്രമിക്കണം.

12. പഞ്ചായത്തുതലത്തിൽ ഉൽപ്പാദിപ്പിച്ചെടുക്കുന്ന പച്ചക്കറി വിഭവങ്ങളുടെ വിതരണത്തിന് പൊതുമാർക്കറ്റുകൾക്ക് രൂപം കൊടുക്കണം.

## 5. നെൽകൃഷി സംരക്ഷണം.

ഓരു ജല നിയന്ത്രണത്തിന് ഗ്രാമ സഭയുടെ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സ്ഥിരമായി സ്ഥാപിക്കേണ്ടമുട്ടുകൾ, ചീർപ്പുകൾ, സ്ലൂയിസുകൾ, കനാലുകൾ, സംബന്ധിച്ച വിവരം:

വാർഡ് 1- കോയിക്കൽവെളി, കോയിക്കൽത്തറ, കളത്തിൽതോട്, പുതുവൽ നികർത്ത്, വെള്ളക്കാത്തറ.

വാർഡ് 2- കൈതക്കാട്, നടീപ്പറമ്പ്, പുതുപ്പരമ്പ്, പുത്തൻതറ, മുരിക്കൽ ,തോട്ടുചിറ, ചൗക്കത്തോട്, കൊല്ലേത്ത്.

വാർഡ് 3-പുന്നവേലി,ഷാപ്പിൽ, കരിയിൽ, കമ്പവലയ്ക്കൽ, നെച്ചൂന-വടക്കുമ്പ്രായിൽ, കലക്കാഴത്ത്,നമ്പ്യാട്ട്തോട്.

വാർഡ് 4-ചിറക്കൽ, പുളിത്തറ, തണ്ണിപ്പള്ളി, പരിമണത്ത്.

വാർഡ് 5-ചക്കാല, കുരീത്തറ, മൂട്ടത്തിപ്പറമ്പ്, കരിപ്പട്ടിയാത്തറ, തൈപറമ്പ്, കൊട്ടിപ്പള്ളി.

വാർഡ് 7- ചെല്ലാനം-നീണ്ടകര അതിർത്തിത്തോട്, കുഴുവേലിത്തോട്, കൊണ്ടയിൽ, തറേക്കാട്ട് തോട്, കൊണ്ടേമുട്ട്, ഇത്തിത്തറ, വെളീത്തറ, പുരുഷാക്കരി പുറംപോക്ക് തോട് രണ്ടെണ്ണം.

വാർഡ് 8- പുളിങ്കാഴ,നീലേക്കാട്, കണ്ടത്തിച്ചിറ, കോടിത്ത ാ ഭാഗം, കോന്നാട്ട് തറ, കന്നുതോട് കിഴക്ക്, ന്നുതോട് പടിഞ്ഞാറ്, കുരുഡാക്കരി, കുരുഡാക്ക രി വടക്ക്, കുരുഡാക്കരി പടിഞ്ഞാറ്.

വാർഡ് 9-തയ്യിൽ തോട്, നടുവിലത്തറ, കാക്കാലംത്തറ, പാലക്കാത്തറ, മാവുങ്കൽത്തറ.

കൃഷിയിലൂടെ നാടിന് സമൃദ്ധി......
തീവ്ര കാർഷിക വികസനം
നമ്മുടെ ലക്ഷ്യം......



# 5 മൃഗസംരക്ഷണം

## 5.മൃഗസംരക്ഷണം

1. ആരോഗ്യമുള്ള ജനതയാണ് ഒരു ഗ്രാമത്തിൻെറ സമ്പത്ത് ഗ്രാമീണജനങ്ങളുടെ ആരോഗ്യം കാത്തുസൂക്ഷിക്കുന്നതിൽ വളർത്തു മൃഗങ്ങളുടേയും പക്ഷികളുടേയും പങ്ക് നിസ്സുലമാണ്. കാർഷിക-മത്സ്യബന്ധന മേഖലയായ ഇവിടെ വളർത്തു മൃഗങ്ങളേയും പക്ഷികളേയും ആശ്രയിച്ച് വ്യക്തികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ അനന്ത സാദ്ധ്യതകളാണ് ഉള്ളത്. ഏറ്റവും കുറഞ്ഞ കാലം കൊണ്ട് കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ വരുമാനവും തൊഴിലും ഇതിലൂടെ ലഭിക്കുന്നു.

കൃഷിയും മത്സ്യബന്ധനവും കഴിഞ്ഞാൽ തദ്ദേശവാസികളുടെ സമ്പത്ത് കന്നുകാലികളും വളർത്ത് പക്ഷികളുമാണ്. അന്യംനിന്നു വരുന്ന കൃഷിയിടങ്ങൾ കാർഷികമേഖലയിലെ തകർച്ച എന്നിവ മൃസംരക്ഷണ മേഖലയുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു. ഗ്രാമീണകർഷകരും, കർഷകത്തൊഴിലാളികളും, മത്സ്യതൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഇവിടെ അവരുടെ ജീവിത നിലവാരത്തെ താങ്ങിനിർത്തുന്നതിൽ കന്നുകാലികളിൽ നിന്നും, കോഴി, താറാവ് എന്നിവയിൽ നിന്നും ലഭിക്കുന്ന വരുമാനം ഒഴിവാക്കാനാവാത്ത ഘടകങ്ങളാണ്. പാലും മുട്ടയും മാംസവും മാത്രമല്ല വളം ഇന്ധനം എന്നിവയും ഇവ നൽകുന്നു.

ഒരു കാലത്ത് മൃഗപരിപാലനത്തെ ആശ്രയിച്ച് ജീവിതം നയിച്ച നല്ലൊരു വിഭാഗം ജനങ്ങൾ ഇവിടെയുണ്ടായിരുന്നു. അന്ന് സമ്പന്നമായ കാർഷികമേഖല അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിച്ചിരുന്നു. വിസ്തൃതമായ പാടശേഖരങ്ങളിൽ കന്നുകാലികൾ യഥേഷ്ടം മേഞ്ഞ് നടന്ന് കച്ചിലും പുല്ലും വൈക്കോലും ഭക്ഷിച്ചിരുന്നു. ഇതുമൂലം സാമാന്യജനങ്ങൾക്ക് മൃഗസംരക്ഷണം ലാഭകരമായിരുന്നു. എന്നാൽ ചെമ്മീൻ മത്സ്യ കൃഷിയുടെ അനിയന്ത്രിതമായ വ്യാപനം ഈ മേഖലയെ തളർത്തി.



ആഹാരമാണ് ഒരു പ്രാഥമിക മേഖല. ഉയർന്ന പ്രധിരോധ ശക്തിയും ഉല്പാദനക്ഷമതയുമുള്ള നാടൻ കന്നുകാലികളും വളർത്തു പക്ഷികളും ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നു. കൃത്രിമ ബീജസങ്കലനം വ്യാപകമായതോടെ നാടൻ ഇനങ്ങളുടെ കുലം അറ്റു. ഈ ഗ്രാമത്തിൽ ധാരാളം കരിനിലങ്ങൾ ഉണ്ട്. ഒരുപ്പൂനെൽ കൃഷിയാണ് ഇവിടെ നടത്തുന്നത്. വളർത്തു മൃഗങ്ങൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ ഇവിടെ നിന്നു ലഭിച്ചിരുന്നു. എല്ലാ വീടുകളിലും കോഴികളേയും താറാവുകളേയും വളർത്തിയിരുന്നു.

## 2.മൃഗചികിത്സയിലെ നാട്ടറിവുകൾ

മൃഗപരിപാലനരംഗത്ത് ആധുനിക ചികിത്സാരീതികൾ അവലംബിക്കുന്നതിന് മുമ്പ് ഈ മേഖലയിലെ കർഷകർ മുഖ്യമായും ആശ്രയിച്ചിരുന്നത് പരമ്പരാഗത മൃഗചികിത്സാ വിദഗ്ദൻമാരുടെ സേവനവും നാട്ടറിവുകളുമായിരുന്നു. പഞ്ചായത്തിൽ ലഭ്യമായിരുന്ന നാട്ടറിവുകളും പച്ചമരുന്നുകളും ഈ മേഖലയിലെ ആവശ്യങ്ങൾ നിറവേറ്റിയിരുന്നു.

എന്നാൽ കന്നുകാലികളുടെ എണ്ണം വർദ്ധിച്ചു. സങ്കര ഇനങ്ങളുടെ വ്യാപനവും കാലിരോഗങ്ങൾ കൂടുകയും ചെയ്തതോടെ പരമ്പരാഗത മൃഗചികിത്സാരീതികളിൽ ആധുനിക മൃഗ വൈദ്യശാസ്ത്രരീതികൾക്ക് വഴിമാറികൊടുത്തു എങ്കിലും ഈ ഗ്രാമത്തിൽ പരമ്പരാഗത മൃഗചികിത്സകരുടെ സേവനം ഇപ്പോഴും ലഭിയ്ക്കുന്നുണ്ട്. ഈ രംഗത്ത് പഞ്ചായത്തിൽ ചിലർ പ്രവർത്തിക്കുന്നതായി അറിയാം. ഇവരിൽ പ്രമുഖൻ ശ്രീ പവിത്രൻ മണക്കാട്ട് പടിഞ്ഞാറെ നികർത്ത്, പുരുഷൻ നികർത്തിൽ, ദിവാകരൻ പറമ്പിത്തറ, സുരേന്ദ്രൻ കുറകത്തറ എന്നിവരാണ്.

ഗ്രാമീണ ജനങ്ങളുടെ ഇടയിൽ ചില വി

ശ്വാസങ്ങളും ആചാരങ്ങളും ഉണ്ട്. അവയിൽ ചിലത് ഇവിടെ ചേർക്കുന്നു.

### 3. വിശ്വാസങ്ങൾ - ആചാരങ്ങൾ

1. പശുത്തൊഴുത്തുകൾ വീടിൻെറ തെക്കു കിഴക്കേ ഭാഗത്തു പണിയണം.

2. പശുവിൻെറ പൃഷ്ടഭാഗം കണികാണുന്നത് ശുഭലക്ഷണമാണ്.

3. പശുമാംസം ആഹാരമായുപയോഗിക്കുന്നത് ഹിന്ദുക്കളും മുസ്ലീങ്ങളും നിഷിദ്ധമായി കണക്കാക്കുന്നു.

4. വിശേഷ ദിവസങ്ങളിൽ പശുവിനെ കുളിപ്പിച്ച് ചന്ദനം തൊടുവിച്ച് നിർത്തുന്ന ആചാരം നിലവിലുണ്ട്. ഈ ദിവസങ്ങളിൽ പശുവിന് ആഹാരം കൊടുത്തതിന് ശേഷമേ മറ്റുള്ളവർ കഴിക്കാറുള്ളു.

5. "കാടനൂട്ട്" എന്ന ആചാരം നിലവിലുണ്ട് (പശു പ്രസവിച്ച് കഴിഞ്ഞാൽ കറന്നെടുക്കുന്ന ആദ്യത്തെ പാൽ ഉപയോഗിച്ചുണ്ടാക്കുന്ന തൈരും മോരും അയൽപക്കത്തെ വീടുകളിൽ വിതരണം ചെയ്യുന്നതാണ് ഇത്)

### 4. മൃഗങ്ങൾ

#### 4.1 മേച്ചിൽ സ്ഥലങ്ങൾ

മുൻകാലത്ത് മേച്ചിൽ സ്ഥലങ്ങൾ ധാരാളം ഉണ്ടായിരുന്നു. കരി നിലങ്ങളിൽ നിന്ന് കളകളും പുല്ലും കച്ചിലും, വൈക്കോലും ധാരാളം ലഭിച്ചിരുന്നു. സ്വതന്ത്രമായി മേയുന്നതിന് പറമ്പുകൾ ഉണ്ടായി രുന്നു. അതുകൊണ്ട് പുല്ല് ശേഖരിച്ച് വയ്ക്കേണ്ടി വന്നിരുന്നില്ല. പുല്ലുശേഖരണം ഉപജീവനമാക്കിയ തൊഴിലാളികളുമുണ്ടായിരുന്നു. സമഗ്രമായ ഭൂ പരിഷ്കരണത്തിൻെറഫലമായി കൃഷിഭൂമി തുണ്ടുകളായി മാറിയത് മേച്ചിൽ സ്ഥലങ്ങളുടെ ലഭ്യതയെ പ്രതികൂലമായി ബാധിച്ചു. വൈക്കോൽ സംസ്ക്കരിച്ച് സൂക്ഷിക്കുന്നതിന് "തുറു" ഇടുന്ന ഏർപ്പാട് കർഷകരുടെ വീടുകളിൽ കാണാം. പശു വിന് പുല്ല്, വൈക്കോൽ, പിണ്ണാക്ക്, പുളിയരി എന്നിവയാണ് ആഹാരമായി നൽകുന്നത്. ഇപ്പോൾ കാലിത്തീറ്റകളാണ് മുഖ്യമായും ആശ്രയിക്കുന്നത്.

4.2 ആടിന് പ്രാദേശിക ലഭ്യത ധാരാളമുള്ള ഇലകൾ നൽകുന്നു. ഒതളം ഇതിൽ മുഖ്യമാണ്. നാടൻ ആടിനങ്ങളാണ് ഇവിടെയുള്ളത്.

4.3 താറാവു വളർത്തലിന് ഏറെ അനുയോജ്യമാണ് ഈ പ്രദേശം. വളരെ ചെറിയ വള്ളങ്ങളിൽ തോടുകളിലും കരിനിലങ്ങളിലും താറാവു തീറ്റാനായി കർഷകർ സഞ്ചരിക്കുന്നു. കരിച്ചിറകളിലേയും പറമ്പുകളിലേയും വിശാലമായ ഭാഗങ്ങളാണ് താറാവിന് വിശ്രമത്താവളങ്ങളായി കണ്ടെത്തിയിരുന്നത്. പ്രത്യേകം കൂടുകൾ നിർമ്മിച്ചിരുന്നില്ല. 37

### 5. പക്ഷികൾ

വളർത്തു പക്ഷികൾ കൂടാതെ ഈ ഗ്രാമത്തിൽ കാണപ്പെടുന്ന പക്ഷികളും അവയുടെ സങ്കേതങ്ങളും താഴെ കൊടുക്കുന്നു.

പക്ഷികൾ:-

കാക്ക, കൊക്ക്, കുരുവി, കുയിൽ, കുളക്കോഴി, കാക്കതമ്പുരാട്ടി, കരിയിലപക്ഷി, നീർകാക്ക, മൈന, മാടത്ത, മരംകൊത്തി, ഉപ്പൻ, പൊൻമാൻ, പ്രാവ്, എരണ്ട, എറിയാൻ, പരുന്ത്, ആറ്റക്കിളി, അടയ്ക്കാക്കിളി, നത്ത്, തത്ത, മൂങ്ങ, താമരക്കോഴി, തൂക്കണാംകുരുവി, പകലുണ്ണാൻ.

#### 5.1 സങ്കേതങ്ങൾ

കുത്തിയതോട് പോലീസ്സ്റ്റേഷന് സമീപമുള്ള മാവിൽ കാക്കകൾ കൂട്ടമായി ചേക്കേറുന്ന പതിവുണ്ട്. ചങ്ങരം സ്ക്കൂളിന് കിഴക്ക് വശത്തുള്ള ഇടാട്ട് പാടത്ത് മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വെള്ളകൊക്കുകളെ കൂട്ടമായി കാണാം. വല്ലേത്തോടിന് വടക്കു വശം മാറ്റ് ഇന്ത്യ ഹോസ്പിറ്റലിന് പുറകിലായി കൊടിപ്പറമ്പ് പുരയിടത്തിലെ വൃക്ഷങ്ങളിൽ കൊക്ക്, എരണ്ട, പ്രാവ് എന്നീ പക്ഷികൾ കേന്ദ്രീകരിക്കുന്നു. പ്രാവുകൾ ക്ഷേത്രങ്ങളിലും ഒഴിഞ്ഞുകിടക്കുന്ന വീടുകളിലും ചേക്കേറുന്നു.

#### 5.2 പക്ഷിവേട്ട

കൊക്ക്, കുളക്കോഴി, എരണ്ട, പകലുണ്ണാൻ എന്നിവയെ വ്യാപകമായ രീതിയിൽ വേട്ടയാടി ഭക്ഷണത്തിനായി ഉപയോഗിച്ചു വരുന്നുണ്ട്.

#### 5.3 പക്ഷികളെ വളർത്തൽ

തത്ത, മൈന എന്നിങ്ങനെയുള്ള പക്ഷികളെ കൗതുകത്തിനായി വളർത്തുന്ന സമ്പ്രദായം ചില വീടുകളിലുണ്ട്.

#### മൃഗസംരക്ഷണരംഗത്തെ സ്ഥാപനങ്ങൾ

1. മൃഗാശുപത്രി (6ാം വാർഡിൽ പ്രവർത്തിക്കുന്നു.) 2. കൃത്രിമ ബീജസങ്കലന കേന്ദ്രം (ICDP സബ്സെൻറർ-1 പ്രവർത്തനം ആരംഭിച്ചിട്ടില്ല) 3. മിൽക്ക് സൊസൈറ്റികൾ (2, ഒരെണ്ണം പ്രവർത്തി

ക്കുന്നില്ല) 4. പൗൾട്രി ഫാം (1, ചെറുകിട രീതിയിലുള്ളത്) 5. ഇറച്ചിക്കോഴി ഫാം (1 ചെറുകിട) 6. ക്ഷീരവിപണനം (മിൽക്ക് സൊസൈറ്റി മുഖാന്തിരം മാത്രം) 7. മുട്ട വിപണന കേന്ദ്രം (1, കുത്തിയതോട്ടിൽ പ്രവർത്തിക്കുന്നു) 8. പിഗ് ഫാം (ഇല്ല) 9. ബ്രോയ്ലർ ആടു വളർത്തൽ (ഇല്ല) 10. മുയൽ വളർത്തൽ (ഇല്ല) 11. ഡയറി യൂണിറ്റ് (ഇല്ല) 12. കോൾഡ് സ്റ്റോറേജ് (ഇല്ല) 13. ബയോഗ്യാസ് പ്ലാന്റ് (ഇല്ല) 14. ഗോബർ ഗ്യാസ് പ്ലാന്റ് (1) 15. പരമ്പരാഗത കന്നുകാലി വൈദ്യൻമാർ (6)

6.2. മറ്റുള്ളവ

16. അറവു ശാല (1, കുത്തിയതോട് പബ്ലിക്ക് മാർക്കറ്റിൽ സ്ഥിതിചെയ്യുന്നു. 17. ഇറച്ചിക്കടകൾ (3, കുത്തിയതോട്, കരുമാഞ്ചേരി, വല്ലേത്തോട്)

## 7. സഹകരണസംഘങ്ങൾ

സഹകരണസംഘങ്ങളുടെ രൂപീകരണം, മൃഗസംരക്ഷണമേഖലയിൽ വമ്പിച്ച സ്വാധീനമാണ് ചെലുത്തുന്നത്. ധവള വിപ്ലവത്തോടുകൂടി ക്ഷീര വ്യവസായരംഗത്ത് ഒരു കുതിച്ചു കയറ്റം തന്നെയുണ്ടായി. ഉല്പാദിപ്പിക്കുന്ന പാൽ വിൽക്കുനതിനും ന്യായവില ലഭിക്കുന്നതിനും വഴി തെളിഞ്ഞു അവയ്ക്കാവശ്യമായ തീറ്റ സഹകരണ സംഘങ്ങൾ വഴി ക്ഷീരോൽപാദകർക്ക് ലഭിക്കുന്നതിനുള്ള സംവിധാനവുമുണ്ടായി. അതുപോലെതന്നെ സംഘങ്ങൾ ശേഖരിക്കുന്ന പാൽ പ്രാദേശിക തലത്തിൽ വിൽക്കുന്നതിന് കഴിഞ്ഞു.

പഞ്ചായത്തിൽ ആകെ രണ്ട് പാൽ സഹകരണ സംഘങ്ങളാണ് ഉള്ളത്. ഇതിൽ കോടന്തുരുത്തിലുള്ള A 88 D സംഘം പ്രവർത്തനരഹിതമായി. എഴുപുന്ന തെക്ക് ആറാം വാർഡിലുള്ള 93 D നമ്പർ സഹകരണ സംഘം മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ സംഘം ക്ഷീരകർഷകരിൽ നിന്നു പാൽ സംഭരിച്ച് ന്യായവില നൽകുകയും പ്രാദേശി കാവശ്യങ്ങൾക്ക് വിൽക്കുകയും ചെയ്യുന്നു. പഞ്ചായത്തിലെ മുഴുവൻ ക്ഷീരകർഷകരുടെ താൽപര്യവും സംരക്ഷിക്കാൻ ഈ സംഘത്തിന് കഴിയുന്നില്ല.

## 8. ആരോഗ്യവും പൗരനും

8.1. ഒരു ദിവസത്തേക്ക് ഒരു പൗരന് ആവശ്യമുള്ള പാൽ, മുട്ട, ഇറച്ചി എന്നിവയെ സംബന്ധിക്കുന്ന ശാസ്ത്രീയമായ പഠന വിവരങ്ങൾ താഴെച്ചേർക്കുന്നു.

| സ്ഥാപനം | പാൽ | മുട്ട | ഇറച്ചി |
|---|---|---|---|
| ICMR | 280 ഗ്രാം | 1 | 150ഗ്രാം |
| WHO | 320 ഗ്രാം | 2.4 | 70 ഗ്രാം |

ഇതാണ് വസ്തുതയെങ്കിലും ഗ്രാമത്തിലെ ലഭ്യത ഇതോട് അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽ നിന്ന് മനസ്സിലാക്കുവാൻ കഴിയും.

ഈ കണക്കിൽ നിന്നും, ഗ്രാമത്തിന്റെ ആവശ്യവും ലഭ്യതയും തമ്മിൽ ഭീമമായ അന്തരം ഉണ്ടെന്ന് കാണാൻ കഴിയും ഗ്രാമത്തിലെ ജനങ്ങളുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് കൊണ്ടു വരുവാൻ അടിയന്തിര പരിപാടികൾ ആവിഷ്ക്കരിക്കണം.

## 9. അറവുശാലകൾ

പഞ്ചായത്തിൽ മൂന്നു ഇറച്ചിക്കടകളുണ്ട്. അവ വല്ലേത്തോട്, കരുമാഞ്ചേരി, കുത്തിയതോട് എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്നു. കുത്തിയതോട് ബസാറിൽ ഒരു അറവുശാലയും പ്രവർത്തിക്കുന്നു. അനധികൃതമായ അറവുശാലകളുടെ പ്രവർത്തനം നിരോധിക്കേണ്ടത് ആവശ്യമാണ്.

## 10. മുട്ടയുടെ വിപണി

ഭവനങ്ങൾ സന്ദർശിച്ച് ചെറുകച്ചവടക്കാർ മുട്ടശേഖരിക്കുന്നു. ചിലർ ചന്തയിൽ കൊണ്ട്പോയി വിൽക്കുന്നു.

### 10.1 വിലവിവരം

താറാവ് മുട്ട ഒന്നിന് 2.25 രൂപ, കോഴി മുട്ട ഒന്നിന് 1.75 രൂപ, 10.2 മിൽമ പാൽ ഒരു ലിറ്ററിന് 12.50 രൂപ, നാടൻ ഒരു ലിറ്ററിന് 12 രൂപ.

## 11. വളം വിപണനം

പശു, എരുമ, കോഴി, താറാവ് എന്നിവയുടെ വിസർജ്യങ്ങൾ വളമായി ഉപയോഗിക്കുകയും വില്പന നടത്തുകയും ചെയ്യുന്നുണ്ട്.

### 11.1 ചാണകം ഇന്ധനമായി

ചാണകവരടികൾ ഉണ്ടാക്കി ഉണക്കിയെടുത്ത് ഇന്ധ നമായി ഉപയോഗിക്കാറുണ്ട്.

### 11.2 മരുന്നുകൾക്ക്

ഗോമൂത്രം മരുന്നായി ഉപയോഗപ്പെടുത്തുന്നുണ്ട്.

### 11.3 പൂജകൾക്ക്

പശുവിൻ പാലും പാൽ ഉല്പന്നങ്ങളും ഗോമൂത്രം, ചാണകം എന്നിവയും പൂജാദികർമ്മങ്ങൾക്ക് ഉപയോഗിക്കുന്നു.

## 8.2 ഗ്രാമപഞ്ചായത്തിലെ ഭക്ഷണപദാർത്ഥ ലഭ്യത

(ICMR ) തയ്യാറാക്കിയ കണക്കനുസരിച്ച്

| ഇനം | വേണ്ടത് | | | ഉള്ളത് | | | ലഭ്യത ശതമാനത്തിൽ | |
|---|---|---|---|---|---|---|---|---|
| | 1 ദിവസം | 1 മാസം | 1 വർഷം | 1 ദിവസം | 1 മാസം | 1 വർഷം | ഉള്ളത് | കുറവ് |
| പാൽ | 67, 20 കി:ഗ്രാം | 201600 കി:ഗ്രാം | 2452800 കി:ഗ്രാം | 1000 കി:ഗ്രാം | 30,000 കി:ഗ്രാം | 36530 കി:ഗ്രാം | 14.9 | 84.9 |
| മുട്ട | 24000 എണ്ണം | 720000 എണ്ണം | 87,60000 എണ്ണം | 2500 എണ്ണം | 7500 എണ്ണം | 912500 എണ്ണം | 10.41 | 89.59 |
| മാംസം | 1200 കി:ഗ്രാം | 360000 കി:ഗ്രാം | 438000 കി:ഗ്രാം | 19 കി:ഗ്രാം | 570 കി:ഗ്രാം | 6833 കി:ഗ്രാം | 1.58 | 98.42 |

11.4 തറമെഴുകുന്നതിന്

സിമൻറ് തറ ഇല്ലാത്ത സ്ഥലങ്ങളിൽ ചാണകം മെഴുകി തറമിനുക്കുന്നു. മുറ്റമടിച്ച ശേഷം ചാണകവെള്ളം തളിക്കുന്ന പതിവ് അപൂർവ്വമായി ഇപ്പോഴുമുണ്ട്. മെടലപ്പുരകളിൽ ചാണകവെള്ളം തളിക്കുന്നത് ഇഴജന്തുക്കളിൽ നിന്നുള്ള പ്രതിരോധനടപടിയായി കണക്കാക്കിയിരുന്നു.

12. സാധാരണയായി കണ്ടു വരുന്ന രോഗങ്ങൾ

12.1 മൃഗങ്ങൾ

കാലിവസന്ത, കുളമ്പുരോഗം, അകിടുവീക്കം, പേവിഷബാധ, വിളശല്യം, ആമാശയ സംബന്ധമായ അസുഖങ്ങൾ (അയവിറക്കാതിരിക്കുക)

12.2 പക്ഷികൾ

കോഴിവസന്ത, താറാവു രോഗം

രോഗവിവരങ്ങൾ സംബന്ധിച്ച വിശദമായ വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.

ഗ്രാമത്തിലെ മൃഗങ്ങളുടെ രോഗപ്രതിരോധ ശേഷി വളരെ കുറവാണെന്ന് ഇത് തെളിയിക്കുന്നു.

പേവിഷബാധ, കൃത്രിമ ബീജസങ്കലന വിവരങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.

പേവിഷബാധ തീരെയില്ലാത്ത ഒരു ഗ്രാമമാണിത്. സങ്കരയിനം വളർത്തുമൃഗങ്ങളാണ് ഗ്രാമത്തിൽ ഉള്ളതിൽ ഭൂരിപക്ഷവും. മൃഗസംരക്ഷണ രംഗത്തെ സേവന മേഖലകളും അവയുടെ പോരായ്മകളും ഗ്രാമസഭകൾ വിശദമായി അവലോകനം ചെയ്തു വിലയിരുത്തലിൻെറ പൂർണ്ണ രൂപം താഴെ കൊടുക്കുന്നു.

13. മൃഗസംരക്ഷണം - സേവന മേഖലകൾ

13.1 <u>പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി.</u>

സവിശേഷതകൾ : ജനിതക ഗുണമുള്ള പശുക്കുട്ടികൾക്ക് പരിചരണം. പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കൽ. ഇൻഷ്വറൻസ് പരിരക്ഷ. 30 -ാംമാസത്തിൽ ആദ്യ പ്രസവം.

പോരായ്മകൾ : ചെറുകിട നാമമാത്ര കർഷകർക്ക് ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ :ചെറുകിട നാമമാത്ര കർഷകരുടെ ലിസ്റ്റ് വാർഡുതലത്തിൽ ഉണ്ടാക്കി അർഹരായവർക്ക് നൽകണം.

13.2 <u>പേവിഷ നിയന്ത്രണ പദ്ധതി</u>

സവിശേഷതകൾ : പേവിഷനിർമ്മാർജ്ജനം.

പോരായ്മകൾ : ഓരോവർഷവും വാക്സിൻ വാങ്ങാനുള്ള വിഹിതം കുറവാണ്. മുഴുവൻ നായ്ക്കളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കഴിയുന്നില്ല.

നിർദ്ദേശങ്ങൾ : വാക്സിൻ പകുതിവിലയ്ക്ക് ലഭ്യമാക്കണം. അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുവാൻ പ്രത്യേക പദ്ധതി വേണം. വളർത്തു നായ്ക്കൾക്ക് ലൈസൻസ്.

13.3 <u>കാലിരോഗ നിയന്ത്രണ പദ്ധതി</u>

സവിശേഷതകൾ : പകർച്ച വ്യാധികൾ തടയൽ (കാലിവസന്ത, കുളമ്പുരോഗം) കാലിമരണങ്ങൾ കുറയ്ക്കുന്നു.

പോരായ്മകൾ : പശുക്കളെ ആശുപത്രിയിൽ കൊണ്ടു ചെല്ലേണ്ടിവരുന്നു.

നിർദ്ദേശങ്ങൾ : ലൈവ്സ്റ്റോക്ക് ലൈസൻസ് എടുത്ത് എല്ലാ കാലികൾക്കും പ്രതിരോധ കുത്തിവെയ്പ് നൽകണം. ഇത് ഒരു പൊതു സ്ഥലത്ത് മതിയാകും.

13.4 <u>പട്ടികജാതി – പട്ടികവർഗ്ഗക്ഷേമ പദ്ധതി</u>

1. ആട് വളർത്തൽ
2. കോഴിവളർത്തൽ
3. കറവപ്പശു വളർത്തൽ

സവിശേഷതകൾ : SC/ST കർഷകർക്ക് സൗജന്യവിതരണം.

പോരായ്മകൾ : പരിമിതമായ തോതിൽ മാത്രം വിതരണം. യഥാസമയം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കായ്ക.

നിർദ്ദേശങ്ങൾ : ഗുണഭോക്താക്കളെ യഥാസമയം തെരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്ത് അധികാരികൾക്ക് നൽകണം.

13.5 <u>വീട്ടു വളപ്പിൽ കോഴിവളർത്തൽ</u>

(മുട്ടക്കോഴി വിതരണം)

സവിശേഷതകൾ : സൗജന്യ നിരക്കിൽ വിതരണം.

പോരായ്മകൾ : വളരെ കുറച്ചു പേരെ മാത്രമേ ഇതിൻെറ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളു.

നിർദ്ദേശങ്ങൾ : ഗ്രാമത്തിലെ എല്ലാ കുടുംബങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പദ്ധതി ആസൂത്രണം ചെയ്യണം. Egger Nursery, Hatchery എന്നിവ സ്ഥാപിക്കണം.

## 12.3 കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് മൃഗങ്ങളെ സംബന്ധിച്ച രോഗവിവരങ്ങൾ



| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | കോഴി |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1. | ദഹനസംബന്ധമായവ<br>Digestive disorders | 277 | | 78 | 36 |
| 2. | ശ്വാസ കോശസംബന്ധം<br>Respiratory diseases | 37 | | 29 | |
| 3. | ഉപാപചയ സംബന്ധം<br>Metabolic diseases. | 12 | | | |
| 4. | ത്വക് രോഗങ്ങൾ<br>Skin diseases | 26 | | 11 | |
| 5. | ധാതുലവണങ്ങളുടെ അഭാവം<br>Dificiency diseases | 30 | | 11 | |
| 6. | പാദരോഗങ്ങൾ<br>Parasitic diseases | 152 | | 2 | |
| 7 . | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacological disorders | 109 | | 11 | |
| 8. | വന്ധ്യത<br>Infertility | | | | |
| 9. | അകിടുവീക്കം<br>Mastitis | 12 | | 3 | |
| 10 | മുടന്തൻ പനി<br>Ephemeral Fever | 22 | | | |
| 11. | പകർച്ചവ്യാധികൾ<br>Contagion diseases | | | | |

ഗ്രാമത്തിലെ മൃഗങ്ങളുടെ രോഗപ്രതിരോധ ശേഷി വളരെ കുറവാണെന്ന് ഇത് തെളിയിക്കുന്നു.

## 12.4 കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| ക്രമ നമ്പർ | വളർത്തു മൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ലധികം തവണ ബീജ സങ്കലനം വേണ്ടിവന്നവ |
|---|---|---|---|---|
| 1. | പശു | 338 | 361 | 40 |
| 2. | കിടാരി | 297 | 217 | 49 |
| 3. | എരുമ | 7 | 7 | - |

13.6 താറാവ് കൃഷി വികസനം, കാട ഉല്പാദനം

സവിശേഷതകൾ : മുട്ടയുല്പാദനം വർദ്ധിക്കുന്നു.

പോരായ്മകൾ : തീറ്റയ്ക്കു വില കൂടുതലാണ്. പരിശീലനമില്ല.

നിർദ്ദേശങ്ങൾ : തീറ്റ മിക്സിംഗ് യൂണിറ്റുകൾ സഹകരണ സംഘം വഴി നടപ്പാക്കണം. ഇൻഷ്യൂറൻസ് സൗകര്യം നൽകണം. കർഷകർക്ക് പരിശീലനം നൽകണം.

13.7 കർഷക സമ്പർക്ക പരിപാടി

സവിശേഷതകൾ : കർഷകരുമായി മുഖാമുഖം. സംശയങ്ങൾ പരിഹരിക്കൽ. യോഗത്തിൽ പങ്കെടുക്കുന്നവർക്ക് ലഘുഭക്ഷണം. ആകെ ചെലവ് 200 രൂപ വരെ.

പോരായ്മകൾ : ഫണ്ട് അപര്യാപ്തം.

നിർദ്ദേശങ്ങൾ : സന്നദ്ധ സംഘടനകളുടെയും പഞ്ചായത്തിൻേറയും നേതൃത്വത്തിൽ യോഗങ്ങൾ സംഘടിപ്പിക്കണം.

13.8 നാടൻ ക്ഷീരോൽപ്പന്ന നിർമ്മാണ പ്രവർത്തനം.

സവിശേഷതകൾ : പാലുല്പന്നങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തുന്നു. സഹായധനം 100 രൂപ.

പോരായ്മകൾ : നാമമാത്രമായി സംഘടിപ്പിക്കുന്നു.

നിർദ്ദേശങ്ങൾ: ക്ഷീരോല്പാദക സംഘങ്ങളുടെ ഒരു പ്രവർത്തന പരിപാടിയായി ഇതു മാറണം.

13.9 ചർച്ചാക്ലാസ്

സവിശേഷതകൾ : കർഷകരുമായി ഡയറി ഫാം ഇൻസ്ട്രക്ടർ നടത്തുന്ന ചർച്ച.

പോരായ്മകൾ : ഇതൊരു സ്ഥിരം പരിപാടിയല്ല.

നിർദ്ദേശങ്ങൾ : ഗ്രാമപഞ്ചായത്തിൻെറ സഹായത്തോടെ നടത്തണം.

13.10 ബ്ലോക്കുതല കന്നുകാലി പ്രദർശനം

സവിശേഷതകൾ : കർഷകർക്ക് ഉരുക്കളെ വിലയിരുത്തുവാൻ കഴിയുന്നു. മറ്റു കർഷകരുമായി ആശയ വിനിമയം. 900 രൂപ സഹായധനം.

പോരായ്മകൾ : കർഷ്കർ വേണ്ടത്ര താത്പര്യം എടുക്കുന്നില്ല.

നിർദ്ദേശങ്ങൾ : പഞ്ചായത്ത് തലത്തിൽ നടത്തണം.

13.11 മോഡൽ ഡയറി ഫാം യൂണിറ്റുകൾ

സവിശേഷതകൾ : 7000 രൂപ ധനസഹായം. കാലിത്തൊഴുത്ത് നിർമ്മിക്കണം. പശുക്കളെ വാങ്ങണം.

പോരായ്മകൾ : ബ്ലോക്കതിർത്തിയിൽ രണ്ടുപേർക്ക് മാത്രം ലഭിയ്ക്കുന്നു.

നിർദ്ദേശങ്ങൾ : പഞ്ചായത്ത് തലത്തിൽ വികസിപ്പിക്കണം.

13.12 ധാതുലവണ മിശ്രിതം, ജീവകപൂരിതങ്ങൾ ഇവ നൽകൽ.

സവിശേഷതകൾ : കറവപ്പശുക്കളുടെ ജീവകങ്ങളുടേയും ധാതുലവണങ്ങളുടേയും അപര്യാപ്തത പരിഹരിക്കുന്നു. സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നു.

പോരായ്മകൾ : വേണ്ടത്ര കർഷകർക്ക് എത്തിക്കാൻ കഴിയുന്നില്ല.

നിർദ്ദേശങ്ങൾ : പഞ്ചായത്ത് തലത്തിൽ നൽകാൻ സംവിധാനം.

13.13 മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം.

സവിശേഷതകൾ : 1250 രൂപ സഹായധനം; 20% പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ സഹായം.

പോരായ്മകൾ : ഈ തുക അപര്യാപ്തം.

നിർദ്ദേശങ്ങൾ : ബാങ്കു വായ്പകൾ ലഭ്യമാക്കണം.

13.14 പുൽകൃഷി വികസനം (വാണിജ്യാടിസ്ഥാനത്തിൽ)

സവിശേഷതകൾ : 15000 രൂപ സഹായധനം. ഒരു ഹെക്റ്റർ സ്ഥലത്ത് പുൽകൃഷി നടത്തണം.

പോരായ്മകൾ : ചെറുകിട കർഷകർക്ക് ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ : ആനുപാതികമായ തുക ചെറുകിട നാമമാത്ര കർഷകർക്കും നൽകണം.

13.15 പുൽ-പയർ മിശ്രിത കൃഷി, ഗിനിപുൽകൃഷി

സവിശേഷതകൾ : ഇവയുടെ വിത്തുകൾ പകുതി വിലക്കു നൽകുന്നു. ഒരു ഹെകറ്ററിന് 500 രൂപക്കുള്ള രാസവളം നൽകുന്നു.

പോരായ്മകൾ : കർഷകർ വേണ്ടത്ര താത്പര്യം കാണിക്കുന്നില്ല.

നിർദ്ദേശങ്ങൾ : ജോലിക്കൂലി കൂടി നൽകണം.

13.16 പുൽക്കട കൃഷി

സവിശേഷതകൾ : പുൽക്കട (പുൽച്ചുവടിന്റെ)യുടെ വിലയും രാസവളവും ഉൾപ്പെടെ ആയിരം രൂപ സഹായം.

പോരായ്മകൾ : കർഷകരുടെ ഇടയിൽ വേണ്ടത്ര പ്രചാരമില്ല.

നിർദ്ദേശങ്ങൾ : ബോധവൽക്കരണ ക്ലാസ്സുകൾ വേണം.

13.17. ചോള കൃഷി.

സവിശേഷതകൾ : അന്നജ പ്രധാനം; ചുരുങ്ങിയ കാലം കൊണ്ട് വിളവ്; ഹെക്റ്ററിന് 700 രൂപ നിരക്കിൽ രാസവളം.

പോരായ്മകൾ : ഒരുപ്പൂ മാത്രം; പ്രചാരണമില്ല.

നിർദ്ദേശങ്ങൾ : ബോധവൽക്കരണ ക്ലാസ്സുകൾ വേണം.

13.18 വൻപയർ കൃഷി

സവിശേഷതകൾ : ഹെക്റ്ററിന് 300 രൂപ ക്രമത്തിൽ രാസവളം; മറ്റ് കൃഷികൾക്കാവശ്യമായ നൈട്രജൻ ലഭിക്കും. കന്നുകാലികൾക്ക് ആവശ്യമായ മാംസ്യം ലഭിക്കുന്നു.

പോരായ്മകൾ : വേണ്ടത്ര പ്രചാരണമില്ല.

നിർദ്ദേശങ്ങൾ : ബോധവൽക്കരണ ക്ലാസ്സുകൾ വേണം.

13.19 ക്ഷീരോൽപ്പന്ന യൂണിറ്റുകൾ

സവിശേഷതകൾ : അഭ്യസ്ത വിദ്യരായ വനിതകൾക്ക് തൊഴിൽ അവസരം; 22000 രൂപ ധനസഹായം.

പോരായ്മകൾ : പുരുഷൻമാർക്ക് നൽകുന്നില്ല; വിപണി കണ്ടെത്താൻ പ്രയാസം.

നിർദ്ദശങ്ങൾ : വിപണന സൗകര്യം പഞ്ചായത്ത് മുൻകൈ എടുത്ത് നടത്തണം.

13.20 പ്രത്യേക ഘടക പദ്ധതി (s.c.p- സ്പെഷ്യൽ കംപോണന്റ് പ്രോഗ്രാം)

സവിശേഷതകൾ : പ്രത്യേക കേന്ദ്ര സഹായ പദ്ധതി; I.H.D.P കോളനികളിൽ മാത്രം നൽകുന്നു; കറവപ്പശുവിനെ നൽകുന്നു; തൊഴുത്ത് നിർമ്മിച്ചു നൽകുന്നു; ആകെ 6000 രൂപ.

പോരായ്മകൾ : വേണ്ടത്ര പരിശീലനം നൽകുന്നില്ല.

നിർദ്ദേശങ്ങൾ : ബോധവൽക്കരണവും പരിശീലനവും നൽകണം.

13.21 ബയോ ഗ്യാസ് പ്ലാന്റ്

സവിശേഷതകൾ : ബാങ്കു വായ്പ കിട്ടും; സാങ്കേതിക സഹായം നൽകും.

പോരായ്മകൾ : ബാങ്കുകൾ താത്പര്യമെടുക്കുന്നില്ല.

നിർദ്ദേശങ്ങൾ : ബാങ്കുകൾക്ക് മാർഗ്ഗ നിർദ്ദേശം നൽകണം.

13.22 വൈക്കോലിൽ യൂറിയ ചേർത്ത് സമ്പുഷ്ടമാക്കുന്ന പദ്ധതി.

സവിശേഷതകൾ : സാങ്കേതിക-സാമ്പത്തിക സഹായം 500 രൂപ.

പോരായ്മകൾ:വേണ്ടത്ര പ്രചാരണം ഇല്ല.

നിർദ്ദേശങ്ങൾ : ബോധവൽക്കരണം വേണം.

മൃഗ-പക്ഷിപരിപാലനരംഗത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയ ഗ്രാമ സഭകൾ താഴെ കൊടുക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി.

14. പ്രശ്നങ്ങൾ

1. അന്യംനിന്നു വരുന്ന കൃഷിയിടങ്ങളും കാർഷികമേഖലയിലെ വിലയിടിവും.
2. ചെമ്മീൻ-മത്സ്യ കൃഷിയുടെ അനിയന്ത്രിതമായ വ്യാപനം.
3. പഞ്ചായത്തിലെ മൃഗാശുപത്രിയിൽ സ്ഥിരമായ ഒരു ഡോക്ടറുടെ സേവനം ലഭിക്കായ്മ.
4. അനുവദിക്കപ്പെട്ട I.C.D.P സബ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല.
5. ഭൂമിയുടെ തുണ്ട് തുണ്ടായ വിഭജനം.
6. പ്രാദേശിക വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള മൃഗ സംരക്ഷണ പദ്ധതിയുടെ അഭാവം.
7. ആടു തീറ്റയിൽ പ്രമുഖമായ ഒതളമരങ്ങൾ നശിച്ചു വരുന്നു.
8. I.C.M.R കണക്കു പ്രകാരം ഈ പഞ്ചായത്തിന് ആവശ്യമായ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ അളവും ലഭ്യമായ അളവും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ കാണപ്പെടുന്ന അതിഭീമമായ അന്തരം (ചാർട്ട് കാണുക)
9. നെൽകൃഷിയും മൃഗ സംരക്ഷണവും പക്ഷിവളർത്തലും തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ചുള്ള അറിവില്ലായ്മ.
10. ക്ഷീര കർഷകരുടെ പാൽ പൂർണ്ണമായി സംഭരിക്കുന്നതിനും അത് സംസ്ക്കരിക്കുന്നതിനും വിപ

ണനം ചെയ്യുന്നതിനുമുള്ള ബുദ്ധിമുട്ടുകൾ.

11. കാലിത്തീറ്റയുടെ വില വർദ്ധനവ്.

12. ഇൻഷ്വറൻസ് സൗകര്യം ലഭ്യമല്ല.

13. നെൽകൃഷി ആദായകരമല്ലാത്തതിനാൽ ഫല പ്രദമായി നടത്തുന്നില്ല. കരിനിലങ്ങളിൽ ചെമ്മീൻ വളർത്തുന്നു. തൻമൂലം പച്ചപുല്ലിൻെറ ലഭ്യത കുറഞ്ഞു. വൈക്കോൽ വില കൂടി. തീറ്റ ചെലവ് വർദ്ധിച്ചു.

14. കന്നുകാലിത്തൊഴുത്ത് ഇല്ലാത്തതിനാൽ കാലി രോഗം ഏറിവരുന്നു. ശുദ്ധമായ ചുറ്റുപാടിൽ പാലുൽപ്പാദിപ്പിക്കുവാൻ കഴിയുന്നില്ല.

15. ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ ഇല്ലാത്ത വാർഡുകളും ഉണ്ട്. തൻമൂലം കർഷകർക്ക് പാൽ വിൽക്കുവാനും ആനുകൂല്യങ്ങൾ ലഭിക്കുവാനും അവസരമില്ല.

16. എരുമകളെ വളർത്തുന്നതിനുള്ള അനുകൂല സാഹചര്യത്തെ പ്രയോജനപ്പെടുത്തുന്നില്ല.

15. സാദ്ധ്യതകൾ - ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. നെൽകൃഷി പ്രോത്സാഹിപ്പിച്ചാൽ കന്നുകാലികൾക്ക് ആവശ്യമായ വൈക്കോൽ ലഭിക്കും.

2. തീറ്റ ചെലവ് കുറക്കുന്നതിനായി തീറ്റപ്പുൽകൃഷി വൻതോതിൽ നടപ്പിൽവരുത്തുവാൻ ഈ ഗ്രാമത്തിൽ സാദ്ധ്യതകൾ ഉണ്ട്. രണ്ടാം വാർഡിൽ പുറമ്പോക്ക് കായൽ ഉള്ളതിനെ നികർത്തി തീറ്റപ്പുൽ കൃഷി നടത്തണം. പഞ്ചായത്ത് ഭരണസമിതി നേരിട്ടു നടത്തിയാൽ പച്ചപുല്ലിൻെറ ക്ഷാമം പരിഹരിക്കുവാൻ കഴിയും. പഞ്ചായത്ത് മുഖാന്തരം തന്നെ സംഭരണവും വിതരണവും നടത്തണം. ന്യായ വിലക്ക് കർഷകന് പച്ചപുല്ല് ലഭ്യമാക്കണം. ഗ്രാമത്തിൻെറ കിഴക്കും പടിഞ്ഞാറും മേഖലയിൽ ഉള്ള കർഷകർക്ക് ആവശ്യമായ കാലിത്തീറ്റ ലഭിക്കുന്നതിനും സംഭരണം നടത്തുവാനും വിതരണം നടത്തുവാനുമുള്ള സംവിധാനം ഗ്രാമ പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ ഉണ്ടാകണം.

3. നല്ലയിനം പശുക്കുട്ടികളെ ലഭ്യമാക്കുകയും വളർത്തുന്നതിന് ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭിക്കുകയും വേണം.

4. എരുമകളെ വളർത്തുന്നതിന് പരിശീലനം നൽകണം.

5. കന്നുകാലിത്തൊഴുത്ത് പണിയുന്നതിനും അറ്റകുറ്റ പണികൾ നടത്തുന്നതിനും ബാങ്ക് വായ്പ്പയും സർക്കാർ ധനസഹായവും ലഭ്യമാക്കണം.

6. ബയോഗ്യാസ് പ്ലാൻറ്, ഗോബർ ഗ്യാസ് പ്ലാൻറ് ഇവ പ്രചരിപ്പിക്കുകയും സാങ്കേതിക സാമ്പത്തിക സഹായങ്ങൾ കൊടുക്കുകയും വേണം.

7. ഏററവും കൂടുതൽ കാലികൾ ഉള്ള ഈ ഗ്രാമത്തിലെ ചേരുങ്കൽ പ്രദേശത്ത് ഒരു പാൽ സംഭരണ കേന്ദ്രം ആരംഭിക്കണം.

8. കോടംതുരുത്ത് കേന്ദ്രമാക്കി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചിരുന്ന ക്ഷീരോൽപ്പാദക സഹകരണ സംഘം പുനരുജ്ജീവിപ്പിച്ച് പ്രവർത്തിപ്പിക്കുകയും ഇല്ലാത്ത സ്ഥലങ്ങളിൽ സാധ്യത അനുസരിച്ച് സൊസൈറ്റികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുകയും വേണം.

9. തൊഴിൽ രഹിതരായ യുവതികൾക്കും യുവാക്കൾക്കും ക്ഷീരോൽപ്പന്ന യൂണിറ്റുകൾ നടത്തുന്നതിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം ചെയ്തു കൊടുക്കണം.

10. കർഷകൻെറ വിള സമ്പ്രദായവുമായി ഇണങ്ങുന്നതും വീട്ടുവളപ്പ് അടിസ്ഥാനമാക്കി പരിപാലിക്കാവുന്നതുമായ വിള-കന്നുകാലി സമ്മിശ്രിത രീതിയെക്കുറിച്ച് കർഷകരെ ബോധവാൻമാരാക്കണം.

11. തെങ്ങിൻ തോപ്പുകളിൽ പുൽകൃഷി നിർബന്ധമാക്കണം.

12. ആടു തീറ്റക്കു വേണ്ടി സുബാബിൾ നട്ടു വളർത്തുന്ന പരിപാടികൾ ആരംഭിക്കണം.

13. ബീജ സങ്കലന സൗകര്യങ്ങൾ ലഭ്യമാക്കുന്ന I.C.D.P സബ്സെൻറർ ഉടനെ പ്രവർത്തനം ആരംഭിക്കണം.

14. വിജ്ഞാന വ്യാപനവും പരിശീലനവും എന്ന ആശയം മുൻ നിർത്തി സംസ്ഥാനത്ത് നാലു പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൻെറ പ്രയോജനം താഴെ തട്ടിലേക്ക് ലഭിക്കുവാൻ ജില്ലാടിസ്ഥാനത്തിൽ പരിശീലന കേന്ദ്രം തുറക്കണം.

15. കുത്തിയതോട്ടിൽപ്രവർത്തിക്കുന്ന മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും സ്വന്തമായി കെട്ടിടം ഉണ്ടാകുകയും വേണം.

16. പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്ത ഗ്രാമമായി മാറുന്നതിനുള്ള സമഗ്ര പദ്ധതിക്ക് പഞ്ചായത്ത് രൂപം നൽകുകയും ബോധവൽക്കരണ പരിപാടി നടപ്പാക്കുകയും വേണം.

17. ഏതു തരത്തിലുള്ള കൃഷിയുടെ കുറവും മൃഗപരിപാലനത്തെയും പക്ഷിവളർത്തലിനെയും പ്രതികൂലമായി ബാധിക്കുന്നു എന്ന ബോധം ഉണ്ടാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.

18. ബ്രോയിലർ ആടു വളർത്തുന്നതിനുള്ള ഒരു യൂണിറ്റ് ഈ പഞ്ചായത്തിൽ സ്ഥാപിക്കണം.

19. ഈ പഞ്ചായത്തിൽ ഒരു ഇങ്കുബേറ്റർ സ്ഥാപിക്കണം.

20. തോട്ടുംമുഖപ്പ് മുതൽ പി. എസ് കടത്തുവരെയുള്ള ആറു മീറ്റർ കായൽത്തീരം നികത്തി തീറ്റപ്പുല്ല് കൃഷിചെയ്യുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം.

21. സംസ്ഥാനത്ത് ഇപ്പോൾ ഒരു താറാവ് ഹാച്ചറി മാത്രമാണുള്ളത്. ഇതേ മാതൃകയിൽ ഒരു കേന്ദ്രം ഈ പഞ്ചായത്തിൽ സ്ഥാപിക്കണം.

22. പഞ്ചായത്തിലെ കറവ മാടുകൾക്കും വളർത്തു പക്ഷികൾക്കും ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തണം.

23. വെച്ചൂർ, കാലടി, പന്നിയൂർ എന്നിവിടങ്ങളിലെ മുന്തിയ ഇനം നാടൻ പശുക്കളെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

24. പന്നി വളർത്തൽ പദ്ധതി ആവിഷ്ക്കരിക്കണം.

25. പഞ്ചായത്തിൽ ഒരു ഡയറി ഫാം യൂണിറ്റ് സ്ഥാപിക്കണം.

26. മൃഗ ഡോക്ടർ ആഴ്ചയിലൊരിക്കലെങ്കിലും പഞ്ചായത്തിലെ മൃഗ പരിപാലനത്തെക്കുറിച്ച് കർഷകർക്ക് ഉപദേശ നിർദ്ദേശങ്ങൾ നൽകണം.

27. പക്ഷി വേട്ട നിരോധിക്കണം.

28. ബ്ലോക്ക് കേന്ദ്രീകരിച്ച് ഇപ്പോൾ നിലവിലുള്ള മിൽമ ഫാക്ടറിയോട് അനുബന്ധിച്ച് ക്ഷീരോൽപ്പന്നങ്ങളായ പേട, മിൽക്ക്, ചോക്ലേറ്റ്, മിൽക്ക് ഹൽവ, ബർഫി, കോഫിബൈറ്റ്, ഗുലാബ് ജാമുൻ, നീർഅച്ചാർ, നീർകട്‌ലറ്റ്, പനീർ മസാലക്കറി, രസഗുള എന്നിവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കണം.

29. വിറ്റാമിൻ എ സപ്ലിമെൻറ് സൗജന്യ നിരക്കിൽ നൽകുന്നതിന് ഗ്രാമ പഞ്ചായത്ത് മുൻകൈയെടുക്കണം.

30. അനധികൃതമായ അറവുശാലകളുടെ പ്രവർത്തനം നിരോധിക്കണം. ശുചിത്വമുള്ള ചുറ്റുപാടിലാണ് ഇറച്ചിക്കടകൾ പ്രവർത്തിക്കുന്നതെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പ് വരുത്തണം.

31. വിശാലമായ ജല സമ്പത്ത് പ്രയോജനപ്പെടുത്തിയാൽ താറാവുകൃഷിക്ക് അനുയോജ്യമായ കാലാവസ്ഥയാണ് ഇവിടെ ഉള്ളത്. തീരദേശ കുടുംബങ്ങളെ ബന്ധിപ്പിച്ച് താറാവ്-കർഷക സഹകരണസംഘങ്ങൾ സ്ഥാപിക്കണം.

## 16 ഗ്രാമത്തിലെ വളർത്തു മൃഗങ്ങൾ, വളർത്തു പക്ഷികൾ എന്നിവയുടെ കണക്ക്

| ക്രമ നമ്പർ | മൃഗങ്ങൾ | എണ്ണം | സങ്കരം |
|---|---|---|---|
| 1. | പശു | 733 | 654 |
| 2. | കാള | 19 | |
| 3. | എരുമ | 9 | |
| 4. | ആട് | 616 | |
| 5. | മുട്ടൻ ആട് | 67 | |
| 6. | പട്ടി | 477 | 6 |
| 7. | പന്നി | 18 | |
| 8. | മുയൽ | 106 | |
| 9. | പിടക്കോഴി | 4377 | |
| 10. | പൂവൻകോഴി | 517 | |
| 11. | പിടതാറാവ് | 2358 | |
| 12. | പൂവൻ താറാവ് | 590 | |
| 13. | ഇറച്ചികോഴി | 750 | |
| 14. | ഗിരിരാജകോഴി | 96 | 96 |
| 15. | കാടകോഴി | 23 | |
| 16. | ഫ്ലയിംഗ് ഡക് | 10 | 10 |

# 6 മത്സ്യബന്ധനം

## 6.1 മത്സ്യബന്ധനം

വിശാലമായ കായൽപ്പരപ്പും വിസ്തൃതമായ പാടശേഖരങ്ങളും അനേകം തോടുകളും കുളങ്ങളും നിറഞ്ഞ ഒരു പ്രദേശമാണ് ഈ ഗ്രാമം. പ്രകൃതി കനിഞ്ഞു നൽകിയ ഇവിടുത്തെ ജലാശയങ്ങൾ മത്സ്യ ബന്ധന മേഖലക്ക് ഒരു മുതൽക്കൂട്ടാണ്. ഈ ഗ്രാമത്തിന് കടൽത്തീരമില്ല. പഞ്ചായത്തിൻെറ കിഴക്കു ഭാഗത്തുള്ള ഉളവയ്പ് കായൽ, മദ്ധ്യഭാഗത്തെ കുറുമ്പിക്കായൽ, പൊഴിത്തോട്, കരേത്തോട്, വല്യത്തോട്, തയ്യിൽത്തോട്, കുത്തിയതോട് എന്നിങ്ങനെയുള്ള തോടുകളും ചങ്ങരം, കൊച്ചു ചങ്ങരം, കുരുടാക്കരി, പുരുഷാക്കരി, വടക്കേ കുരുടാക്കരി, കൊണ്ടയിൽ തട്ടാരി - വിളഞ്ഞൂർ പാടശേഖരങ്ങളും മത്സ്യസങ്കേതങ്ങളാണ്. കായലുകളിൽ വൻതോതിൽ കക്കാ നിക്ഷേപവും കണ്ടുവരുന്നു.

## 2. പരമ്പരാഗത മത്സ്യബന്ധന രീതികൾ

മുൻകാലങ്ങളിൽ രണ്ടു പേരുള്ള ചെറിയ ഗ്രൂപ്പുകൾ ചെറിയവള്ളങ്ങളിൽ ജലാശയങ്ങളിൽ എത്തി അതിരാവിലെ മത്സ്യബന്ധനം നടത്തുന്ന രീതിയാണ് ഉണ്ടായിരുന്നത്. ഇതിനായി 16 മി.മീറ്റർ കണ്ണി വലിപ്പമുള്ളതും പഞ്ഞി ഉപയോഗിച്ച് ഉണ്ടാക്കിയ നൂലുകൊണ്ട് തൊഴിലാളികൾ തന്നെ സ്വയം കെട്ടിയെടുത്തിട്ടുള്ള വലകളുമാണ് ഉപയോഗിച്ചിരുന്നത്. വീശുന്നതിനു പുറമെ വട്ടവല, ഒറ്റാൽ, തെറ്റി, ചൂണ്ട എന്നിവ ഉപയോഗിച്ചും മത്സ്യം പിടിച്ചിരുന്നു. വട്ടവല ഉപയോഗിച്ച് തപ്പുകയും കോരുകയും ചെയ്യുക പതിവായിരുന്നു. ഓലകൊണ്ട് ഉണ്ടാക്കിയ പടലുകൾ വെള്ളത്തിൽ കെട്ടിതാഴ്ത്തി മീൻ പിടിച്ചിരുന്നു. കോരു വലയും ഉടക്കുവലയും, ഊന്നിവലയും അപൂർവ്വമായി ഉപയോഗിച്ചിരുന്നു. രാത്രി കാലങ്ങളിൽ കാര്യമായ മത്സ്യബന്ധനം നടന്നിരുന്നില്ല.



## 3. പരമ്പരാഗതമായ അറിവുകൾ

വേലിയേറ്റ സമയത്ത് മത്സ്യങ്ങൾ ഉൾനാടൻ ജലാശയത്തിലേക്ക് പ്രവേശിക്കുന്നു. കൂട്ടമായി മാത്രമാണ് മത്സ്യങ്ങൾ നീങ്ങുന്നത്. ഒഴുക്കിനെതിരെ നീന്താൻ മത്സ്യങ്ങൾക്ക് പ്രത്യേക താത്പര്യമാണ്. വേലിയേറ്റവും വേലിയിറക്കവും ഇല്ലാതെ സമനിരായി നിൽക്കുന്ന സമയത്താണ് മത്സ്യങ്ങൾ കൂട്ടമായി വിശ്രമിക്കുന്നത്. നീന്തൽ നിർത്തി വിശ്രമിക്കുന്ന വേളയിൽ അവ ആഹ്ളാദ പ്രകടന ങ്ങൾ നടത്തുന്നു. ഈ സമയം സൂക്ഷ്മമായി വീക്ഷിക്കുന്ന മത്സ്യ തൊഴിലാളിക്ക് അവ ഏതുതരം മത്സ്യങ്ങളാണെന്ന് അറിയാൻ കഴിയും. ചെമ്മീൻ ആണെങ്കിൽ അവ മുകളിലേക്ക് ചാടിക്കളിക്കുന്നു. കൂരി ആണെങ്കിൽ അവ വാലുകൾ ഉയർത്തി വെള്ളത്തിൽ താളം തട്ടുകയും മറിയുകയും ചെയ്യുന്നു. മത്സ്യങ്ങൾ കൂട്ടമായിനിൽക്കുമ്പാൾ ആ ഭാഗത്തിനു മാത്രം പ്രത്യേകം നിറം അനുഭവപ്പെടാറുണ്ട്. ഓരോ തരം മത്സ്യത്തിനും പ്രത്യേകം നിറങ്ങളാണ് അനുഭവപ്പെടുക. ജൂൺ, ജൂലൈ മാസങ്ങളിലാണ് മത്സ്യങ്ങളുടെ പ്രജനനകാലം.

## 4. കടലിൽ പോകുന്ന മത്സ്യതൊഴിലാളികൾ

ഈ പഞ്ചായത്തിന് കടലോരമില്ലെങ്കിലും നീണ്ടകര പ്രദേശത്തു നിന്നും കടലിൽ പോയി മത്സ്യബന്ധനം നടത്തുന്നവരായി കുറച്ചു പേർ ഉണ്ട്.

## 5. ലഭിക്കുന്ന മത്സ്യ ഇനങ്ങൾ

ഊപ്പ, കൈപ്പ, വരാൽ, കരിമീൻ, കാരി, നെയ്മീൻ, പള്ളത്തി, കൂരി, ഞണ്ട്, ചെമ്മീൻ, പൂളാൻ, കോലാൻ, കണമ്പ്, പൂമീൻ, പ്രാഞ്ഞിൽ, കറുവപ്പ്, ഇലച്ചിൽ, കൊഞ്ച്, കൊഴുവ, നങ്ക്,



നൂറുമേനി കൊയ്തിരുന്നു; പക്ഷേ.....
ചെമ്മീൻ ഫാമിന് വഴി മാറിയ നെൽപ്പാടങ്ങൾ

നന്തൻ, തിരുത, പരൽ, കണ്ണി, കരികണ്ണി എന്നിവ യാണ് പഴയകാലത്ത് സുലഭമായി ലഭിച്ചിരുന്ന മത്സ്യങ്ങൾ. ഇവയുടെ വലിപ്പവും ഗുണനിലവാരവും വളരെ മുന്തിയതായിരുന്നു. എന്നാൽ ഇപ്പോൾ പൂർണ്ണമായി വംശനാശം വന്നവയാണ് പൂളാൻ, കറുവപ്പ്, കരികണ്ണി മുതലായവ. വംശ നാശത്തെ നേരിടുന്നവയാണ് കരിമീൻ, കാരി, കൂരി, കണമ്പ്, ഇലച്ചിൽ തുടങ്ങിയവ. ജല മലിനീകരണവും അശാസ്ത്രീയമായ മത്സ്യബന്ധന രീതികളുമാണ് ഇതിനു കാരണമെന്ന് മത്സ്യതൊഴിലാളികൾ വിശ്വസിക്കുന്നു.

### 6. വിപണന രീതികൾ

കുത്തിയതോട്, വല്ലേത്തോട്, തുടങ്ങിയ മാർക്കറ്റുകളിൽ തലച്ചുമടായികൊണ്ടു പോയി മത്സ്യതൊഴിലാളികൾ നേരിട്ട് വിറ്റഴിക്കുന്ന രീതിയാണ് മുൻകാലങ്ങളിൽ ഉണ്ടായിരുന്നത്. വീടുകളിൽ കൊണ്ടു നടന്ന് വിൽക്കുന്ന രീതിയും ഉണ്ടായിരുന്നു. എന്നാൽ ഇക്കാലത്ത് മത്സ്യബന്ധനകേന്ദ്രങ്ങളിൽ എത്തി ഇടനിലക്കാർ മത്സ്യം വാങ്ങി വില്പന നടത്തുന്ന രീതിക്കാണ് പ്രാമുഖ്യം. ഇടനിലക്കാരുടെ ചൂഷണം മൂലം മത്സ്യത്തിന് ശരിയായ വില കിട്ടാത്ത അവസ്ഥയുണ്ട്.

### 7. ഉപഭോക്താക്കളുടെ സ്വഭാവം

ഗ്രാമവാസികളിൽ ബഹുഭൂരിപക്ഷവും മത്സ്യം ഉപയോഗിക്കുന്നവരാണ്. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യങ്ങളോടാണ് അവർക്ക് താത്പര്യം.

കരിമീൻ,ചെമ്മീൻഎന്നിവയ്ക്ക് പണ്ടെന്നതുപോലെ ഇന്നും ആവശ്യക്കാർ ഏറെയാണ്.

### 8. മത്സ്യതൊഴിലാളി ജനസംഖ്യ

ധീവരർ, പുലയർ, ഒരു വിഭാഗം കൃസ്ത്യാനികൾ എന്നിവർ പരമ്പരാഗതമായി തന്നെ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരാണ്. കൃഷി, കയർ രംഗത്തെ തകർച്ച മത്സ്യ മേഖലയിലേക്ക് മറ്റു ജനവിഭാഗങ്ങളെ കൂടി ആകർഷിക്കുകയുണ്ടായി. ഇപ്പോൾ എല്ലാ സമുദായിക വിഭാഗങ്ങളിലും പെട്ടവർ മത്സ്യബന്ധനത്തിലും വിപണനത്തിലും തൊഴിലെടുക്കുന്നവരായിട്ടുണ്ട്. ഏകദേശം തൊള്ളായിരം കുടുംബങ്ങൾ മത്സ്യബന്ധനമേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്നതായി കണക്കാക്കാം ഇത് പഞ്ചായത്തിലെ കുടുംബങ്ങളുടെ 20 ശതമാനത്തോളം വരും. അനുബന്ധ വ്യവസായങ്ങളിൽ ഇതിൽ അധികം പേർ ജോലിയെടുക്കുന്നുണ്ടെന്നാണ് കരുതുന്നത്. സ്ത്രീകളാണ് മത്സ്യമേഖലയിൽ ജോലിചെയ്യുന്നവരിൽ ബഹുഭൂരിപക്ഷവും.

### 9. ഉൾനാടൻ മത്സ്യബന്ധനം

ഈ ഗ്രാമത്തിൽ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ ബന്ധനം മാത്രമേയുള്ളൂ. കുളങ്ങളും തോടുകളും, വയലുകളും നികത്തുന്ന പ്രവണത ഏറിവരികയാൽ മത്സ്യ ബന്ധനമേഖലയുടെ വിസ്തീർണ്ണം അനുദിനം കുറഞ്ഞു കൊണ്ടിരിക്കുകയാണ്.

### 10. മത്സ്യതൊഴിലാളി സഹകരണ സംഘങ്ങൾ

ഈ ഗ്രാമത്തിൽ ഇത്തരം സംഘങ്ങൾ ഇല്ല. ഉൾനാടൻ മത്സ്യതൊഴിലാളി സഹകരണ സംഘത്തിന് വേണ്ടിയുള്ള ശ്രമങ്ങൾ നടന്നു വരുന്നുണ്ട്.

### 11. മത്സ്യതൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിലെ 200 മത്സ്യതൊഴിലാളികൾ ക്ഷേമനിധി വിഹിതം അടക്കുന്നവരാണ് 30 പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. വികസന രേഖ തയ്യാറാക്കുന്നതിലേക്കായി ഫിഷറീസ് ഓഫീസർ നൽകിയ കത്തിൻെറ പൂർണ്ണ രൂപം താഴെ ചേർക്കുന്നു.

Letter No — മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസ് മുഹമ്മ
13-12- 1996

പ്രസിഡണ്ട്,
കോടംതുരുത്ത് പഞ്ചായത്ത്, കുത്തിയതോട്
സാർ,

വിഷയം:-പഞ്ചായത്തിലെ വികസന റിപ്പോർട്ട് തയ്യാറാക്കുന്നത് സംബന്ധിച്ച്-

കോടംതുരുത്ത് പഞ്ചായത്തിലെ വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിലേക്ക് ഈ ഓഫീസിൽ നിലവിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

കേരളാമത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വന്ന 1986 ജനുവരി 26 മുതൽ നാളിതുവരെ വിവിധ പദ്ധതികളിലൂടെ മത്സ്യതൊഴിലാളികൾക്ക് ധനസഹായം നൽകിവരുന്നു.

1. മത്സ്യതൊഴിലാളി അപകടത്തിൽ മരിച്ചാൽ

50000 രൂപ.

2. മത്സ്യ ബന്ധനസമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെയുള്ള യാദൃശ്ചിക മരണം 15000 രൂപ.

3. മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹം 1500 രൂപ.

4. മത്സ്യതൊഴിലാളികളുടെ ആശ്രിതരുടെ മരണം 300 രൂപ.

5. വാർദ്ധക്യകാല പെൻഷൻ പ്രതിമാസം 85 രൂപ.

6. താത്കാലിക അവശതക്കുള്ള ധനസഹായം പരമാവധി 500 രൂപ

7. മത്സ്യതൊഴിലാളികളുടെ മരണസംരക്ഷണ ചിലവിലേക്ക് 1000 രൂപ.

8. S.S.L.C ജേതാക്കൾക്കുള്ള പാരിതോഷികം

സംസ്ഥാന ഫസ്റ്റിന് 3000

സംസ്ഥാന സെക്കൻറിന് 2000

തുടർ വിദ്യാഭ്യാസത്തിന് പ്രതിമാസം 1000 രൂപ വീതം രണ്ട് വർഷത്തേക്ക്.

9. കുടുംബക്ഷേമ പരിപാടി 500 രൂപ.

10. രോഗ ചികിത്സാ പദ്ധതി പരമാവധി 25000

കോടംതുരുത്ത് പഞ്ചായത്തിൽ 200 മത്സ്യത്തൊഴിലാളികൾ ക്ഷേമനിധി വിഹിതം അടയ്ക്കുന്നുണ്ട്. 30 മത്സ്യതൊഴിലാളികൾക്ക് മത്സ്യതൊഴിലാളി പെൻഷൻ കിട്ടുന്നുണ്ട്.

## 12. യന്ത്രവൽക്കരണം - സാങ്കേതിക വിദ്യ

'ചീനവലകൾ' നിർമ്മിക്കാൻ അറിവുള്ള മത്സ്യതൊഴിലാളികൾ ഉണ്ട്. ഗ്രാമത്തിൽ കാണപ്പെടുന്ന പുന്നമരം ഉപയോഗിച്ചാണ് ചീനവല നിർമ്മിക്കുന്നത്. ചീനവലകളിൽ വൈദ്യുതി വിളക്കുകൾ ഉപയോഗിക്കുന്നു. കാര്യമായ യാതൊരു ശാസ്ത്രസാങ്കേതിക വിദ്യയും ഉൾനാടൻ മത്സ്യ തൊഴിലാളികളുടെ അദ്ധ്വാന ഭാരം കുറയ്ക്കുന്നതിനു ലഭ്യമല്ല.

## 13. അദ്ധ്വാനശേഷിയിലുണ്ടായ മാറ്റങ്ങൾ

പഴയകാലത്ത് വളരെകുറച്ച് സമയം ഉപയോഗിച്ച് കൂടുതൽ മത്സ്യങ്ങൾ പിടിച്ചിരുന്നു. എന്നാൽ ഇന്ന് കൂടുതൽ പേർ ചേർന്ന് കൂടുതൽ സമയം ചെലവഴിച്ചിട്ട് പോലും വേണ്ടത്ര മത്സ്യങ്ങൾ കിട്ടുന്നില്ല.

## 14. ഇന്ധനമുപയോഗവും ഉല്പാദനച്ചെലവും

രാത്രികാലത്തെ മത്സ്യബന്ധനത്തിന് മണ്ണെണ്ണ ഉപയോഗിച്ചുള്ള പെട്രോൾ മാക്സുകളും, ചീനവലകളിൽ വൈദ്യുതവിളക്കുകളും ഉപയോഗിക്കുന്നുണ്ട്. നൈലോൺ നെറ്റുകൾക്ക് വില കൂടുതലാണ്. ഒരു ചീന വല നിർമ്മിക്കുന്നതിന് 10000 രൂപയെങ്കിലും വേണം മണ്ണെണ്ണ, വൈദ്യുതി എന്നിവയ്ക്കുള്ള പെർമ്മിറ്റുകൾക്കായി മത്സ്യതൊഴിലാളികൾക്ക് ഏറെ ബുദ്ധിമുട്ടേണ്ടിവരുന്നു. ഇതെല്ലാം ഉല്പാദന ചെലവ് കൂടുന്നതിന് കാരണമായി.

## 15. മത്സ്യബന്ധനോപാധികളുടെ എണ്ണം

ഇവയുടെ വിശദമായ ലിസ്റ്റ് താഴെ ചേർത്തിരിക്കുന്നു.

വള്ളം, ചീനവല, നീളവല, വട്ടവല, പെരുവല, ഒഴുക്കുവല, കോരുവല, തൂരുവല, കക്കാവാരുന്നതിനുള്ള കിലുങ്ങൻ, നെറ്റ് കൂടാതെ മത്സ്യബന്ധനത്തിനായി പടങ്ങ്, ഒറ്റാൽ എന്നിവയും ഉപയോഗിക്കാറുണ്ട്.

## 16. മത്സ്യബന്ധനമേഖലയിലെ ഇടത്തരക്കാരുടെ ചൂഷണം

മത്സ്യബന്ധനകേന്ദ്രങ്ങളിലെത്തി ഏജൻറൻമാർ കുറഞ്ഞ വിലയ്ക്ക് മീനുകൾ എടുക്കുന്നു. ചാലുകളും കരിനിലങ്ങളും മത്സ്യം വളർത്തുന്നതിനായി വൻ തുകയ്ക്ക് കോൺട്രാക്ടർമാർ ലേലം കൊള്ളുന്നു. ഇക്കാരണങ്ങളാൽ തൊഴിലാളികൾക്ക് ന്യായമായ വില ലഭിക്കുന്നില്ല. ഈ രീതി വർദ്ധിച്ചു വരികയാണ്. മത്സ്യ സഹകരണസംഘം ഉണ്ടാക്കി അവ നേരിട്ട് മത്സ്യതൊഴിലാളികളിൽ നിന്നും മീൻ വാങ്ങുന്ന രീതി ഉണ്ടായാലേ മത്സ്യതൊഴിലാളികൾക്ക് പ്രയോജനമുണ്ടാവുകയുള്ളൂ.

## 17. ഓരു ജലം സംബന്ധിച്ച പ്രശ്നങ്ങൾ

ഉപ്പു വെള്ളം വേലിയേറ്റ സമയത്ത് ഇടത്തോടുകളിൽ പ്രവേശിക്കുന്നു. കൃഷി സംരക്ഷിക്കുന്നതിനായി ഉപ്പു വെള്ളം തടഞ്ഞു നിർത്തുന്നതിലേയ്ക്ക് ബണ്ടുകളും, മുട്ടുകളും ഇടാറുണ്ട്. ചെമ്മീൻ കൃഷിയ്ക്കും ചില തരം മത്സ്യങ്ങൾ വളരുന്നതിനും ഓരു ജലം ആവശ്യമാണ്. ഈ വൈരുദ്ധ്യം നിലനിൽക്കുന്നതിനാൽ മത്സ്യതൊഴിലാളികളും കർഷകരും തമ്മിൽ സമരസപ്പെട്ട് പോവാൻ കഴിയാത്ത സ്ഥിതി വിശേഷമുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് പൊതു വേദികൾ സംഘടിപ്പിച്ച് ഉള്ളുതുറന്ന ചർച്ചയും നിർദ്ദേശങ്ങളും തദനുസരണമായ നിയമ നിർമ്മാണവും ഉണ്ടാക്കേണ്ടിയി

രിക്കുന്നു.

## 18. പൊതുകുളങ്ങൾ-ജലാശയങ്ങൾ

കേളംകുളം, പുതുശ്ശേരികുളം എന്നിങ്ങനെ രണ്ടു വലിയ കുളങ്ങൾ പഞ്ചായത്തിലുണ്ടായിരുന്നു. കേളംകുളം ഇന്നില്ല. സ്വകാര്യകുളങ്ങൾ അനവധി ഉണ്ട് ഇവയിൽ ശുദ്ധജലമത്സ്യങ്ങൾ ചെറിയ തോതിൽ വളരുന്നുണ്ട്.

## 19. ചെമ്മീൻകൃഷി

ഡിസംബർ മാസമാണ് ചെമ്മീൻ കൃഷിയ്ക്ക് അനുയോജ്യമായ അവസരം. പരിമിതമായ തോതിൽ ഉപ്പുവെള്ളവും ജലം നീക്കം ചെയ്യുന്നതിനുള്ള സംവിധാനങ്ങളും, കൃത്യമായ തീറ്റ നൽകാനുമുള്ള കഴിവുമുണ്ടെങ്കിൽ വമ്പിച്ച വിള കൊയ്യാൻ കഴിയുന്ന ഒന്നാണ് ചെമ്മീൻ കൃഷി.

നാലുതരത്തിലുള്ള ചെമ്മീനുകൾ ഈ പ്രദേശത്ത് കാണപ്പെടുന്നു. അവ താഴെപ്പറയുന്നു. 1. നാരൻ (കി.ഗ്രാം120-150 രൂപ) 2. ചൂടൻ (കി. ഗ്രാം100 ന് താഴെ) 3. തെള്ളി (കി.ഗ്രാം15ൽ താഴെ) 4. കാര (കി.ഗ്രാം 150 കൂടുതൽ) എന്നിവയാണ് ഈ ഇനങ്ങൾ. കാര ശുദ്ധജലത്തിലും വളരും.

## 20. മത്സ്യസംസ്ക്കരണ ശാലകൾ

വിശദവിവരങ്ങൾ വ്യവസായം എന്ന ലേഖനത്തിൽ നൽകിയിരിക്കുന്നു.

## 21. മറ്റു മത്സ്യ സമ്പത്തുകൾ

കക്ക, ഞൗണിക്ക, ഞണ്ട് എന്നിവയും ധാരാളമായി ജലാശയങ്ങളിൽ കാണാം ഞൗണിക്കയുടെ വംശം അറ്റു വരികയാണ് കക്കയിറച്ചി ചെമ്മീൻ തീറ്റയായും, താറാവിൻ തീറ്റയായും ഉപയോഗിക്കുന്നുണ്ട്. ഞണ്ട് വിദേശങ്ങളിലേയ്ക്കു പോലും കയറ്റി അയക്കുന്നു. ഇവയുടെ ശാസ്ത്രീയമായ വളർത്തൽ കേന്ദ്രങ്ങൾ ഉണ്ടാവേണ്ടത് ആവശ്യമാണ്. കാൽസ്യം ഏറ്റവും അധികം കാണപ്പെടുന്ന മത്സ്യ ജീവർഗ്ഗങ്ങളാണ് ഇവ.

## 22. മത്സ്യോല്പാദനം - മാറ്റങ്ങൾ, പ്രവണതകൾ, പ്രശ്നങ്ങൾ

1. ജലമലിനീകരണത്തിന്റെ ഫലമായി വംശം അറ്റുപോയതും വംശനാശം സംഭവിക്കുന്നതുമായ മത്സ്യ ഇനങ്ങളുടെ എണ്ണം വർദ്ധിച്ചുവരികയാണ്.
2. പഴയകാലത്ത് ഇവിടെ ജലാശയങ്ങളിൽ കാണാത്ത പിലോപ്പിയ എന്ന മത്സ്യം ഇപ്പോൾ ഇവിടെയുണ്ട്.
3. പഞ്ഞി നൂൽ ഉപയോഗിച്ചുള്ള വലകൾ എങ്ങും ഉപയോഗിക്കുന്നില്ല. ഇപ്പോൾ ജപ്പാൻനെറ്റ്, പോളിസ്റ്റർ എന്നിവകൊണ്ടുള്ള വലകളാണ് ഉപയോഗിക്കുന്നത്. വലകെട്ടാനുള്ള അറിവ് പുതിയ തലമുറയിൽ പെട്ടവർക്കില്ല.
4. തവളപിടുത്തം നിരോധിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അവയുടെ എണ്ണം അടിക്കടി കുറഞ്ഞു കൊണ്ടിരിക്കുന്നു.
5. കണ്ണിയടുപ്പമുള്ളതും (8 മില്ലീ മീറ്റർ മുതൽ 12 മില്ലീ മീറ്റർ വരെ) വിസ്തീർണ്ണം വളരെ അധികം ഉള്ളതുമായ അടക്കം കൊല്ലിവലകൾ വ്യാപകമായി ഉപയോഗിക്കുന്നു.
6. വട്ടവല ഉപയോഗിച്ചുള്ള മത്സ്യബന്ധനരീതി ഇല്ല. കൂട്ട, വട്ടി തുടങ്ങിയവ ഉപയോഗിക്കുന്നില്ല. മത്സ്യ വിപണനത്തിന് അലൂമിനിയം പാത്രങ്ങളും, പ്ലാസ്റ്റിക്ക് ബോക്സുകളും കിറ്റുകളും പ്രചാരത്തിലായി. കൊതുമ്പുവള്ളങ്ങൾ വഴിയുണ്ടായ മത്സ്യവില്പനക്കാർ ഇന്ന് മോപ്പഡുകളിലൂടെയാണ് എത്തിച്ചേരുന്നത്.
7. 16-20 മില്ലീമീറ്റർ കുറഞ്ഞകണ്ണികളുള്ള വലകൾ നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും 8 മില്ലീമീറ്റർ മുതൽ 12 മില്ലീമീറ്റർ വരെയുള്ള വലകൾ ഉപയോഗിക്കുന്നുണ്ട്. ഇതിനു പുറമേ 'പടങ്ങ്' ഇട്ട് മത്സ്യം പിടിക്കുന്ന രീതിയുണ്ട്. ഈ രണ്ട് പ്രവർത്തനങ്ങളും മത്സ്യോല്പാദനത്തിന് ഭീഷണിയാണ്. ഇവയുടെ വരുംവരായ്കകളെ കുറിച്ചുള്ള ബോധവൽക്കരണം ഇനിയുമുണ്ടായിട്ടില്ല.
8. തോടുകൾക്ക് സമീപം സ്ഥാപിച്ചിട്ടുള്ള മത്സ്യ സംസ്ക്കരണ ഫാക്ടറികൾ (പീലിംഗ് ഷെഡ്ഡുകൾ, ചെമ്മീൻ തീറ്റ ഫാക്ടറികൾ) പുറം തള്ളുന്ന മലിന ജലം ജലായശങ്ങളിലെ മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നു. കീടനാശിനി പ്രയോഗവും മലിനീകരണം വേഗത്തിലാക്കി മത്സ്യരോഗവും മത്സ്യനാശവും ഇതുമൂലം സംഭവിക്കുന്നു.
9. പാടശേഖരങ്ങളിൽ ചെമ്മീൻ വാറ്റ് വ്യാപകമായി നടന്നുവരുന്നു.
10. സാമ്പത്തികമായ പിന്നോക്കാവസ്ഥ ഈ രംഗത്തെ തൊഴിലാളികളെ ബാധിക്കുന്നു. പരമ്പരാഗത രീതിതന്നെയാണ് ഇപ്പോഴും മത്സ്യതൊഴിലാളികൾ അവലംബിക്കുന്നത്.
11. പായൽ നിറഞ്ഞതു മൂലം മത്സ്യബന്ധനം നടത്തുവാൻ കഴിയുന്നില്ല.

12. മൈനിംഗ് ആൻറ് ജിയോളജി വകുപ്പിൻെറ കീഴിലാണ് കക്കാവാരൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തൻമൂലം ഈ വിഭാഗം തൊഴിലാളികൾക്ക് നിയമ സുരക്ഷയോ സഹായധനമോ ലഭിക്കുന്നില്ല.

13. മത്സ്യതൊഴിലാളികൾക്ക് അടിസ്ഥാനസൗകര്യങ്ങളായ പാർപ്പിടം വൈദ്യുതി, കക്കൂസ്, കുടിവെള്ളം തുടങ്ങിയവയുടെ അപര്യാപ്തതയുമുണ്ട്.

14. മത്സ്യവിപണന സംഘങ്ങളോ മത്സ്യതൊഴിലാളി സഹകരണ സംഘങ്ങളോ ഗ്രാമത്തിലില്ല.

15. മത്സ്യം പിടിച്ചു കഴിഞ്ഞാൽ അവ കേടു കൂടാതെ സൂക്ഷിക്കുന്നതിനുള്ള ആധുനിക സൗകര്യങ്ങൾ മത്സ്യതൊഴിലാളിക്ക് ലഭിക്കുന്നില്ല.

16. മത്സ്യരോഗനിവാരണത്തിന് ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികളില്ലാത്തിൻെറ പോരായ്മകൾ.

17. പുരുഷൻമാരേക്കാൾ സ്ത്രീകൾക്ക് കൂലി കുറവാണ്.

## 23. സാധ്യതകൾ, ഗ്രാമസഭാനിർദ്ദേശങ്ങൾ

1. കരിനിലങ്ങളിൽ നെൽകൃഷിയും മത്സ്യകൃഷിയും സമന്വയിപ്പിച്ച് പോകത്തക്കരീതിയിലുള്ള ആധുനിക സമ്പ്രദായങ്ങളിൽ കർഷകർക്കും മത്സ്യതൊഴിലാളികൾക്കും പരിശീലനം നൽകണം.

2. പരമ്പരാഗതമായ മത്സ്യബന്ധനരീതികളിലെ നൻമകൾ നിലനിർത്തികൊണ്ട് അദ്ധ്വാനഭാരം ലഘൂകരിക്കത്തക്ക രീതിയിലുള്ള സാങ്കേതിക വിദ്യയും യന്ത്രവൽക്കരണവും ഈ രംഗത്ത് നടപ്പിലാക്കണം.

3. മത്സ്യതൊഴിലാളികളുടെ പരമ്പരാഗതമായ അറിവുകൾ ശേഖരിക്കുകയും അവ പിൻതലമുറയ്ക്ക് പ്രയോജനപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ ഉണ്ടാകണം.

4. വംശം അറ്റവയും അറ്റുപോയികൊണ്ടിരിക്കുന്നവയുമായ മത്സ്യങ്ങളുടെ പുനരുല്പാദനത്തിനുള്ള നടപടികൾ സ്വീകരിക്കണം. ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിന് മത്സ്യതൊഴിലാളി സഹകരണ സംഘങ്ങൾ ആരംഭിക്കണം

6. കൃഷി, കയർ രംഗത്തെ തകർച്ച പരിഹരിക്കുന്നതിന് ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കണം. എങ്കിൽ മാത്രമേ ഈ രംഗത്തെ തൊഴിലാളികൾക്ക് പിടിച്ചു നിൽക്കാനാവുകയുള്ളു

7. ഉൾനാടൻ ജലാശയങ്ങളും കുളങ്ങളും ശുദ്ധജല സ്രോതസ്സുകൾക്കായി പരിമിതപ്പെടുത്തണം.

8. മത്സ്യതൊഴിലാളി ക്ഷേമനിധിയെ സംബന്ധിച്ച് ബോധവൽക്കരണവും പഞ്ചായത്ത് തോറും നടത്തണം.

9. മത്സ്യഭവനങ്ങൾ സ്ഥാപിക്കണം മത്സ്യതൊഴിലാളികൾക്കായുള്ള ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കണം

10. മത്സ്യകുഞ്ഞുങ്ങളെ വളർത്തുന്നതിനും വിപണനം ചെയ്യുന്നതിനും മത്സ്യഹാച്ചറികൾ നിർമ്മിക്കണം. ചീനവലതൊഴിലാളികൾക്കും രാത്രികാലങ്ങളിൽ മത്സ്യബന്ധനങ്ങളിലേർപ്പെടുന്നവർക്കും മണ്ണെണ്ണയും വൈദ്യുതിയും നൽകുന്നതിനുള്ള പെർമ്മിറ്റ് സമ്പ്രദായം വേണം.

11. മത്സ്യ ബന്ധനോപകരണങ്ങളുടെ നിർമ്മാണവും വിപണനവും മത്സ്യതൊഴിലാളി സംഘം മുഖേന നടപ്പാക്കണം

12. മത്സ്യകൃഷിക്കു കൃഷിയും ജനജീവിതത്തിൻെറ അടിസ്ഥാന ഘടകമാണെന്ന ധാരണ ഇരുകൂട്ടരിലും ഉണ്ടാക്കണം.

13. ശാസ്ത്രീയമായ ചെമ്മീൻ കൃഷിയിലും മത്സ്യസംസ്ക്കരണത്തിലും പരിശീലനം നൽകണം.

14. കക്കാ, ഞൗണിക്ക, ഞണ്ട് എന്നിവയ്ക്ക് മാത്രമായി ഒരു ഫാം സ്ഥാപിക്കണം.

15. കായൽ പരപ്പിലെ പായൽ നശിപ്പിക്കുവാൻ സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ നടപടികൾ സ്വീകരിക്കണം.

16. കക്കതൊഴിലാളികളെ മത്സ്യ തൊഴിലാളികളായി അംഗീകരിക്കണം. ഖനിവകുപ്പിൻെറ കീഴിൽനിന്നും (Mining and Geology) കക്കാസംഭരണം ഒഴിവാക്കണം.

17. മത്സ്യതൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതികൾക്കായി പ്രത്യേകം സംവിധാനം ഏർപ്പെടുത്തണം.

18. മത്സ്യോല്പാദക സഹകരണ സംഘങ്ങളോടനുബന്ധിച്ച് കോൾഡ് സ്റ്റോറേജും വാഹനസൗകര്യവും ഏർപ്പെടുത്തണം.

19. മത്സ്യരോഗ നിവാരണത്തിനായി ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കണം.

20. അടക്കം കൊല്ലിവലകൾ നിരോധിക്കണം.

21. പീലിംഗ് ഷെഡ്ഡുകളിൽ നിന്നും ചെമ്മീൻ തീറ്റ ഫക്ടറികളിൽ നിന്നും പുറം തള്ളുന്ന മാലിന്യങ്ങൾ ട്രീറ്റ് ചെയ്യുന്നതിനുള്ള പ്ലാൻറുകൾ സ്ഥാപിക്കണം.

22. കായലുകളിൽ സ്ഥാപിച്ചിട്ടുള്ള ഉപയോഗരഹിതമായ ഊന്നിവലകുറ്റികൾ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണം.

23. ഏറ്റവും അധികം മത്സ്യതൊഴിലാളികൾ ഉള്ള മേഖലയിൽ ഒരു മത്സ്യ ഗവേഷണ സ്ഥാപനം ആരംഭിക്കണം.

24. മത്സ്യതൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം.

24. കോടംതുരുത്ത് ഗ്രാമപഞ്ചായത്തിലെ മത്സ്യബന്ധന ഉപകരണങ്ങളുടെ വിവരം

| വാർഡ് | വള്ളം | ചീനവല | വട്ടവല | വീശുവല | നീട്ടുവല | ഞണ്ട്വല | പെരുവല | ഒഴുക്ക്വല |
|---|---|---|---|---|---|---|---|---|
| 1. | 18 | 1 | 30 | 22 | - | - | | |
| 2. | 6 | 1 | 22 | 29 | | | 1 | 3 |
| 3. | 3 | 10 | 3 | | | | | |
| 4. | 30 | 1 | | | 1 | | | |
| 5. | 21 | | 33 | 19 | | | | |
| 6. | 5 | | 55 | 48 | | | | |
| 7. | 78 | 1 | 473 | 480 | 19 | 530 | | |
| 8. | | 12 | 172 | 205 | | | | |
| 9. | 15 | 6 | 15 | 5 | 4 | | | |
| ആകെ | 176 | 48 | 803 | 808 | 24 | 530 | 1 | 3 |

## ആദ്യ നിശ്ചയത്തിന് എട്ടു മാസം പ്രായം

നമ്മുടെ പഞ്ചായത്ത് രൂപീകരിച്ച ശേഷം ആദ്യമെടുത്ത തീരുമാനം മിനിറ്റ്സിൽ കാണുന്നത് ഇപ്രകാരമാണ്.

"1953 സെപ്റ്റംബർ 12ാം തീയതി ചേർന്ന കോടം തുരുത്ത് പഞ്ചായത്തിൻെറ ഒരു സാധാരണ യോഗത്തിൽ പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി സാധിക്കേണ്ടി വന്നവികസന പദ്ധതികളെ പറ്റി ആലോചിച്ചു. ഒന്നാമതായി കോടംതുരുത്ത് കിഴക്കേ കടവിൽനിന്നും പടിഞ്ഞാട്ട് മെയിൻറോഡിലേക്ക് ഒരു റോഡും അവിടെനിന്നും എഴുപുന്ന കടത്തു കടവുവരെ ആ റോഡ് വർദ്ധിപ്പിക്കുക. എഴുപുന്ന കടത്തു കടവിൽനിന്നും പടഞ്ഞാട്ട് കുമ്പളങ്ങി വല്ലയിൽതോട് റോഡുമായി യോജിപ്പിക്കുക."

"ഈ തീരുമാനം 28-3-1954നു ചേർന്ന യോഗം നിശ്ചയം നമ്പർ 31 പ്രകാരം റദ്ദാക്കി."

# 7 വ്യവസായം



### 7.1. ആമുഖം

സ്വാശ്രയ ഗ്രാമം എന്ന സങ്കൽപ്പം യാഥാർത്ഥ്യവും അർത്ഥപൂർണ്ണവുമാകണമെങ്കിൽ കാർഷിക വളർച്ചയിലൂടെയുള്ള വ്യാവസായിക വികസനം സാധ്യമായേ തീരൂ. ആധുനിക കാലഘട്ടം വ്യവസായ വളർച്ചക്ക് ഊന്നൽ നൽകുന്നു. നമ്മുടെ പഞ്ചായത്തും ഇക്കാര്യത്തിൽ ഒട്ടും പിന്നോക്കം പോകാൻ പാടില്ല. ഗ്രാമത്തിൻെറ ശാപമായും സമൂഹത്തിൻെറ ദുരിതമായും നിലനിൽക്കുന്ന തൊഴിലില്ലായ്മക്കും ശാശ്വത പരിഹാരം കാണണമെങ്കിൽ വ്യാവസായിക വികസനം ത്വരിതപ്പെടുത്തേണ്ടിയിരിക്കുന്നു.

### 7. 2. ഗ്രാമത്തിൻെറ വ്യാവസായിക ചരിത്രം

ഈ നൂറ്റാണ്ടിൻെറ ആദ്യപാദത്തിൽ ബ്രിട്ടീഷുകാർ ആലപ്പുഴ കേന്ദ്രമാക്കി ഒരു കയർ ഫാക്ടറി സ്ഥാപിക്കുകയുണ്ടായി. ഇതേ തുടർന്ന് അവരുടെ ഓർഡർ പൂർത്തിയാക്കാനായി തടുക്ക്, കയറ്റു പാ, എന്നീ ഉൽപ്പന്നങ്ങൾ എത്തിച്ചു കൊടുക്കുവാൻ കോടംതുരുത്ത് പഞ്ചായത്തിലെ അഞ്ചാം വാർഡിൽ ഒരു കയർ ഫാക്ടറി പ്രവർത്തിച്ചിരുന്നു. ഈ സ്ഥാപനം അക്കാലത്ത് പഞ്ചായത്തിലെ സാധാരണക്കാരുടെ ഉപജീവനകേന്ദ്രമായിരുന്നു. 9ാം വാർഡിൽ പ്രമുഖമായ ഒരു കൊപ്രാ സംഭരണ സംസ്ക്കരണ സ്ഥാപനം ആരംഭിച്ചു. ഈ സ്ഥാപനത്തിന് മുൻ കൈയെടുത്തത് ഡി.വി.ഷേണായി എന്ന വ്യവസായ പ്രമുഖനായിരുന്നു. കൂടാതെ 1ാം വാർഡിൽ ഒരു സോപ്പ് നിർമ്മാണ യൂണിറ്റും വ്യാവസായിക ചിത്രത്തിൽ സ്ഥാനമുണ്ടായിരുന്നു. മത്സ്യ വ്യവസായവും വിപുലമായ തോതിൽ നടന്നിരുന്നു. കേരളത്തിൻെറ വിവിധ പ്രദേശങ്ങളിലേക്ക് വരാൽ, കരിമീൻ, കാരി, കൂരി കണമ്പ്, പൂമീൻ മുതലായ മത്സ്യങ്ങൾ വിപുലമായ തോതിൽ കയറ്റി അയച്ചിരുന്നു. പ്രധാന കാർഷിക വിളയായ നാളികേരം ശേഖരിക്കുകയും സംസ്ക്കരിച്ച് എണ്ണ വ്യാപാരവും കുത്തിയതോട് കേന്ദ്രീകരിച്ച് നടന്നിരുന്നു. ഇന്ന് ഈ വ്യവസായങ്ങൾക്ക് മങ്ങലേറ്റിട്ടുണ്ട്. വിദേശ വിപണി



കണ്ടെത്തിയ ആദ്യത്തെ വ്യവസായ സ്ഥാപനമായ തേങ്ങപീരകമ്പനി 5-ാം വാർഡിൽ പ്രവർത്തിച്ചിരുന്നു.

കള്ള് ശേഖരിച്ച് വിൽക്കുന്നത് ആദ്യകാലത്ത് ഈ പ്രദേശത്തെ ജനങ്ങളുടെ ഒരു കുടിൽ വ്യവസായമായിരുന്നു. പിൽക്കാലത്ത് അത് വളർന്ന് വികസിച്ച് ഒരു വലിയ തൊഴിലാളി പ്രസ്ഥാനത്തിന് തന്നെ രൂപം നൽകി. ഇന്ന് ഈ വ്യവസായ രംഗം പഴയതു പോലെ സജീവമല്ല. തടി വ്യവസായം ചെറിയതോതിൽ നടന്നിരുന്നു. 60കളിൽ ആണ് ചെമ്മീൻ വ്യവസായം ഈ പഞ്ചായത്തിൽ ആരംഭിച്ചത്. ഇത് കോടം തുരുത്ത് പഞ്ചായത്ത് നിവാസികളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ ഏറെ സഹായിച്ചു. അടുത്ത കാലത്തായി മറ്റ് പല വൻകിട, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

### 3 . പരമ്പരാഗത വ്യവസായങ്ങൾ

#### 3.1 കയർവ്യവസായം

കോടം തുരുത്ത് പഞ്ചായത്തൽ ഇന്നും നിലനിൽക്കുന്ന പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നാണ് കയർ. ഇപ്പോൾ കയർ ഫാക്ടറികൾ മാത്രമേ ഉള്ളൂ. ഇന്ന് അത് കയർ പിരിമേഖലയിലേക്ക് ഒതുങ്ങിയിരിക്കുന്നു.

അഞ്ചാം വാർഡിൽ കരുമാഞ്ചേരി ശ്രീ ജോർജ് പീറ്റർ,തോമസ് പീറ്റർ എന്നീ സഹോദരൻമാരാണ് കയർ വ്യവസായ രംഗത്ത് കയറ്റുമതി ലക്ഷ്യമാക്കി ആദ്യ ചുവട് വെച്ചത്. ഇവിടെ 400 ഓളം പേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ ലഭിച്ചിരുന്നു. തുടർന്ന് പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ ചെറുതും വലുതുമായ കയർ ഫാക്ടറികൾ സ്ഥാപിച്ചു.അക്കാലത്തെ ഏക പ്രധാന വ്യവസായമായിരുന്നു ഇത്. 1960 –65 കളോടെ ഇവയോരോന്നുംപ്രവർത്തനരഹിതമായി. എന്നാൽ 1960 കളിൽ കമ്പികാർപ്പറ്റ് എന്ന പുതിയ



അനിശ്ചിതത്വത്തിന്റെ ഭീതിയുമായ്...
പ്രതിസന്ധിയെ നേരിടുന്ന ചെമ്മീൻ വ്യവസായം

ഇനം തടുക്കുകൾ നിർമ്മിക്കാൻ 15ഓളം ചെറുകിയ ഫാക്ടറികൾ നിലവിലുണ്ടായിരുന്നു. ഈ രംഗത്ത് 500ഓളം പേർ ജോലി ചെയ്തിരുന്നു. 1980-85 ഓടെ ഇവയും നിശ്ചലമായി. പഞ്ചായത്തിലെ മിക്കവാറും എല്ലാഭവനങ്ങളിലും കൈപിരിയും റാട്ടുപിരിയും നടന്നിരുന്നു. എന്നാൽ ഇന്ന് അതും കുറഞ്ഞിട്ടുണ്ട് സ്വയം തൊഴിൽ എന്ന നിലയിൽ 4,6,9 വാർഡു കളിലായി 4 കേന്ദ്രങ്ങളിൽ രണ്ടു വീതം തടുക്കു തറകളിൽ ഉല്പാദനം നടക്കുന്നുണ്ട്.

**3.2 കള്ളു വ്യവസായം**

ഈ ഗ്രാമത്തിൽ 4 കള്ള് ഷാപ്പുകളുണ്ട്. 20 തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നു. സ്വകാര്യമേഖലയിലാണ് ഇവർ പ്രവർത്തിക്കുന്നത് ഓരോ ഷാപ്പിലും 2600 രൂപ വരെ ശരാശരി വിറ്റ് വരവുണ്ട്. നൂറ് തെങ്ങുകൾ ചെത്തുമ്പോൾ 108 ലിറ്റർ കള്ള് ലഭിക്കുന്നുണ്ട്. ഇതിനും പുറമേ പാലക്കാട്, വടക്കൻ പറവൂർ എന്നിവടങ്ങളിൽ നിന്നും കള്ള് ഇറക്കുമതി ചെയ്യുന്നുണ്ട്. മിനിമം 8 ലിറ്റർ കള്ളിന് 10 രൂപ 62 പൈസ കൂലി കിട്ടുന്നു. ഡി.എ ആനുകൂല്യം ഉണ്ട്. അനധികൃതഷാപ്പുകളില്ല. മുഴുവൻ സ്ഥിരം തൊഴിലാളികളാണ്. താൽകാലിക.തൊഴിലാളികളില്ല.

**3.3 നാളികേര സംസ്ക്കരണം.**

കോടം തുരുത്ത് പഞ്ചായത്തിലെ പ്രധാന കർഷ്യക വിളയായിരുന്നു നാളികേരം നാളികേരം ഉണക്കി കൊപ്രയാക്കുന്ന ജോലിയിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികൾ ഇവിടെയുണ്ട് 'കൊപ്ര സംഭരിച്ച് ' ആട്ടി വെളിച്ചണ്ണയെടുത്ത് വിപുലമായ തോതിൽ വിതരണം ചെയ്തിരുന്നു. 3 പ്രധാന ഓയിൽ മില്ലുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. മൂന്നും സ്വകാര്യമേഖലകളിലായിരുന്നു. രണ്ടെണ്ണം എഴുപുന്ന തെക്കും മറ്റൊന്ന് കുത്തിയതോട്ടിലും സ്ഥിതി ചെയ്തിരുന്നത്. പ്രവർത്തന രഹിതമെങ്കിലും ടി സ്ഥാപനങ്ങൾ ഇന്നും നില നിൽക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ നിന്നും ഇതര പഞ്ചായത്തുകളിലെ കച്ചവടക്കാർ എണ്ണ വാങ്ങി വിതരണം നടത്തിയിരുന്നു. ധാരാളം തൊഴിലാളികൾ ഇവിടെ ജോലി നോക്കിയിരുന്നു. ഇന്നിവയുടെ പ്രവർത്തനം എതാണ്ട് നിലച്ചിരിക്കുകയാണ്. നാളികേരം വെട്ടി കൊപ്രയാക്കി വിൽക്കുന്ന പത്തു കൊപ്ര കളങ്ങളുണ്ട്. 48 തൊഴിലാളികൾ ഇവിടങ്ങളിൽ ജോലിചെയ്യുന്നു. 60 രൂപമുതൽ 8 5 രൂപവരെയാണ് കൂലി നിരക്ക്. രണ്ട് ഓയിൽ മില്ലുകളുണ്ട്. അവിടെ നാല് തൊഴിലാളികൾ പ്രവർത്തിക്കുന്നു. കൂലി നിരക്ക് 60-65 രൂപയാണ്.

**3.4 തടി വ്യവസായം**

കോടം തുരത്ത് പഞ്ചായത്തിൻെറ 8ാം വാർഡിൽ രണ്ടും, രണ്ടാം വാർഡിൽ രണ്ടും, മൂന്നാം വാർഡിൽ ഒന്നും വീതം ആകെ അഞ്ച് അറക്കമില്ലുകളും അതിനോടനുബന്ധിച്ചുള്ള തടിവ്യവസായവും നമുക്കുണ്ട്. ഉപഭോക്താക്കളുടെ ആവശ്യാനുസരണം കൊണ്ടുവരുന്ന തടികൾ അറുത്തുരുപ്പടികളാക്കി കൊടുക്കുന്നതിനും തടികൾ അറുത്ത് വില്പന നടത്താനുള്ള സൗകര്യങ്ങളും പ്രസ്തുത മില്ലുകളിൽ ഉണ്ട്. ഈ രംഗത്ത് 12 തൊഴിലാളികൾക്ക് ഇവിടെ പണിയുണ്ട്. കമ്മീഷൻ വ്യവസ്ഥയിലാണ് ഇവിടെ തൊഴിലാളികൾ പണിയെടുക്കുന്നത്.

**3.5 കക്കവ്യവസായം**

ഖാദി ഗ്രാമ വ്യവസായ ബോർഡിൻെറ സഹായത്തോടെ പ്രവർത്തികുന്ന കവേരി ലൈംഷെൽ,(വാർഡ് 5),ഭാരത് ലൈംഷെൽ,(വാർഡ് 9), വ്യക്തികൾ നടത്തുന്ന രണ്ട് ചൂളകൾ (വാർഡ് 2,3) എന്നിങ്ങനെ നാല് കക്കസംസ്ക്കരണ യൂണിറ്റുകളുണ്ട്.

ചുണ്ണാമ്പ് കല്ലുകൾ അന്യ സംസ്ഥാനങ്ങളിൽ നിന്നു ഇറക്കു മതി ചെയ്യാൻ തുടങ്ങിയ തോടുകൂടി ഈ ചെറുകിട വ്യവസായങ്ങൾ തകർച്ചയെ നേരിട്ടു. മൈനിംഗ് ആൻറ് ജിയോളജി വകുപ്പിൻെറ കീഴിലാണ് കക്കയെ ഉൾപ്പെടുത്തിയിട്ടുള്ളത്. കുത്തിയതോട് കേന്ദ്രമാക്കി നാല് പഞ്ചായത്തിനായി ഒരു കക്കാ വ്യവസായ സഹകരണ സംഘം ഉണ്ട്. നാന്നൂറ് തൊഴിലാളികൾ കക്ക ശേഖരിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്നു. കക്കവ്യവസായം തകർച്ചയെ നേരിടുന്നതിനാൽ ഈ തൊഴിലാളികൾ മറ്റു തൊഴിലിലേക്ക് മാറി കൊണ്ടിരിക്കയാണ്.

വിശാലമായ ജലസമ്പത്ത് ഉള്ള ഈ ഗ്രാമത്തിലെ പ്രധാന വിഭവമാണ് കക്ക. കക്കാ നിക്ഷേപം ഈ ഗ്രാമത്തിലെ കായലുകളിൽ സുലഭമായുണ്ട്.

**3.6 പായ നെയ്ത്ത്**

നാട്ടിൽ സുലഭമായി കിട്ടിയിരുന്ന തഴ ഉപയോഗിച്ച് നിർമ്മിച്ചിരുന്ന പായ വ്യവസായം ഒരു കുടിൽവ്യവസായമായി നില നിന്നിരുന്നു. മറ്റു വ്യവസായങ്ങൾ ആരംഭിച്ചതോടു കൂടി പ്രസ്തുത

വ്യവസായത്തിന് മങ്ങലേറ്റു. തഴ ലഭിക്കുന്ന കൈതകൾ വെട്ടി നശിപ്പിക്കുന്നു തൻമൂലം ഈ കുടിൽ വ്യവസായം തകർന്നിരിക്കുന്നു. കൈത വളരുന്നതിനുള്ള കാലാവസ്ഥയും ഭൂപ്രകൃതിയു മാണുള്ളത്

### 3.7 ചെറുകിട ഫർണ്ണിച്ചർ വ്യവസായ യൂണിറ്റ്

ഈ പഞ്ചായത്ത് അതിർത്തിയിൽ വിവധ വാർഡുകളിലായി 11 ചെറുകിട നിർമ്മാണ യൂണി റ്റുകൾ പ്രവർത്തിക്കുന്നു. 35 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. വിദഗ്ധ തൊഴിലാളികൾ ഇല്ലാത്തതിൻെറ കുറവ് അനുഭപ്പെടുന്നുണ്ട്. തൊഴി ലില്ലാത്ത ചെറുപ്പക്കാർക്ക് പരിശീലിക്കാവുന്ന ഒരു തൊഴിലാണിത്. വൈവിദ്ധ്യമാർന്ന രൂപ കല്പന കളിൽ കാലഘട്ടത്തിൻെറ ആവശ്യങ്ങൾക്കനുസ രിച്ച് പ്രവർത്തനം വിപുലപ്പെടുത്താവുന്നതാണ്.

### 3.8 പപ്പടം നിർമ്മാണ യൂണിറ്റ്

നാലു ചെറുകിട പപ്പട നിർമ്മാണ യൂണി റ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സ്വയം തൊഴിൽ എന്ന നിലയിൽ യൂണിറ്റുകളുടെ പ്രവർത്തനം വിജയ കരമാണ്. സാമ്പത്തിക സഹായവും പരിശീലന വും നൽകി കൂടുതൽ യൂണിറ്റുകൾ ആരംഭിക്കാ വുന്നതാണ്.

### 3.9 റെഡിമെയഡ് യൂണിറ്റുകൾ

ആറ് റെഡിമെയഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ വിജയകരമായി പ്രവർത്തിച്ചുവ രുന്നു. ആറു യൂണിറ്റുകളിലുമായി നല്പത് തൊഴി ലാളികൾക്ക് ജോലി ലഭിക്കുന്നു. പരിശീലനവും സമ്പത്തിക സഹായവും നല്കിയാൽ യുവതി യുവാക്കൾക്ക് ആശ്രയിക്കാവുന്ന മേഖലയാണിത്.

## 4. ആധുനിക വ്യവസായങ്ങൾ

പരമ്പരാഗത വ്യവസായങ്ങൾക്ക് മങ്ങ ലേറ്റത് ആധുനിക വ്യവസായങ്ങളുടെ വരവോടു കൂടിയാണ്. ഇന്ന് ഈ നാടിൻെറ വികസനം, ആധുനിക വ്യവസായങ്ങളിലൂടേയും പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തെയും ആശ്ര യിച്ചിരുക്കുന്നു.

### 4.1 ചെമ്മീൻ വ്യവസായം

ആധുനിക വ്യവസായങ്ങളിൽ എറ്റവും പ്രാധാന്യം ചെമ്മീൻ വ്യവസായത്തിനാണ്. ചെമ്മീൻ സംസ്ക്കരണമാണ് പ്രധാനം. ചെറുതും വലുതുമായ 3 പീലിംഗ് ഷെഡുകൾ ഇവിടെ യുണ്ട്. 1975ൽ ഇതിൻെറ ആദ്യയൂണിറ്റ് പ്രവർ ത്തനം ആരംഭിച്ചു. 2960 സ്ത്രീകളും 155 പുരുഷൻമാരും ഇവിടെ ജോലി ചെയ്യുന്നു. 500 ഓളം പേർക്ക് പരോക്ഷമായും ജോലി ലഭിക്കു ന്നുണ്ട്. ഇവിടെ പണിയെടുക്കുന്ന സ്ത്രീകൾക്ക് പ്രതിദിനം 40 രൂപയും പുരുഷൻമാർക്ക് 60 രൂപ യും കൂലി ഇനത്തിൽ ലഭിക്കുന്നു.

### 4.2 ചെമ്മീൻ ഫീഡ് നിർമ്മാണം.

കോടംതുരുത്ത് പഞ്ചായത്തിലെ ഏക ചെമ്മീൻ ഫീഡ് നിർമ്മാണശലയാണ് അഞ്ചാം വാർഡിൽ (എഴുപുന്ന തെക്ക് )പ്രവർത്തിച്ചു വരുന്ന ഹിഗാഷിമാരു ഫിഷ് ഫീഡ് ഇഗ്രീഡിയറ്റ് ഫാക്ടറി. ദേശത്തും വിദേശത്തും പ്രാധാന്യമുള്ള ഒരു ഉല്പന്നമാണ് ഫിഷ് ഫീഡ്. അതു കൊണ്ട് തന്നെ വിപുലമായ രീതിയിൽ ഈ ഉല്പന്നം കയറ്റി അയച്ചു കൊണ്ടിരിക്കുന്നു. ഏകദേശം അഞ്ചു കോടി രൂപ മുതൽ മുടക്കുണ്ട്. 50 തൊഴിലാളികൾ 2 ഷിഫ്റ്റിലായി ഇവിടി ജോലി ചെയ്തു വരുന്നു. ഇതൊരു വൻകിട വ്യവസായിക ശാലയാണ്. മലിനീകരണം രൂക്ഷമായതിനാൽ തദ്ദേശ വാസികൾ ഇതിനെതിരെ ശക്തമായ പ്രക്ഷോഭ ത്തിലാണ്. സ്ത്രീകൾക്ക് 25 രൂപയും പുരുഷന്മാ ർക്ക് 45 രൂപ-50 രൂപയുമാണ് പ്രതിദിനവേതനം നൽകുന്നു. കോൺട്രാക്റ്റ് വ്യവസ്ഥയിലാണ് തൊഴിലാളികൾ ജോലി ചെയ്യുന്നത്.

### 4.3 സ്റ്റീൽ എൻജിനിയറിംഗ് യൂണിറ്റുകൾ

1ാം വാർഡിൽ (1), 3ാം വാർഡിൽ (2)ഉം, നാലം വാർഡിൽ (2)ഉം, ആറാം വാർഡിൽ (1)ഉം, എന്നിങ്ങനെ ആറ് ചെറുകിട സ്റ്റീൽ എൻജിനിയ റിംഗ് സ്ഥാപനങ്ങൾ സ്വകാര്യ ഉടമസ്ഥയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ വ്യവസായികടി സ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനം 4ാം വാർഡിൽ പ്രവർത്തിക്കുന്ന ഹീറ്റ് ഇക്യുപ്മെ ൻറ്സ് സർവീസ് (എച്.ഇ.എസ് )മാത്രമാണ്. 30 തൊഴിലാളികൾ പണിയെടുക്കുന്നു. തൊഴിൽ സദ്ധ്യതകൾ ഏറെയുള്ള ഒരു മേഖലയാണിത്. തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് ആശ്രയി ക്കാവുന്ന ഒരു വ്യവസായവുമാണ്. ഇലക്ട്രിക്ക് റാഡ് ഈ യൂണിറ്റിൻെറ നിർമ്മിതിയാണ്.

### 4.4 ഇലക്ട്രിക്കൽ എൻജിനിയറിംഗ യൂണിറ്റുകൾ

8 ചെറുകിട ഇലക്ട്രിക്ക്എൻജിനിയറിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവ സ്വയം തൊഴിൽ മേഖലകളാണ്. വികസന സാദ്ധ്യതയു മുണ്ട്.

### 4.5 കാർട്ടൺ വ്യവസായം

1ാം വാർഡിൽ 2 കാർട്ടൺ വ്യവസായ യൂണിറ്റുകൾ സ്വകാര്യ മേഖലയിൽ പ്രവർത്തി ക്കുന്നുണ്ട്. ഇത് യന്ത്രവൽകൃത വ്യവസായമാണ്.

ഇവിടെ നാല്പത് തൊഴിലാളികൾ പണിയെടുക്കുന്നു. വൈദ്യുതി നിയന്ത്രണം മൂലം പൂർണ്ണ പ്രവർത്തന ക്ഷമത കൈവരിക്കാൻ കഴിയുന്നില്ല.

## 5. ടൂറിസം

കൊച്ചിക്കും ആലപ്പുഴയക്കും ഇടയിൽ കെ.ടി.ഡി.സിയുടെ ടൂറിസം മാപ്പിലുള്ള ഒരു ടൂറിസ്റ്റ് കേന്ദ്രമാണ് കുത്തിയതോട്. ഒരു സീസണിൽ 500ലെറെ വിദേശ ടൂറിസ്റ്റുകൾ ഇവിടെ സന്ദർശിക്കുന്നുണ്ട്. ഇതൊടപ്പം മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ടൂറിസ്റ്റുകളെയും ഈ പ്രദേശം ആകർഷിച്ചു വരുന്നു. കുത്തിയതോട് കനാൽ, കുറുമ്പിക്കായൽ, നീണ്ടകര, ചേരുങ്കൽ, ഉളവയ്പ് കായൽ, ചാലാത്തറ തുരുത്ത് എന്നിവ പ്രകൃതി ഭംഗിയാൽ അനുഗ്രഹീതമാണ്. നീണ്ടകര, ചേരുങ്കൽ പ്രദേശങ്ങളിലെ ചെമ്മീൻ, മീൻ, ഞണ്ട്, വളർത്തൽ കേന്ദ്രങ്ങളും ടൂറിസ്റ്റുകളെ ആകർഷിക്കുന്നവയാണ്. നിരവധി തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് തൊഴിൽ നൽകുന്നതിനും വിദേശ നാണ്യം സമ്പാദിക്കുന്നതിനും ടൂറിസം സാദ്ധ്യതകളെ വേണ്ടവിധം പ്രയോജനപ്പെടുത്തുവാൻ കഴിയണം. കുട്ടനാടൻ രീതിയിലുള്ള ജലനൗകകൾ, കേരള വാസ്തു ശില്പ വൈദഗ്ധ്യം എന്നിവ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തണം. കുറുമ്പികായലിൽ ഓണക്കാലത്ത് ജലമേളകൾ സംഘടിപ്പിക്കാറുണ്ട്. 1993ൽ നടന്ന കുത്തിയതോട് ജലമേള അന്നത്തെ ഗവർണ്ണറായിരുന്ന ശ്രീ.ബാസവയ്യ രാച്ചയ്യയാണ് ഉദ്ഘാടനം ചെയ്തത്.

## 6. പ്രശ്നങ്ങൾ, ഗ്രാമസഭ നിർദ്ദേശങ്ങൾ

### കയർമേഖല

1. അദ്ധ്വാനഭാരമനുസരിച്ചുള്ള വേതനം കിട്ടാത്തതിനാലും ചെമ്മീൻ വ്യവസായ വ്യാപിച്ചതുമൂലവും കയർ വ്യവസായ രംഗത്തു നിന്നും ധാരാളം തൊഴിലാളികൾ കൊഴിഞ്ഞു പോകുന്നു.
2. ആഭ്യന്തരവിപണനത്തേക്കാൾ വിദേശമാർക്കറ്റുകളെ ആശ്രയിക്കുന്ന കയർ വ്യവസായം ഗുരുതരമായ വെല്ലുവിളി നേരിടുന്നു.
3. കയറിന് വിദേശ മാർക്കറ്റ് കുറഞ്ഞു.
4. ആധുനിക വൽക്കരണത്തിൻെറ അഭാവം
5. സിന്തറ്റിക്ക് ഉല്പന്നങ്ങളുടെ വരവ്
6. അയൽ സംസ്ഥാനങ്ങളിലെ യന്ത്രവൽക്കരണം നമുക്കീവ്യവസായത്തിലുണ്ടായിരുന്ന കുത്തകയ്ക്ക് പോറലേൽപ്പിച്ചു.
7. ആവശ്യമായ പച്ചതൊണ്ടുകളുടെ ദൗർലഭ്യം.
8. നാട്ടിലെ തൊണ്ടിൽ നല്ലൊരുശതമാനം വിറകായി ഉപയോഗിക്കുകയോ, നഷ്ടപ്പെടുത്തുകയോ ചെയ്യുന്നു.
9. ലഭ്യമായ പച്ചതൊണ്ട് വേണ്ടവിധം അഴുക്കാൻ കഴിയുന്നില്ല.
10. അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചചകിരിയെ ആശ്രയിക്കേണ്ടി വരുന്നു.

### കള്ള് വ്യവസായം

11. കള്ള് വ്യവസായത്തിന്, ചെത്തുന്നതിനുള്ള നല്ലതെങ്ങ് ലഭിക്കുന്നില്ല.തെങ്ങ്രോഗം കള്ളുല്പാദനത്തെ പ്രതികൂലമായിബാധിച്ചു.
12. ചെത്തു തൊഴിലാളികൾ പാലക്കാടു തുടങ്ങിയ സ്ഥലങ്ങളിൽ പോയി തൊഴിൽ ചെയ്യുന്നു.
13. അനതികൃത മദ്യ വില്പനയുണ്ട്
14. പിരിഞ്ഞ് പോകുന്നവർക്ക് പകരം തൊഴിലാളികളെ എടുക്കുന്നില്ല.

### നാളികേര സംസ്ക്കരണം

15. വ്യാപകമായ തെങ്ങ് രോഗം നാളികേരത്തിൻെറ ഉല്പാദനത്തെ പ്രതികൂലമായി ബാധിച്ചു.
16. ചില സന്ദർഭങ്ങളിൽ എണ്ണവിലയ്ക്കുണ്ടായ കുറവ്. താങ്ങുവില നിശ്ചയിട്ടില്ല.
17. ഭക്ഷ്യാവശ്യത്തിനായി കൂടുതലായി ഉപയോഗിച്ചു തുടങ്ങി.
18. കൊപ്രയും, വെളിച്ചെണ്ണയും ഇറക്കുമതി ചെയ്യുന്നു.

### തഴപ്പാനെയ്ത്ത്

19. കൈതവെട്ടി നശിപ്പിക്കുന്നു.
20. പുതിയ കൈതകൾ വെച്ചു പിടിപ്പിക്കുന്നില്ല.

### കക്ക വ്യവസായം

21. പച്ച കക്കാധാരളമായി ഇവിടെ നിന്നും കയറ്റി അയക്കുന്നു.
22. കക്കയിറച്ചിക്കു കൂടുതൽ കമ്പോളങ്ങൾ കണ്ടെത്തുന്നില്ല. വളർച്ച പൂർണ്ണമാകാതെ കക്ക വാരിയെടുക്കുന്നു.
23. അമാൽഗം ഫുഡ് ഇൻഗ്രീഡിയൻറ് ഫാക്ടറിയിൽ നിന്നും വിവിധ പ്രദേശങ്ങളിലെ പീലിംഗ ഷെഡ്ഡുകളിൽ നിന്നും വരുന്ന മലിന ജലം കക്ക ഉല്പാദനത്തിന് തടസ്സമാകുന്നു.
24. 'കക്ക' മൈനിംഗ് ആൻറ് ജിയോളജി വകുപ്പിൻെറ കീഴിൽ ആയതിനാൽ കക്കാ തൊഴിലാളികൾക്ക് മത്സ്യതൊഴിലാളികളുടെ ആനുകൂല്യം നിഷേധിക്കപ്പെടുന്നു.

### വ്യവസായം

25. വിദഗ്ധ തൊഴിലാളികളുടെ അഭാവം
26. ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നില്ല.
27. വ്യവസായങ്ങൾക്ക് വൈദ്യുതി കണക്ഷൻ യഥാസമയം ലഭിക്കുന്നില്ല.

### ടൂറിസം

28. ടൂറിസ്റ്റുകൾക്ക് വേണ്ടുന്ന സൗകര്യങ്ങൾ ചെയ്തു കൊടുക്കാനും അവരെ ആകർഷിക്കുന്നതിനും സംവിധാനം ഒരുക്കുന്നില്ല.
29. സ്വന്തമായി ടൂറിസം ഗൈഡെ,മാപ്പോ ഇല്ല.
30. കായൽസൗന്ദര്യം ആസ്വദിക്കുന്നതിന് യാത്ര സൗകര്യത്തിൻെറ അഭാവം. വിശ്രമസങ്കേതങ്ങളില്ല.

### ചെമ്മീൻ

31. കയറ്റുമതിയെ മാത്രം ആശ്രയിക്കുന്നു.
32. എല്ലാഷെഡ്ഡുകളും ശുചിത്വമുള്ളവയോ, അധുനിക സൗകര്യമുള്ളവയോ അല്ല അതിനാൽ വിദേശത്തേക്ക് പോകുന്ന ചെമ്മീൻ തിരിച്ചയക്കെപ്പെടുന്ന സാഹചര്യം ഉണ്ടാക്കുന്നു.
33. പുറത്തേക്ക് ഒഴുക്കിവിടുന്ന മാലിന്യവസ്തുക്കളും കേടാകുന്ന മത്സ്യവും പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്നു.
34. പീലിംഗ് തൊഴിലാളികൾക്ക് പുതിയ ആരോഗ്യപ്രശ്നം ഉണ്ടാകുന്നു. (ഗർഭാശയ രോഗം, നടുവുവേദന കാൽകഴപ്പ്, മരവിപ്പ് മുതലായവ).
35. ചെമ്മീൻ തൂക്കി കൊടുക്കുന്നതിന് പകരം അളന്നു കൊടുക്കുന്നതിനാൽ തൊഴിലാളികൾ വഞ്ചിക്കപ്പെടുന്നു.
36. അണുപ്രസരണം എന്ന വെല്ലുവിളിയെ നേരിടുന്നു.
37. തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷൻ ആനുകൂല്യവും ലഭിക്കുന്നില്ല.
38. പീലിംഗ് തൊഴിലാളികളെ മത്സ്യം തൊഴിലാളികളായി അംഗീകരിക്കുന്നില്ല.
39. കുറഞ്ഞകൂലിയും കുടുതൽ അദ്ധ്വാനവും.
40. പീലിംഗ് സീസൺ അനുസരിച്ചുള്ള തൊഴിൽ ആയതിനാൽ സ്ഥിരം തൊഴിൽ ലഭ്യമല്ല.
41. അദ്ധ്വാനത്തിനനുസൃതമായി കൂലി ലഭ്യമല്ല.
42. വായു,ജലം,എന്നിവ മലിനീകരിക്കപ്പെടുന്നു. പലതരം പകർച്ചവ്യാധികൾ (ഛർദി, അതിസാരം, ശ്വാസം മുട്ടൽ തുടങ്ങിയ രോഗങ്ങൾ) ഉണ്ടാകുന്നു.
43. വ്യവസ്ഥകൾ ലംഘിച്ച് ചെമ്മീൻ സംസ്കരണ ശാലകളും ഫിഷ് ഫീഡ് കമ്പനിയു പ്രവർത്തിക്കുന്നു.
44. 1,2,5,9 എന്നീ വാർഡുകളിലെ ഗ്രാമ സഭകൾ ഫിഷ് ഫീഡ് കമ്പനിക്കെതിരെ പ്രമേയം പാസാക്കി യിട്ടുണ്ട്.
4 5.വ്യാവസായിക ആവശ്യത്തിന് മതിയായ അസംസ്കൃത പദാർത്ഥം ലഭ്യമല്ല.
46. കുമ്മായച്ചൂളകൾ ജനങ്ങൾ തിങ്ങി പാർക്കുന്നിടത്ത് സ്ഥിതി ചെയ്യുന്നത് വായുവിനെ മലിനമാക്കുകയും തൻമൂലം ആരോഗ്യത്തിന് ഹാനികരമാവുകയും ചെയ്യുന്നു.

## നിർദേശങ്ങൾ

### കയർവ്യവസായം

1. തൊണ്ട് വേണ്ടത്ര ലഭ്യമാക്കണം. ലവിസമ്പ്രദായം നടപ്പാക്കണം
2. നാളികേരത്തിന് താങ്ങുവില നിശ്ചയിക്കണം.
3. വിദേശ മാർക്കറ്റുകൾ കണ്ടെത്തണം.
4. ആധുനിക വൽക്കരണം ഏർപ്പെടുത്തണം
5. തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകണം.
6. കയർ വ്യവസായ തൊഴിലാളികൾക്ക് അദ്ധ്വാനഭാരത്തിനനുസൃതമായ വേതനം ലഭ്യമാക്കണം.
7. കയർ ഉല്പന്നങ്ങൾക്ക് സ്വദേശ വിപണി കണ്ടെത്താൻ ശ്രമിക്കണം. കയർ സഹകരണ സംഘങ്ങൾക്ക് ഗവൺമെൻറ് ഓഹരി വർദ്ധിപ്പിക്കണം.

### കള്ള് വ്യവസായം

8. തെങ്ങ് രോഗ നിയന്ത്രണത്തിന് നടപടികൾ സ്വീകരിക്കണം.
9. അനധികൃത മദ്യവില്പന നിർത്തലാക്കണം.
11. പിരിഞ്ഞ് പോകുന്ന തൊഴിലാളികൾക്ക് പകരം തൊഴിലാളികളെ കണ്ടെത്തി ഉൾപ്പെടുത്തണം.

### നാളികേര സംസ്ക്കരണം.

12. ഓയിൽ മില്ലുകളുടെ പ്രവർത്തനം പുനരാരംഭിക്കുവാൻ സഹകരണ സംഘ ങ്ങൾ രൂപികരിച്ച് കൊപ്ര സംഭരണ സംസ്ക്കരണ ശാല ആരംഭിക്കണം.

## പഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങളുടെ പട്ടിക. എസ്.എസ്.ഐ.യൂണിറ്റ്

| ക്രമ നമ്പർ | വാർഡ് | പേര് | എച്ച്. പി. |
|---|---|---|---|
| 1. | 1 | ഓയിൽ മിൽ | 15 |
| 2. | | ഓയിൽ മിൽ എക്സ് പില്ലർ | 10 |
| 3. | | പൊടി മിൽ | 10 |
| 4. | | പൊടി മിൽ | 10 |
| 5. | | ചകിരി അടിക്കുന്നമിൽ | 10 |
| 6. | 2 | അറക്കമിൽ | 15 |
| 7. | 3 | പൊടിമില്ല് | 10 |
| 8. | | പൊടി മിൽ | 10 |
| 9. | | പൊടി മിൽ | 10 |
| 10. | | പൊടി മിൽ | 10 |
| 11. | | അറക്കമിൽ | 15 |
| 12. | | വെൽഡിംഗ് വർക്ക്സ് | 5 |
| 13. | | വെൽഡിംഗ് വർക്ക്സ് | 7 |
| 14. | | കക്കാചൂള | 5 |

| ക്രമ നമ്പർ | വാർഡ് | പേര് | എച്ച്. പി. |
|---|---|---|---|
| 15. | 4 | വെൽഡിംഗ് | 15 |
| 16. | | വെൽഡിംഗ് | 15 |
| 17. | | പൊടിമിൽ | 10 |
| 18. | | പൊടിമിൽ | 10 |
| 19. | 5 | കക്കാച്ചൂള | 5 |
| 20. | 6 | പേപ്പർ ബാഗ് | 3.5 |
| 21. | | പൊടിമിൽ | 10 |
| 22. | 7 | പൊടിമിൽ | 5 |
| 23. | | പൊടിമിൽ | 7 |
| 24. | | പൊടിമിൽ | 10 |
| 25. | 8 | അറക്കമിൽ | 37.5 |
| 26. | | അറക്കമിൽ | 37.5 |
| 27. | | പൊടിമിൽ | 5 |
| 28. | 9 | കക്കാച്ചൂള | 15 |

## മുഖ്യവ്യവസായതുറകൾ

| ക്രമ നമ്പർ | പരമ്പരാഗത വ്യവസായം |
|---|---|
| 1. | കയർ |
| 2. | കൊപ്ര |
| 3. | കള്ള് |
| 4. | കക്ക |
| 5. | മത്സ്യം |
| 6. | തഴപ്പായ |
| 7. | പപ്പടനിർമ്മാണം |

| ക്രമ നമ്പർ | ആധുനിക വ്യസായം |
|---|---|
| 1. | ചെമ്മീൻ |
| 2. | ചെമ്മീൻ ഫീഡ് |
| 3. | കാർട്ടൻ |
| 4. | ഫർണിച്ചർ |
| 5. | ഇലട്രിക്കൽ എൻജിനിയറിംങ്ങ് |
| 6. | റെഡിമെയിഡ് വസ്ത്രനിർമ്മാണം |
| 7. | സ്റ്റീൽ എൻജിനിയറിംങ്ങ് |
| 8. | തടി വ്യവസായം |
| 9. | മത്സ്യഫാം |
| 10. | ടൂറിസം |

## പഞ്ചായത്തിലെ പീലിംഗ് ഷെഡുകളുടെ പട്ടിക

| ക്രമ നമ്പർ | വാർഡ് നമ്പർ | പീലിംഗ് ഷെഡുകളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1. | 1 | 3 | 300 |
| 2. | 2 | 2 | 160 |
| 3. | 3 | 4 | 375 |
| 4. | 4 | 6 | 450 |
| 5. | 5 | 1 | 100 |
| 6. | 6 | 5 | 4 5 |
| 7. | 7 | 5 | 350 |
| 8. | 8 | 7 | 480 |
| 9. | 9 | 4 | 270 |
| ആകെ | | 37 | 2960 |

പ്രതിമാസതൊഴിൽ ദിനം 18-22 പ്രതിദിനവരുമാനം സ്ത്രീ 45 - 60 രൂപ പുരുഷൻ 60 - 100 രൂപ

### കക്ക വ്യവസായം

13. വളർച്ച പൂർത്തിയാകാത്ത കക്ക വാരിയെടുക്കുന്നത് നിരോധിക്കണം
14. മൈനിംഗ് ആൻറ് ജിയോളജി വകുപ്പിൻെറ കീഴിൽ നിന്നും കക്ക വ്യവസായത്തെ ഒഴിവാക്കണം.
15. കക്കാ തൊഴിലാളികളെ മത്സ്യ തൊഴിലാളികളായി അംഗീകരിക്കണം.
16. കുമ്മായ ചൂളകളിൽ നിന്നുള്ള മലിനീകരണം തടയണം. ഇതിനായി ജനസാന്ദ്രത കുറഞ്ഞപ്രദേശം അക്വയർ ചെയ്ത് വ്യവസായ വകുപ്പ് ഇൻഡസ്ട്രിയൽ ഏരിയ പ്രഖ്യാപിക്കണം.

### ചെമ്മീൻ വ്യവസായം.

17. ജല - വായു മലിനീകരണം കർശനമായി തടയണം. ഇതിനായി പീലീംഗ് ഷെഡുകളെ ബന്ധിപ്പിച്ച് സ്വകാര്യ - പൊതുമേഖല സംരംഭമായി മലിനികരണ നിയന്ത്രണ പ്ലാൻറ് സ്ഥാപിക്കണം.
18. സ്ത്രീ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കണം.
19. തൊഴിൽ സൗകര്യങ്ങൾ നിയമാനുസരണം എർപ്പെടുത്തണം.
20. എല്ലാ ഫാക്ടറികൾക്കും നെയിം ബോർഡ് സ്ഥാപിക്കണം.
21. ചെമ്മീൻ വ്യവസായ രംഗത്തെ തൊഴിലാളികൾക്ക് പുതിയ ആരോഗ്യപ്രശ്നങ്ങളിൽ ഉണ്ടാകാത്ത വിധം തൊഴിൽ രീതികൾ ആധുനീകരിക്കണം

### ടൂറിസം

22. ടൂറിസം വികസനത്തിനാവശ്യമായ ആധുനിക സംവിധാനങ്ങൾ എർപ്പെടുത്തണം. ടൂറിസം ഏരിയാ നിശ്ചയിച്ച് കേരളിയ വാസ്തുശില്പ വൈദഗ്ധ്യ തനിമ നിലനിർത്തി വിശ്രമ കേന്ദ്രങ്ങൾ, റസ്റ്റോറൻറ്, ജല നൗകകൾ എന്നി അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കണം.

### തഴപ്പാവ്യവസായം.

23. കൈത വെച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകണം.
24. മാർക്കറ്റ് കണ്ടെത്തുവാൻ കഴിയണം.

### ചെറുകിടവ്യവസായങ്ങൾ.

25. താഴെപറയുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം. ഇതിനാവശ്യമായ പരിശീലനം നൽകണം.
26. വിദഗ്ധ തൊഴിലാളികളെ കണ്ടെത്തണം. വൈദ്യുതി കണക്ഷൻ യഥാസമയം ലഭ്യമാക്കണം.
27. ചെറുകിട വ്യവസായ യൂണിറ്റുകളെല്ലാം നിർബന്ധമായും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം.
28. 20 ലക്ഷം രൂപാവരെ മുതൽ മുടക്കുള്ള ചെറുകിട വ്യവസായ (എസ്.എസ്.ഐ) യൂണിറ്റുകളെ പൂർണ്ണമായു നികുതിയിൽ നിന്നു ഒഴിവാക്കണം.
29. ആരംഭിക്കേണ്ട ചെറുകിട വ്യവസായങ്ങൾ. ഗ്രാമസഭയിൽ ഉയർന്നു വന്ന പുതിയ വ്യവസായ നിർദ്ദേശങ്ങൾ ജില്ലാ വ്യവസായ കേന്ദ്രം,ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ്, സഹകരണ, ധനകാര്യാ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഏറ്റെടുത്ത് നടപ്പാക്കണം
    1. കന്നുകാലി വളർത്തൽ.
    2. ഇറച്ചിക്കോഴി.
    3. കറിപൗഡർ.
    4. സോപ്പ് നിർമ്മാണം.
    5. മെഴുക് തിരി നിർമ്മാണം.
    6. കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണ യൂണിറ്റ്.
    7. പ്ലാസ്റ്റിക്ക് നിർമ്മാണ യൂണിറ്റ്.
    8. ജൈവവള നിർമ്മാണ യൂണിറ്റ്.
    9. ഹോളോ ബ്രിക്സ്.
    10 കൊപ്രാ സംഭരണം, സംസ്ക്കരണം.
    11. ടൂറിസം.
    12. കരകൗശല വസ്തു നിർമ്മാണ യൂണിറ്റ്.
    13. തടുക്ക്, തറി, യൂണിറ്റുകൾ.
    14. തഴപ്പാനെയ്ത്ത് യൂണിറ്റ്.
    15. കുമ്മായ ചൂള യൂണിറ്റ്.
    16. മത്സ്യകൃഷി യൂണിറ്റ്.
    17. സിമൻറ് പെയ്ൻറ് ഫാക്ടറി.
    18. ഡയറി യൂണിറ്റ്.
    19. കയർ ഡൈ നിർമ്മാണ യൂണിറ്റ്.
    20. അച്ചാർ നിർമ്മാണ യൂണിറ്റ്.
    21. പപ്പട നിർമ്മാണ യൂണിറ്റ്.
    22. റബ്ബറൈസ്ഡ് തടുക്ക് നിർമ്മാണ യൂണിറ്റ്.

23. ഇലക്ട്രോണിക്സ് ഉപകരണ നിർമ്മാണ യൂണിറ്റ്(കെൽട്രോൺ സഹായത്തോടെ)
24. ബുക്ക് ബൈൻറിംഗ്
25. ഇലക്ട്രിക്കൽ എൻജിനീയറിംഗ് യൂണിറ്റ്
26. ചോക്ക് നിർമ്മാണ യൂണിറ്റ്.
27. ചെരുപ്പ് നിർമ്മാണ യൂണിറ്റ്.
28. കുട നിർമ്മാണ യൂണിറ്റ്.
29. സോഫ്റ്റ് ഡ്രിംഗ്സ് യൂണിറ്റ്
30. വഞ്ചി നിർമ്മാണ യൂണിറ്റ്.
31. അലൂമിനിയം ഫാബ്രിക്കേഷൻ യൂണിറ്റ്
32. തടികൊണ്ടുള്ള ഇൻറീരിയർ ഡെക്കറേഷൻ യൂണിറ്റ്.
33. ചെമ്മീൻ തീറ്റ നിർമ്മാണ ഫാക്ടറി.
34. നെല്ല് സംസ്ക്കരണ യൂണിറ്റ്.
35. ക്ഷീരോല്പാദന വ്യവസായ യൂണിറ്റ്
36. നിർമ്മിതി കേന്ദ്രത്തിൻെറ ഒരു യൂണിറ്റ്
37 . പുകയില്ലാത്ത അടുപ്പ് നിർമ്മാണ യൂണിറ്റ്.
38. കാടക്കോഴി നേഴ്സറി
39. ഇറച്ചിക്കോഴി-മുട്ടക്കോഴി വളർത്തൽ കേന്ദ്രം
40. കൈത്തറി വസ്ത്ര നിർമ്മാണ യൂണിറ്റ്
41. ഫാസ്റ്റ് ഫുഡ് ഷോപ്പുകൾക്കുള്ള ധനസഹായം
42. ട്രൈസം പദ്ധതി പ്രകാരം തൊഴിൽ രഹിതർക്ക് പരിശീലനവും ധനസഹായവും നൽകുക.
43. യുവതികൾക്കായി ഫോട്ടോഗ്രാഫിക്ക് പരിശീലന കേന്ദ്രം ആരംഭിക്കുക.

## നവംബർ 1. പുനരർപ്പണദിനപ്രവർത്തനങ്ങൾ കോടംതുരുത്ത് പഞ്ചായത്തിൽ

| വാർഡ് | പ്രവർത്തിയുടെ സ്വഭാവം | പങ്കാളിത്തം | | ആകെ | അദ്ധ്വാനം സന്നദ്ധസേവനം കൂലിയിനത്തിൽ |
|---|---|---|---|---|---|
| | | സ്ത്രീ | പുരുഷൻ | | |
| 1. | പി.എസ്സ്. ഫെറി മുതൽ ചമ്മനാട് കോളനി റോഡ് ഉത്ഘാടനം എർത്ത് വർക്ക് | 12 | 23 | 35 | 2800 രൂപ |
| 7. | കരുമഞ്ചേരി മുതൽ കോട്ടത്ത് ഐ.എച്ച്.ഡി.പി. കോളനി റോഡ് എർത്ത് വർക്ക് - 600 മീറ്റർ. | 34 | 51 | 85 | 7500 രൂപ |
| 4. | റോഡ് നിർമ്മാണത്തിൻെറ എർത്ത് വർക്കും അംഗനവാടി കെട്ടിടത്തിൻെറ നിർമ്മാണ പ്രവർത്തനോത്ഘാടനം | 5 | 16 | 21 | 17 50 രൂപ |
| 9. | 350 മീറ്റർ റോഡിൻെറ എർത്തു വർക്ക് പി.എസ്. ഫെറി റോഡ് ഔട്ടാക്കൽ കോളനി റോഡ്. | 4 | 42 | 46 | 4000 രൂപ |

# 8 ഊർജ്ജം



കോടന്തുരുത്ത് പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് വിറക്, വൈദ്യുതി, മുതലായ ഊർജ്ജസ്രോതസ്സുകളെയാണ്. മണ്ണെണ്ണ, ഗ്യാസ് മുതലായവ ഭാഗികമായും ഉപയോഗിക്കുന്നു. വൈദ്യുതിയുടെ പ്രധാന പങ്കും വെളിച്ചത്തിനും മറ്റ് ഗാർഹികാവശ്യത്തിനുമാണ്. വിനിയോഗിക്കുന്നത്.

**ഊർജ്ജ ഉപഭോഗം പാചകത്തിന്**

| സ്രോതസ്സ് | കുടുംബങ്ങളുടെ എണ്ണം |
|---|---|
| മണ്ണെണ്ണ | 425 |
| വിറക് | 3096 |
| മറ്റു ജൈവ വസ്തുക്കൾ | 10 |
| L.P.G | 275 |
| തെങ്ങിൽ നിന്നുള്ള വസ്തുക്കൾ | 1646 |
| ആകെ | 5452 |

2. 1996 അവസാനം നടത്തിയ സോഷ്യോ എക്കണോമിക്ക് സർവ്വേയിലൂടെ ലഭിച്ച വിവരങ്ങളാണ് മുകളിൽ പട്ടികപ്പെടുത്തിയിരിക്കുന്നത്. മേൽ കാണിച്ചിരിക്കുന്ന കണക്കുകളിൽ നിന്നും ഗ്രാമവാസികൾ പാചകാവശ്യത്തിന് വിറകാണ് പ്രധാനമായും ഉപയോഗിക്കുന്നതെന്ന് ബോധ്യമാകും. മണ്ണെണ്ണയുടെ ലഭ്യതക്കുറവുമൂലമാണ് ഇത് കൂടുതലായി പാചകത്തിന് ഉപയോഗിക്കാത്തത്. ഉയർന്ന സാമ്പത്തിക ശേഷിയുള്ള കുറച്ചു വീട്ടുകാർ മാത്രമേ ഗ്യാസുപയോഗിക്കുന്നുള്ളു. ഗ്രാമവാസികൾ ഉപയോഗിക്കുന്ന വിറകിൻെറ ശരാശരി കണക്കെടുത്താൽ ഒരു കുടുംബം പ്രതിമാസം 80 കിലോ വിറക് വീതം ഉപയോഗിക്കുന്നതായി കാണാം. ഇതിനുള്ള ചെലവ് കിലോഗ്രാമിന് ഒരു രൂപ 60 പൈസാ പ്രകാരം പ്രതിമാസം 128 രൂപ വരും. ദക്ഷത കൂടിയ പുകയില്ലാത്ത അടുപ്പ്, പഞ്ചായത്തതിർത്തിയിൽ വളരെക്കുറച്ച് വീടുകളിൽ മാത്രമേ ഉള്ളൂ. പഞ്ചായത്തും കേരള ശാസ്ത്ര സാഹിത്യ പരിഷത്തുമാണ് ഇവ സ്ഥാപിച്ചിരിക്കുന്നത്. നമ്മുടെ നാട്ടിൽ പ്രാചീന കാലം മുതൽ ഉപയോഗിച്ചുവരുന്ന മുക്കല്ലടുപ്പുകളാണ് ഇപ്പോഴും മിക്ക വീടുകളിലും ഉപയോഗിക്കുന്നത്. മുക്കല്ലടുപ്പുകളിൽ കത്തിക്കുന്ന വിറകിൻെറ മുപ്പത്തിയഞ്ചു ശതമാനം ഊർജ്ജം മാത്രമേ പ്രയോജനപ്പെടുന്നുള്ളൂ. ബാക്കി പാഴായിപ്പോകുകയാണ്. ഏറെപ്പേരും വിറകടുപ്പിനെ ആശ്രയിക്കുന്നതിനാൽ വിറക് ക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്നു. പുകയില്ലാത്ത അടുപ്പിൻെറ ഗുണമേൻമ ഗ്രാമവാസികളെ ബോധ്യപ്പെടുത്തും വിധമുള്ള പ്രചരണ പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു.



### 3. വൈദ്യുതി

പഞ്ചായത്തിലെ 1,2,3,4 എന്നീ വാർഡുകളടങ്ങിയ പഞ്ചായത്തിൻെറ കിഴക്കൻ മേഖലയിൽ വൈദ്യുതി ലഭിക്കുന്നത് തൈക്കാട്ടുശ്ശേരി സബ്സ്റ്റേഷനിൽ നിന്നും തുറവൂർ വഴിയുള്ള 11 K.V Line ൽ നിന്നുമാണ്. ചേർത്തലനിന്നും പടിഞ്ഞാറെക്കരി നിലങ്ങളിലൂടെ കടന്നുപോകുന്ന 11 K.V Line ൽ നിന്നുമാണ് 5,6,7,8,9 എന്നീ വാർഡുകളടങ്ങിയ എഴുപുന്നയിൽ വൈദ്യുതി ലഭിയ്ക്കുന്നത്.

**നിലവിലുള്ള വൈദ്യുതോപഭോക്താക്കളുടെ സ്ഥിതി വിവരപട്ടിക.**

| | | |
|---|---|---|
| A. | ഗാർഹികം | 3010 |
| B. | വ്യാപാരം | 330 |
| C. | വ്യാവസായികം | 28 |
| D. | കാർഷികം | 35 |
| | ആകെ | 3403 |

പഞ്ചായത്തിലെ വൈദ്യുതോപഭോഗത്തിൻെറ കണക്കാണ് മുകളിൽ കൊടുത്തിരിക്കുന്നത്. മൊത്തം ഉപഭോഗത്തിൻെറ 88.45 ശതമാനം ഗാർഹികാവശ്യങ്ങൾക്കും 9.70 ശതമാനം വ്യാപാരാവശ്യത്തിനും 0.82 ശതമാനം വ്യാവസായികാവശ്യത്തിനും 1.03 ശതമാനം കർഷികാവശ്യങ്ങൾക്കുമാണ് ഉപയോഗിക്കുന്നതെന്ന് കാണാം. പഞ്ചായത്തിലെ തെരുവ് വിളക്കുകളെ സംബന്ധിക്കുന്ന ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബൾബ് 25 W-40 W | 197 |
| ബൾബ് 60 W- | 49 |
| റ്റ്യൂബ് | 34 |
| മെർക്കുറിവേപ്പർ | 1 |
| പഞ്ചായത്തിലെ ആകെ വീടുകൾ | 5452 |
| കണക്ഷനുള്ള വീടുകൾ | 3010 |
| ടെലിവിഷനുള്ള വീടുകൾ | 1069 |
| പമ്പുസെറ്റുകൾ പ്രവർത്തിക്കുന്ന വീടുകൾ | 404 |

പഞ്ചായത്തിൽ ഏറെ പ്രചാരത്തിലുള്ളത് 40W, 60W, 100W ബൾബുകളാണ്. ഇവയ്ക്കാകട്ടെ ദക്ഷത കുറവുമാണ്. ഈ ബൾബുകൾ മാറ്റി പകരം 40W റ്റ്യൂബുകളാക്കിയാൽ കോടന്തുരുത്ത് പഞ്ചായത്തിൽ മാത്രം പ്രതിദിനം 500 യൂണിറ്റ് വൈദ്യുതി ലാഭിയ്ക്കാൻ കഴിയും. വൈദ്യുതിയുടെ ഉൽപാദനവും വിനിയോഗവും തമ്മിൽ പൊരുത്തമില്ലാത്തതിനാലാണ് വോൾട്ടേജ് ക്ഷാമവും വൈദ്യുതി നിയന്ത്രണവും നേരിടേണ്ടിവരുന്നത്.

* വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് വൈദ്യുത പദ്ധതികൾ ആസൂത്രണം ചെയ്യുന്നില്ല. ഉള്ളവ വേണ്ടവണ്ണം ഉപയോഗപ്പെടുത്തുന്നില്ല. ഇതാണ് ഗുരുതരമായ വൈദ്യുതി ക്ഷാമത്തിൻെറ കാരണങ്ങൾ. ആഗോളാടിസ്ഥാനത്തിൽ പരിശോധിച്ചാൽ മൊത്തം ഉല്പാദനത്തിൻെറ 86 ശതമാനം വാണിജ്യാവശ്യത്തിനും 14 ശതമാനം വാണിജ്യേതര ആവശ്യത്തിനുമാണ് ഉപയോഗിക്കുന്നതെന്ന് കാണാം. ഇന്ത്യയിൽ 43 ശതമാനം വാണിജ്യത്തിനും 57 ശതമാനം വാണിജ്യേതര ആവശ്യത്തിനും വിനിയോഗിക്കുന്നു എന്നത് എടുത്തു പറയേണ്ടിയിരിക്കുന്നു.

* ഈ ദുസ്ഥിതി ഒഴിവാക്കാൻ ആവശ്യാനുസരണം വൈദ്യുത പദ്ധതികൾ ആരംഭിയ്ക്കണം. അതു പോലെത്തന്നെ നിലവിലുള്ളവയുടെ ഉല്പാദനം കാര്യക്ഷമമാക്കുകയും വേണം.

| | വാണിജ്യം | വാണിജ്യേതരം |
|---|---|---|
| ആഗോളം | 86% | 14% |
| ഇൻഡ്യ | 43% | 57 % |
| വികസിത രാജ്യങ്ങൾ | 97% | 3% |

വൈദ്യുതിയുടെ ഏറിയപങ്കും വാണിജ്യേതര ആവശ്യത്തിനാണ് ഉപയോഗിക്കുന്നതെന്ന് മുകളിൽ പ്രസ്താവിച്ചത് ഓർക്കുമല്ലോ? ഇതിൽ തന്നേ ജനങ്ങളുടെ വരുമാനവും വിനിയോഗവും തമ്മിലും താരതമ്യം വേണം. ആയതിൻെറ പട്ടിക താഴെ കൊടുക്കുന്നു. സംസ്ഥാനാടിസ്ഥാനത്തിലുള്ളത്.

സംസ്ഥാനാടിസ്ഥാനത്തിൽ ജനങ്ങളുടെ വരുമാനവും വൈദ്യുതോപഭോഗവും തമ്മിലുള്ള ബന്ധം കാണിക്കുന്ന ഒരു പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| പ്രദേശത്തിൻെറ പ്രത്യേകത | പ്രതിമാസ വരുമാനം | വാണിജ്യം | വാണിജ്യേതരം |
|---|---|---|---|
| ഗ്രാമം | 1800 രൂപാ വരെ | 1% | 99% |
| ഗ്രാമം | 3600 ന് മേൽ | 12% | 88% |
| നഗരം | 1800 രൂപാവരെ | 2% | 98% |
| നഗരം | 3600 ന് മേൽ | 40% | 60% |

വഴിവിളക്കുകൾക്കായി പഞ്ചായത്തിൽ നിന്നും പ്രതിവർഷം 34512 രൂപ അടക്കുന്നുണ്ടെങ്കിലും അവയൊന്നും തന്നെ കത്തുന്നില്ല. ഇലക്ട്രിസിറ്റി ബോർഡ് ഉപയോഗിക്കുന്ന ബൾബ്, റ്റ്യൂബ് മുതലായവ വേണ്ട ഗുണനിലവാരം പുലർത്തുന്നില്ല. ഫ്യൂസായ ബൾബുകളും റ്റ്യൂബുകളും യഥാസമയം നീക്കം ചെയ്യാറില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ അലംഭാവം ഇതിന് ആക്കം കൂട്ടുന്നു. പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ പുതിയ വഴിവിളക്കുകൾക്കുള്ള പണം JRY ഫണ്ടിൽ

നിന്നും അഞ്ചു വർഷം മുമ്പ് ബന്ധപ്പെട്ട ഡിപ്പാർട്ടു മെൻറിനെ ഏൽപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ജില്ലാ പഞ്ചായത്ത് അധികൃതരിൽ നിന്നും പഞ്ചായത്തിന്റെ വരുമാന സ്ഥിരത കാണിക്കുന്ന വ്യക്തമായ രേഖ ഹാജരാക്കാത്തതിനാൽ നാളിതുവരെ വിളക്കു കത്തിക്കാൻ കഴിഞ്ഞിട്ടില്ല.

## പ്രശ്നങ്ങൾ

1. വോൾട്ടേജ് ക്ഷാമം
2. അനിയന്ത്രിതമായ പവർക്കട്ടും, വൈദ്യുതി നിയന്ത്രണവും
3. കാര്യക്ഷമതയില്ലാത്ത ബൾബുകൾ, മീറ്റർ, മറ്റുപകരണങ്ങൾ
4. പ്രസരണനഷ്ടം
5. ദുരുപയോഗം
6. ദക്ഷത കുറഞ്ഞ അടുപ്പുകൾ
7. ഇന്ധനക്ഷാമം

### പഞ്ചായത്തു പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LOW TENSION ട്രാൻസ്ഫോർമറുകളുടെ പട്ടിക

| NO. | Capacity | സ്ഥാപിച്ചിരിക്കുന്ന സ്ഥലം |
|---|---|---|
| 1. | 250 KVA | കുത്തിയതോട് ഓഫീസ് |
| 2. | 100 KVA | ബാലവാടി, കോടംതുരുത്ത് |
| 3. | 63 KVA | തട്ടാരി പാടശേഖരം |
| 4. | 250 KVA | ചമ്മനാടു ഗ്രൗണ്ട് |
| 5. | 160 KVA | വല്ലേത്തോട് |
| 6. | 100 KVA | കെ.കെ എക്സ്പോർട്ട്സ് |
| 7. | 500 KVA | വരുണ |
| 8. | 25 KVA | സ്രാമ്പിക്കൽ |
| 9. | 25 KVA | പാച്ചുതോട് |
| 10. | 50 KVA | കൊമ്പനാതുരുത്ത് |
| 11. | 100 KVA | നീണ്ടകര |
| 12. | 100 KVA | കൊണ്ടയിൽ |
| 13. | 25 KVA | ചേരുങ്കൽ നോർത്ത് |
| 14. | 100 KVA | ചേരുങ്കൽ സൗത്ത് |
| 15. | 100 KVA | മാറ്റ് ഇന്ത്യ |
| 16. | 100 KVA | കരുമാഞ്ചേരി |
| 17. | 100 KVA | തൈക്കൂട്ടം |

## ഗ്രാമസഭാ നിർദ്ദേശങ്ങൾ പരിഹാര മാർഗ്ഗങ്ങൾ

1. ചെറുകിട വൈദ്യുതി പദ്ധതികൾ ആരംഭിക്കണം.
2. 5 മെഗാവാട്ടിന്റെ ഒരു ഡീസൽ പ്രൊജക്ട് സ്ഥാപിക്കുക.
3. പടിഞ്ഞാറൻ മേഖലയിൽ കൈലാസം ഭാഗത്തും കിഴക്കൻ മേഖലയിൽ പുന്നവേലിയിൽ മുട്ടിന് സമീപവും 250 KVA വീതമുള്ള ഓരോ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
4. സിംഗിൾ ഫെയിസ് ലൈനുകളെല്ലാം 3 ഫെയിസ് ലൈനുകളാക്കുക.
5. പഞ്ചായത്ത് പ്രദേശത്ത് ഉപയോഗിക്കുന്ന മുഴുവൻ ബൾബുകളും ഘട്ടം ഘട്ടമായി മാറ്റി പകരം 24 ഇഞ്ച് ട്യൂബുകൾ സ്ഥാപിക്കുന്നതിനാവശ്യമായ പ്രോത്സാഹനം ചെയ്യണം.
6. ഹീറ്റർ പോലുള്ള ഉപകരണങ്ങളുടെ വിനിയോഗം നിരുത്സാഹപ്പെടുത്തണം.
7. സ്ലാബ് സമ്പ്രദായം നിർത്തലാക്കി പകരം സ്ലോട്ട് ബില്ലിംഗ് നടപ്പിലാക്കണം.
8. ലൈൻ വലിക്കുന്നതിനുള്ള കൺസൻറ് സമ്പ്രദായം നിയമം മൂലം നിരോധിക്കണം.
9. മൂന്നുമാസത്തിലൊരിക്കൽ ഇലക്ട്രിക്ക് ലൈനിലുള്ള ടച്ചിംഗ് വെട്ടിക്കളയണം. ഇതിന് വാർഡ് പ്രദേശത്തെ സന്നദ്ധപ്രവർത്തകരെ പ്രയോജനപ്പെടുത്താവുന്നതാണ്.
10. വൈദ്യുതിയുടെ ദുർവിനിയോഗം തടയാൻ ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.
11. പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളെല്ലാം 250 KVA ആക്കി പുതുക്കി സ്ഥാപിക്കണം
12. കല്ലടുപ്പുകളുള്ള മുഴുവൻ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. ഉപഭോക്താവ് നൽകേണ്ട വിഹിതം പഞ്ചായത്ത് നൽകണം.
13. ആവശ്യമായ ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കണം.
14. പ്രഷർകുക്കറിന്റെ ഉപയോഗം വ്യാപിപ്പിക്കണം.
15. LPG ഗ്യാസിന്റെ അപര്യാപ്തത പരിഹരിക്കണം.

പുതിയ ട്രാൻസ്ഫോർമറുകളുടെ ഗ്രാമസഭാനിർദ്ദേശം അനുബന്ധമായി ചേർത്തിരിക്കുന്നു.

# 9 ഗതാഗതം



പഞ്ചായത്തിൻെറ ഏറെക്കുറെ മദ്ധ്യഭാഗത്ത് തെക്കു വടക്ക് കുറുമ്പിക്കായൽ (പുത്തൻ തോട്) സ്ഥിതിചെയ്യുന്നു. അതിനാൽ ഈ പഞ്ചായത്ത് രണ്ടു മേഖലകളായി തിരിയുന്നു. ഇതിൽ കിഴക്കൻ മേഖലയിൽ തെക്ക് വടക്ക് 1.50 കിലോമീറ്റർ NH 47 റോഡുണ്ട്. ഈ റൂട്ടിൽ KSRTC ബസ്സുകൾ മാത്രമേ സർവ്വീസ് നടത്തുന്നുള്ളു. സ്വകാര്യ ബസ് സർവ്വീസ് നടത്താൻ അനുവാദമില്ലാത്തതിനാൽ. ഗ്രാമവാസികൾക്ക് യാത്രാക്ലേശം രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. ഹൈവേയിൽ നിന്നും കിഴക്കോട്ടും പടിഞ്ഞാറോട്ടും അതിൻെറ ശാഖകളിലുമായി പതിനാറു റോഡുകളുമുണ്ട് ഇതിൻെറ ആകെ നീളം 8.250 കിലോമീറ്റർ ആണ്. ഇതിൽ 3.250 കിലോമീറ്റർ ടാർ ചെയ്തതും ബാക്കി ഗ്രാവൽ റോഡുമാണ്. പടിഞ്ഞാറൻ മേഖലയായ എഴുപുന്നയിൽ 2.10 കിലോമീറ്റർ നീളത്തിൽ കുമ്പളങ്ങി - ചേർത്തല എം.സി റോഡുണ്ട്. ഈ റൂട്ടിൽ ലിമിറ്റഡ് സ്റ്റോപ്പ് ഉൾപ്പെടെ 42 സ്വകാര്യ ബസ്സുകളും 2 KSRTC ബസ്സുകളും സർവ്വീസ് നടത്തുന്നു. ബസ്സുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെങ്കിലും വളരെ വീതി കുറഞ്ഞ പ്രസ്തുത റോഡിൽ ഗതാഗതം ക്ലേശകരവും അപകടകരവുമാണ്. ഈ റോഡിൻെറ വീതി കൂട്ടുകയും റോഡിൻെറ സൈഡിൽ കാണ പണിയുകയും വേണം (ബ്ലോക്ക് പഞ്ചായത്തിൻെറ കീഴിൽ പ്രസ്തുത പ്രവർത്തനം ഏറ്റെടുക്കണം). മേൽ പ്രസ്താവിച്ച റോഡിൽ നിന്നും കിഴക്കോട്ടും പടിഞ്ഞാറോട്ടും അതിൻെറ ശാഖകളിലുമായി 13 റോഡുകളുണ്ട്. ഇതിൻെറ ആകെ നീളം 4.885 കിലോമീറ്ററാണ്. ഇതിൽ ടാർ ചെയ്തത് വെറും 1.460 കിലോമീറ്റർ നീളമാണ്. ബാക്കി പൂഴിവിരിച്ചതാണ്. ഈ മേഖലയിൽ 5,6,9 എന്നീ വാർഡുകളിൽ കൂടി റെയിൽവേലൈൻ കടന്നു പോകുന്നു. ഇതിന് രണ്ട് കിലോമീറ്റർ ദൈർഘ്യമുണ്ട്. പഞ്ചായത്തിൽ റെയിൽവേസ്റ്റേഷൻ ഇല്ല.



റോഡു വരുന്നതിന് മുമ്പ് ഗ്രാമവാസികൾ കാൽ നടയായും ജലമാർഗ്ഗവുമായാണ് പ്രധാനകമ്പോളമായ കുത്തിയതോട്ടിൽ എത്തിയിരുന്നത്. സാധാരണ ജനങ്ങൾ തലച്ചുമടിനെ ആശ്രയിച്ചുവന്നു. 3 വശവും വെള്ളത്താൽ ചുറ്റപ്പെട്ടതു കൊണ്ടും മദ്ധ്യഭാഗത്ത് ആഴമേറിയ കായൽ സ്ഥിതി ചെയ്യുന്നതുകൊണ്ടും ജലഗതാഗതം സാധ്യമായിരുന്നു. ചെലവു കുറഞ്ഞ ഈ മാർഗ്ഗം ജനങ്ങൾ പരമാവധി ഉപയോഗിച്ചിരുന്നു. വൈക്കത്തുനിന്നും വേമ്പനാട്ടു കായൽ വഴി കുത്തിയതോട് കുറുമ്പിക്കായൽ പുത്തൻ തോട് വഴി എറണാകുളത്തേക്കും തിരിച്ചും ബോട്ടു സർവ്വീസ് നടത്തിയിരുന്നു. തോടുകളുടെ ആഴം കുറഞ്ഞതിനാലും സർവ്വീസ് ലാഭകരമല്ലാത്തതിനാലും ഈ ബോട്ട് സർവ്വീസ് അധികാരികൾ റദ്ദാക്കി. അയൽ പഞ്ചായത്തുകളായ എഴുപുന്ന, അരൂർ എന്നിവയുമായും സംസ്ഥാന റോഡു ശരാശരിയുമായി തട്ടിച്ചുനോക്കിയാലും ഈ പഞ്ചായത്തിന് റോഡു ലഭ്യത പകുതിയോളമാണെന്ന് കാണാം. സേവന മേഖലകളിൽ മെച്ചപ്പെട്ട നിലകൈവരിക്കാൻ കഴിഞ്ഞ ഈ ഗ്രാമം വ്യാവസായിക കാർഷിക രംഗത്ത് പിന്നോക്കം പോയി. റോഡുകളുടെ അപര്യാപ്തത വ്യാവസായിക മുരടിപ്പിന് ഒരു പ്രധാന കാരണമാണ്. ഗ്രാമസഭകളിൽ നിന്ന് 45 പുതിയ റോഡുകൾക്ക് നിർദ്ദേശമുണ്ടായി. ഉള്ള റോഡുകളിൽ 22 എണ്ണം ലക്ഷ്യസ്ഥാനത്ത് എത്തേണ്ടതുമുണ്ട്. റോഡുകളുടെ നിർമ്മാണത്തിന് പ്രഥമ പരിഗണന കൊടുക്കുമ്പോൾ തന്നെ ഗ്രാമത്തിൻെറ സന്തുലനാവസ്ഥ നിലനിർത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ജലത്താൽ സമ്പന്നമായ ഈ പഞ്ചായത്തിൻെറ പ്രത്യേകത പരിഗണിച്ച് ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. അതിനായി വർഷങ്ങളായി ശ്രദ്ധിക്കപ്പെടാതിരുന്ന കായ

ലുകൾ, തോടുകൾ എന്നിവ ആഴം കൂട്ടുകയും ചിറ കെട്ടി സംരക്ഷിക്കുകയും വേണം. അതുവഴി ജലഗ താഗതം സുഗമമാക്കുകയും റദ്ദാക്കപ്പെട്ട ബോട്ടു സർവ്വീസുകൾ പുനരാരംഭിക്കുകയുമാവാം.

റോഡുകളുടെ നിർമ്മാണത്തിന് എല്ലാ വാർഡുകളിലേയും ഗ്രാമസഭകളിൽ മനുഷ്യവിഭവശേഷി വാഗ്ദാനം ചെയ്തിട്ടുണ്ട്. മുൻ കാലങ്ങളിലും റോഡുകൾ, കലുങ്കുകൾ എന്നിവയുടെ നിർമ്മാണത്തിന് ജന പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. വാർഡുതല ഗ്രാമസഭകളിൽ അതാതിടങ്ങളിലെ അത്യാവശ്യം വേണ്ട റോഡുകളുടെ മുൻഗണനാ ക്രമം നിശ്ചയിക്കുകയുണ്ടായി. പഞ്ചായത്തുതലത്തിൽ ആദ്യം വേണ്ട റോഡുകൾ തിരിച്ചറിഞ്ഞ് ജനപങ്കാളിത്തം ഉറപ്പാക്കി പണി പൂർത്തിയാക്കാനാവശ്യമായ പ്രവർത്തനം ആസൂത്രണം ചെയ്യണം. നിലവിലുള്ള ടാറിട്ട റോഡുകൾക്ക് പോലും കാണ സൗകര്യങ്ങളില്ലാത്തതിനാൽ മഴക്കാലമാകുമ്പോൾ റോഡ് തകരാറിലാകുന്നു. റോഡുകൾ മോശമാകാതിരിക്കാനും ആയുസ്സു വർദ്ധിപ്പിക്കുവാനും കാണകൾ പണിയേണ്ടതുണ്ട്. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ തോടുകൾ നികർത്താതിരിക്കാനും നീരൊഴുക്കു തടസ്സപ്പെടുത്താതിരിക്കാനും ശ്രദ്ധിക്കണം.

1,2,5,9 എന്നീ വാർഡുകളിലെ ഗ്രാമസഭാ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടും കിഴക്കൻ മേഖലയായ കോടന്തുരുത്ത് നിവാസികളുടെ യാത്രാക്ലേശങ്ങൾ പരിഹരിച്ചും ബസ്സ് റൂട്ട് അനുവദിക്കത്തക്കവിധത്തിൽ, കോടന്തുരുത്ത്, എഴുപുന്ന പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ഒരു R.C.C. പാലം നിർമ്മിക്കണം.

ദേശീയപാതയോട് ബന്ധപ്പെട്ടുനില്ക്കുന്ന കോടംതുരുത്ത് മേഖല ദേശസാൽകൃത റൂട്ടായതിനാൽ കൂടുതൽ ട്രാൻസ്പോർട്ട് സർവ്വീസ് നടത്തുകയോ അല്ലെങ്കിൽ സ്വകാര്യ ബസ്സ് റൂട്ട് അനുവദിച്ച് യാത്രാക്ലേശം പരിഹരിക്കുകയോ ചെയ്യേണ്ടതാണ്.

## സാദ്ധ്യതകൾ, ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. കുത്തിയതോട് കേന്ദ്രമാക്കി ഒരു KSRTC സ്റ്റേഷൻ മാസ്റ്റർ ഓഫീസ് സ്ഥാപിക്കണം. ദീർഘദൂരബസ്സുകളായ ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ് എന്നീ ബസ്സുകൾക്ക് ഫെയർസ്റ്റേജും സ്റ്റോപ്പും അനുവദിയ്ക്കണം.
2. കുത്തിയതോട്ടിൽ നിന്നും എറണാകുളം ചേർത്തല സ്റ്റേഷനുകളിലേയ്ക്ക് നിലവിലുണ്ടായിരുന്ന സ്റ്റേബസ്സുകൾ പുനരാരംഭിക്കണം.
3. തുറവൂർ, കുത്തിയതോട്, ചമ്മനാട് വഴി എഴുപുന്നയിലൂടെ ചേർത്തല എറണാകുളം പ്രൈവറ്റ് ബസ് റൂട്ട് അനുവദിക്കണം.
4. കുത്തിയതോട് കുറുമ്പിക്കായൽ, പുത്തൻതോട് എന്നിവയുടെ ആഴം കൂട്ടുകയും കൽച്ചിറ കെട്ടി സംരക്ഷിക്കുകയും വേണം.
5. നാല്പതു വർഷം മുമ്പ് വരെ സർവ്വീസ് നടത്തിയിരുന്ന വൈക്കം-എറണാകുളം ബോട്ട് സർവ്വീസ് പുനരാരംഭിക്കുകയും കുത്തിയതോട്-എറണാകുളം, കുത്തിയതോട്-വൈക്കം എന്നിവിടങ്ങളിലേയ്ക്ക് പുതിയതായി ബോട്ട് സർവ്വീസ് ആരംഭിക്കുകയും വേണം.
6. ബ്ലോക്ക് പഞ്ചായത്തിൻെറ കീഴിൽ കുമ്പളങ്ങി, ചാവടി റോഡിൻെറ വീതി കൂട്ടുകയും സൈഡിൽ കാണ പണിയുകയും വേണം.
7. പി. എസ്. ഫെറിയിൽ ഗതാഗതയോഗ്യമായ R.C.C. പാലം നിർമ്മിക്കുവാൻ സംസ്ഥാന ഗവൺമെൻറ് പ്രോജക്റ്റ് തയ്യാറാക്കണം.

| നിലവിലുള്ള കലുങ്കുകൾ, മരപ്പാലങ്ങൾ | | |
|---|---|---|
| വാർഡ് | കലുങ്ക് | സ്ലാബ്, മരം ഇവ ഉപയോഗിച്ചുള്ള പാലങ്ങൾ |
| 1 | 1 | 15 |
| 2 | 1 | 3 |
| 3 | 8 | |
| 4 | 1 | 4 |
| 5 | 1 | 6 |
| 6 | 1 | 1 |
| 7 | 4 | 3 |
| 8 | 3 | 3 |
| 9 | | 7 |
| ആകെ | 12 | 40 |



കാണാൻ എത്ര മനോഹരം; യാത്രയോ ദുഷ്കരം....
ഇരുമ്പിക്കായലിന്റെ ദു:ഖം

## കോടംതുരുത്ത് പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ സ്ഥിതി വിവരം

| വാർഡ് | ക്രമ നമ്പർ | റോഡിൻെറ പേര് | നീളം മീറ്റർ | ടാർ മീറ്റർ | പൂഴി മീറ്റർ | ടാറിംഗ് നിർദ്ദേശം | പൂർത്തീകരിക്കൽ നിർദ്ദേശം |
|---|---|---|---|---|---|---|---|
| 1 | 1. | NH 47 - PS ഫെറി റോഡ് | 600 | 365 | 235 | 235 | = |
| | 2. | PS ഫെറി റോഡ് - ചേപ്പനത്ത് ലക്ഷം വീട് കോളനി റോഡ് | 250 | | 250 | 250 | |
| | 3. | VHS പഴയ കടത്തു കടവ് റോഡ് | 260 | - | 260 | 260 | |
| | 4. | NH 47 - ചമ്മനാട് പാലം റോഡ് | 695 | 540 | 155 | 155 | |
| | 5. | ചമ്മനാട് ക്ഷേത്രം - ചേപ്പനത്ത് കോളനി റോഡ് | 110 | | 110 | 110 | |
| 2 | 6. | NH 47 - ആലത്തറ റോഡ് | 540 | | 540 | 540 | |
| | 7. | പോലീസ് സ്റ്റേഷൻ റോഡ് | 490 | | 490 | 490 | |
| 3 | 8. | NH 47 - കണ്ടത്തറ എം.വി പുരുഷൻ റോഡ് | 1050 | 400 | 650 | 650 | |
| | 9. | NH 47 -ആശുപത്രി റോഡ് | 85 | | 85 | 85 | |
| | 10. | പഴയ ഹൈവേറോഡ് | 635 | 635 | | | |
| 4 | 11. | തട്ടാരി മഠം റോഡ് | 395 | | 395 | 395 | |
| | 12. | തണ്ണിപ്പള്ളി -കണ്ടാളച്ചിറ റോഡ് | 120 | | 120 | 120 | |
| | 13. | തട്ടാരിമഠം - മോന്തച്ചാൽ റോഡ് | 425 | | 425 | 425 | |
| | 14. | NH 47 - മോന്തച്ചാൽ റോഡ് | 590 | | 590 | 590 | |
| | 15. | NH 47 - ചിറയ്ക്കൽ മുട്ട് റോഡ് | 695 | | 695 | 695 | |
| 3=4= | 16. | NH 47 -തൈക്കൂട്ടം റോഡ് | 1310 | 1310 | | | |
| 5 | 17. | ചമ്മനാട് പാലം - എഴുപുന്ന റെയിൽവേസ്റ്റേഷൻ റോഡ് | 200 | | 200 | 200 | |
| | 18. | വട്ടക്കാൽ മുക്ക് -ചമ്മനാട് പാലം റോഡ് | 300 | | 300 | 300 | |
| | 19. | PS ഫെറി റോഡ് -ചമ്മനാട് പാലം റോഡ് | 460 | | 460 | 460 | |
| 5=6 | 20. | വട്ടക്കാൽ മുക്ക് - അമാൽഗം കമ്പനി | 700 | 700 | | | |
| 6 | 21. | കെ.എസ്. മൂസാ റോഡ് | 450 | | 450 | 450 | |
| | 22. | കരുമാഞ്ചേരി -പുതുശ്ശേരി വെളികോളനി റോഡ് | 200 | | 200 | 200 | |
| 5,6,9 | 23. | PS ജംഗ്ഷൻ - PS ഫെറി റോഡ് | 760 | 760 | | | |
| 7 | 24. | ST. മാർട്ടിൻ റോഡ് - നീണ്ടകര റോഡ് | 650 | | 650 | 650 | |
| | 25. | പാലപ്പറമ്പ് കോളനി റോഡ് | 85 | | 85 | 85 | |
| | 26. | മണ്ണുചിറ ഹരിജൻ കോളനി റോഡ് | 300 | | 300 | 300 | |
| 8 | 27. | ചങ്ങരം - ചേരുങ്കൽ റോഡം | 200 | | 200 | 200 | |
| 9 | 28. | വല്ലേത്തോട് പുല്ലുവേലിറോഡ് | 240 | | 240 | 240 | |
| | 29. | PS ഫെറി - അവിട്ടാക്കൽ കോളനി റോഡ് | 100 | | 100 | 100 | |
| | | ആകെ | 12895 | 4710 | 8185 | 8185 | |

## നിലവിലുള്ള റോഡുകളുടെ സ്ഥിതി വിവരം

പട്ടിക 2

| വാർഡ് നമ്പർ | ആകെ നീളം മീറ്റർ | ടാർ ചെയ്തത് മീറ്റർ | പൂഴിവിരിച്ചത് ചെയ്തത് |
|---|---|---|---|
| 1 | 1915 | 905 | 1010 |
| 2 | 1030 | | 1030 |
| 3 | 1770 | 1035 | 735 |
| 4 | 2225 | | 2225 |
| 3+4 | 1310 | 1310 | |
| 5 | 960 | | 960 |
| 5+6 | 700 | 700 | |
| 6 | 650 | | 650 |
| 5+6+9 | 760 | 760 | |
| 7 | 1035 | | 1035 |
| 8 | 200 | | 200 |
| 9 | 340 | | 340 |
| ആകെ | 12895 | 4710 | 8185 |

മറ്റിനം

| | |
|---|---|
| നാഷണൽ ഹൈവേ 47 | 1.5 കെ.എം |
| പി.ഡബ്ലിയൂ.ഡി. റോഡ് | 2.10 കെ.എം |
| റെയിൽവെ | 2.150 കെ.എം |

### അക്കരയെത്താൻ ആശ്രയം അന്യപഞ്ചായത്തുകൾ

കുത്തിയതോടിൻെറ സമഗ്രവികസനം അതി രൂക്ഷമായ യാത്രാക്ലേശം പരിഹരിക്കുന്നതിലൂടെ മാത്രമേ സാദ്ധ്യമാകൂ. ചേർത്തല നിന്ന് വയലാർ, കാവിൽ, വളമംഗലം വഴി കുത്തിയതോടിൽ എത്തിച്ചേരുന്ന റോഡിൻെ നിർമ്മാണം പൂർത്തീകരിക്കുകയും കാവിൽ പാലം നിർമ്മാണം ആരംഭിക്കുകയും ചെയ്താൽ ഈ റൂട്ടിലൂടെ സ്വകാര്യ ബസ്സ് സർവ്വീസ് ആരംഭിക്കാൻ കഴിയും. ചേർത്ത കുബളങ്ങി റോഡിൻെറ വീതി വർദ്ധിപ്പിക്കുകയും കാണ നിർമ്മിക്കുകയും വേണം.

പട്ടണക്കാട് ബ്ലോക്കിൽ തന്നെ ഒരു പഞ്ചായത്ത് പ്രദേശം രണ്ട് കരകളായി വേർ തിരഞ്ഞ് നിൽക്കുന്നത് കോടം തുരുത്ത് മാത്രമാണ്. പഞ്ചായത്ത് സിരാകേന്ദ്രത്ത് നിന്ന് അഞ്ച് വാർഡുകൾ ഉൾപ്പെടുന്ന എഴുപുന്ന തെക്ക് എത്തിച്ചേരണമെങ്കിൽ കുത്തിയതോട്, എഴുപുന്ന പഞ്ചായത്തുകളിലൂടെ വാഹനത്തിൽ അഞ്ച് കിലോമീറ്റർ സഞ്ചരിക്കണം.പി.എസ് കടവിൽ ആർ.സിസ.സി പാലം നിർമ്മിച്ച് ഈ കരകളെ തമ്മിൽ ബന്ധിപ്പിക്കണം

### പുതിയ നടപ്പാതകൾ, കലുങ്കുകൾ, പാലങ്ങൾ ഗ്രാമസഭാനിർദ്ദേശങ്ങൾ ചുവടെ

വാർഡ് 1–പുത്തൻ തോടിന് കിഴക്കരികിൽ 2ാം വാർഡിൽ തോട്ടംമുഖപ്പുമുതൽ ചമ്മനാട് വരെ മൂന്നു മീറ്റർ വീതിയിൽ കൽക്കെട്ടിലൂടെ നടപ്പാത

വാർഡ് 3–കോടംതുരുത്ത് എൽ.പി. സ്ക്കൂളിന് കിഴക്കോട്ട് എം.വി. പുരുഷൻ റോഡ് വരെ നടപ്പാത. കാരോത്തുവെളി, കാരിമാത്ര എം.വി. പുരുഷൻ റോഡിൽ എത്തുന്ന നടപ്പാത. വെളിയിൽ പുരയിടം മുതൽ പഞ്ചായത്തിൻെറ വടക്കുപുറത്തു കൂടി പഴയ NH ലെത്തുന്ന നടപ്പാത.

വാർഡ് 2-NH മുതൽ SNDP യുടെ തെക്കു ഭാഗത്തു കൂടി നെടുങ്ങാട്ട് പുരയിടം വഴി, മുരിക്കൽ കവലയിലെത്തുന്ന നടപ്പാത.

### പാലങ്ങൾ

1. പി.എസ്. ഫെറിയിൽ RCC പാലം നിർമ്മിക്കുക.
2. പഴയ ഹൈവേപാലം (കുത്തിയതോട് ടൗൺ) പുനർ നിർമ്മിക്കുക.
3. ചമ്മനാട് മരപ്പാലം കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കണം. മരപ്പാലം റിപ്പയർ ചെയ്യുന്നതിന് കാലാകലങ്ങളിൽ മുടക്കുന്ന ധനനഷ്ടം ഒഴിവാക്കണം.
4. കരുമാഞ്ചേരി–നീണ്ടകര, കരേത്തോട്ടിൽ കിഴക്കും പടിഞ്ഞാറും R.C.C. പാലങ്ങൾ നിർമ്മിക്കണം.
5. മണ്ണുചിറ, മഞ്ഞപ്പറമ്പ് R.C.C. പാലം.
6. ചിറയ്ക്കൽ പാലം നിർമ്മിക്കണം.
7. ചങ്ങരം ചേരുങ്കൽ റോഡിൽ കരേത്തോട് RCC പാലം.
8. വല്ലേത്തോട് പള്ളിക്കടവ് റോഡിൽ തൈയ്യിൽ തോട്ടിൽ R.C.C. പാലം.
9. തൈക്കൂട്ടം ഫെറി റോഡിൽ നാട്ടുതോട്ടിൽ R.C.C. പാലം, എം.വി. പുരുഷൻ റോഡിൽ നാട്ടുതോട്ടിൽ R.C.C. പാലം.
10. പുന്നവേലിൽ മുട്ട്, ഷാപ്പിൽ മുട്ട്, കരിയിൽ മുട്ട്, വാഹനഗതാഗതത്തിന് ഫലപ്രദമായ പാലം.
11. തൈക്കൂട്ടം ഫെറിക്ക് വടക്കുവശം പുതുവൽ നികർത്ത് പാലം പുതുക്കി പണിയണം.
12. പട്ടാട്ട് വടക്ക്, തുരുത്തി പള്ളി വടക്ക്, ചേന്നനേഴത്ത് വടക്ക്, മറ്റത്തിച്ചിറ പടിഞ്ഞാറ്, മുക്കുടിത്തറ, കരിയിൽ പാലങ്ങൾ നിർമ്മിക്കുക. പഴയ പാലങ്ങൾ പുതുക്കിപ്പണിയുക.
13. പരിമണത്ത് തോടിനും കീറ്റുപാട് നികർത്തിനും തെക്ക്വശം സ്ലാബ് പാലം നിർമ്മിക്കുക.
14. തൈയ്യിൽ തോട്ടിൽ ചൊക്കണ്ടാരിൽപാലം കോൺക്രീറ്റ് ചെയ്യുക.

### കലുങ്കുകൾ

1. ഒന്നാം വാർഡിൻെറ വിവിധ ഭാഗങ്ങളിൽ തോടുകൾക്കു കുറുകെ 20 കലുങ്കുകൾ നിർമ്മിക്കുക.
2. രണ്ടാം വാർഡിൽ അഞ്ചു കലുങ്കുകൾ നീരൊഴുക്ക് തോടുകൾക്ക് കുറുകെ നിർമ്മിക്കണം.
3. കാവരേഴത്ത് പുരയിടത്തിൽ സ്ഥാപിച്ചിരിക്കുന്ന പൈപ്പ് മാറ്റി കലുങ്ക് നിർമ്മിക്കുക.

### ഡ്രഡ്ജിംഗ്, കൽച്ചിറ

1. നീണ്ടകര, കരേത്തോട്, ആലുംതോട് ഗതാഗതയോഗ്യമാകുന്നതിന് ഡ്രഡ്ജ് ചെയ്യണം.
2. പുന്നവേലിൽ മുട്ട്, വിളഞ്ഞൂർ കാപ്പിൻെറ ഇരുകരകളിലും കൽച്ചിറകെട്ടണം, ആഴം കൂട്ടണം.
3. നാഷണൽ ഹൈവേമുതൽ പടിഞ്ഞാറ് പുത്തൻ തോട് വരെയുള്ള ഒഴുക്കു തോടിന് ഇരുവശവും കല്ല്കെട്ടി സംരക്ഷിക്കുക.
4. കോടംതുരുത്ത് ഗവൺമെൻറ് വി.വി. ഹൈസ്ക്കൂൾ മുതൽ കുത്തിയതോടു തോട് വരെയുള്ള നീരൊഴുക്ക് തോട് കൽച്ചിറകെട്ടി സംരക്ഷിക്കുക.
5. തൈയ്യിൽ തോട് ആഴം കൂട്ടി കൽച്ചിറകെട്ടണം.
6. കരുമാഞ്ചേരി, പുതുശ്ശേരി കോളനിറോഡുകൾ ഇരുവശവും കൽച്ചിറ കെട്ടണം.
7. പി.എസ്. റോഡ് മാറ്റിന്ത്യ വരെ വട്ടക്കാൽ മുക്കു റോഡ് കോട്ടാത്ത് വരെ ഇരുവശവും കൽച്ചിറ കെട്ടുക.
8. കമ്പവലയ്ക്കൽ നാട്ടു തോട് നിർദ്ദിഷ്ട കനാലിന് കരിങ്കൽ ഭിത്തിനിർമ്മിക്കുക.
9. പുന്നവേലിൽ മുട്ട് ഉളവൈപ്പ് കായലിൽ തൈക്കൂട്ടം കടവ് വരെ കൽച്ചിറ നിർമ്മിക്കണം.
10. പുത്തൻ തോടിൻെറ കിഴക്കേോരം തോട്ടുംമുഖപ്പുമുതൽ പി.എസ് ഫെറിവരേയും ചമ്മനാട് പാലം മുതൽ വടക്കോട്ടും കൽച്ചിറ നിർമ്മിക്കണം.



കോടംതുരുത്ത് ഗ്രാമ പഞ്ചായത്തിലെ റോഡ്, ജല ഗതാഗത മാർഗ്ഗങ്ങൾ.
W
E
S
ചെല്ലാനം പഞ്ചായത്ത്
ഉളവയ്പ്പ് കായൽ
NH-47
വല്ലേത്തോട്
കുത്തിയതോട് പഞ്ചായത്ത്
നിലവിലുള്ള റോഡ്
പൂർത്തീകരിക്കേണ്ട റോഡ്
നിലവിലുള്ള മരപ്പാലങ്ങൾ
സ്കൂളുകൾ.
ജലാശയങ്ങൾ.
ആർ.സി.സി. പാലങ്ങൾ.

## പുതിയറോഡുകൾ: ഗ്രാമസഭ നിർദ്ദേശിച്ച വഴികൾ

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡിൻെറ പേര് | വഴി-വിശദാംശങ്ങൾ |
|---|---|---|---|
| 1 | 1 | V.V.HS - PS. ഫെറി റോഡ് | 1ാം വാർഡിൻേറയും 2ാം വാർഡിൻേറയും മദ്ധ്യഭാഗത്തുള്ള പൊതുവഴിയിലൂടെ വടക്കോട്ട്. |
| | 2 | PS. ഫെറി V.V.HS ലിങ്ക് റോഡ് | PS. ഫെറി റോഡിൻെറ മദ്ധ്യഭാഗത്തുള്ള കക്കാ സൊസൈറ്റിയുടെ സ്ഥലം മുതൽ തെക്കോട്ട്. |
| | 3 | ചേപ്പനം കോളനി NH 47 റോഡ് | ചേപ്പനം കോളനിയിൽ നിന്നും NH 47 വരെ. |
| | 4 | ചമ്മനാട് ക്ഷേത്രം എഴുപുന്ന പഞ്ചായത്ത് അതിർത്തി റോഡ് | ചമ്മനാട് ക്ഷേത്രത്തിന് വടക്കോട്ട് വാർഡിന് വടക്കേ അതിർത്തിയിലേക്കുള്ള റോഡ്. |
| | 5 | മുഹിയുദീൻ മസ്ജിദ് ചമ്മനാട് ക്ഷേത്രം റോഡ് | മുഹിയുദീൻ മസ്ജിദ് കിഴക്കുവശത്തു കൂടി PS. ഫെറി റോഡിൽ നിന്നും വടക്കോട്ട് ചമ്മനാട്. |
| | 6 | ചമ്മനാട് ക്ഷേത്രം റോഡ് NH 47 റോഡ് | ചമ്മനാട്ക്ഷേത്രത്തിൻെറ കിഴക്ക് വശത്ത് നിന്നും തെക്കോട്ട് പുറമ്പോക്ക് തോടിന് സമാന്തരമായി. |
| | 7 | കായൽ തീര റോഡ് | കയാൽ കൽകെട്ടിൻെറ സൈഡിലൂടെ തെക്ക് വടക്ക്. |
| 2 | 1 | V.A.G സ്മാരക റോഡ് | NH ൽ നിന്നു തുടങ്ങി KSEB ഓഫീസിന് തെക്ക് വശത്തു കൂടി മുരിക്കൽ റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്. |
| | 2 | കേളം കുളങ്ങര-കൊല്ലരേഴത്ത് ഫെറി റോഡ് | NH മുതൽ കുറുമ്പിക്കായലിലെ കൊല്ലരേഴത്ത് ഫെറി വരെ. |
| | 3 | മുരിക്കൽ – പൊറ്റപ്പറമ്പ് റോഡ് | 1,2 വാർഡുകളിലെ മത്സ്യതൊഴിലാളി കോളനികളുമായി ബന്ധിപ്പിക്കുന്ന ആലത്തററോഡു മുതലുള്ള റോഡ്. |
| | 4 | തീരദേശ റോഡ് | വാർഡിൻെറ തെക്ക് പടിഞ്ഞാറെ ഭാഗമായ തോട്ടും മുഖപ്പു മുതൽ വടക്ക് പടിഞ്ഞാറെ ഭാഗമായ PS. ഫെറി വരേയുള്ള റോഡ്. |
| 3 | 1 | കുത്തിയതോട് പാലം – കരിയിൽ റോഡ് | പഴയപാലത്തിന് സമീപത്ത് നിന്ന് കിഴക്കോട്ട് കരിയിൽ വരെ. |
| | 2 | തൈക്കൂടം ഫെറി– കരിയിൽ റോഡ് | തൈക്കൂടം ഫെറിയിൽ നിന്നും കായലോരത്തുകൂടി കരിയിൽ എത്തിച്ചേരുന്ന റോഡ്. |
| | 3 | കണ്ടന്തറ –കുത്തിയതോട് ബസ്റ്റോപ്പ് റോഡ് | കുത്തിയതോട് ബസ്റ്റോപ്പിൽ നിന്നും ആസ്പത്രിയുടെ സമീപത്തുകൂടി കണ്ടന്തറ പാലം വരെ എത്തുന്ന റോഡ്. |
| | 4 | ചക്കളത്ത് M.V പുരുഷൻ റോഡ് | ചക്കളത്ത് നിന്നും തെക്കോട്ട് M.V പുരുഷൻ റോഡ് വരെ. |
| | 5 | കൂനം ചിറ – ഇടത്തിചിറ റോഡ് | കൂനംചിറയിൽ നിന്നും ഉളവൈപ്പ് ഫെറി റോഡുമായി |

| | | | |
|---|---|---|---|
| | | | ഇടത്തിച്ചിറയിൽ എത്തുന്ന റോഡ്. |
| 4 | 1 | പടിഞ്ഞിറ്റേഴത്ത് തൈക്കൂടം ഫെറി റോഡ് | പടിഞ്ഞിറ്റേഴത്ത് റോഡിൽ നിന്നും തെക്കോട്ട് തൈക്കൂടം ഫെറി റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് |
| | 2 | കണ്ടാളചിറ – തൈക്കൂടം ഫെറി റോഡ് | കണ്ടാളച്ചിറയിൽ നിന്നും കോണത്തേഴത്ത് വഴി മണക്കാട് ചെന്ന് തൈക്കൂടം ഫെറി റോഡുമായി ബന്ധിപ്പിക്കുക. |
| | 3 | മോന്തച്ചാൽ-മണക്കാട് റോഡ് | മോന്തച്ചാലിൽ നിന്നും തെക്കോട്ട് ചിറക്കൽ കോണത്തേഴത്ത് വഴി മണക്കാട് എത്തുന്ന റോഡ്. |
| | 4 | മോന്തച്ചാൽ പഞ്ചായത്ത് വടക്കേ അതിർത്തി റോഡ് | മോന്തച്ചാൽ റോഡിൽ ചാണിച്ചിറ ഭാഗത്തു നിന്നും വടക്കോട്ട് പഞ്ചായത്തിൻെറ വടക്കേ അതിർത്തിയിലുള്ള റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്. |
| | 5 | മുരിക്കൽ-തൈക്കൂടം ഫെറി റോഡ് | മുരിക്കൽ നിന്നും ആരംഭിച്ച് തൈക്കൂടം ഫെറിവരെ എത്തുന്ന റോഡ്. |
| 5 | 1 | P.S ഫെറി മുട്ടത്തിൽ റോഡ് | കയർ സൊസൈറ്റിയുടെ പടിഞ്ഞാറേ വശത്തുകൂടി അമാശ്ഗം റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്. |
| | 2 | ചമ്മനാട് പാലം ചക്കാലച്ചിറ ഹരിജൻ കോളനി റോഡ് | ചമ്മനാട് പാലം– എഴുപുന്ന റെയിൽവേസ്റ്റേഷൻ റോഡിൽ നിന്നും കിഴക്കോട്ട് ചക്കാലച്ചിറ ഹരിജൻ കോളനി വരെ. |
| | 3 | എഴുപുന്ന റെയിൽ വേസ്റ്റേഷൻ p.s റോഡ് (റെയിൽവേക്ക് സമാന്തരമായി) | എഴുപുന്ന റെയിൽവെ സ്റ്റേഷനിൽ നിന്നും തെക്കോട്ട് റെയിൽവേലൈനിനു സമാന്തരമായി കിഴക്കുവശത്തുകൂടി റെയിൽവേഗേറ്റു വരെ (P.S കടവിനു് സമീപം) |
| | 4 | കുരീത്തറ – കോങ്കേരിൽ പാലം റോഡ് | ചമ്മനാട് പാലം എഴുപുന്ന റെയിൽവേസ്റ്റേഷൻ റോഡിൽ നിന്നും വ ഴി കോങ്കേരി പാലം വരെ എത്തുന്ന റോഡ്. |
| | 5 | K.S മൂസാ ലിങ്ക് റോഡ് | ചമ്മനാട് പാലം എഴുപുന്ന റെയിൽവേസ്റ്റേഷനിൽ നിന്നും കുരീത്തറ ഭാഗത്തുകൂടി പടിഞ്ഞാറോട്ട് റെയിൽ ട്രാക്കുവരെ |
| 6 | 1 | p.s റോഡ് – കോതംകുളങ്ങര റോഡ് | p.s റോഡിൽ നിന്നും മാറ്റ് ഇന്ത്യയുടെ കിഴക്ക് വശത്തുകൂടി വടക്കോട്ട് തൈയ്യിൽ തോടിന് സമാന്തരമായി കോതംകുളങ്ങര സെൻറ് സെബാസ്റ്റ്യൻ പള്ളി വരെ. |
| | 2 | തട്ടാര് പറമ്പിൽ റോഡ് | തട്ടാര് പറമ്പിൽ ഫൈനാൻസിയേഴ്സിൽ നിന്നും കിഴക്കോട്ട് തട്ടാരുപറമ്പ്വരെ |

| | | | |
|---|---|---|---|
| | 3 | മഞ്ഞപ്പറമ്പ്-തയ്യിൽതോട് റോഡ് | 53ാം നമ്പർ മഞ്ഞപ്പറമ്പ് അംഗൻ വാടിയിൽ നിന്നും കിഴക്കോട്ട് തെയ്യിൽ തോട് വരെ എത്തുന്ന റോഡ്. |
| 7 | 1 | നീണ്ടകര-കരുമാഞ്ചേരി പള്ളി റോഡ് | നിലവിലുള്ള പൊതുവഴിയിലൂടെ പടിഞ്ഞാറോട്ട് നീണ്ട കര വരെ എത്തുന്ന റോഡ്. |
| | 2 | കരുമാഞ്ചേരി മാർക്കറ്റ് വടക്കേ അറ്റം എത്തുന്ന റോഡ് | കരിമാഞ്ചേരി മാർക്കറ്റുമുതൽ വടക്കോട്ട് കുഴിവേലി പാടം വരെ. |
| | 3 | കൊണ്ടേച്ചിറ ചേരുങ്കൽ റോഡ് | കൊണ്ടേച്ചിറ റോഡുമുതൽ തെക്കോട്ട് ചേരുങ്കൽ റോഡു വരെ. |
| | 4 | കുഴിവേലി കോളനി റോഡ് | കുമ്പളങ്ങി ചേർത്തല റോഡിൽ നിന്നും പടിഞ്ഞാറോട്ട് കുഴിവേലി കോളനിയിലേക്ക് എത്തുന്ന റോഡ്. |
| | 5 | താറേക്കാട്ട് റോഡ് | കുമ്പളങ്ങി ചേർത്തല റോഡിൽ നിന്നും പടിഞ്ഞാറോട്ട് താറെക്കാട്ട് പുരയിടത്തിൻെറ തെക്കേ അതിർത്തിയിലൂടെ പടിഞ്ഞാറോട്ട് കരേത്തോട് വരെ. |
| | 6 | പുന്നക്കാത്തറ റോഡ് | കുമ്പളങ്ങി ചേർത്തല റോഡിൽ നിന്നും പുന്നക്കാത്തറ പ്രദേശം വഴി കരേത്തോട് വരെ. |
| | 7 | I.H.D.P കോളനി റോഡ് | കരുമാഞ്ചേരി പള്ളിയുടെ പടിഞ്ഞാറു വശത്ത് നിന്നും തെക്കോട്ട് I.H.D.P കോളനിക്ക് പടിഞ്ഞാറെ വശത്തുകൂടി വാർഡിൻെറ തെക്കേ ആറ്റം വരെ (രാജീവ് ഗാന്ധിറോഡ്) |
| | 8 | പാലപ്പറംമ്പ് കോളനി കരേത്തോട് റോഡ് | പാലപ്പറമ്പ് കോളനിമുതൽ പടിഞ്ഞാറോട്ട് കരേത്തോട് വരെ എത്തുന്ന റോഡ്. |
| | 9 | ഇരവിക്കാട്ട് I.H.D.P റോഡ് | കുമ്പളങ്ങി ചേർത്തല റോഡിൽ നിന്നും ഇരവികാട്ട് പുരയിടം വഴി കരുമാഞ്ചേരി I.H.D.P റോഡ്. |
| 8 | 1 | വല്ലേത്തോട് കരേത്തോട് റോഡ് | വല്ലേത്തോട്ടിൽ നിന്നും പടിഞ്ഞാറോട്ട് കൊടിത്തറ പുരയിടം വഴി വടക്കോട്ട് ചേരുങ്കൽ റോഡുമായി ബന്ധിപ്പിക്കുക. |
| | 2 | ചേരുങ്കൽ റോഡ്-കൊടിത്തറ ലിങ്ക് റോഡ് | കൊടിത്തറപ്രദേശത്തുനിന്നു വടക്കോട്ട് വന്ന് ചേരുങ്കൽ റോഡിൽ എത്തിച്ചേരുന്ന റോഡ്. |
| | 3 | മൂർത്തിങ്കൽ–ചങ്ങരം റോഡ് | വടക്കു ഭാഗത്തു കൂടി ദ്വാരകയിൽ സത്യപ്പൻെറ പുരയിടത്തിനു വടക്കോട്ടു തിരിഞ്ഞു മൂർത്തിങ്കൽ വഴി വല്ലേത്തോടുതെക്കെ കരവരെ. |
| | 4 | ചില്ലം തറ റോഡ് | വല്ലേത്തോടു തെക്കേക്കരനിന്നും പടിഞ്ഞാറോട്ടു നിന്നും ചില്ലം തറ വഴി തെക്കോട്ടു ചങ്ങരം തോടുവരെ. |
| | 5 | പള്ളിപ്പറമ്പു റോഡ് | വാഴത്തറഷെഡിനു വടക്ക് പള്ളിപ്പറമ്പു പുരയിടത്തിൽ നിന്ന് തെക്കോട്ട് S.N.D.P വഴി ചേരുങ്കൽ റോഡുമായി ബന്ധിപ്പിക്കുക. |
| 9 | 1 | P.S ഫെറി – പുല്ലു വേലി റോഡ് | P.S ഫെറിയിൽ നിന്നും റെയിൽവേട്രാക്കിനു കിഴക്കുവശത്തുകൂടി തെക്കോട്ടു പുല്ലുവേലി മുട്ടുവരെ എത്തുന്ന റോഡ്. |
| | 2 | ചങ്ങരംസ്ക്കൂൾ – പെരിങ്ങാട്ടു റോഡ് | ചങ്ങരം U.P സ്ക്കൂളിൽ നിന്നും കിഴക്കോട്ടു പെരുങ്ങാട്ടു ക്ഷേത്രം വരെ നിലവിലുള്ള വഴിയിലൂടെ. |

KODAMTHURUTH PANCHAYATH

# 10 മാർക്കറ്റ്



ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ തന്നെ കോടന്തുരുത്ത് പഞ്ചായത്തിന്റെ തെക്കുകിഴക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന കുത്തിയതോട് കമ്പോളം നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. ഈ പഞ്ചായത്ത് അതിർത്തിയിലെ ജനങ്ങൾ മാത്രമല്ല തൊട്ടടുത്ത പഞ്ചായത്തുകളായ എഴുപുന്ന, കുത്തിയതോട്, തുറവൂർ, അരൂർ, പട്ടണക്കാട്, തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി, പെരുമ്പളം, പാണാവള്ളി, ചെല്ലാനം എന്നിവിടങ്ങളിലെ ജനങ്ങളും സാധനങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനും പ്രധാനമായി ആശ്രയിച്ചിരുന്ന ഏക കമ്പോളം ഇതായിരുന്നു. അക്കാലത്ത് റോഡു ഗതാഗതം തീരെ ഇല്ലാതിരുന്നതിനാൽ ഗ്രാമവാസികൾ തലച്ചുമടിനേയും ജലഗതാഗതസൗകര്യങ്ങളേയുമാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. വിവിധ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ജലമാർഗ്ഗം വന്നുചേരാൻ തക്കവണ്ണം വേമ്പനാട്ടുകായലുമായും കൊച്ചിക്കായലുമായും ബന്ധപ്പെട്ട അനവധി തോടുകൾ ഉണ്ട്. ആഴ്ചച്ചന്തകൾ രണ്ടു ദിവസം ഉണ്ടായിരുന്നു. കുറുപ്പന്തറ, അതിരമ്പുഴ, തലയോലപ്പറമ്പ്, കോട്ടയം മുതലായ സ്ഥലങ്ങളിൽ നിന്നും ഈ ആഴ്ചച്ചന്തകളിൽ പച്ചക്കറികൾ, കപ്പ മുതലായവ എത്തിയിരുന്നു. കൊച്ചി, കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് അരി, പല വ്യഞ്ജനങ്ങൾ എന്നിവയും കൊണ്ടുവന്നിരുന്നു. റോഡുഗതാഗതം സജീവമായതോടെ ജലഗതാഗതത്തിന്റെ പ്രസക്തി നഷ്ടപ്പെടുകയും സമീപപ്രദേശങ്ങളിൽ പുതുതായി കമ്പോളങ്ങൾ നിലവിൽ വരുകയും ചെയ്തു. അങ്ങനെ ഈ കമ്പോളത്തിന്റെ പ്രാധാന്യം കുറഞ്ഞു. ഇതോടൊപ്പം പഞ്ചായത്തു പ്രദേശത്ത് വല്ലേത്തോട്, കരുമാഞ്ചേരി, ചമ്മനാട് തുടങ്ങിയ സ്ഥലങ്ങളിൽ മത്സ്യമാർക്കറ്റ് ഉൾപ്പെടെയുള്ള പ്രാദേശിക മാർക്കറ്റുകൾ ഉയർന്നുവന്നു. ഈ സാഹചര്യങ്ങളുടെ ഫലമായി കുത്തിയതോട് കമ്പോളം



വാണിജ്യ-വ്യാപാര മേഖലയിൽനിന്നും പിന്നോക്കം പോയി. പഞ്ചായത്തുവക ഒരു കൊമേഴ്സ്യൽ ഷോപ്പിങ്ങ് കോംപ്ലക്സ് ഇല്ലാത്തിന്റെ പോരായാമയും പ്രകടമാണ്.

കോടന്തുരുത്ത് പഞ്ചായത്തിന്റെ ധനാഗമമാർഗ്ഗങ്ങളിൽ ഒന്ന് പഞ്ചായത്തുവക മത്സ്യ-മാംസ-പുല്ല് മാർക്കറ്റുകളിൽനിന്നു ലഭിക്കുന്ന വരുമാനമാണ്. ഓരോ വർഷവും മാർക്കറ്റിൽ നിന്ന് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തു കൊടുക്കുന്നു. മത്സ്യ-ഇറച്ചി മാർക്കറ്റ്, എന്നിവ ഇപ്പോഴും പ്രാചീനമായ രീതിയിലുള്ളതാണ്. ആധുനിക രീതിയിലുള്ള സ്റ്റാളുകൾ ഇവയ്ക്കായി പണിയേണ്ടതുണ്ട്. കൂടാതെ മാർക്കറ്റുഭാഗത്തു ചെറിയ കടകൾ നിർമ്മിച്ച് കച്ചവടസാദ്ധ്യത വിപുലമാക്കണം.

പഞ്ചായത്തിലെ പ്രധാന ഉത്പന്നങ്ങൾ നെല്ല്, നാളികേരം, കയറുത്പ്പന്നങ്ങൾ, നീറ്റുകക്ക, പച്ചകക്ക, കുമ്മായം, ചെമ്മീൻ, ഞണ്ട്, മത്സ്യങ്ങൾ എന്നിവയാണ്. ഈ പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിലുള്ള കരിനിലങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന നെല്ലിന്റെ ഒരു ഭാഗം കയറ്റി അയക്കപ്പെടുന്നു. സംസ്ക്കരണത്തിന് സംവിധാനമില്ലാത്തതാണ് ഇതിനു കാരണം.

തെങ്ങുകളുടെ രോഗം മൂലം നാളികേര ഉത്പാദനം വളരെ കുറവാണ്. ഉള്ളവ തന്നെ S.C.B. 1124 ലും വിവിധ കെട്ടുതെങ്ങ് സംഘങ്ങൾ മുഖേനയുമാണ് വിറ്റഴിക്കുന്നത്. ബാക്കിയുള്ളവയാകട്ടെ പ്രാദേശികമായി തന്നെ വിറ്റഴിക്കുന്നുമുണ്ട്. കയർപിരി മേഖലയുടെ പ്രധാന അസംസ്കൃത പദാർത്ഥം തൊണ്ടും ചകിരിയുമാണ്. തൊണ്ടിന്റെ ദൗർലഭ്യം മൂലം ഇപ്പോൾ തമിഴ്നാട്ടിൽനിന്നുള്ള പച്ചചകിരിയെയാണ് ആശ്രയിക്കുന്നത്. ഉത്പാദിപ്പി

ക്കുന്ന കയർ സഹകരണമേഖലയിലുള്ളത് കയർ ഫെഡ് മുഖേനയും അല്ലാത്തത് പ്രാദേശിക മാർക്കറ്റിലും വിറ്റഴിക്കപ്പെടുന്നു.

സമുദ്രോല്പന്നങ്ങളായ ചെമ്മീൻ, മറ്റ് മത്സ്യങ്ങൾ എന്നിവ പ്രാദേശികമായി പീലിംഗ് നടത്തി കൂടുതൽ സംസ്ക്കരണത്തിനായി അയയ്ക്കുന്നു. പഞ്ചായത്ത് പ്രദേശത്ത് ശാസ്ത്രീയമായി ഞണ്ട് കൃഷി നടക്കുന്നു. ഇവയും കയറ്റുമതി ചെയ്യപ്പെടുന്നു.

പച്ചകക്ക, നീറ്റുകക്ക, കുമ്മായം എന്നിവ സംസ്ഥാനത്തിനകത്തും പുറത്തും വിപണനം നടത്തിവരുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തുവക പബ്ലിക്ക് മാർക്കറ്റ് ശാസ്ത്രീയമായി പുനർനിർമ്മിക്കണം.

2. പഞ്ചായത്തുവക സ്ഥലത്ത് ബങ്കുകൾ നിർമ്മിച്ച് വ്യാപാര സൗകര്യം മെച്ചപ്പെടുത്തണം.

3. കമ്പോളത്തിൽ കംഫർട്ട് സ്റ്റേഷൻ പണികഴിപ്പിക്കണം.

4. പബ്ലിക് മാർക്കറ്റിൽ സ്റ്റോട്ടർ ഹൗസ് നിർമ്മാണം പൂർത്തീകരിക്കുന്നതോടൊപ്പം മത്സ്യ-മാംസ-പച്ചക്കറി ശീതീകരണ സംവിധാനം ഏർപ്പെടുത്തണം.

5. കുത്തിയതോട് മാർക്കറ്റിന്റെ സർവ്വതോൻമുഖമായ വികസനത്തിന് നിലവിലുള്ള യാത്രാക്ലേശം പരിഹരിക്കപ്പെടണം.

---

ലേഖനം 8ന്റെ തുടർച്ച

പുതിയ ട്രാൻസ്ഫോർമറിനുള്ള ഗ്രാമസഭാ നിർദ്ദേശങ്ങൾ

| സീരിയൽ നം. | കപ്പാസിറ്റി | വാർഡ് | സ്ഥാപിക്കേണ്ട സ്ഥലം |
|---|---|---|---|
| 1. | 250 KVA | I | ചേപ്പനത്ത് ലക്ഷം വീട് കോളനി |
| 2. | 250 KVA | II | ആലത്തറ പ്രദേശം |
| 3. | 250 KVA | III | പുന്നവേലി മുട്ടിന് സമീപം |
| 4. | 250 KVA | IV | പടിഞ്ഞാറ്റേഴത്ത് പ്രദേശം |
| 5. | 250 KVA | V | കറുകപ്പറമ്പ് കോളനി |
| 6. | 250 KVA | VI | കൈലാസത്തിനു സമീപം |
| 7. | 250 KVA | VII | കുരുഡാക്കരിച്ചിറ |
| 8. | 250 KVA | IX | പുല്ലുവേലിൽ മുട്ടിനു സമീപം |
| 9. | 250 KVA | IX | പി.എസ് കടവിനു സമീപം |

**നമ്മുടെ പഞ്ചായത്തിന്റെ ഒന്നാമത്തെ ബഡ്ജറ്റ്**

26.10.1953ന് പകൽ നാലു മണിക്ക് ചേർന്ന കമ്മിറ്റിയിൽ 2832 രൂപാ വരവും ചെലവും ഉള്ള ഒരു വാർഷിക ബഡ്ജറ്റ് അംഗീകരിക്കുകയുണ്ടായി. ഇതായിരുന്നു കോടംതുരുത്ത് പഞ്ചായത്തിന്റെ പ്രഥമ ബഡ്ജറ്റ്.

1995-96ലെ ബഡ്ജറ്റ് പ്രകാരം വരവ് 6,63,903 രൂപയും ചെലവ് 7,41,640 രൂപയുമാണ്. അതായത് വരവ് 234 ഇരട്ടിയായും ചെലവ് 262 ഇരട്ടിയായും വർദ്ധിച്ചു എന്ന് കാണാം.

# 11 കുടിവെള്ളം



ഒരു രാജ്യത്തിലെ ജനങ്ങളുടെ ആരോഗ്യത്തിൻെറ മാനദണ്ഡം ടാപ്പുകളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കും; മറിച്ച് ഡോക്ടർമാരുടെ എണ്ണത്തെയല്ല" ലോകാരോഗ്യ സംഘടനയുടെ മുൻ ഡയറക്ടറുടെ വാക്കുകളാണ് ഇവ.

1984ൽ ആണ് ആദ്യമായി ഈ പഞ്ചായത്തിൽ പൈപ്പുകൾ സ്ഥാപിച്ചത്. 1994 ൽ ജലവിതരണം ആരംഭിച്ചു. ഇതിനു മുമ്പ് പഞ്ചായത്തിലെ ജനങ്ങൾ കുളങ്ങൾ, കിണറുകൾ എന്നിവയെയാണ് കുടിവെള്ളത്തിനായി ആശ്രയിച്ചിരുന്നത് മഴക്കാലത്ത് തെങ്ങ്, കമുക് എന്നിവയോട് ചേർത്ത് തുഞ്ചാണി വെച്ച് കെട്ടി അതിലൂടെ ഒഴുകി വരുന്ന ജലം ശേഖരിച്ച് അരിച്ചുപയോഗച്ചിരുന്നു. നാലു കമ്പുകൾ നാട്ടി അതിൽ തുണി കെട്ടിയും എറച്ചാട്ടങ്ങളിൽ നിന്നും വെള്ളം ശേഖരിച്ച് ഉപയോഗിക്കുക പതിവായിരുന്നു. പുത്തൻപുരയ്ക്കൽ (വാർഡ് 1) നടീപറമ്പ്, മുരിയ്ക്കൽ (വാർഡ് 2) നാളികാട്ട് (വാർഡ് 3)വേലിയ്ക്കകത്ത് (വാർഡ് 4) കുരീത്തറ പുരയിടം (വാർഡ് 5) കുഴുവേലി (വാർഡ് 6) പണിക്കവീട് വാർഡ് (7) മാളിയേക്കൽ (വാർഡ് 8) മഠത്തിൽ (വാർഡ് 9) എന്നിങ്ങനെ പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിലുള്ള പുരയിടങ്ങളിൽ നല്ല വെള്ളം കിട്ടുന്ന കുളങ്ങളുണ്ടായിരുന്നു. ഈ പറമ്പുകളിൽ വന്ന് വെള്ളം ശേഖരിച്ച് കൊണ്ട് പോകുന്നത് ഗ്രാമത്തിലെങ്ങും പതിവ് കാഴ്ചയായിരുന്നു.

കുളങ്ങൾ വെട്ടി തേകി സംരക്ഷിക്കുന്നത് ഗ്രാമീണ ജനങ്ങൾ തങ്ങളുടെ കടമയായി കരുതിയിരുന്നു. കുളങ്ങളിലേക്ക് തട്ടുകൾ കെട്ടിയും പടവുകൾ കെട്ടിയും താമരയിട്ട് പിടിപ്പിച്ചും വൃത്തിയായി സൂക്ഷിച്ചിരുന്നു. കുളിക്കുന്നതിന് പ്രത്യേക കുളങ്ങളുണ്ടായിരുന്നു. മറ്റു വീട്ടാവശ്യങ്ങൾക്ക് താരതമ്യേന മെച്ചപ്പെട്ട ജലമുള്ള തോടുകളേയും കുളങ്ങളേയും ആണ് ആശ്രയിച്ചിരുന്നത്.



കുളിക്കുന്നതിന് ക്ഷേത്രക്കുളങ്ങൾ പൊതുകുളമായ കേളൻകുളം "പുതുശ്ശേരി എന്നിവ ഉപയോഗിച്ചിരുന്നു.

പഞ്ചായത്തിലെ കുളങ്ങൾ, കിണറുകൾ, പൊതുകിണറുകൾ, കുഴൽകിണറുകൾ സംബന്ധിച്ച പട്ടിക അനുബന്ധമായി കൊടുത്തിട്ടുണ്ട്. ഇതിനുസരിച്ച് 19 കുളങ്ങളും109 കിണറുകളും 18 പൊതുകിണറുകളും ഉണ്ട്. 5035 കുടുംബങ്ങളിലായുള്ള ജലശ്രോതസ്സുകളുടെ എണ്ണം 2003 ആണ്. ശരാശരി മൂന്ന് കുടുംബത്തിന് ഒരു ജലശ്രോതസുണ്ട്.

### 11.1 പൊതുകിണറുകൾ

18 എണ്ണം ഉണ്ട് 24 എണ്ണം മാത്രമേ ഉപയോഗിക്കുന്നുള്ളു. ജല ശ്രോതസ്സുകളെ സംരക്ഷിച്ച് നിർത്തുന്നതിൽ പണ്ടത്തെപോലെ താൽപര്യവും സന്നദ്ധതയും കാണുന്നില്ല. തൻമൂലം ജലക്ഷാമം ഉണ്ടാകുന്ന അവസരങ്ങളിൽ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുന്നു. ഇക്കാര്യത്തിൽ വളരെ ജാഗ്രത കാണിക്കേണ്ടി യിരിക്കുന്നു.

### 11.2 ടാപ്പുകൾ

പഞ്ചായത്തിലാകെ 108 ടാപ്പുകളുണ്ട് ഏറ്റവും കൂടുതൽ ടാപ്പുകൾ ഉള്ളത് 2, 4 വാർഡുകളിലാണ്. (14) വീതം ഏറ്റവും കുറവ് 1ാം വാർഡിലാണ് (6) നാല്പത്തിയേഴ് കുടുംബങ്ങൾക്ക് ഒരു ടാപ്പ് വിതമുണ്ട്. ഒരു ടാപ്പിൽ ചെന്ന് ജലമെടുക്കുന്നതിന് ഏറ്റവും അകലേയുള്ള കുടുംബത്തിന് അര കിലോമീറ്ററിലധികം സഞ്ചരിയ്ക്കേണ്ട സ്ഥിതിയാണ്. മൂന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന ടാങ്കിൽ ഉള്ള വെള്ളം ഉപ്പ് രസമുള്ളതാണ് അഞ്ചാംവാർഡിൽ നിന്നാണ് ഇപ്പോൾ 6, ,8,9 വാർഡുകളിലേയ്ക്ക് വെള്ളം കൊണ്ടു പോകുന്നത് ടാങ്കിൽ നിന്ന് ലഭിക്കുന്നവെള്ളം നല്ലതല്ല. ഗുണ നിലവാര നിയന്ത്രണ സമിതി

യുടെ പരശോധനാ റിപ്പോർട്ട് അനുബന്ധമായി കൊടുത്തിരിക്കുന്നു. മാനാം വാർഡിൽ ഉള്ള ടാങ്കിലെ വെള്ളത്തിൽ ചെളിയുടെ അളവും, കാഠിന്യവും കാത്സ്യം മെഗ്നീഷ്യം ലവണങ്ങൾ എന്നിവയുടെ അളവും വളരെ കൂടുതലാണ് ഈ ജലമുപയോഗിച്ച് ആഹാരം പാകം ചെയ്താൽ പെട്ടെന്ന് ചീത്തയാകുന്നു. അരുചിയുണ്ടാകുന്നു. വെള്ളത്തിന് ചീമുട്ടയുടെ ഗന്ധമുണ്ട്. പുളിപ്പുണ്ട്, ചേർമണമുണ്ട് ഈല വെള്ളം ആഹാരേതര ആവശ്യങ്ങൾക്കുപോലും ഉപയോ ഗിക്കാൻ പറ്റുന്നതല്ല.

### 11.3 കുഴൽ കിണറുകൾ (ബോർവെൽ)

ഗ്രാമത്തിൽ 3 3 കുഴൽ കിണറുകളുണ്ട്. കുഴൽകിണറുകൾ സ്ഥാപിക്കുന്ന പ്രവണത ഏറി വരികയാണ്. കുഴൽ താഴ്ത്തി മോട്ടോർ ഉപയോഗിച്ച് വെള്ളം ശേഖരിക്കുന്നു. കുടിവെള്ളിത്തിനും പാചകാവശ്യത്തിനും ഇതുപയോഗിക്കാറുണ്ട്. ഇതിന് 3000-3500 രൂപ ചെലവ് വരും കൃഷി ഭവൻ വഴി ഇതിന് സബ്സീഡി ഉണ്ട്.

നാല് ഐസ് പ്ലാൻറുകൾ ഈ ഗ്രാമത്തിലുണ്ട്. ഇവിടങ്ങളിലും ബോർവൽ മുഖാന്തിരമാണ് ജലം ശേഖരിക്കുന്നത് ടൺ കണക്കിന് ഐസുകൾ ഉല്പാദിപ്പിക്കുന്നു. ബോര്ക്ഷവെല്ലുകൾ ഭൂ ഗർഭ ജലസ്രോതസസുകൾ നശിപ്പിക്കുമെന്ന് പാസ്ഥിക പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നുള്ള ആശങ്കയുണ്ട്. മുൻമ്പ് വെള്ളം ലഭ്യമായിരുന്ന ആഴത്തിൽ ഇപ്പോൾ വെള്ളം കണ്ടെത്താനാകുന്നില്ല.

### 11.4 കുടിവെള്ളക്ഷാമം

മാർച്ച്,ഏപ്രിൽ, മേയ് മാസങ്ങളിലാണ് കൂടുതൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത്. വില്ലേജ് ഓഫീസ് മുഖാന്തിരം ഈ അവസരങ്ങളിൽ വെള്ളമെത്തിക്കാറുണ്ട്. ഏതാനും വർഷങ്ങളായി ഇതാണ് സ്ഥിതി.

### 11.5 ജനമലിനീകരണം

ജലത്തിന് രുചിഭേദം, നിറവിത്യാസം, ദുർഗ്ന്ധം പൊതുവേ കാണുന്നുണ്ട്. ചെമ്മീൻ കഷെഡ്ഡുകളിൽ നിന് ഒഴുക്കിവിടുന്ന ജലവും അവശിഷ്ടങ്ങളും വെള്ളത്തെ ദുഷിപ്പിക്കുന്നു. ഓരുമുട്ടുകൾ ചെമ്മീൻ കൃഷിക്ക് വേണ്ടി തുറന്നിടുക തൊണ്ടഴുക്കുക, അറവുശാലകളിൽ നിന്നും അവശിഷ്ടങ്ങൾ വെള്ളത്തിലേയ്ക്ക് തള്ളുക ചെമ്മീൻ ഫീഡ് ഫാക്ടറികളിൽ നിന്നും മലിനജലം പുറന്തള്ളുക തുടങ്ങിയവയും കാർണങ്ങളാണ്.

### 11.6 പ്രശ്നങ്ങൾ,ഗ്രാമസഭാ നിർദേശങ്ങൾ

1. നാല്പത്തിയേഴ് വീടുകൾക്ക് ഒരു ടാപ്പ് എന്ന രീതിയിലാണ് കേരള വാട്ടർ അതോർട്ടിയിൽ നിന്ന് ജലം വിതരണം ചെയ്യുന്നത്

2.കുടിവെള്ളത്തിൽ ആവശ്യമുള്ളതിൽ ഏറെയാണ് രാസപദാർത്ഥങ്ങൾ

3. കുളങ്ങളിൽ നിന്നും ആവശ്യത്തിന് കുടിവെള്ളം കണ്ടെത്താനാകുന്നില്ല.

4. കിണറുകളിൽ നിന്ന് എല്ലാകാലത്തും ശുദ്ധജലം ലഭിക്കുന്നില്ല.

5. ഓര് (ഉപ്പ് വെള്ളം) കയറുന്നത് മൂലം കുളങ്ങളിലേയും കിണറുകളിലേയും ജലം പാനയോഗ്യമല്ലാതായിരിക്കുന്നു.

6.കുളം,കിണർ,ഇവയുടെ സമീപംക ക്കൂസുകൾ കാണപ്പെടുന്നു.

7.കുളങ്ങൾ യഥാസമയം വെട്ടി സംരക്ഷിക്കാവൻ എല്ലാവർക്കും കഴിയുന്നില്ല.

8. വേനൽ കാലങ്ങളിൽ ടാങ്കർ ലോറി വഴി എത്തിക്കുന്ന ശുദ്ധജല വിതരണം ന്യൂനപ ക്ഷത്തിനു മാത്രമേ പ്രയോജ നപ്പെടു ന്നുള്ളു.

9. താണപ്രദേശങ്ങളിൽ കുടിവെള്ളത്തിന് ആശ്രയിക്കുന്ന കുളങ്ങൾ കര കവിഞ്ഞ് ചുറ്റു പാടുകളിലുള്ള മലിന ജലവുമായി കൂടികലരുന്നു.

10. ടാപ്പിലൂടെ മുഴുവൻ സമയം ജലവിതരണമില്ല.

11. ഗ്രാമത്തിൻെറ പടാഞ്ഞാറൻ മേഖലയും കിഴക്കൻ മേഖലയും ആണ് കുടിവെള്ള ക്ഷാമം മൂലം ദുരിതമനുഭവിക്കുന്നത്.

12. വിവാഹം, മരണാടിയന്തിരം തുടങ്ങിയ പൊതു ആവശ്യങ്ങൾക്കും കിലോമീറ്ററുക ൾക്കകലെ നിന്ന് വെള്ളം കൊണ്ട് വന്ന് ഉപയോഗി ക്കേണ്ടിവരുന്നു.

13. 500 മീറ്റർ വരെ സഞ്ചരിച്ചാണ് ജന ങ്ങൾ വെള്ളം സേഖരിക്കുന്നത്.

14.പരിസ്ഥിത മലിനീകരണത്തിൻെറ ഫലമായി കുളങ്ങളിലെ വെള്ളം മലിനമായി കൊണ്ടിരിക്കുന്നു

15. കുളങ്ങൾ വെട്ടി സംരക്ഷിക്കാത്ത തിൻെറ ഫലമായി താനെ നികന്നു പോകുന്നു.

1 6.പന്ത്രണ്ട് വർഷങ്ങൾ പഴക്ക മുള്ളതും നിലവാരം കുറഞ്ഞ പി.വി.സി പൈപ്പുകളുമാണ്. ഇപ്പോഴും നിലവിലുള്ളത്.

1 .നീണ്ടകരപ്രദേശത്തെ കുടിവെള്ള ലഭ്യതക്കായി കട്ടത്തറക്കുളം പഞ്ചായത്ത് വിലയ്ക്ക വാങ്ങണം.

17. വേനൽകാലത്ത് കുളങ്ങളും കിണറുകളും വറ്റുന്നു.

18. കുളങ്ങൾ നികത്തുന്ന പ്രവണതയുണ്ട്.

11. നിർദേശങ്ങൾ

1. കേരളാ സർക്കാർ ജപ്പാൻ സഹായത്തോടു കൂടി നടപ്പാക്കുന്ന മൂവാറ്റുപുഴ യാറിൽ നിന്ന് ജലം കൊണ്ട് വന്ന് പഞ്ചായത്തിലെ കുടിവെള്ളംക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളി ലാകെ എത്തിച്ചാലെ നലിവിലുള്ള ശുദ്ധജല ക്ഷാമം ശാശ്വതമായി പരിഹരിക്കാൻ കഴിയുന്നു ള്ളു. ഇത് യുദ്ധകാലാടിസ്ഥാനത്തിൽ സർക്കാർ നടപ്പാക്കണം.

2. ജലശ്രോതസിൻെറ അളവ് വർദ്ധിപ്പിക്കുന്നതിന് അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്ന പുതുശ്ശേരി വെളിയിലുള്ള പഞ്ചായത്ത് വക കുളം മണലും ചെളിയും നീക്കം ചെയ്ത് നാലു വശവും കരിങ്കൽ ഭിത്തി കെട്ടി സുരക്ഷിത പ്പെടുത്തിയ ശേഷം ഗ്രേഡഡ് സാൻറും, മെറ്റഥ സൈസ് അനുസരിച്ച് അട്ടിയിട്ട് അടുക്കി നടുഭാഗ ത്തായി ഉദ്ദേശം ആറു മീറ്റർ വ്യസത്തിൽ 10 മീറ്റർ താഴ്ച്ചയിൽ കലക്റ്റിംഗ് വെൽ, ഇൻ ഫിൽട്ടറേഷൻ കുഴലുകൾ സ്ഥാപിച്ച് 10 എച്ച്. പി പമ്പ് സെറ്റ് രണ്ടെണ്ണം ഫിറ്റ് ചെയ്ത് ടാങ്കിലേക്ക് പമ്പ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.

3. നിലവിലുള്ള പൈപ്പ് ലൈൻ 5000 മീറ്റർ നീട്ടുകയും ഗുണനിലവാരമുള്ള ടാപ്പുകൾ സ്ഥാപി ക്കുകയും ചെയ്യുക

4.പലയിടങ്ങളിലും പൈപ്പ് ലൈനുകൾ പൊട്ടി ജലം പുറത്തേക്കൊഴുകുന്നത് തടയുന്നതിന് വേണ്ടി സ്ഥിര സംവിധാനമെന്ന നിലയിൽ വിദഗ്ധ തൊവിലാഴികളുടെ സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിപ്പുക്കുക.

5. കുഴൽ കിണറുകളുടെ റിപ്പയറിംഗ് കാലാ കാലങ്ങളിൽ ചെയ്യുകയും കുഴൽ കിണറുകലും ടാപ്പുകളും സംരക്ഷിക്കുന്ന ചുമതല തദ്ദേശവാസി കളെ ഏൽപ്പിക്കുക

6. ടാപ്പുകളുടെ എണ്ണം ഇരുപത് കുടുംബത്തിന് ഒന്ന് എന്ന രീതിയിൽ വർദ്ധിപ്പിക്കണം

7. ഹൗസ് കണക്ഷനുള്ള കാലതാമസം ഒഴിവാക്കണം

8. പഞ്ചായത്തിൽ ശുദ്ധജല കുളങ്ങൾ സർവ്വേ നടത്തി കണ്ടെത്തുകയും കുളം സംരക്ഷിക്കുന്നതി ന് ചുറ്റ് ഭിത്തി കെട്ടുവാൻ സബ്സീഡി നൽകുക യും വേണം. സർപ്പാക്കാവുമായി ബന്ധപ്പെട്ട കുളങ്ങളും ഇത്തരത്തിൽ സംരക്ഷിക്കപ്പെടണം

9. ശുദ്ധ ജലലഭ്യതയില്ലാത്ത സ്ഥലങ്ങളിൽ കിണറുകളും, കുഴൽ കിണറുകളും സ്ഥാപിക്കുന്നത് ഒഴിവാക്കി ദുർവിനിയോഗം തടയണം

10. കുളങ്ങൾ നികത്തുന്നതും കുടിവെള്ള ശ്രോതസ്സുകൾക്ക് സമീപം കക്കൂസ് സ്ഥാപിക്കുന്നതും ഒഴിവാക്കുവാൻ ബോധവ ൽക്കരണം നടത്തണം.

11. ഹൗസ് കണക്ഷന്, വീടുവരെയുള്ള പൈപ്പിൻെറയും മറ്റുചെലവുകളും സർക്കാർ ഏറ്റെ ടുക്കുകയും തുക ഗഡുക്കളായി തിരിച്ച് പിടിക്കു ന്നതിന് നടപടികൾ സ്വീകരിക്കുക.

12. ബോർവെൽ മൂലമുണ്ടാകുന്ന പ്രശ്നങ്ങളെ ശാസ്ത്രീയമായി പഠിക്കാൻ സംവിധാനമുണ്ടാക്കുക

13. ശുദ്ധജലം ദിർവിനിയോഗം ചെയ്യാതിരിക്കാൻ ബോധവൽക്കരണം നടത്തുകയും വാർഡു തല സന്നദ്ധ സമിതികൾ രൂപീകരിക്കയും ചെയ്യുക.

14. കായലുമായി ബന്ധപ്പെട്ടിട്ടുള്ള കൈത്തോടുക ളിൽ ഓരു കയറാതിരിക്കാൻ ഉള്ള മുട്ടുകൾ ഇടുന്ന ത് സ്ഥിരം സംവിധാനമാക്കുക.

15.സേഫ്റ്റി ടാങ്ക് കക്കൂസ് നിർമ്മിക്കുന്നതിന് വേണ്ടിയുള്ള സാമ്പത്തിക സഹായം സർക്കാർ ഏജ സി വഴി നടപ്പാക്കുക.

16. കുളങ്ങളേ ആശ്രയിച്ച ശുധ്ധ ജലം ലഭ്യമാക്കണമെങ്കിൽ പരിസര മലിനീകരണത്തിന് ശാശ്വത പരിഹാരം കണ്ടെത്തണം.

1 . വേനൽകാലത്ത് വെള്ളം ലഭ്യമാകത്തക്ക വിധം ആഴവും വ്യാസവും ഉള്ള കിണറുകൾ നിർമ്മി ക്കണം.

18. 1988ൽ കേരള വാട്ടർ അതോററ്റി ചേർത്തല സബ്ഡിവിഷൻ തയ്യാറാക്കി സർക്കാരിന് സമർപ്പി ച്ചിട്ടുള്ള ശുദ്ധജലവിതരണ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയും പ്രവർത്തി പഥത്തി ലെ ത്തിക്കുകയും വേണം.

19. ശുദ്ധജലക്ഷാമം രൂക്ഷമാവുന്ന സന്ദർഭത്തിൽ ടാങ്കർ ലോറികൾ കടന്നു ചെല്ലാത്ത ചെറിയ റോ ഡുകളിലും പാതകളിലും ശുദ്ധജലം എത്തിച്ചു കൊടുക്കണം.

20. ഗ്രാമത്തിൽ ശുദ്ധജലം ലഭ്യമാവുന്ന പ്രദേശങ്ങളിൽ ചെറിയ വാട്ടർ ടാങ്കുകൾ സ്ഥാപിച്ച് ശുദ്ധജലവിതരണ പദ്ധതിക്ക് രൂപം നൽകണം.

21. ടാപ്പുകൾ ഉപയോഗക്ഷമമാണെന്ന് ഉറപ്പ് വരുത്തുവാൻ സ്ഥിരം സംവിധാനം പഞ്ചായത്ത് ഏർപ്പെടുത്തണം.

22.പഞ്ചായത്തിലെ വിവധ പ്രദേശങ്ങളിൽ നിന്ന്



മൂവാറ്റുപുഴയാറിലെ വെള്ളത്തിന്റെ വരവും കാത്ത്
ആസൂത്രണത്തിലെ പാളിച്ചക്ക് ഒരു മൂകസാക്ഷി

ലഭിക്കുന്ന ജലം അനലറ്റിക്ക് ലാബ്രട്ടറികളിൽ പരിശോധിക്കുവാനും ഉപയോഗക്ഷമമാണെന്ന് ഉറപ്പ് വരുത്തുവാനും ആവശ്യമായ സംവിധാനം പഞ്ചായത്ത് വഴി നടപ്പാക്കണം.

23. കാലാകാലങ്ങളിൽ ശുദ്ധജലം ലഭിയ്ക്കുന്ന കുളങ്ങൾ വെട്ടി സംരക്ഷിക്കുവാൻ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് പഞ്ചായത്ത് സാമ്പത്തിക സഹായം നൽകണം.

24. പൊതു കിണറുകൾ യഥാകാലം വൃത്തിയാക്കി സംരക്ഷിക്കുന്നതിന് പഞ്ചായത്ത് മുൻ കൈ എടുക്കണം.

ഇന്ത്യയുടെ മുഴുവൻ ഏകാധിപതിയായി ഒരു മണിക്കൂർ നേരത്തേക്ക് ഞാൻ നിയമിക്കപ്പെട്ടാൽ ഒന്നാമതായി ഞാൻ ചെയ്യുന്ന കാര്യം യാതൊരു നഷ്ടപരിഹാരവും കൊടുക്കാതെ എല്ലാ മദ്യഷാപ്പുകളും അടച്ചിടുക യായിരിക്കും.

അഹിംസയുടെ നിഘണ്ടുവിൽ തോൽവി എന്ന വാക്കില്ല.

– ഗാന്ധിജി

⌘



## 11.8 കോടംതുരുത്ത് ഗ്രാമപഞ്ചായത്ത്

ശുദ്ധജലലഭ്യത, അവലോകനം

| വാർഡ് | ആകെ കുടുംബങ്ങളുടെ എണ്ണം | കുളം | കിണർ | പൊതുകിണർ | കുഴൽ കിണർ | സ്ക്കൂൾ ജലസംഭരണി |
|---|---|---|---|---|---|---|
| 1 | 554 | 123 | 169 | 21 | 48 | 2 |
| 2 | 439 | 87 | 132 | 8 | 32 | |
| 3 | 575 | 91 | 157 | 28 | 54 | 1 |
| 4 | 695 | 79 | 204 | 25 | 58 | |
| 5 | 478 | 76 | 163 | 20 | 43 | |
| 6 | 571 | 98 | 123 | 38 | 51 | |
| 7 | 547 | 67 | 47 | 13 | 22 | 1 |
| 8 | 634 | 42 | 49 | 20 | 28 | |
| 9 | 542 | 56 | 53 | 14 | 37 | |
| | 5035 | 719 | 1097 | 187 | 373 | 4 |

## 11.9 ഗ്രാമീണ ജലവിതരണ പദ്ധതി കോടംതുരുത്ത്

**ജലവിതരണ പൈപ്പുകളുടേയും ടാപ്പുകളുടേയും വാർഡുതല എണ്ണവും വിതരണവും സംബന്ധിച്ച്**

| ക്രമ നമ്പർ | വിശദവിവരം വാർഡുകൾ | 1 മീറ്റർ | 2 മീറ്റർ | 3 മീറ്റർ | 4 മീറ്റർ | 5 മീറ്റർ | 6 മീറ്റർ | 7 മീറ്റർ | 8 മീറ്റർ | 9 മീറ്റർ | ആകെ മീറ്റർ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 110 മില്ലീമീറ്റർ പി.വി.സി പൈപ്പ് | | | 1000 | 800 | | 1700 | | | 1830 | 5330 |
| 2. | 90 മില്ലീമീറ്റർ പി.വി.സി പൈപ്പ് | 2500 | 1900 | 500 | 700 | | 1100 | | 4000 | 800 | 10500 |
| 3 | 75 മില്ലീമീറ്റർ പി.വി.സി പൈപ്പ് | | 3700 | 1750 | 750 | | | 3585 | 500 | 1400 | 11685 |
| 4. | 63 മില്ലീമീറ്റർ പി.വി.സി പൈപ്പ് | | | | | 1600 | 300 | | | | 1900 |
| 5. | 100 മില്ലീമീറ്റർ പി.വി.സി പൈപ്പ് | | | | | | 511 | | | | 511 |
| 6. | ടാപ്പുകളുടെ എണ്ണം | 6 | 14 | 12 | 14 | 13 | 12 | 12 | 12 | 13 | 108 |
| 7. | പൊതു വാട്ടർ ടാങ്കുകൾ | | | 2 | | | 1 | | | | 3 |

## 11.10 കോടം തുരുത്ത് പഞ്ചായത്തിൽ പി.വി.സി പൈപ്പ് ലൈൻ നീട്ടുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി കേരളാ വാട്ടർ അതോറിറ്റി ശുപാർശ ചെയ്ത പദ്ധതികൾ.

| ക്രമനമ്പർ | വാർഡു നമ്പർ | സ്ഥലം | അടങ്കൽ തുക (ലക്ഷത്തിൽ) | പൈപ്പിൻെറ നീളം (മീറ്ററിൽ) | പൈപ്പിൻെറ വ്യാസം (മില്ലീമീറ്റർ) |
|---|---|---|---|---|---|
| 1. | 2 | വർഡു പ്രദേശം | 6.06 | 4000 | 75 |
| 2 | 3 | മനത്തോടത്തു കോളനി | 3.43 | 3000 | 90 |
| 3. | 5 | ചക്കാലച്ചിറ കോളനി | 0.39 | 500 | 63 |
| 4 | 6 | കോട്ടാത്തുകോളനി (ഐ.എച്ച്.ഡി.പി ) | 6.31 | 3000 | 90 |
| 5 | 6 | പുതുശ്ശേരി വെലികോളനി | 0.39 | 500 | 63 |
| 6 | 7 | മണ്ണുചിറ ഹരിജൻ കോളനി | 1.10 | 1000 | 75 |
| 7 | 7 | കുഴിവേലി നികർത്ത് കോളനി | 0.61 | 500 | 90 |
| 8 | 7 | പാലപ്പറമ്പ് കോളനി | 1.20 | 1000 | 90 |
| 9 | 8 | ചേരുങ്കൽ | 1.10 | 1000 | 75 |
| 10 | 8 | ചില്ലംതറ കോളനി,കൊടിത്തറ കൊളനി | 1.10 | 1000 | 75 |
| 11 | 9 | ഔട്ടാക്കൽ | 0.475 | 500 | 75 |
| 12 | 9 | പുല്ലുവേലിൽ | 0.695 | 700 | 75 |
| | | ആകെ | 22.860 | 16700 | |

## 11.11കേരളാ വാട്ടർ അതോറിറ്റി ഗുണ നിയന്ത്രണ കേന്ദ്രം തിരുവല്ല.
## ജല അപഗ്രഥന റിപ്പോർട്ട്

| | | |
|---|---|---|
| സാമ്പിൾ ശേഖരിച്ച സ്ഥലം | : | കോടംതുരുത്ത്,കരുമാഞ്ചേരി |
| തീയതി (സാമ്പിൾ ശേഖരിച്ചത് ) | : | 13.06.96 |
| തീയതി (സാമ്പിൾ പരിശോധിച്ചത് ) | : | 13.06.96 മുതൽ 20.06.96 വരെ |

| ക്രമ നമ്പർ | സവിശേഷതകൾ | വേണ്ട അളവ് | ഉള്ളത് | | | |
|---|---|---|---|---|---|---|
| | | | അസംസംകൃത ജലം | | സംസ്കൃത ജലം | |
| | | | കോടം തരുത്ത് | കരുമാ ഞ്ചേരി | കോടം തുരുത്ത് | കരുമാ ഞ്ചേരി |
| 1 | ചേറിന്റെ കലർപ്പ് | 10 എൻ.ടി.യു. | 11.5 | 1.4 | 55 | |
| 2. | പി.എച്ച് | 7 മുതൽ 8.5 വരെ | 7.56 | 7.41 | 7.88 | |
| 3. | വൈദ്യുത പ്രസരണശേഷി | മൈക്രോ ഹോസ്/ സി.എം. | 3600 | 4900 | 4000 | |
| 4. | അമ്ലാംശങ്ങൾ | എം.ജി./ലിറ്റർ | 14 | 15 | 12 | |
| 5. | ക്ഷാരംശങ്ങൾ | " " | 226 | 130 | 380 | |
| 6. | ആകെ ഖരപദാർത്ഥങ്ങൾ | 500 " " | | | | |
| 7. | ആകെ ഗാഢത | 200 " " | 422 | 170 | 520 | |
| 8. | കാത്സ്യത്തിന്റെ ഗാഢത | 75 " " | 178 | 150 | 286 | |
| 9. | മഗ്നീഷ്യത്തിന്റെ ഗാഢത | 30 " " | 244 | 20 | 234 | |
| 10 | ലവണങ്ങൾ | 200 " " | 1050 | 70 | 1330 | |
| 11. | ഫ്ലൂറൈഡുകൾ | 1.0 " " | 0.45 | 1.18 | | |
| 12. | ഇരുമ്പിന്റെ അളവ് | 0.1 " " | 0.04 | 0.03 | 0.16 | |
| 13. | അവശിഷ്ട ക്ലോറിൻ | | | | | |

| രാസ പാദാർത്ഥങ്ങൾ അളവിനെ സംബന്ധിച്ച നിർദ്ദേശങ്ങൾ | | ഉറവിടം |
|---|---|---|
| എ) കുമ്മായം | ഇല്ല | |
| ബി) സ്ഫടികക്കാരം (ആലം ) | ഇല്ല. | ഇല്ല. |

# RURAL WATER SUPPLY SCHEME TO KODAMTHURUTH PANCHAYAT KEY PLAN.




| INDEX | ALREADY LAID | TO BE LAID |
|---|---|---|
| 110 MM Ø PVC | | |
| 90 MM Ø PVC | | |
| 75 MM Ø PVC | | |

# 12 പൊതുജനാരോഗ്യം

## 12.ആമുഖം

12.1ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവുമായ സുസ്ഥിതിയാണ് ആരോഗ്യം, ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. ആരോഗ്യമെന്നാൽ ആശുപത്രിയും മരുന്നും ഡോക്ടറും ആണെന്ന് ഗ്രാമീണ ജനത കരുതുന്നു. പരമ്പരാഗത വൈദ്യസമ്പ്രദായം നാട്ടറിവുകൾ, വിഷചികിത്സ, ബാലചികിത്സ, മർമ്മചികിത്സ, ഒറ്റമൂലി പ്രയോഗങ്ങൾ എന്നിവയിലെ പ്രാഗൽഭ്യം ഈ ഗ്രാമത്തിന് നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്.

1996ലെ പഞ്ചായത്ത് തല സർവ്വേ പ്രകാരം 19850 പേർ ഈ ഗ്രാമത്തിലുണ്ട്. അംഗനവാടി ജീവനക്കാർ ശേഖരിച്ച വിവരങ്ങൾ അനുസരിച്ചുള്ള വിലയിരുത്തൽ ഗ്രാമ സഭ നടത്തി.

## 2. ജനനനിരക്ക്

95-96ൽ 258 ജനനങ്ങൾ നടന്നു.ജനന നിരക്ക് 13 ആണ്. കേരളത്തിൽ ഇതം 1 ആണ് ജനനിരക്ക് ആശാസ്യമാണ്. 94-95 ൽ ജനനം 255 ആയിരുന്നു.

## 3. ശിശുമരണനിരക്ക്

ഗ്രാമത്തിൽ 3 ശിശുമരണമുണ്ടായി ഇതിലൊന്ന് ചാപിള്ള ജനനമാണ്. ഗ്രാമത്തിലെ ശിശു മരണ നിരക്ക് 0.15 ആണ്. കേരളത്തിലെ നിരക്ക് 16 ആണ്.

## 4. മാതൃമരണനിരക്ക്

കേരളത്തിലെ മാതൃമരണനിരക്ക് 1 ആണ്. പഞ്ചായത്തിൽ 1 മാതൃമരണം നടന്നിട്ടുണ്ട്. മഞ്ഞപിത്തമായിരുന്നു ഇതിനുകാരണം. നിരക്ക് 3.88 ആണ്.

## 5. പൊതുമരണ നിരക്ക്

95 - 96 ൽ 113 മരണങ്ങൾ നടന്നു പ്രായാധിക്യം മൂലമാണ് മരണങ്ങൾ ഏറേയും. 5.54 ആണ് മരണനിരക്ക്. കേരളത്തിലെ മരണ നിരക്ക് 5.9 ആണ്.



## 6. പ്രായഘടന

ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ 258 ആണ്. 1-2 പ്രായം 198, 2 - 3 പ്രായം 269, 3 - 5 പ്രായം 533, ആകെ 1258. 96ലെ ജനസംഖ്യയുടെ 6.33 ശതമാനം അഞ്ചോ അഞ്ച് വയസ്സിനു താഴെ ഉള്ളകുട്ടകളാണ് ഇവരുടെ പോഷകാഹാര പരിപാടികൾ പ്രതിരോധ കുത്തിവെയ്പ്പുകൾ, വിദ്യാഭ്യാസ സൗകര്യങ്ങൾ തുടങ്ങിയവ വിശദമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്.

## 7. പ്രതിരോധ കുത്തിവെയ്പ്പുകൾ

ഗ്രാമത്തിലെ കുട്ടികൾക്കും ഗർഭിണികൾക്കും നൽകിയ പ്രതിരോധ കുത്തിവെയ്പുകൾ സംബധിച്ച വിവരം. അനുബന്ധമായി കൊടുത്തിട്ടുണ്ട്. മുഴുവൻ കുട്ടികൾക്കും പ്രതിരോധ കുത്തിവെയ്പുകൾ നൽകാൻ കഴിഞ്ഞു (അനുബന്ധം കാണുക)

## 8. മഹിളാ സ്വസ്ത് സംഘ്

ഈ പേരിൽ ഒരു സന്നദ്ധ സംഘടന 53,58 നമ്പർ അംഗനവാടികൾ കേന്ദ്രീകരിച്ച് പ്രവർത്തി ക്കുന്നുണ്ട്.

## 9 വൃദ്ധ ജനങ്ങൾ

വൃദ്ധജനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന പ്ര ത്യേക പ്രസ്ഥാനങ്ങളൊന്നും നിലവിലില്ല. രക്ത സമ്മർദ്ദം, പ്രമേഹം, വാതം, ഓർമ്മക്കുറവ്, തിമിരം തുടങ്ങിയവയാണ് ഇവരിൽ കാണുന്ന പ്രധാന അസുഖങ്ങൾ. മക്കളുടേയും ബന്ധുക്കളുടേയും പരിചരണം വേണ്ടത്ര ലഭിക്കുന്നില്ല. പെൻഷൻ പറ്റിയതിന് ശേഷം സമൂഹ്യ രാഷ്ട്രീയ സാസ്ക്കാരിക രംഗങ്ങളിൽ പ്രവർത്തി ക്കുന്നവരുമുണ്ട്.

## 10. ഗ്രാമത്തിൽ കാണുന്ന അസുഖങ്ങൾ

ജലജന്യ രോഗങ്ങൾ, വായുജന്യ രോഗങ്ങൾ, പ്രാണി ജന്യരോഗങ്ങൾ എന്നിവയാണ് പ്രധാനം ഇതിൽ ശ്വാസകോശ രോഗങ്ങളാണ് കൂടുതലായി കാണപ്പെടുന്നത് 95 - 96 ൽ 1396 പേർക്ക് ശ്വാസകോശ രോഗങ്ങളുണ്ട്. അംഗനവാടി വർക്കറൻമാർ ശേഖരിച്ച കണക്കനുസരിച്ച് ഈ

ഗ്രാമത്തിലെ ഇപ്പോഴത്തെ ജനസംഖ്യ 19850 ആണ്. 7.03 ശതമാനം പേർക്ക് ശ്വാസകോസം രോഗം ഉണ്ട്. അഞ്ച് ശതമാനം പേർക്ക് ജലജന്യരോഗം ഉണ്ട്. പ്രാണി ജന്യരോഗങ്ങൾ 0.04 ശതമാനാമാണ്. 3208 പേർക്ക് വാതസംബന്ധമായ അസുഖമുണ്ട് (16.16 %) ത്വക്ക് രോഗം 1253 (6.31%) പേർക്കും 317പേർക്ക് പകർച്ചവ്യാധികളും (1.6 ശതമാനം) ഉണ്ട്. 95 - 96 ൽ 46010 പേർ ഏതെങ്കിലും അസുഖമായി ഒ.പി വിഭാഗത്തിൽ എത്തിയിരുന്നു. ഇത് 204.6 ശതമാനം പേർവരും.

ഒരാൾ തന്നെ പലതവണ ഓ.പിയായി എത്തിയതു കൊണ്ടാവാം ഇത്ര ഭീമമായ ഒരു സംഖ്യ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

ശ്വാസകോശ രോഗങ്ങളാണ് ഈ ഗ്രാമത്തിലെ ജനങ്ങളെ വിഷമിക്കുന്നത്. വായു മലിനീകരണമാണ് ഇതിനു കാരണം. ചെമ്മീൻ തീറ്റ ഫാക്ടറി, പീലിംഗ് ഷെഡ്ഡുകൾ ഇവയിൽ നിന്ന് പുറത്ത് വരുന്ന മാലിന്യങ്ങൾ, വാഹനങ്ങളിൽ നിന്നും പുറത്തു വരുന്ന കാർബൺമോണോക്സൈഡ് വാതകം തുടങ്ങിയവയാണ് കാരണങ്ങൾ.

പ്രൈമറി ഹെൽത്ത് സെൻററിൽ ഒരു ദിവസം ശരാശരി 200 പേരെങ്കിലും ചികിത്സയ്ക്കായി എത്തുന്നുണ്ട് ഇവരിലധികവും സ്ത്രീകളും കുട്ടുകളുമാണ്. ശ്വാസകോശ രോഗങ്ങൾ, അനീമിയ, നട്ടെല്ല്‌വേദന, എന്നിവയാണ് എത്തുന്നവരിൽ ഭൂരിപക്ഷം പേർക്ക് കാണുന്ന രോഗങ്ങൾ.

## 11. ഗ്രാമത്തിലെ ചികിത്സാ സൗകര്യങ്ങൾ. പൊതുമേഖല

ഗ്രാമത്തിൽ ആരോഗ്യ രംഗത്ത് സർക്കാർ മേഖലയിൽ ആറ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. രണ്ടെണ്ണം പ്രൈമറി ഹെൽത്ത് സെൻററുകളാണ്. ഇവിടെ കിടത്തി ചിക സ്തിക്കുന്നതിന് സൗകര്യമില്ല. വേണ്ടത്ര മരുന്നുകൾ, ലാബ്, സ്ഥല സൗകര്യം എന്നിവയില്ല.

## 12. സ്വകാര്യമേഖല

സ്വകാര്യമേഖലയിൽ അഞ്ച് ഡിസ്പൻസറികൾ പ്രവർത്തിക്കുന്നുണ്ട്, ഒരു ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. ഈ ആശുപത്രിയൽ കിടത്തി ചികിത്സിക്കുന്നതിന് സൗകര്യമുണ്ട്. ആംബുലൻസ്, എക്സറെ, ലാബ് സൗകര്യ ങ്ങളോടുകൂടി യാണ് ഈസ്ഥാപനം പ്രവർത്തിക്കുന്നത്.

ഗവൺമെൻറ് മേഖലയേക്കാൾ സ്വകാര്യ മേഖലയെയാണ് ജനങ്ങൾ ആശ്രയിക്കുന്നത് ചെലവ് കൂടുന്നതിന് ഇത് കാരണമാകുന്നു മറ്റു ക്ലേശങ്ങളും അനുഭവിക്കേണ്ടിവരുന്നുണ്ട്.

## 13.കുട്ടികളുടെ ആരോഗ്യ പോഷണനിലവാരം

അനുപൂരകപോഷകാഹാരം ലഭിയ്ക്കുന്ന 599 കുട്ടികളുണ്ട്. അംഗൻ വാടികൾ മുഖേനയാണ് ഇത് ലഭിയ്ക്കുന്നത്. പാൽപേട, കപ്പലണ്ടിക്കുരു, ചോളപ്പൊടി, സോയാബീൻ ഓയിൽ,കഞ്ഞീം പയറും, വയറ്റമീൻ ഗുളികകൾ (ഇരുമ്പ്,ഫോളിക് ആസിഡ് ) വയറ്റ്മീൻ എ എന്നിവയാണ് വിതരണം ചെയ്യുന്നത്. കുട്ടിക ൾക്കാവശ്യമായത്ര അളവിലും വേണ്ടത്ര ഗുണനിലവാരത്തിലും ഇത് ലഭിക്കുന്നില്ല. ഐ.സി.ഡി. എസ് വഴി ഇത് വിതരണം ചെയ്യാറുണ്ട്. ഭക്ഷണത്തിനും മറ്റാനുകൂല്യ ത്തിനും വേണ്ടി മാത്രമാണ് അംഗൻവാടി കളിൽ കുട്ടികൾ എത്തുന്നത്. ഭക്ഷണ സാധ നങ്ങൾ ശെരിയായി അളവി ലും ഗുണത്തിലും വിതരണം ചെയ്യുന്നില്ല എന്ന പരാതിയുണ്ട്. ജീവനക്കാർക്ക് അർഹമായ വേതനം ലഭിയ്ക്കുന്നില്ല.

## 14. നിലവിലുള്ള ആരോഗ്യ പരിപാടികൾ.

പി.എച്ച്.സി തലങ്ങളിൽ കുടി സജ്ജീവമായി നടപ്പാക്കി കൊണ്ടിരിക്കുന്ന ദേശിയ പരിപാടികൾ

1. ദേശിയ പ്രതിരോധ പരിപാടികൾ
2. ദേശിയ മലമ്പനി നിർമ്മാർജ്ജനപരിപാടി
3. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി
4. ദേശീയ ക്ഷയരോഗ നിർമ്മാർജന പരിപാടി
5. ദേശീയ അന്ധതാ നിവാരണ പരിപാടി
6. ദേശിയ പോഷകാഹാര പരിപാടി
7. മസ്തിഷ്ക രോഗ നിവാരണ പരിപാടി കൂടാതെ എയ്ഡ്സിനെ സംബന്ധിച്ച് ബോധവൽക്കരണം നടക്കുന്നുണ്ട്. ഇത് വരെ എയ്ഡ്സ് രോഗ ബാധ ആർക്കും ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല നടപ്പിലാക്കി കൊണ്ടിരിക്കുന്ന ദേശീയ പരിപാടികളുടെ വിലയിരുത്തൽ നടത്തുവാൻ കഴിഞ്ഞിട്ടില്ല.

### 1 . പ്രശ്നങ്ങൾ

1 പഞ്ചായത്ത് പ്രദേശങ്ങളിൽ അലഞ്ഞു തിരഞ്ഞ് നടക്കുന്ന നായ്ക്കളുണ്ട്

2. പോഷകാഹാര കുറവ് കുട്ടികളിൽ കാണുന്നു.

3. വിളർച്ചരോഗം സ്ത്രീകളിലും കുട്ടികളിലും കൂടുതലായി കാണുന്നു.

4. വൃദ്ധൻമാരെ പരിചരിക്കുന്നതിൽ സമൂഹം വിമുഖത പ്രകടിപ്പിക്കുന്നു.

5. പൊതു നിരത്തുകൾ പൊതുസ്ഥാപനങ്ങൾ ഇവ വൃത്തിയായി സൂക്ഷിക്കുന്നില്ല.

6. പ്രൈമറി ഹെൽത്ത് സെൻററുകളിൽ പ്രാഥമിക സൗകര്യം ഇല്ല.

7. സ്വകാര്യ ആശുപത്രികളിലെ ചികിത്സ സമ്പത്തിക ബുദ്ധിമുട്ടും ഉണ്ടാക്കുന്നു.

8. പി.എച്ച് സെൻററുകളിൽ കിടത്തി ചികിത്സിക്കാൻ സംവിധാനമില്ല.

9. പഞ്ചായത്തിൻെറ 1,2 വാർഡുകളിലെ ജനങ്ങളുടെ സൗകര്യാർത്ഥം പ്രവർത്തിച്ചുവരുന്ന സബ് സെൻററിൻെറ പ്രവർത്തനം ഫലപ്രദമല്ല.

10. ഹോമിയോ ആശുപത്രിയുടേയും ആയുർവേദ ആശുപത്രിയുടേയും അഭാവം.

11. കോടംതുരുത്ത് പി.എച്ച്. സെൻററിലേയ്ക്ക് ഉള്ള റോഡ് ഗതാഗത യോഗ്യമല്ല.

12. തുറസ്സായ സ്ഥലത്ത് മല മൂത്ര വിസർജ്ജനം നടത്തുന്നു.

13. ചെമ്മീൻ ഷെഡ്ഡിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങൾ പൊതുജനാരോഗ്യത്തിന് ഭീഷണിയാവുന്നു.

14. പഞ്ചായത്ത്പ്രദേശത്തെ കൊതുകുകളും ഈച്ചകളും വർദ്ധിച്ചു വരുന്നു.

15. പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലയിൽ പ്രവർത്തിക്കുന്ന ഹിഗാഷുമാരു ഫിഷ് ഫീഡ്സ്, പരി സരണ മലിനീകരണം ഉണ്ടാക്കുന്നു.

## പരിഹാരനിർദേശങ്ങൾ സാദ്ധ്യതകൾ

1.സ്വകാര്യമേഖലയിലെ ആശുപത്രി ജീവനക്കാർ നിശ്ചിത യോഗ്യതയുള്ളവരായിരിക്കണമെന്ന് ഗവൺമെൻറ് ഉറപ്പ് വരുത്തണം.

2. സ്വകാര്യമേഖലയിലെ സേവനങ്ങൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസേ വാങ്ങാവൂ എന്ന് നിഷ്ക്കർഷിക്കണം.

3. ഗ്രാമത്തിലെ അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികൾക്ക് വേണ്ടി സമഗ്രമായ പദ്ധതി ഗ്രാപഞ്ചായത്ത് നടപ്പാക്കണം.

4. വൃദ്ധൻമാർക്ക് വേണ്ടി പൊതു വിനോദ കേന്ദ്രങ്ങൾ ഏർപ്പെടുത്തണം.

5. അംഗൻ വാടികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് അംഗങ്ങളുടെ സബ് കമ്മിറ്റി രൂപീകരിക്കണം.

6.അംഗൻവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഗവൺമെൻറ് തലത്തിൽ തീരുമാനം ഉണ്ടാക്കണം.

. പൊതു സ്ഥാപനങ്ങളും പൊതു നിരത്തുകളും ഭംഗിയായിസൂക്ഷിക്കുന്നതിന് സംവിധാനമുണ്ടാക്കണം.

8. പഞ്ചായത്തിലെ 1,2, വാർഡുകളിലെ ജനങ്ങളുടെ സൗകര്യാർത്ഥം പ്രവർത്തിക്കുന്ന സബ്സെൻററിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുകയും സ്വന്തമായ കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റുകയും വേണം.

9. പി.എച്ച് സെൻററുകൾ രോഗികളെ കിടത്തി ചികിത്സിക്കാനുതകുന്ന തരത്തിൽ ഇരുപത്തിയഞ്ച് കിടക്കകളോടു കൂടിയ ആശുപത്രിയായി ഉയർത്തണം.

10. പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലിയിൽ ഒരു ആയുർവേദ ആശുപത്രി കിഴക്കൻ മേഖയിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കണം.

11. പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലയിലും കിഴക്കൻ മേഖലയിലും ഓരോ പൊതു ശ്മശാനം നിർമ്മിക്കണം.

12. കോടംതുരുത്ത് പി.എച്ച് സെൻററിലേക്ക് ആംബുലൻസ് പോകത്തക്ക വിധം റോഡ് നിർമ്മിക്കണം.

13. ലക്ഷം വീട് കോളനികളിൾ കക്കൂസിൽ നിന്നുള്ള മാലിന്യം തടയുന്നതിന് പൊതുവായ ഒരു സെപ്റ്റി ടാങ്ക് നിർമ്മിച്ച് കക്കൂസുകളിൽ നിന്നുള്ള കണക്ഷൻ ടാങ്കിലേക്ക് കൊടുക്കുക ബോധവൽക്കരണം നടത്തുക.

14. മാലിന്യ നിർമ്മാർജ്ജനത്തിന് ഡ്രൈനേജ് സൗകര്യം ഏർപ്പെടുത്തണം.

15. കക്കൂസുകളുടെ എണ്ണം വർദ്ധിപ്പിക്കണം.

16. പീലിംഗ് ഷെഡ്ഡുകളിലെ മലിന ജലം കർശനമായി ട്രീറ്റുമെൻറ് പ്ലാൻറ് സ്ഥാപിച്ച് ശുദ്ധീകരിക്കണം

17. കൊതുകു് നിർമ്മാർജന പരിപാടികൾ ഊർജ്ജിതപ്പെടുത്തണം.

18 അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുകയും പേവിഷ ബാധയ്ക്കുള്ള പ്രതിരോധ കുത്തിവെയ്പ് എടുപ്പിക്കുകയും ചെയ്യണം

19. വാർഡുകൾ തോറും വർഷത്തിൽ രണ്ട് പ്രാവശ്യം മെഡിക്കൽ ക്യാമ്പ് നടത്തണം.

20 ഹെൽത്ത് കാർഡ് സംമ്പ്രദായം ഏർപ്പെടുത്തണം

21.അനീമിയ രോഗ നിർമാർജ്ജനത്തിന് നടപടികൾ ആവിഷ്ക്കരിക്കണം.

22.വൃദ്ധജനസംരക്ഷണത്തിന്റെ ആവശ്യകത യെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കണം.
23.തുറസ്സായ സ്ഥലങ്ങിൽ കിടക്കുന്ന മലിന വസ്തുക്കൾ നീക്കം ചെയ്യുകയും അവ ഉപയോഗിച്ച് ജൈവ വളങ്ങൾ നിർമ്മിക്കുകയും ചെയ്യുക.
24. 2000 മാണ്ട് സമ്പൂർണ്ണ ആരോഗ്യമെന്ന ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി പഞ്ചായത്ത് തലത്തിൽ പ്രതിരോധ ഔഷധങ്ങങ്ങൾ സൗജന്യ നിരക്കിൽജനങ്ങൾക്ക് ലഭ്യമാക്കണം.
25. വീടുകളിൽ ഉപയോഗിക്കുന്ന കക്കൂസുകളുടെ എയർപൈപ്പുകൾക്ക് നെറ്റിടുന്നത് കർശനമാക്കണം. 26. അഞ്ചാംവാർഡിലെ ജല– വായു മലിനീകരണ പ്രശ്നം പരിഹരിക്കുവാൻ സംസ്ഥാന ഗവൺമെന്റ് ഇടപെടണം.



### അനുബന്ധം
### കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത് 12.19 പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണി ജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993-94 | 813 | 12998 | 17 | 5240 |
| 1994-95 | 485 | 10476 | 6 | 4672 |
| 1995-96 | 893 | 13960 | 7 | 7999 |

## കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത്

### 12.20 മറ്റ് ആരോഗ്യാ സ്ഥാപനങ്ങളിൽ നിന്നു വിവരം ശേഖരിക്കൽ

| വർഷം | ഇൻപേഷ്യൻറ് എണ്ണം | ഔട്ട്പേഷ്യൻറ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം (എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാതരോഗം എല്ലാ വിഭാഗവും | പകർച്ച വ്യാധികൾ | വിഷചികിത്സ പാമ്പു കടി മറ്റു | മറ്റി ള്ള രോഗങ്ങൾ | ആകെ |
| 1992-93 | ഇല്ല | 31579 | 1023 | 304 | 347 | ഇല്ല | 29905 | 31579 |
| 1993-94 | ഇല്ല | 30604 | 847 | 570 | 692 | ഇല്ല | 28495 | 30604 |
| 1994-95 | ഇല്ല | 36156 | 1059 | 2659 | 688 | ഇല്ല | 31750 | 36156 |
| 1995-96 | ഇല്ല | 46010 | 1253 | 3208 | 317 | 1 | 41231 | 46010 |
| ആകെ | ഇല | 144349 | 4182 | 6741 | 2044 | 1 | 131381 | 144349 |

## 12.21 സ്വകാര്യമേഖലയിലെചികിത്സ സൗകര്യങ്ങൾ/ സ്ഥാപനങ്ങൾ

| സ്ഥാപനം | മരുന്നുകട | ഡോക്ടർ | ഡിസ്പൻസറി | പാരമ്പര്യ വൈദ്യന്മാർ | വ്യാജം | മരുന്നു നിർമ്മാണം | ഉപകരണ നിർമ്മാണം | ലാബുകൾ | വീട്ടുചികിത്സ | ആശുപത്രി |
|---|---|---|---|---|---|---|---|---|---|---|
| ആയുർവേദം | 8 | 3 | 5 | 3 | ഇല്ല | 3 | ഇല്ല | 3 | 3 | ഇല്ല |
| അലോപതി | 4 | 7 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1 |
| ഹോമിയോപ്പതി | 3 | 4 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| യുനാനി | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സിദ്ധ | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

## 12. 24 കുട്ടികളുടെ ആരോഗ്യ - പോഷണ നിലവാരം

| പ്രായം | നോർമൽ ലഘുവായ പോഷണകുറവുള്ളവർ | | 1ാം ഗ്രേഡ് മിതം | | 2ാം ഗ്രേഡ് ഗുരുതരം | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിന് താഴെ | 72 | 58 | 43 | 50 | 19 | 16 |
| 1 = 3 വയസ്സ് | 99 | 110 | 76 | 79 | 42 | 50 |
| 3-= 5 വയസ്സ് | 125 | 113 | 108 | 102 | 42 | 43 |
| | 296 | 281 | 227 | 231 | 103 | 109 |

# 12.23 അംഗൻവാടികളുടെ ആകെ വിവരം

| | |
|---|---|
| 1. എ പഞ്ചായത്തിലെ ആകെ ജനസംഖ്യ | 19850 |
| ബി. പുരുഷൻമാർ | 8461 |
| സി സ്ത്രീകൾ | 8836 |
| 2. എ പട്ടികജാതി ജനസംഖ്യ | 3451 |
| ബി പട്ടികവർഗ്ഗ ജനസംഖ്യ | 52 |
| 3. അംഗൻ വാടികളുടെ എണ്ണം | 17 |
| 4 എ ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ | 258 |
| ബി 1-2 വയസ്സുവരെ | 198 |
| സി 2 -3 വയസ്സുവരെ | 269 |
| ഡി 3 - 5 വയസ്സുവരെ | 533 |
| 5. എ ആകെ ഗർഭിണികളുടെ എണ്ണം | 116 |
| ബി. ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം | 45 |
| 6. മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 37 |
| 7. എ കഴിഞ്ഞവർഷത്തിൽ ആകെ ജനനം | 285 |
| (ബി)ചാപിള്ള ജനനങ്ങൾ | 1 (95 നവംബർ) |
| 8.1 വയസ്സിൽ താഴെ പ്രായത്തിൽ മരിച്ച കുട്ടികൾ | 1 |
| (ബി) 1-3 വയസ്സിൽ മരിച്ച കുട്ടികൾ | ഇല്ല |
| (സി) 3-6 വയസ്സിൽ മരിച്ച കുട്ടികൾ | 1 |
| 9 (എ) ഗർഭസംബന്ധമായ മരിച്ച സ്ത്രീകൾ | ഇല്ല |
| (ബി)മറ്റ് മരണങ്ങൾ | 110 |
| 10. (എ) അനുപൂരക പോഷകാഹരങ്ങൾ ലഭിയ്ക്കുന്ന കുട്ടികൾ | 599 |
| (ബി)അനുപൂരക പോഷകാഹരങ്ങൾ ലഭിയ്ക്കുന്ന ഗർഭിണികൾ | 77 |
| (സി) അനുപൂരക പോഷകാഹരങ്ങൾ ലഭിയ്ക്കുന്ന അമ്മമാർ | 107 |

## 12.25 കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധ കുത്തിവെയ്പ്

| കുട്ടികൾ | ബി സി ജി | | ഡി. പി. ടി | | | പോളിയോ | | | | ഡി.ടി | | | | മീഡിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1ഡി. | 2ഡി. | 3ഡി. | ബി.ഡി | 1ഡി. | 2ഡി. | 3ഡി. | ബി.ഡി | 1ഡി. | 2ഡി. | 3ഡി. | ബി.ഡി. | |
| 1 വയസിന് താഴെ | 286 | 266 | 217 | 208 | = | 218 | 217 | 212 | = | = | = | = | = | 91 |
| 1–3 വയസ്സ് | 540 | 522 | 521 | 455 | 390 | 522 | 521 | 469 | 388 | 124 | 121 | 120 | 119 | 437 |
| 3–5 വയസ്സ് | 588 | 599 | 595 | 624 | 596 | 634 | 596 | 587 | 483 | 322 | 294 | 271 | 224 | 519 |

### ടെറ്റ്നസ് ടോക്സോയിസ് (ടി.ടി)

| | 1 ഡി. | 2 ഡി. |
|---|---|---|
| ഗർഭിണികൾ | **133** | **115** |

1. ഇരുമ്പ്- ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം
2. ഇരുമ്പ്- ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം
3. വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം
4. ആശുപത്രികളിൽ നടന്ന പ്രസവങ്ങളുടെ എണ്ണം

## 12.22 പഞ്ചായത്തിലെ ചികിത്സാ സൗകര്യങ്ങൾ - സർക്കാർ സേവന മേഖല

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഒ.പി. | ഐ.പി. | ജീവനക്കാർ | സിസ്റ്റം | ലാബ് | മരുന്ന് | കിടക്ക | ഫ്രീസർ | വെള്ളം | കെട്ടിടം | സ്ഥലം | ഫർണീച്ചർ | കക്കൂസ് | വൈദ്യുതി | ചുറ്റുമതിൽ | പ്രതിമാസ ചെലവ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | കോടംതുരുത്ത് പ്രൈമറി ഹെൽത്ത് സെൻറർ | ✓ | × | | | C | B | A | C | A | B | B | B | A | A | B | 28,000 |
| 2. | കോടംതുരുത്ത് സബ് സെൻറർ | × | × | | | C | C | C | C | A | C | C | B | C | C | C | |
| 3. | ചമ്മനാട് സബ് സെൻറർ | × | × | | | C | C | C | C | A | C | C | B | C | C | C | |
| 4. | പ്രൈമറി ഹെൽത്ത് സെൻറർ വല്ലേത്തോട് | ✓ | × | 13 | | C | B | B | C | A | B | B | B | A | A | C | 32,000 |
| 5. | സബ് സെൻറർ വല്ലേത്തോട് | | × | | | C | C | C | C | A | C | C | B | C | C | C | |
| 6. | സബ് സെൻറർ മഞ്ഞപ്പറമ്പ് | × | × | × | | C | C | C | C | A | C | C | B | C | C | B | |

# 13 വിദ്യാഭ്യാസം





## 1. ആമുഖം

വിദ്യാഭ്യാസത്തെ സംബന്ധിച്ച് പൗരസ്ത്യവും പാശ്ചാത്യവുമായ ഒട്ടനവധി സിദ്ധാന്തങ്ങൾ ഉണ്ടായിട്ടുണ്ട്. പഴയ കാലത്ത് പരലോകസുഖത്തെ കാംക്ഷിച്ച് കൊണ്ടുള്ള ആത്മീയമായ ഒരു ചിട്ടപ്പെടുത്തൽ മാത്രമായിരുന്നു വിദ്യാഭ്യാസമെങ്കിൽ ആധുനിക ലോകം പുരോഗമനോൻമുഖമായ സാമൂഹിക പ്രക്രിയ എന്ന നിലയ്ക്കാണ് വിദ്യാഭ്യാസത്തെ നോക്കിക്കാണുകയും വിലയിരുത്തുകയും ചെയ്യുന്നത്. മനുഷ്യ വിഭവശേഷി വിനിയോഗത്തിൻെറ ആസൂത്രണമാണ് വിദ്യാഭ്യാസരംഗത്തെ പ്രധാന ലക്ഷ്യം. ആ ലക്ഷ്യം എങ്ങനെ കൈവരിക്കാമെന്നാണ് ഇപ്പോൾ സജീവമായി ചർച്ചചെയ്ത് കൊണ്ടിരിക്കുന്നത്. 9ാം പഞ്ചവത്സരപദ്ധതികളുടെ ആസൂത്രണം ജനപങ്കാളിത്തത്തോടെ നടന്നുവരുന്ന ഈ സന്ദർഭത്തിൽ കോടം തുരുത്ത് ഗ്രാമത്തിലെ വിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമികവുമായ വിവിധ വശങ്ങൾ പരിശോധനയ്ക്കും വിലയിരുത്തലിനും വിഷയമാവുകയാണ്.

## 2. പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഈ ഗ്രാമത്തിൽ ആറ് ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഉള്ളത്. ഇവയിൽ നാലെണ്ണം സർക്കാർ സ്ഥാപനങ്ങളും ശേഷിച്ചവ എയിഡഡ് സ്ക്കൂളുകളുമാണ്. രണ്ട് ഹൈസ്ക്കൂളുകളുണ്ട്. ഇത് പഞ്ചായത്തിലെ ഒന്നാം വാർഡിലാണ്. ഒരു എൽ.പി സ്ക്കൂൾ 3ാം വാർഡിലും മറ്റൊന്ന് 6ാം വാർഡിലും യു.പി. സ്ക്കൂളുകൾ ഓരോന്നും 7,8 വാർഡുകളിലും ആണ് സ്ഥിതി ചെയ്യുന്നത്.

കൂടാതെ ഒരു അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം യു.പി സ്കൂൾ, കമ്പ്യൂട്ടർ കോച്ചിംഗ് സെൻറർ, 3 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, 5 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, 12 നിലത്തെഴുത്താശാൻ കളരികൾ എന്നിവയും വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ചു വരുന്നു. എന്നാൽ ഉപരിപഠനത്തിനുതകുന്ന പ്രൊഫഷണൽ, ടെക്നിക്കൽ സ്ഥാപനങ്ങൾ ഒന്നും തന്നെ ഈ മേഖലയിൽ ഇല്ല.



### 2.1 കോടംതുരുത്ത് ഗവഃഎൽ.പി സ്ക്കൂൾ കുത്തിയതോട്

ജാതി വ്യവസ്ഥകൊടുമ്പിരിക്കൊണ്ടിരുന്ന കാലഘട്ടത്തിലാണ് ഈ വിദ്യാലയം രൂപമെടുക്കുന്നത്. മറ്റു സ്ക്കൂളുകളിൽ പ്രവേശനം നിഷേധിക്കപ്പെട്ട അവർണ്ണ വിഭാഗത്തിലെ കുട്ടികൾക്ക് വേണ്ടി അന്നത്തെ ഈഴവ സമുദായ നേതാക്കൾ ചേർന്ന് സ്ഥാപിച്ചതാണ് ഈ വിദ്യാലയം.ഈഴവാദിപിന്നോക്കജന വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് അറിവിൻെറ ലോകം അങ്ങിനെ തുറന്നുകിട്ടി. 1089-ാം ആണ്ട് കർക്കിടകമാസം,അഞ്ചിനാണ് ഈ വിദ്യാലയത്തിൻെറ ഉടമസ്ഥാവകാശം സർക്കാരിന് കൈമാറിക്കൊണ്ടുള്ള പ്രമാണം ഒപ്പുവെച്ചത്. 1090 വൃശ്ചികമാസം 24ാം തീയതി സ്ക്കൂൾ പ്രവർത്തനം ആരംഭിച്ചു. ആദ്യകാലത്ത് 3-ാം ക്ലാസ് വരെ മാത്രമേ ഇവിടെ ഉണ്ടായിരുന്നുള്ളു.

ഈ വിദ്യാലയത്തിൻെറ സംഘാടക സാരഥികൾ ഇടച്ചിലാട്ട് അരവിന്ദൻ പത്മനാഭൻ, അണ്ടത്ത് പറമ്പിൽ കണ്ടൻ, ചേന്നനേഴത്ത് നാരായണൻ, വളവനേഴത്ത്, കൊച്ചയ്യപ്പൻ, പാണാവള്ളി കൃഷ്ണൻ വൈദ്യർ, പൂന്നവേലിൽ വേലായുധൻ, ഉണ്ണിവൈദ്യൻ എന്നിവരായിരുന്നു. ആദ്യകാലത്ത് ഇത് 'ചോകാ' പള്ളിക്കൂടം എന്നാണ് അറിയപ്പെട്ടിരുന്നത്.

#### സ്കൂളിൻെറ പ്രധാന പ്രശ്നങ്ങൾ

എൻ.എച്ച് 47നോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഈ സ്ക്കൂളിൻെറ തെക്കും കിഴക്കും ഭാഗങ്ങൾ മതിൽ കെട്ടി സംരക്ഷിക്കണം. കുട്ടികൾക്കും അദ്ധ്യാപകർക്കും മൂത്രപ്പുരയും കക്കൂസും ആവശ്യമാണ്. നിലവിലുള്ള സംവിധാനം തികച്ചും അപര്യാപ്തമാണ്. കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതാണ്. ഫർണ്ണീച്ചറിൻെറ അപര്യാപ്തതയു

ണ്ട്. ക്ലാസുകളെ തമ്മിൽ വേർതിരിക്കാൻ സ്ക്രീനുകൾ വേണം. കളി സ്ഥലത്തിനായി സ്ഥലം അക്വയർ ചെയ്യണം.

**2.2 ഗവ :വാണിവിലാസം ഹൈസ്ക്കൂൾ കോടംതുരുത്ത് (വി.വി.എച്ച്.എസ്)**

കോടംതുരുത്ത് വേലിക്കകത്ത് കുടുംബാഗങ്ങളുടെ ശ്രമഫലമായി മുന്നോക്ക വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് വേണ്ടി ആരംഭിച്ച സ്ഥാപനമാണിത്. പ്രൈമറിയായി ആരംഭിച്ചു. ഈ വിദ്യാലയത്തിൻെറ പ്രവർത്തനം ആരംഭിച്ച് ഏറെ കഴിയുന്നതിന് മുമ്പ് തന്നെ ഈ സ്ഥാപനത്തിൻെറ ഭരണച്ചുമതല എൻ. എസ്. എസ്സ് കരയോഗത്തെ ഏൽപ്പിക്കുകയുണ്ടായി. ഏതാനും വർഷം നാലാം ക്ലാസുവരെ ഇവിടെ പ്രവർത്തിച്ചു. 1943 ൽ സർ സി.പി രാമസ്വാമി അയ്യരുടെ കാലത്ത് ഈ വിദ്യാഭ്യാസ സ്ഥാപനം സർക്കാരിലേക്ക് വിട്ടുകൊടുത്തു. തുടർന്ന് തദ്ദേശവാസികളുടെ ശ്രമഫലമായി 1961ൽ യുപി സ്ക്കൂളായും 1979 – 80 ൽ ഹൈസ്ക്കൂളായും ഉയർത്തപ്പെട്ടു. ഇടക്കാലത്ത് 'അരക്ലാസ്' എന്നറിയപ്പെട്ടിരുന്ന നഴ്സറിയും ഇതോടൊപ്പം പ്രവർത്തി ച്ചിരുന്നു.

എഴുപുന്ന, കോടംതുരുത്ത്, കുത്തിയതോട്, തുറവൂർ എന്നീ നാല് പഞ്ചായത്തതിർത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്ന ഏക സർക്കാർ ഹൈസ്ക്കൂളാണിത്. എൽ.പി, യു.പി വിഭാഗങ്ങളുമുണ്ട്.

**പ്രശ്നങ്ങൾ,ആവശ്യങ്ങൾ :-**

എൻ. എച്ച് 47നോട് ചേർന്നാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. കോമ്പൗണ്ടിൻെറ നാല് ഭാഗവും തുറന്ന് കിടക്കുന്നു. ചുറ്റുമതിൽ ഇല്ല. രണ്ട് ക്ലാസ് മുറികളുടെ അപര്യാപ്തയുണ്ട്. നില വിലുള്ള താൽക്കാലിക ഓലഷെഡ്ഡിനു പകരം ഒരു പെർമനൻറ് കെട്ടിടം നിർമ്മിക്കണം. ഇപ്പോഴുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തി സാനിറ്ററി സൗകര്യം മെച്ചപ്പെടുത്തണം. ക്ലാസ്മുറികളെ സ്ക്രീനുപയോഗിച്ച് തിരിക്കുകയും കളിസ്ഥലത്തിനുവേണ്ടി സ്ഥലവും അക്വയർ ചെയ്യണം. പുരയിടം പല തട്ടുകളിലായി കിടക്കുന്നു. റീ ടെയിനിംഗ് വാൾ കെട്ടിയും ഗ്രൗണ്ടിലെ കുണ്ടും കുഴിയും നികത്തിയും സംരക്ഷിക്കേണ്ടതാണ്.

**2.3 ഈ. സി. ഇ. കെ. യൂണിയൻ ഹൈസ്ക്കൂൾ കുത്തിയതോട്**

എരമല്ലൂർ നായർ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ എരമല്ലൂർ ആസ്ഥാനമായി ഒരു യു. പി സ്ക്കൂളായി പ്രവർത്തനം ആരംഭിച്ചു. തുടർന്ന് എരമല്ലൂർ, ചന്തിരൂർ, എഴുപുന്ന, കോടംതുരുത്ത് എന്നീ കരകളിലെ ഏതാനും ജനങ്ങളുടെ ആവശ്യാർത്ഥം 1950ൽ എട്ടാംക്ലാസ് അനുവദിച്ചു. ഈ സ്ക്കൂളിലെ ആദ്യത്തെ എസ്. എസ്.എൽ.സി ബാച്ച് 1953ൽ പരീക്ഷ എഴുതി. ഈ വിദ്യാല യത്തിൻെറ ആസ്ഥാനം പിന്നീട് ചമ്മനാട്ടേക്കു മാറ്റി. ഇതിൻെറ സ്ഥാപകരിൽ പ്രധാനികൾ സർവ്വശ്രീ ആളൂർനാരായണപണിക്കരും, കട്ടികാട്ട് ശിവരാമപ്പണിക്കരുമാണ് . സ്ക്കൂളിൻെറ പൂർണ്ണമായ പേര് എരമല്ലൂർ ചന്തിരൂർ എഴുപുന്ന കോടംതുരുത്ത് യൂണിയൻ ഹൈസ്ക്കൂൾ കുത്തിയതോട് എന്നാണ്. ഈ സ്ക്കൂളിന് വിശാലമായ ഒരു കളിസ്ഥലം ഉണ്ട്. പഞ്ചായത്തതിർത്തിയിൽ ഇത്രയും വിസ്തൃതമായ മറ്റ് കളിസ്ഥലങ്ങളില്ല. ഈ കളിസ്ഥലത്ത് വച്ചാണ് പഞ്ചായത്തിലെ എല്ലാ കായിക മത്സരങ്ങളും നടക്കുന്നത്.

**സ്ക്കൂളിൻെറ ആവശ്യങ്ങൾ:-**

സാനിറ്ററി സൗകര്യങ്ങൾ, പഠനോപകരണങ്ങൾ, ഫർണ്ണീച്ചറുകൾ എന്നിവയുടെ പോരായ്മയാണ് പ്രധാന പ്രശ്നം.

**2.4 സെൻറ് ആൻറണീസ് ഗവ: എൽ.പി. സ്ക്കൂൾ എഴുപുന്ന തെക്ക്**

യശ്ശഃശ്ശരീരനായ ശ്രീ ജോർജ് പീറ്റർ കരുമാഞ്ചേരി ആരംഭിച്ച് നടത്തി വരുന്ന ഈ സ്ഥാപനം 1943ൽ സർക്കാരിലേക്ക് വിട്ട് കൊടുത്തു. 1മുതൽ 4വരെ ക്ലാസുകൾ ഇവിടെ ഉണ്ട്.

**സ്ക്കൂളിൻെറ പ്രശ്നങ്ങൾ:-**

സാമ്പത്തികമായും സാമൂഹ്യമായും വളരെ പിന്നോക്കാവസ്ഥയിലുള്ള പ്രദേശത്താണ് ഈ സ്ക്കൂൾ സ്ഥിതി ചെയ്യുന്നത്. ഒരേ ഒരു കെട്ടിടത്തിലാണ് ക്ലാസുകൾ നടക്കുന്നത്. ഈ കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. ഇത് പൊളിച്ച് മാറ്റി പുതിയ ഒരെണ്ണം നിർമ്മിക്കണം. ചുറ്റുമതിലും, കുടിവെള്ളവും ഫർണ്ണീച്ചറും, പഠനോപകരണങ്ങളും ഇല്ല.

**2.5 ചങ്ങരം യു.പി.സ്ക്കൂൾ എഴുപുന്ന തെക്ക്**

യശഃശ്ശരീരനായ ശ്രീ ചങ്ങരത്ത് കുമാരപ്പണിക്കരുടെ ശ്രമഫലമായി ആരംഭിച്ച വിദ്യാഭ്യാസസ്ഥാപനമാണിത്. 1943-ൽ സർക്കാരിലേക്ക് വിട്ടുകൊടുത്തു. പിന്നീട് തദ്ദേശവാസികളുടെ ശ്രമഫലമായി യു.പി.സ്ക്കൂളായി ഉയർത്തപ്പെട്ടു.

പ്രശ്നങ്ങൾ,ആവശ്യങ്ങൾ :-

വർഷങ്ങൾക്കുമുമ്പ് യു. പി. സ്ക്കൂ ളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടതാണെങ്കിലും സ്ഥലക്കുറവു കാരണം എഴാം സ്റ്റാൻഡേർഡ് നിലവിൽ വന്നിട്ടില്ല. വളരെ പിന്നോക്കാവസ്ഥയിലുള്ള ഒരു മേഖലയിലാണ് സ്ക്കൂൾ സ്ഥിതി ചെയ്യുന്നത്. അടിയന്തിരമായി അപ്ഗ്രേഡിംഗ് നടപടി പൂർത്തിയാക്കണം. സാനിട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്തണം. താൽക്കാലികഷെഡിനു പകരം കെട്ടിടം നിർമ്മിച്ച് ഫർണ്ണിച്ചറുകളും പഠനോപകരണങ്ങളും ലഭ്യമാക്കണം. കുടിവെള്ളവും ചുറ്റുമതിലും ഉണ്ടാകേണ്ടിയിരിക്കുന്നു.

**2.6 സെൻറ് മാർട്ടിൻ യൂ. പി. സ്ക്കൂൾ, നീണ്ടകര**

എഴുപുന്ന സെൻറ് റാഫേൽസ് ഹൈസ്ക്കൂളിൻെറ ഒരു സഹോദര സ്ഥാപനമാണിത്. പഞ്ചായത്തിലെ ഏറ്റവും അവികസിത മേഖലയായ നീണ്ടകരയുടെ വിദ്യാഭ്യാസ ആവശ്യം പരിഗണിച്ച് എഴുപുന്ന സെൻറ് റാഫേൽസ് പള്ളിയുടെ മാനേജ്മെൻറ് ആരംഭിച്ചതാണ് ഈ സ്ഥാപനം.

പ്രശ്നങ്ങൾ,ആവശ്യങ്ങൾ :-

കുടിവെള്ളക്ഷാമമാണ് ഈ സ്ക്കൂൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. മത്സ്യത്തൊഴിലാളികളും പട്ടികജാതി വിഭാഗങ്ങളും താരതമ്യേന അധികമുള്ള പ്രദേശമാണ് ഇത്. അവരുടെ കുട്ടികളാണ് ഇവിടെ പഠിക്കുന്നവരിൽ അധികവും. ആവശ്യമായ പഠനോപകരണങ്ങളും ഫർണ്ണിച്ചറുകളും ചുറ്റുമതിലും നിർമ്മിക്കണം.

**2.11 സ്ക്കൂളുകളുടെ ആവശ്യങ്ങൾ ഒറ്റനോട്ടത്തിൽ**

1. കെട്ടിടങ്ങൾ 2. ഫർണ്ണിച്ചറുകളും പഠനോപകരണങ്ങളും 3. കുടിവെള്ളം 4. സാനിട്ടറി സൗകര്യം 5. സ്ഥലസൗകര്യം 6. ക്ലാസ്സുമുറികളെ വേർതിരിക്കുന്നതിനുള്ള സംവിധാനം 7. കളിസ്ഥലം 8.ചുറ്റുമതിൽ 9.ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ

## 3 ഭൗതീക സാഹചര്യങ്ങളുടെ വികസനം- സാധ്യതകൾ നിർദ്ദേശങ്ങൾ

3.1 സ്ക്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാനും നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും ത്രിതല പഞ്ചായത്ത് സമിതികളുടേയും അദ്ധ്യാപക രക്ഷാകർത്തൃ സംഘടനകളുടേയും കൂട്ടായ പ്രവർത്തനം ഉണ്ടാകണം.

3.2 എം. പി. ഫണ്ട്, ജെ. ആർ. വൈ. ഫണ്ട്, പഞ്ചായത്ത്-ബ്ലോക്ക് വഴിയുള്ള മറ്റു ഫണ്ടുകൾ ഇവ സ്ക്കൂളുകളുടെ വികസന പ്രവർത്തനങ്ങൾക്ക് കൂടി ഉപകരിക്കണം.

3.3 പി. റ്റി. എ. യ്ക്ക് ജനപങ്കാളിത്തത്തോടുകൂടി പല പദ്ധതികളും എറ്റെടുക്കുവാനും പ്രാവർത്തികമാക്കാനും കഴിയണം.

3.4 സർക്കാർ ചെലവിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും കോൺട്രാക്റ്ററെ ഏൽപ്പിക്കുന്നതിനു പകരം സ്ക്കൂൾ പി.റ്റി.എ. കളെ ഏൽപ്പിക്കണം. ഇക്കാര്യത്തിൽ നിലവിലുള്ള നിബന്ധനകളിലും നടപടികളിലും ആവശ്യമായ ഭേദഗതി വരുത്തണം.

3.5 നിർമ്മാണ രംഗത്ത് ഓരോ ഘട്ടത്തിലും ആവശ്യമായ തുക അഡ്വാൻസായി നൽകണം.

## 4 പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ

ഈ രംഗത്തെ നേട്ടം പൊതുവേ അഭിമാനകരമല്ല. അദ്ധ്യയന രംഗം നിലവാരത്തകർച്ചയെ നേരിടുന്നു. (ചാർട്ട് കാണുക.)

## 5 നിർദ്ദേശങ്ങൾ, സാധ്യതകൾ

5.1 വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിന് ഏറ്റവും കൂടുതൽ ശ്രദ്ധ പതിയേണ്ടത് പ്രാഥമിക വിദ്യാഭ്യാസ രംഗത്താണ്.

5.2 ക്ലാസ്സുമുറികളിൽ കുട്ടികൾക്ക് അനുഭവപ്പെടുന്ന വിരസത ഒഴിവാക്കണം. പഠന പ്രക്രിയകളിൽ പങ്കാളിയാകാൻപാഠ്യവിഷയങ്ങൾ ക്രമപ്പെടുത്തണം. കൂടാതെ നമ്മുടെ നാടിൻെറ ആവശ്യങ്ങളും പ്രത്യേകതകളും കണക്കിലെടുത്തുകൊണ്ടുള്ള വിദ്യാഭ്യാസവും കോഴ്സുകളും ആവശ്യമായതിനാൽ അതിനു പറ്റിയ പരിഷ്ക്കാരങ്ങൾ വേണം.

5.3 പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളെ ഉദ്ദേശിച്ച് അദ്ധ്യയനരംഗത്തു വരുത്തിയ നൂതന രീതികൾ ക്ലാസ്സുമുറികളിൽ അവലംബിക്കപ്പെടുന്നില്ല. ഉദാഹരണത്തിന് 'ഓപ്പറേഷൻ ബ്ലാക്ക്ബോർഡ് പദ്ധതി' പ്രാവർത്തികമാക്കുന്നതിനുള്ള ഒട്ടനവധി പഠനോപകരണങ്ങളുടെ കിറ്റ് സ്ക്കൂൾ അലമാരകളിൽ ഉപയോഗിക്കപ്പെടാതിരിക്കുകയാണ്. പഠന പ്രക്രിയയോട് കൂടുതൽ ആഭിമുഖ്യം ഉണ്ടാകത്തക്കവിധം കളികളിലൂടെ പഠിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഈ രീതി ക്ലാസ്സുമുറികളിൽ നടപ്പാക്കണം.

5.4 നിത്യജീവിതവുമായി ബന്ധമില്ലാത്ത കാര്യങ്ങൾ പാഠപുസ്തകങ്ങളിൽ കുത്തിനിറയ്ക്കുന്ന സമീപനം പുനഃപരിശോധിക്കണം. ഹൈസ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു പുറത്തുവരുന്ന ഒരു വിദ്യാ

ർത്ഥിക്ക് തൻെറ ജീവിത മാർഗ്ഗം കണ്ടെത്താൻ കഴിയും വിധമാകണം വിദ്യാഭ്യാസം. (തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സാർവ്വത്രികമാക്കണം.)

5.5 പ്രൈമറി ക്ലാസ്സുമുതൽ ഓരോ തലത്തിലും കുട്ടികൾക്ക് ലഭിക്കേണ്ട 'പ്രാപ്യൂാധിഷ്ഠിത' വിദ്യാഭ്യാസത്തിൻെറ അഭാവം തുടർവിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു. നിലവാരത്തകർച്ചയ്ക്ക് ഇതൊരു പ്രധാന കാരണമാണ്. അഞ്ചാം ക്ലാസ്സ് ജയിച്ച ഒരു കുട്ടി മലയാളത്തിൽ അച്ചടിച്ചിട്ടുള്ളതും എഴുതിയിട്ടുള്ളതുമായ എല്ലാ കൃതികളും തടസ്സം കൂടാതെ വായിക്കാൻ പ്രാപ്തി നേടേണ്ടതാണ്. എന്നാൽ പത്താം ക്ലാസ്സിലുള്ള കുട്ടികൾക്ക് പോലും മലയാളം തെറ്റു കൂടാതെ എഴുതുവാനും വായിക്കുവാനും കഴിയുന്നില്ല. അവശ്യബോധനം ഉറപ്പുവരുത്താതെ ക്ലാസ്സുകയറ്റം നൽകുന്നതിൻെറ ദോഷഫലമാണിത്. "ഒന്നാം ക്ലാസ്സിൽ ഓൾ പ്രമോഷനിൽ തുടങ്ങി പത്താം ക്ലാസ്സിൽ മോഡറേഷനിൽ എത്തിനിൽക്കുന്ന പരിഷ്ക്കാരങ്ങൾ പുനഃപരിശോധിക്കണം."

5.6 പരീക്ഷാ സമ്പ്രദായം കൂടുതൽ ശാസ്ത്രീയമാക്കണം. തുടർച്ചയായ 'ആഭ്യന്തരമൂല്യനിർണ്ണയവും സെമസ്റ്റർ' രീതികളും അഭികാമ്യമാണ്. മനഃപാഠമാക്കാനുള്ള ഇന്നത്തെ പരീക്ഷാരീതി അശാസ്ത്രീയമാണ്. ഗ്രഹിക്കാനും ഉൾക്കൊള്ളാനും പ്രയോഗിക്കാനുമുള്ള കഴിവുകൾ അളക്കുന്നതിനുള്ള ഉപാധിയാകണം പരീക്ഷ.

5.7 പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേകമായി എടുത്ത് അവശ്യ പഠനനിലവാരപാഠപുസ്തകങ്ങളുടെ സഹായത്തോടെ അവരെ പഠിപ്പിക്കണം. ഇതിനായി സ്ക്കൂൾ തലത്തിൽ പി. റ്റി. എ. യുടേയും സാക്ഷരതാപ്രവർത്തകരുടേയും ഉയർന്ന ക്ലാസുകളിലെ സമർത്ഥരായ കുട്ടികളുടേയും സേവനം പ്രയോജനപ്പെടുത്താൻ സ്ക്കൂൾ അധികൃതരും അദ്ധ്യാപകരും ശ്രദ്ധിക്കണം.

5.8 പഠന ബോധന പ്രക്രിയ അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള മുഖാമുഖ വർത്തനമാണെന്ന പഴഞ്ചൻ സങ്കൽപ്പം വച്ചുപുലർത്തുന്നവരാണ് രക്ഷാകർത്താക്കളിൽ അധികം പേരും. പഠനപ്രക്രിയയിലെ മുഖ്യഘടകങ്ങളിലൊന്നാണ് രക്ഷാകർത്താക്കൾ. ഈ യാഥാർത്ഥ്യം ഉൾക്കൊള്ളണം. പി. റ്റി. എ. യുടെ സഹകരണത്തോടെ വിദ്യാഭ്യാസരംഗത്ത് നടന്നുവരുന്ന പ്രവർത്തനങ്ങൾ മനസ്സിലാക്കാനും അതിൽ സജീവ പങ്കാളിത്തം വഹിക്കാനും എല്ലാ രക്ഷാകർത്താക്കളും തയ്യാറാകണം. വിദ്യാലയത്തിൻെറ ഭൗതിക സാഹചര്യങ്ങൾ വികസിച്ചതുകൊണ്ടുമാത്രം പഠനനിലവാരം ഉയരില്ലെന്ന തിരിച്ചറിവ് അവർക്കുണ്ടാവണം.

5.9 വിദ്യാലയ മാതൃസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാകണം. ഇത് ക്ലാസ്സുതലത്തിൽ രൂപീകരിക്കണം.

5.10 ആവശ്യമായ പാഠപുസ്തകങ്ങളുടെ ലഭ്യത, അദ്ധ്യാപകരുടെ എണ്ണം ഇവ അദ്ധ്യയന വർഷാരംഭത്തിൽ തന്നെ ഉറപ്പു വരുത്തണം.

5.11 അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കണം.

5.12 'സ്ക്കൂൾ കോപ്ലക്സ്' ഫലപ്രദമായി നടപ്പാക്കണം.

5.13 'വിദ്യാലയ സമൂഹം' എന്ന കാഴ്ച്ചപ്പാട് വളർത്തിയെടുക്കണം. സമൂഹത്തിൻെറ പൊതു സ്വത്താണ് വിദ്യാലയം എന്ന ചിന്താഗതി വളർത്തി ബഹുജന പങ്കാളിത്തത്തോടെ വിദ്യാലയ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം.

5.14 ആഡിയോ, വീഡിയോ, ലൈബ്രറി, ഹിസ്റ്ററിമ്യൂസിയം, ലബോറട്ടറി, പ്രൊജക്ടറുകൾ, കമ്പ്യൂട്ടർ വിദ്യാഭ്യാസം എന്നീ സൗകര്യങ്ങൾ വിദ്യാലയങ്ങളിൽ ലഭ്യമാക്കണം.

5.15 ഹൈസ്ക്കൂളുകളിൽ സ്കൗട്ട്, എൻ.സി.സി, ഗൈഡ് എന്നിവ നിർബന്ധമായും നടപ്പാക്കണം.

5.16 എല്ലാ സ്ക്കൂളുകളിലും ഗൈഡൻസ് ആൻറ് കൗൺസിലിംഗ് ബ്യൂറോ ഏർപ്പെടുത്തണം.

5.17 കലാകായിക രംഗം വികസിപ്പിക്കുന്നതിന് ഫലപ്രദമായ സംവിധാനം വേണം.

5.18 പാഠ്യേതര പ്രവർത്തനങ്ങൾക്ക് അദ്ധ്യാ പകരുടെ സേവനം ഉറപ്പ് വരുത്തണം.

5.19 ദേശീയ ശാസ്ത്ര വേദി, കേരള സാഹിത്യ പരിഷത്ത് ഇവ നടത്തുന്ന പരീക്ഷ പരിഷ്ക്കരണങ്ങളിലും പ്രോജക്ട് നിർമ്മാണ പ്രവർത്തനങ്ങളിലും അദ്ധ്യാപകർ പൂർണ്ണ പങ്കാളിയാകണം.

5.20 സെക്കൻററി തലം വരെയുള്ള അദ്ധ്യയന മാദ്ധ്യമം മലയാളമാക്കണം.

## 6 പഞ്ചായത്തിൻെറ വിദ്യാഭ്യാസ ആവശ്യങ്ങൾ

6.1 ഈ മേഖലയിൽ ഉപരിപഠനത്തിനുതകുന്ന ഒരു കോളേജ് സ്ഥാപിക്കണം.

6.2 നിലവിലുള്ള ഔപചാരിക വിദ്യാലയങ്ങളോടനുബന്ധിച്ച് മലയാളം പ്രീ പ്രൈമറി സ്ക്കൂളുകൾ സ്ഥാപിക്കണം.

6.3 പഞ്ചായത്തിലെ സ്ക്കൂളുകളോടനുന്ധിച്ച് ഡേകെയർ സെൻററുകൾ തുറക്കണം.

6.4 പഞ്ചായത്തിലെ ഹൈസ്ക്കൂളുകളിൽ വി.

എച്ച്. എസ്. എസ്സ്, എച്ച്. എസ്. എസ്സ് എന്നിവ ആരംഭിക്കണം.

6.5 ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റ്യൂട്ട്, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻറർ എന്നിവ തുടങ്ങണം.

### 7. എഴുത്തുപള്ളി അഥവാ നിലത്തെഴുത്തുകളരി

പണ്ട് സഭാമഠങ്ങൾ എന്ന പേരിൽ ഗ്രാമ വിദ്യാലയങ്ങൾ പ്രവർത്തിച്ചിരുന്നു. ഇതിൽ ബ്രാഹ്മണ ബാലൻമാർക്കേ പ്രവേശനം അനുവദിച്ചിരുന്നുള്ളൂ. അക്കാലത്ത് അബ്രാഹ്മണർക്ക് വേണ്ടി ഉണ്ടാക്കിയതാണ് എഴുത്തുപള്ളികൾ. സഭാമഠങ്ങൾ ബ്രാഹ്മണത്തിൻെറ സ്വാധീനതയിൽ പെട്ടവയായിരുന്നുവെങ്കിൽ എഴുത്തുപള്ളികളുടെ ആവിർഭാവത്തിന് ബുദ്ധമതം പ്രചോദനം നൽകി. എഴുത്തുപള്ളിയിലെ അഥവാ നിലത്തെഴുത്തു കളരിയിലെ ഗുരുനാഥനെ എഴുത്തച്ഛൻ എന്നോ ആശാൻ എന്നോ വിളിച്ചുപോന്നു. വിജയദശമി നാളിലാണ് കുട്ടികളെ എഴുത്തിനിരുത്തുന്നത്. കുട്ടിയുടെ നാവിൽ 'ഹരിശ്രീ ഗണപതായെ നമഃ' എന്നു പവൻ കൊണ്ടെഴുതി അദ്ധ്യയനത്തിന് തുടക്കം കുറിക്കുന്നു. തുടർന്ന് എഴുത്തും വായനയും കണക്കും കാവ്യവും ജ്യോതിഷവും എല്ലാം പഠിപ്പിക്കുന്നു. ഗുരുനാഥനുള്ള ശമ്പളം പണമായിട്ടല്ല ചെലവിനുള്ള സാധനങ്ങളായിട്ടാണ് നൽകിവന്നിരുന്നത്. എഴുത്തുപള്ളിയിൽ നിന്ന് വിദ്യ അഭ്യസിക്കുന്ന സമ്പ്രദായത്തിന് ഒരു മാറ്റം വന്നത് ബ്രിട്ടീഷുകാരുടെ വരവോടുകൂടിയാണ്. ഇന്ന് പഞ്ചായത്തിൽ 12 കളരികൾ ഉണ്ട്. ആശാൻമാരോ ആശാട്ടിമാരോ ആണ് ഇവിടുത്തെ ഗുരുക്കൻമാർ. അക്ഷരമാലാക്രമത്തിൽ കുട്ടികളെ ലിപികളെഴുതിച്ചും വായിപ്പിച്ചുമാണ് ഇവിടെ കുട്ടികളെ പഠിപ്പിക്കുന്നത്. ഔപചാരിക വിദ്യാഭ്യാസരംഗത്ത് ഇത്തരം കളരികളുടെ പ്രസക്തി ശ്രദ്ധേയമാണ്. (ചാർട്ട് കാണുക)

### 8 സാക്ഷരത

സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിൽ കോടംതുരുത്ത് സാക്ഷരതാസമിതി നല്കിയ സംഭാവന വളരെ വിലപ്പെട്ടതാണ്. തുടക്കം മുതൽ തന്നെ ആലപ്പുഴ ജില്ലയിൽ ഏറെ ശ്രദ്ധിക്കപ്പെട്ട പഞ്ചായത്താണിത്. 300ൽ പരം സന്നദ്ധ പ്രവർത്തകരുടെ സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞു. ഒന്നും രണ്ടും ഘട്ടങ്ങളിൽ വലിയ ജന മുന്നേറ്റം തന്നെ ഉണ്ടായി. 1991 ഏപ്രിൽ 10ന് കോടം തുരുത്ത് പഞ്ചായത്ത് സമ്പൂർണ്ണ സാക്ഷരത കൈ വരിച്ചതായി വിളംബരം ചെയ്തു. അന്നത്തെ സാക്ഷരതാനിരക്ക് 95.46% ആണ്. നവസാക്ഷരർക്കു വേണ്ടി തുടർവിദ്യാഭ്യാസ പദ്ധതിയുമായി 3-ാം ഘട്ട പ്രവർത്തനം മുന്നേറി.

റിസോഴ്സ് പേഴ്സൺസ്, മാസ്റ്റർ ട്രെയിനീസ്, ഇൻസ്ട്രക്ടേഴ്സ്, പഞ്ചായത്തു വാർഡുതല പ്രവർത്തകർ തുടങ്ങി അഞ്ഞൂറിലധികം പേർ ഈ പ്രവർത്തനത്തിൽ പങ്കെടുത്തു.

### 9 സമാന്തരവിദ്യാലയങ്ങൾ

9.1 പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന സമാന്തര വിദ്യാലയങ്ങൾ ട്യൂട്ടോറിയലുകളാണ്. പ്രശസ്തമായ 5 വിദ്യാലയങ്ങളുണ്ട്. കൂടാതെ പഞ്ചായത്തിൻെറ പല ഭാഗങ്ങളിലായി ട്യൂഷൻ സെൻററുകളും കാണാം. വിദ്യാഭ്യാസരംഗത്തു ഈ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. നല്ലൊരു വിഭാഗം കുട്ടികൾ ഇത്തരം സ്ഥാപനങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്നു. തൊഴിൽരഹിതരായ അഭ്യസ്തവിദ്യർ കൂട്ടായി നടത്തുന്ന സംരംഭമാണ് ഇവയിൽ അധികവും. 30 വർഷത്തിലധികം പഴക്കമുള്ള സ്ഥാപനവും ഈ കൂട്ടത്തിലുണ്ട്. നൂറിൽ പരം ആളുകൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നു.

### 10 സാങ്കേതിക വിദ്യാലയങ്ങൾ

10.1 പ്രൈവറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന ഒരു കമ്പ്യൂട്ടർ സെൻറർ ഇവിടെയുണ്ട്. ഇവിടെ കമ്പ്യൂട്ടറിൻെറ പ്രാഥമിക തലം മുതൽ പഠിക്കുന്ന സൗകര്യം ഉണ്ട്. ഇതിനു പുറമെ 3 ടൈപ്പ്റൈറ്റിംഗ് ഷോർട്ട്ഹാൻഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

10.2 പഞ്ചായത്തിൽ ഒരു ഡ്രൈവിംഗ് സ്ക്കൂളും 4 തയ്യൽ പരിശീലന കേന്ദ്രങ്ങളും ഉണ്ട്.

### പട്ടിണിയെ കീഴ്പ്പെടുത്തിയ വിജയം

ജെ.ടി.എസ്.എൽ.സിയുടെ 1987ലെ ഒന്നാമതു റാങ്ക് ഈ ഗ്രാമത്തിലെ രണ്ടാം വാർഡിൽ തൈത്തറ ശ്രീമതി ശാന്തയുടെ മകൻ ടി.എൻ.അജിത്ത് കുമാറിന് ലഭിച്ചു. നാട്ടുകാരും ഗുരുജനങ്ങളും അജിത് കുമാറിനെ അനുമോദിച്ചു. ഉപരിപഠനത്തിന് സഹായങ്ങൾ നൽകി. പ്രയാസകരമായ ചുറ്റുപാടിൽ പട്ടിണിയോട് മല്ലടിച്ചാണ് അജിത്ത് കുമാർ ഈ വിജയം നേടിയത് ഇപ്പോൾ അജിത് കുമാറിന് ഒരു പൊതു മേഖലാ സ്ഥാപനത്തിൽ ജോലിയുണ്ട്.

# 9.4 അക്കാദമിക് സൗകര്യങ്ങൾ

## കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത്

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ ഇല്ല പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല. | ലാബോറട്ടറി സയൻസ് കോർണർ ഉണ്ട് /ഇല്ല പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ മാപ്പുകൾ, ഗ്ലോബ്, ചാർട്ട് ട്രങ്ക് ബോക്സ് എന്നിവ ഉണ്ട് /ഇല്ല | ദൃശ്യ= ശ്രാവ്യ ഉപകരണങ്ങൾ | | | | | | | | ബ്ലാക്ക് ബോർഡ് | | 96 96 ൽ ലഭിച്ച അധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ | പ്രത്യേക പൊതു ഒഴിവുകളിലൂടെ നഷ്ടമായ അധ്യയന ദിനങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം/ സജീവമല്ല | ക്ലാസ് പി.ടി.എ കൾ പ്രവർത്തിക്കുന്നു / പ്രവർത്തിക്കുന്നില്ല. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ് റെക്കോർഡർ | ടി.വി സെറ്റ് | വി.സി.ആർ /വി.സി.പി | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| ഈ.സി.ഈ.കെ യു.എച്ച്.എസ് | Y | Y | Y | N | N | N | N | N | N | N | N | 29 | 30 | 193 | 2 | 6 | Y | Y |
| ഗവ:എൽ.പി സ്കൂൾ കോടംതുരുത്ത് | N | Y | N | Y | N | N | N | N | N | N | N | 8 | 8 | 194 | N | 6 | Y | Y |
| ചങ്ങരം യു.പി സ്കൂൾ എഴുപുന്ന | N | N | N | N | N | N | N | N | N | N | N | 12 | 10 | 191 | N | 4 | Y | Y |
| സെൻറ്മാർട്ടിൻ നീണ്ടകര | Y | Y | N | N | N | N | N | N | N | N | N | 7 | 7 | 192 | N | 1 | Y | Y |
| ഗവ: വി.വി എച്ച്.എസ് കോടംതുരുത്ത് | Y | Y | Y | N | N | N | N | Y | N | N | N | 35 | 25 | 212 | N | N | Y | Y |
| സെൻറ് ആൻറണീസ് ഗവ: എൽ.പി സ്കൂൾ എഴുപുന്ന തെക്ക് | Y | Y | Y | Y | Y | N | N | N | N | N | N | 5 | 3 | 192 | N | 6 | Y | Y |
| ആകെ | | | | | | | | | | | | 96 | 83 | | | | | |

**Y** ഉണ്ട് **Y** പ്രവർത്തിക്കുന്നു
**N** ഇല്ല.

അദ്ധ്യായന ദിവസങ്ങൾ ശരാശരി 196

## 1.8 അദ്ധ്യാപകരേയും, വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

Ref AVFG

| സ്ക്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റു സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ | കെട്ടിടം | | ഫർണ്ണിച്ചർ | |
| | | | | | | | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| ഗവ:വി.വി.എച്ച്.എസ് കോടംതുരുത്ത് | 30 | 11 | 41 | 629 | 563 | 1192 | അല്ല | ആണ് | അല്ല | ആണ് |
| ഇ.സിഇൗ.കെ യൂണിയൻ ഹൈസ്ക്കൂൾ കുത്തിയതോട് | 9 | 31 | 40 | 537 | 448 | 985 | ആണ് | അല്ല | അല്ല | ആണ് |
| ചങ്ങരം ഗവ:യൂപി സ്ക്കൂൾ എഴുപുന്ന തെക്ക് | 3 | 7 | 10 | 191 | 200 | 391 | അല്ല | ആണ് | അല്ല | ആണ് |
| സെൻറ് മാർട്ടിൻ യൂ.പി. എസ്, നീണ്ടകര | 5 | 3 | 8 | 117 | 92 | 209 | അല്ല | ആണ് | അല്ല | ആണ് |
| സെൻറ് ആൻറണീസ് ഗവ: എൽ.പി.എസ് എഴുപുന്ന തെക്ക് | 1 | 3 | 4 | 87 | 73 | 160 | അല്ല | ആണ് | അല്ല | ആണ് |
| ഗവ: എൽ.പി. സ്ക്കൂൾ കോടംതുരുത്ത് | 3 | 7 | 10 | 158 | 143 | 301 | ആണ് | അല്ല | അല്ല | ആണ് |
| പ്രി.പ്രൈമറി | 0 | 1 | 1 | 19 | 21 | 40 | ആണ് | ആല്ല | ആണ് | അല്ല |
| നിലത്തെഴുത്ത് കളരികൾ | 6 | 6 | 12 | 178 | 187 | 365 | 1 | 11 | 1 | 11 |
| ആകെ | 57 | 69 | 126 | 1916 | 1727 | 3643 | 4 | 15 | 2 | 17 |

വിദ്യാഭ്യാസ ആവശ്യത്തിനായി പഞ്ചായത്ത് ചെലവഴിച്ച തുക.
മൊത്തം ചിലവിൻെറ (1995-1996) 3.07 %

## കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | മെരിറ്റ് സ്കോളർഷിപ്പ് | ലംസം ഗ്രാൻറ് | മുസ്ലിം പെൺ കുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | മത്സ്യതൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്ക്കോളർഷിപ്പ് | മറ്റുള്ളവ (വ്യക്തമാക്കുക) |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1. | ഗവ: എൽ.പി.സ്ക്കൂൾ കോടംതുരുത്ത് | 0 | 62 | | 1 | 3 | |
| 2. | ഗവ:വി:വി: ഹൈസ്ക്കൂൾ കോടംതുരുത്ത് | 1 | 274 | 31 | 10 | 10 | 25 SC. ST കുട്ടികൾക്കുള്ള മെരിറ്റോറിയൽ സ്കോളർഷിപ്പ് |
| 3. | ഈ.സി.ഈ.കെ യൂണിയൻ കുത്തിയതോട് | 3 | 345 | 6 | 3 | 4 | |
| 4. | ചങ്ങരം ഗവ:യു.പി സ്ക്കൂൾ | | 117 | | | | |
| 5. | സെൻറ് ആൻറണീസ് ഗവ:എൽ.പി.സ്ക്കൂൾ എഴുപുന്ന തെക്ക് | | 67 | | | | |
| 6. | സെൻറ് മാർട്ടിൻ യു.പി സ്ക്കൂൾ നീണ്ടകര. | 5 | 54 | | | 49 | 4 എൻഡോവ്മെൻറ് സ്കോളർഷിപ്പ് |
| | ആകെ | 9 | 919 | 37 | 14 | 68 | 29 |

# കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| | ആകെകുട്ടികൾ | | | SC/ST കുട്ടികൾ | | | തോറ്റ് പഠിക്കുന്നവർ | | | | | | പഠനം നിർത്തിയർ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | |
| സ്റ്റാൻഡേർഡ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | പഠനം നിർത്തിയവർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| 1 | 146 | 118 | 264 | 27 | 30 | 57 | × | × | × | × | × | × | × | × | × | 5 | 2 | 7 | 7 |
| 2 | 142 | 143 | 285 | 34 | 32 | 66 | 6 | 1 | 7 | 6 | 6 | 12 | × | × | × | 2 | 2 | 4 | 4 |
| 3 | 134 | 122 | 256 | 29 | 31 | 60 | 7 | 4 | 11 | 11 | 8 | 19 | × | × | × | × | 1 | 1 | 1 |
| 4 | 136 | 138 | 274 | 23 | 30 | 53 | 2 | 2 | 4 | 10 | 3 | 13 | × | × | × | × | × | × | × |
| 5 | 190 | 175 | 365 | 36 | 35 | 71 | 2 | 3 | 5 | 10 | 2 | 12 | × | × | × | × | × | × | × |
| 6 | 214 | 167 | 381 | 50 | 32 | 82 | 5 | 2 | 7 | 14 | 8 | 22 | 1 | 0 | 1 | 1 | 2 | 3 | 4 |
| 7 | 223 | 179 | 402 | 56 | 32 | 88 | 12 | 8 | 20 | 25 | 6 | 31 | 1 | 0 | 1 | 3 | 0 | 3 | 4 |
| 8 | 210 | 163 | 373 | 55 | 39 | 94 | 13 | 5 | 18 | 30 | 12 | 42 | 2 | 1 | 3 | 4 | 2 | 6 | 9 |
| 9 | 180 | 164 | 344 | 41 | 34 | 75 | 9 | 7 | 16 | 22 | 14 | 36 | 3 | 0 | 3 | 14 | 6 | 20 | 23 |
| 10 | 144 | 150 | 294 | 31 | 26 | 57 | × | × | × | × | × | × | 2 | 0 | 2 | 1 | 2 | 3 | 5 |
| ആകെ | 1719 | 1519 | 3238 | 382 | 321 | 703 | 56 | 32 | 88 | 128 | 59 | 187 | 9 | 1 | 10 | 30 | 17 | 47 | 57 |

## അക്കാദമിക് നിലവാരം പഞ്ചായത്ത് തലം

| ക്ലാസ്സ് | ആകെ | കുട്ടികളുടെ പൊതു നിലവാരം | | | | |
|---|---|---|---|---|---|---|
| | | 30% താഴെ കുട്ടികൾ | 30-40%മാർക്ക് നേടുന്നവർ | 40-50% നേടുന്നവർ | 50-60% നേടുന്നവർ | 60%ത്തിൽ കൂടുതൽ നേടുന്നവർ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 3 | 256 | 91 | 45 | 58 | 33 | 29 |
| 4 | 274 | 72 | 56 | 53 | 35 | 58 |
| 5 | 365 | 84 | 67 | 65 | 54 | 95 |
| 6 | 381 | 121 | 76 | 64 | 53 | 67 |
| 7 | 402 | 131 | 89 | 62 | 56 | 64 |
| 8 | 373 | 150 | 66 | 50 | 50 | 57 |
| 9 | 344 | 103 | 59 | 75 | 60 | 47 |
| 10 | 294 | 154 | 71 | 29 | 27 | 13 |

### എസ്.എസ്.എൽ.സി. വിജയ ശതമാനം

| 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| 42% | 43% | 43% | 48% | 48% |

### എസ്.എസ്.എൽ.സി വിജയശതമാനം

| സ്ക്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ഗവ;വി.വി. ഹൈസ്ക്കൂൾ കോടംതുരുത്ത് | 42 | 44 | 41 | 42 | 43 |
| ഇ.സി.ഇ.കെ യൂണിയൻ ഹൈസ്ക്കൂൾ ചമ്മനാട്, | ലഭ്യമല്ല | 41.8 | 44.2 | 53.3 | 48 |

### പഞ്ചായത്തിലെ സാക്ഷരതാ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | വിശദവിവരം | എണ്ണം | ശതമാനം |
|---|---|---|---|
| 1. | പഞ്ചായത്തിലെ ജനസംഖ്യ (1981ൽ) | 16705 | |
| 2. | സർവ്വേപ്രകാരമുള്ള നിരക്ഷരർ | 2181 | 13.05 |
| 3. | പുനഃപരിശോധനയ്ക്ക് ശേഷമുള്ള നിരക്ഷകർ | 2205 | 13.11 |
| 4. | ഒഴിവാക്കപ്പെട്ടവർ | 722 | 4.32 |
| 5. | പഠനകേന്ദ്രങ്ങളിൽ എത്തിയവർ | 1637 | 74.2 |
| 6. | മൂല്യനിർണ്ണയത്തിന് വിധേയരായവർ | 1483 | 67.25 |
| 7. | 70%ത്തിലേറെ മാർക്ക് വാങ്ങിയവർ | 1483 | 67.25 |
| 8. | പഠന കേന്ദ്രങ്ങളുടെ എണ്ണം | 242 | |
| 9. | ഇപ്പോഴത്തെ സാക്ഷരതാ ശതമാനം | | 95.46 |

14

# പാർപ്പിടം

൧൦

## 1 ആമുഖം

പക്ഷികൾ, മൃഗങ്ങൾ, ജലജീവികൾ തുടങ്ങി പ്രകൃതിയിലെ എല്ലാ ജീവികൾക്കും പാർപ്പിടമുണ്ട്. മനുഷ്യൻ ആദ്യകാലത്ത് ഗുഹകളിലാണ് വസിച്ചിരുന്നത്. കാലന്തരത്തിൽ ഗുഹകൾ വിട്ട് പുതിയ താമസ സൗകര്യങ്ങൾ ഉണ്ടാക്കുവാൻ തുടങ്ങി. ഇതിന് അവനെ പ്രേരിപ്പിച്ചത് ജന്തുക്കളാണ്. കൃഷി ജീവിതത്തിൻെറ ഭാഗമായി. അതോടെ സ്ഥിരതാമസം ആവശ്യമായിത്തീർന്നു. നദീതീരങ്ങളിലും ഫലപുഷ്ടിയുള്ള സമതലങ്ങളിലുമാണ് അവൻ കൂട്ടായി താമസിക്കാൻ ആരംഭിച്ചത്.

ആദ്യകാലത്ത് കൂട്ടു കുടുംബമായി ജീവിച്ചിരുന്ന മനുഷ്യർ നൂറ്റാണ്ടുകൾക്ക് ശേഷം പ്രത്യേകം പ്രത്യേകം വീടുകൾ നിർമ്മിക്കുവാൻ തുടങ്ങി. ഇതോടുകൂടി ഭവന നിർമ്മാണത്തിൻെറ പ്രസക്തിയേറി. ഈ കാലഘട്ടത്തിലും മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ വീടുകൾ വളരെ വിരളമായിരുന്നു. അന്നത്തെ തൊണ്ണൂറു ശതമാനം വീടുകളും ഓല ഉപയോഗിച്ച് നിർമ്മിച്ചതും കഷ്ടിച്ച് രണ്ടു മുറികൾ മാത്രമുള്ളവയും ആയിരുന്നു. ഇത്തരം വീടുകൾ നിർമ്മിക്കുവാൻ ജനങ്ങളെ പ്രേരിപ്പിച്ചത് അക്കാലത്തെ സാമൂഹിക വ്യവസ്ഥിതിയായിരുന്നു. സ്വന്തമായി സ്ഥലമില്ലാതിരുന്നതും സാമ്പത്തിക പിന്നോക്കാവസ്ഥയും എടുത്തു പറയേണ്ടുന്ന സവിശേഷതകളാണ്. ഇത്തരക്കാർ ഏറെയും പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരായിരുന്നു. ഇതിന് പ്രകടമായ മാറ്റം വന്നത് 1957ലെയും 1970ലെയും ഭൂപരിഷ്ക്കരണ നിയമങ്ങൾ നിലവിൽ വന്നതോടെയാണ്.

കേരളത്തിലെ ജനകീയ സർക്കാരുകൾ നടപ്പിലാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികൾ പുതുതായി ഭൂമിക്ക് അവകാശികളായ കുടികിടപ്പുകാർക്ക് വീട് നിർമ്മിക്കുവാൻ സാഹചര്യമൊരുക്കി. അതുപോലെതന്നെ കേന്ദ്രസർക്കാരുകളും പാർ





പ്പിട നിർമ്മാണത്തിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും ഈ പഞ്ചായത്തിലെ നല്ലൊരു വിഭാഗം ജനങ്ങൾക്ക് വിശിഷ്യ പട്ടിക ജാതി – പട്ടിക വർഗ്ഗക്കാർക്ക് സ്വന്തമായി പാർപ്പിടങ്ങൾ കുറവാണ്.

ഇതേക്കുറിച്ചുള്ള വിശദമായ അവലോകനവും പരിഹാര നിർദ്ദേശങ്ങളുമാണ് ഗ്രാമസഭ പ്രധാനമായും ചർച്ച ചെയ്തത്.

**2. കഴിഞ്ഞകാലത്തെ വീടുകളുടെ നിർമ്മാണ രീതികളിലേക്ക് ഒരു എത്തിനോട്ടം.**

ഏകദേശം അരനൂറ്റാണ്ട് മുമ്പ് ഈ ഗ്രാമത്തിലെ മിക്ക ഗൃഹങ്ങളുടേയും മേൽക്കൂര ഓലമേഞ്ഞവയായിരുന്നു. കൂര വരിയുന്നതിന് അടയ്ക്കാമര വാരിയാണ് സാർവ്വത്രികമായി ഉപയോഗിച്ചു പോന്നത്. കല്ല് കെട്ടിടനിർമ്മാണത്തിന് വളരെ കുറച്ചു മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. നാട്ടിലേറെ ലഭ്യമായ തെങ്ങ്, പ്ലാവ്, ആഞ്ഞിലി എന്നിവയുടെ തടികൾ കോടാലി കൊണ്ട് കീറി ഉളി ഉപയോഗിച്ച് ചെത്തി മിനുക്കിയാണ് വീടുണ്ടാക്കാൻ ഉപയോഗിച്ചിരുന്നത്. വലിപ്പം കുറഞ്ഞ വാതിലുകളും ജനാലകളുമായിരുന്നു അന്നത്തെ വീടുകൾക്ക് ഉണ്ടായിരുന്നത്. നാട്ടു പ്രമാണിമാരുടേയും ഇടത്തരക്കാരുടേയും വീടുകൾ താരതമ്യേന വലുതായിരുന്നു. നാലുകെട്ടുകളും, പടിപ്പുരകളുമുള്ള വീടുകളും ഉണ്ടായിരുന്നു. ഇത്തരം വീടുകൾ വിദഗ്ധ ശില്പികളുടേയും പ്രസിദ്ധരായ തച്ചൻമാരുടേയും സഹായത്തോടെ ചെയ്തതും നാടൻ വാസ്തു ശില്പ വിദ്യയുടെ വൈദഗ്ധ്യം തെളിയിക്കുന്നതുമായിരുന്നു.

കല്ലുപയോഗിച്ച് (ചെങ്കല്ല്) നിർമ്മിച്ചിരുന്ന വീടുകൾ കെട്ടാനും തേക്കാനും കുമ്മായമായിരു

ന്നു വ്യാപകമായി ഉപയോഗിച്ചിരുന്നത്. ഇന്നത്തെ സിമൻറിനേക്കാൾ ഉറപ്പുള്ളതായിരുന്നു ഈ കെട്ടുകൾ ആയതിനായി നമ്മുടെ പൂർവ്വികർ വരാലിൻെറ വെള്ളവും, പനച്ചിക്കായ, ചുണ്ണാമ്പുവള്ളി, കള്ളിച്ചെടി എന്നിവ ഇടിച്ചു പിഴിഞ്ഞെടുത്ത നീരും ഉപയോഗിച്ചിരുന്നു. മിക്ക വീടുകളുടേയും തറ പൂഴിയടിച്ച് ചാണകം മെഴുകിയാണ് തയ്യാറാക്കിയിരുന്നത്. ഇത്തരം തറയ്ക്ക് വാതരോഗം പോലുള്ള അസുഖം ഒഴിവാക്കാനും ഇഴജന്തുക്കളെ ഉപരോധിക്കാനും കഴിയുമെന്ന് വിശ്വസിക്കപ്പെട്ടിരുന്നു. പൊതുവേ ഇവിടുത്തെ കാലാവസ്ഥയ്ക്കും ജനങ്ങളുടെ സാമൂഹ്യ ജീവിത രീതിയ്ക്കും അനുയോജ്യമായ ഭവനങ്ങളായിരുന്നു. ഇവിടെ നിർമ്മിച്ചിരുന്ന വീടുകൾക്ക് ശ്രേഷ്ഠമായ മറ്റു ചില പ്രത്യേകതകളും ഉണ്ടായിരുന്നു. ഗൃഹനിർമ്മാണത്തിനുള്ള സ്ഥലം (നാലാമഠം) നിശ്ചയിച്ചിരുന്നത് പ്രത്യേക വിധത്തിലാണ്. കിണർ, പശുത്തൊഴുത്ത്, ഉരപ്പുര എന്നിവയ്ക്ക് പ്രത്യേകം സ്ഥാനം നിശ്ചയിച്ചിരുന്നു. കിഴക്ക് ഭാഗത്തെ വേലിക്കും മറയ്ക്കും ഒരു വിടവിടുക സർവ്വസാധാരണമായിരുന്നു. ഇന്നും ചിലയിടങ്ങളിൽ ഈ സമ്പ്രദായം നിലനിന്നുപോരുന്നുണ്ട്. വീടുകളുടെ തറയുടെ കീഴെ 'നിലവറകളും' പണിതിരുന്നു. വിളവെടുപ്പ് കഴിഞ്ഞ് ഈ അറകളിൽ ധാന്യം നിറയ്ക്കും. നിലവറകളുടെ വാതിലുകൾ 'ഓടാമ്പൽ, സാക്ഷ' എന്നറിയപ്പെട്ടിരുന്ന ഒരു തരം പൂട്ടുകൊണ്ട് ഭദ്രമായി അടച്ചിരുന്നു. ഇന്നത്തെ 'വിജാവരി' ക്കു പകരം അന്നുപയോഗിച്ചിരുന്നത് കതകിൻെറ മുകളിലും താഴേയുമായി സ്ഥാപിച്ചിരുന്ന 'കൊണ്ടുതിരി' കളാണ് ഇവ വാതിലുകൾക്ക് ഏറെ സുരക്ഷിതത്വം നൽകിയിരുന്നു.

പണിതീർന്ന വീടുകളിൽ താമസം തുടങ്ങിയിരുന്നത് "ഗൃഹപ്രവേശം" (വാസ്തുബലി) എന്ന ചടങ്ങോടു കൂടിയായിരുന്നു. ഗൃഹനാഥൻ ധാന്യങ്ങൾ നിറച്ച പെട്ടി തലയിലേന്തി ഐശ്വര്യത്തിൻെറ പ്രതീകമായ പശുവിൻെറ കയറും കൈയ്യിലേന്തിയാണത്രേ ഇത് നിർവ്വഹിച്ചിരുന്നത്. ഇതിൽ തന്നെ "പാലു കാച്ചൽ" എന്ന ചടങ്ങുമുണ്ടായിരുന്നു. ഇന്നും ഇന്നാട്ടിൽ ഈ സമ്പ്രദായം നിലനിന്നു പോരുന്നുണ്ട്.

**3. <u>ഭവന നിർമ്മാണം നമ്മുടെ പഞ്ചായത്തിൽ - ഇന്നത്തെ സ്ഥിതി</u>**

**കോടംതുരുത്ത് പഞ്ചായത്ത് വീടുകളുടെ പ്രത്യേകത സംബന്ധിച്ച സ്ഥിതിവിവരം**

| വാർഡ് | കുടിൽ | ഓല | ഓട് | കോൺക്രീറ്റ് | ആകെ |
|---|---|---|---|---|---|
| 1 | 6 | 39 | 325 | 80 | 450 |
| 2 | 25 | 25 | 24 9 | 37 | 336 |
| 3 | 13 | 30 | 337 | 57 | 437 |
| 4 | 55 | 10 | 399 | 43 | 507 |
| 5 | 35 | 22 | 328 | 17 | 402 |
| 6 | 24 | 49 | 308 | 10 | 391 |
| 7 | 77 | 18 | 301 | 23 | 419 |
| 8 | 58 | 8 | 392 | 14 | 472 |
| 9 | 5 | 66 | 338 | 27 | 436 |

* പട്ടികജാതി കോളനി, ലക്ഷംവീടു കോളനി ഇവ സംബന്ധിച്ച പ്രത്യേക ചാർട്ട് 16-ാം ചേർത്തിരിക്കുന്നത് നോക്കുക.

ഭൂപരിഷ്ക്കരണ നിയമം നടപ്പിലായതോടുകൂടിയാണ് ഇന്നത്തെ വീടുകളിൽ അധികവും നിർമ്മിക്കപ്പെട്ടത്. പഴയകാല വീടു നിർമ്മാണ ശൈലിയിൽ നിന്നും ഏറെ വ്യതിയാനം ഇന്നത്തെ ഭവന നിർമ്മാണ സമ്പ്രദായത്തിൽ കടന്നു കൂടിയിട്ടുണ്ട്. സാധനങ്ങളുടെ ലഭ്യത, പുതിയ സ്കീമുകളുടെ ആരംഭം, വാസ്തു ശില്പ വിദ്യയിലുണ്ടായ മാറ്റം, വർദ്ധിച്ച ഗതാഗത സൗകര്യം, സാമൂഹ്യ സാമ്പത്തിക പരിവർത്തനം, നഗരവൽക്കരണത്തിൻെറ സ്വാധീനം തുടങ്ങിയവ ഇവയിൽ എടുത്തു പറയേണ്ടവയാണ്.

പഴയ ഓല മേഞ്ഞ ഒറ്റനില കെട്ടിങ്ങളുടെ സ്ഥാനത്ത് ഓടു മേഞ്ഞ വലിയ കെട്ടിടങ്ങളോ രണ്ടും മൂന്നും നിലകളുള്ള കോൺക്രീറ്റു മണിമന്ദിരങ്ങളോ ആണ് ഇന്നു പണിതുയർത്തുന്നത്. ഈ സമ്പ്രദായം തികച്ചും നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഇടനിലക്കാരും സമ്പന്നരുമാണ് ഇത്തരം പാർപ്പിടങ്ങൾ പണിതുയർത്തുന്നത്. 1973ൽ അന്നത്തെ കേരള സർക്കാർ നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതി (ലക്ഷം വീടു പദ്ധതി) മുഖേന കുറേയേറെ ഭവന രഹിതർക്ക് പാർപ്പിട സൗകര്യമുണ്ടാക്കിക്കൊടുത്തു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമ നിവാസികളിൽ നല്ലൊരു ശതമാനം ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് പുതുക്കി പണിയുന്നതിനുമായി ഹഡ്കോ (HUDCO)

സഹായത്തോടെയും ഇന്ദിരാ ആവാസ്യോജന, ജവഹർ റോസ്ഗാർ യോജന, M.W.S എന്നീ സ്കീമുകളുടേയും രാജീവ് ദശലക്ഷ പദ്ധതിയിലൂടെയും പുതിയ ഭവനങ്ങൾ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കണക്കുകളനുസരിച്ച് ഈ പഞ്ചായത്തിലെ ഏകദേശം 75 ശതമാനം കുടുംബങ്ങൾക്ക് സ്വന്തമായി പാർപ്പിടമുണ്ട്. പഞ്ചായത്തിലെ ഭവനരഹിതരിൽ ഏതാനും പേർ പുറമ്പോക്കു ഭൂമിയിലും മിച്ചഭൂമികളിലും കുടിൽ കെട്ടി പാർക്കുന്നുണ്ട്. അവർക്ക് കിട്ടിയിരിക്കുന്ന പ്രസ്തുത ഭൂമി പതിച്ചു കൊടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 3.1 കെട്ടിട നിർമ്മാണ രംഗത്തെ അനാവശ്യചെലവും നിർമ്മാണ തൊഴിലാളിയുടെ സ്ഥിതിയും

ഈ രംഗത്ത് അനാശാസ്യമായ ഒരു മത്സരം തന്നെ കടന്നു വരുന്നുണ്ട്. കൂടുതൽ സൗകര്യത്തിന് വേണ്ടിയല്ല; മറിച്ച് കൂടുതൽ പണം ചെലവാക്കേണ്ടിവരുന്ന നിർമ്മാണ രീതികളാണ് പലരും അവലംബിച്ച് കാണുന്നത്. ദുർവ്യയം ഒഴിവാക്കി ചെലവ് കുറഞ്ഞ ഗൃഹനിർമ്മാണം നടത്താൻ പ്രചാരണം നടത്തിയേ പറ്റൂ. കോൺക്രീറ്റ് കെട്ടിടങ്ങൾ മത്സരബുദ്ധിയോടെ നിർമ്മാണം തുടരുകയാണെങ്കിൽ സാധനങ്ങളുടെ വില അമിതമായി കുതിച്ചുയരും. എത്ര പണം മുടക്കി കെട്ടിടങ്ങൾ പണിതാലും കുറച്ചു കാലത്തേയ്ക്കു മാത്രമേ അതു നിലനിൽക്കുന്നുള്ളൂ എന്ന വസ്തുത പലരും മറക്കുന്നു. കെട്ടിട സാധനസാമഗ്രികൾ ഒന്നും തന്നെ വിപുലമായി ഉല്പാദിപ്പിക്കാനുള്ള സംരംഭം ഈ പഞ്ചായത്തിൽ നിലവിലില്ല.

കെട്ടിട നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളിയുടെ കൂലിയും അവരുടെ എണ്ണത്തിലുള്ള കുറവും പ്രശ്നമായിക്കൊണ്ടിരിക്കുന്നു. കൂലിക്കൂടുതലിന് വേണ്ടി നഗര പ്രാന്തങ്ങളിലേക്കുള്ള അവരുടെ കടന്നു കയറ്റം പഞ്ചായത്തതിർത്തിയിലെ കെട്ടിട നിർമ്മാണരംഗത്ത് ഒരു പ്രശ്നമായി ത്തീർന്നിട്ടുണ്ട്. ക്ഷേമനിധിപോലുള്ള സർക്കാർ ധനസഹായങ്ങൾ നിലവിൽ വന്നത് ഈ രംഗത്തെ തൊഴിലാളികൾക്ക് ആശ്വാസമായി.

**വിവിധ വിഭാഗം തൊഴിലാളികളുടെ കൂലി നിരക്ക് ഒരു പഠനം**

| തൊഴിലിൻെറ സ്വഭാവം | 1985 സ്ത്രീ-പു. | 1990 സ്ത്രീ-പു. | 1995 സ്ത്രീ-പു. | 1996 സ്ത്രീ-പു. | കുറിപ്പ് |
|---|---|---|---|---|---|
| മൈക്കാട് | 35-50 | 50-70 | 75-80 | 80-90 | തൊഴിലാളികളുടെ ലഭ്യതക്കുറവ്, കൂലി ഏകീകൃതമല്ല. |
| ആശാരി | - -75 | 100 | 120 | 125 | |
| കല്ലാശാരി | 70 | 90 | 110 | 125 | |

വർദ്ധിച്ചു വരുന്ന കോൺട്രാക്റ്റ് സമ്പ്രദായമാണ് ഈ രംഗത്തെ മറ്റൊരു പ്രവണത. ഗ്രാമവാസികളുടെ ജനസംഖ്യയും സാമ്പത്തിക സൗകര്യവും ഈ പ്രവണതയേറാൻ ഇടയാക്കി.

### 4. പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ സാമഗ്രികളുടേയും ഭൂമിയുടേയും ദൗർലഭ്യവും വിലകയറ്റവും.
2. നിർമ്മാണ തൊഴിലാളികളുടെ കുറവ്.
3. വായ്പ്പകൾ ലഭ്യമാക്കാനുള്ള ബുദ്ധിമുട്ടുകൾ.
4. ഭൂരഹിതരുടെ പ്രശ്നങ്ങൾ.
5. കോളനികളുടെ അപര്യാപ്തത.
6. വിദഗ്ധ തൊഴിലാളികളുടെ അഭാവം.
7. മതിലുകളുടെ ആധിക്യവും അതു സംബന്ധിച്ച പരിസ്ഥിതി പ്രശ്നങ്ങളും.
8. ജീർണ്ണാവസ്ഥയിലും അപകടകരവുമായ സ്ഥിതിയിലുള്ള വീടുകൾ പുതുക്കി പണിയുന്നതിനുള്ള ധനസഹായ പദ്ധതികളുടെ കുറവ്.

### 5. സാദ്ധ്യതകൾ

1. ഹൗസിംഗ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. വായ്പാ പലിശയും നിബന്ധനകളും ലഘൂകരിക്കണം. തുകയുടെ വലിപ്പം കുറച്ച് കൂടുതൽ പേർക്ക് ഗൃഹനിർമ്മാണത്തിന് പണം കൊടുക്കണം.
2. നിർമ്മാണ സാമഗ്രികളുടെ വില കുറയ്ക്കുവാൻ പഞ്ചായത്ത് നടപടി സ്വീകരിക്കണം. സിമൻറും മറ്റ് അത്യാവശ്യ സാധനങ്ങളും ലഭ്യമാക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.
3. ചെലവ് കുറഞ്ഞ നിർമ്മാണ രീതികളുടെ പ്രചാരണം പഞ്ചായത്ത് ഏറ്റെടുക്കണം.
4. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കഴിവ് വർദ്ധിപ്പിക്കുവാനുള്ള പരിശീലന പരിപാടികൾക്ക് പഞ്ചായത്ത് തലത്തിൽ പദ്ധതി തയ്യാറാക്കണം.
5. വലിയ വീട് നിർമ്മിക്കുന്നവരെ നിരുത്സാഹപ്പെ

ടുത്തുകയും അത്തരം വീടുകൾക്ക് അധിക നികുതി ഈടാക്കുകയും ചെയ്യണം.

6. പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാൻ 'ജൈവ വേലിസമ്പ്രദായം' പ്രചരിപ്പിക്കണം.

7. നാടിന്റെ പരമ്പരാഗത വാസ്തുശില്പ മാതൃകകളെ സംരക്ഷിക്കാൻ നടപടിവേണം.

8. കെട്ടിടം നിർമ്മിക്കുന്നതിനും നന്നാക്കുന്നതിനും വേണ്ടി പുതിയ സഹകരണ സംഘങ്ങൾ ആരംഭിക്കണം.

9. കെട്ടിട നിർമ്മാണത്തിന്റെ വിവിധ പദ്ധതികളിൽ കുറഞ്ഞത് 25 ശതമാനം പട്ടികജാതിക്കാർക്കായി നീക്കിവെക്കണം.

10. പഞ്ചായത്തിലെ രണ്ടു കമ്മിറ്റി അംഗങ്ങളും പഞ്ചായത്ത് സെക്രട്ടറിയും അടങ്ങിയ ഒരു സബ് കമ്മിറ്റി പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ പ്ലാൻ പരിശോധിക്കുകയും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സ്ഥലം സന്ദർശിച്ച് നിബന്ധനകൾ കർശനമായി പാലിക്കാൻ സഹായകരമായ നിർദ്ദേശങ്ങൾ നൽകണം.

11. പഞ്ചായത്തിൽ പുതിയ 600 ഭവനങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കണം.

a. പട്ടികജാതി ഇതര ദുർബല ജനവിഭാഗത്തിന് പ്രത്യേക പരിഗണന നൽകണം.

b. നിർമ്മിതി ഭവന നിർമ്മാണ പദ്ധതി പ്രചരിപ്പിക്കണം.

c. നിർമ്മാണച്ചെലവ് ലഘൂകരിക്കാനും സമയബന്ധിതമായി ഭവനനിർമ്മാണം പൂർത്തിയാക്കാനും ഗ്രൂപ്പ് തിരിച്ചുള്ള പദ്ധതിക്ക് രൂപം നല്കണം.

## ഗ്രാമം നശിച്ചാൽ

ഗ്രാമം നശിച്ചാൽ ഇന്ത്യയും നശിക്കും. പിന്നെ ഇന്ത്യ ഇന്ത്യയായിരിക്കുകയില്ല. ലോകത്തിനായുള്ള ഇന്ത്യയുടെ ദൗത്യം നഷ്ടപ്പെടും. ഗ്രാമങ്ങളിൽ ചൂഷണമില്ലാതാകണം. എന്നാൽ മാത്രമേ അവയെ പുനരുദ്ധരിക്കാൻ പറ്റൂ. വൻതോതിലുള്ള വ്യവസായവൽക്കരണം പ്രത്യക്ഷമായോ പരോക്ഷമായോ ഗ്രാമീണരെ ചൂഷണം ചെയ്യുന്നതിന് വഴിതെളിക്കും. അതുകൊണ്ട് ഗ്രാമങ്ങൾ സ്വയം പര്യാപ്ത മാവണം. ഗ്രാമങ്ങളുടെ ആവശ്യത്തിനു വേണ്ട സാധനങ്ങൾ അവിടെതന്നെ നിർമ്മിക്കണം. അങ്ങനെയുള്ള ഗ്രാമീണ വ്യവസായങ്ങൾക്ക് വേണ്ട യന്ത്രങ്ങളും ഉപകരണങ്ങളും ഗ്രാമവാസികൾ ഉണ്ടാക്കുകയും ഉപയോഗിക്കുകയും വേണം. മറ്റുള്ളവരെ ചൂഷണം ചെയ്യുന്നതിന് ആ വക സാധനങ്ങൾ പ്രയോജനപ്പെടുത്തരുത്.

### നഗരം വളർന്നാൽ

നഗരങ്ങളുടെ വളർച്ച മനുഷ്യരാശിക്കും ലോകത്തിനും നിർഭാഗ്യകരമായ ഒരു ദുഷിച്ച സംഗതിയാണ്. ബ്രിട്ടീഷുകാർ ഇന്ത്യയെ ചൂഷണം ചെയ്തത് നഗരങ്ങൾ വഴിയാണ്. നഗരങ്ങൾ ഗ്രാമങ്ങളെ ചൂഷണം ചെയ്തു. നഗരങ്ങളിലെ മണിമന്ദിരങ്ങൾ പണിതിട്ടുള്ളത് ഗ്രാമങ്ങളുടെ രക്തം കലർന്ന സിമന്റ് കൊണ്ടാണ്. ഇന്ന് നഗരങ്ങളുടെ ധമനകിളിൽക്കൂടി ഒഴുകുന്ന രക്തം വീണ്ടും ഗ്രാമങ്ങളുടെ ധമനികളിൽക്കൂടി ഒഴുകണമെന്നാണ് എന്റെ ആഗ്രഹം.

ഗാന്ധിജി.

# 15 ക്ഷേമപ്രവർത്തനങ്ങൾ



15.1 ഏതൊരു സമൂഹത്തിലും ദരിദ്ര-അവശ ജന വിഭാഗങ്ങളെ കാണാം. ഈ സാമൂഹ്യ വൈകല്യ ങ്ങൾക്ക് ഊന്നുവടി നൽകാൻ സമൂഹത്തിന് ബാധ്യ തയുണ്ട്. ആ ബാധ്യത നിറവേറ്റുന്ന നടപടികൾ അത്രെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ.

കേരളം സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ക്ക് വളരെ പ്രധാന്യം കൊടുത്തിട്ടുണ്ട്. ദാരിദ്ര നിർ മ്മാർജന പ്രവർത്തനങ്ങൾ ആണ് ഇതിൽ മുഖ്യം. വിവിധ തരം പെൻഷനുകൾ തൊഴിൽ പരിശീലന പരിപാടികൾ ഇവയാണ് അതിൽ പ്രധാനം. ഇവ യെല്ലാം ഗവൺമെൻറ് വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുകയാണ് ചെയ്യുന്നത്. കേരള ബഡ്ജ റ്റിൻെറ 2.8% സാമൂഹ്യ ക്ഷേമ പരിപാടികൾക്കാണ് ചിലവഴിക്കുന്നത്. 30തിലധികം സാമൂഹ്യക്ഷേമ പദ്ധതികൾ കേരളത്തിനുണ്ട്. ദരിദ്ര ജനവിഭാഗങ്ങ ളെ കണ്ടെത്തുന്നത് ശ്രമകരമായ ജോലിയാണ്. ഇതിനായി ഐ. ആർ. ഡി. പി. സർവ്വെ നടത്തുന്നു. ഈ ഗ്രാമത്തിലെ ദാരിദ്ര രേഖക്ക് താഴെയുള്ളവ രുടെ സ്ഥിതിവിവര കണക്ക് ഗ്രാമസഭകൾ പരി ശോധിക്കുകയുണ്ടായി. ഈ കണക്കുകൾ പൂർണ്ണ മല്ലെന്നും വിശ്വാസ്യത കുറവാണെന്നും പൊതു വെ പരാതികൾ ഉണ്ടായി.

15.2 I.R.D.P സർവ്വെ പ്രകാരം ദാരിദ്രരേഖക്കു താഴെയുള്ളവരുടെ വിവരം ചാർട്ട്1

15.3 ഈ കണക്കുകൾ അനുസരിച്ച് പഞ്ചായത്തി ലാകെ 1785 കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെയുണ്ട്. ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗ കുടും ബങ്ങൾ 317 ആണ്. നാളിതുവരെ സാമ്പത്തിക സ ഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം 228. ഈ 228 കുടുംബങ്ങളിൽ 174 കുടുംബങ്ങൾ പട്ടിക ജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്നു. ഇതുവഴി 9 കുടുംബങ്ങൾ മാത്രമാണ് ദാരിദ്ര രേഖക്ക് മുകളിലെത്തിയത് .

അർഹതയുള്ളവരുടെ 12.77 % കുടുംബങ്ങൾക്ക്



മാത്രമാണ് I.R.D.P മുഖാന്തരം ആനുകൂല്യം ലഭി ച്ചിട്ടുള്ളത്. ആനുകൂല്യം ലഭിച്ചവരിൽ 7 6.3% കുടുംബങ്ങളും പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പ്പെട്ടവ രാണ്. സഹായം ലഭിച്ച കുടുംബങ്ങളിൽ 3.94% മാത്രമാണ് ദാരിദ്ര്യ രേഖക്ക് മുകളിൽ എത്തിയത്. I.R.D.P. വഴി നടത്തുന്ന ദാരിദ്ര നിർമ്മാ ർജന പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിൽ എത്തുന്നില്ല. സഹായം ലഭിച്ചവരെ ദാരിദ്ര്യ രേഖക്ക് മുകളിൽ എത്തി ക്കാൻ ഈ പദ്ധതി പര്യാപ്തമല്ല എന്നാണ് ഈ ഗ്രാമത്തിൻെറ അനുഭവം കാണിക്കുന്നത്. ലിസ്റ്റി ൽ ഉള്ള അർഹ രായ മുഴുവൻ പേർക്കും സഹായം നൽകുന്ന തിനും സഹായം ലഭിച്ചവർ ഫലപ്രദമാ യി ആ തുക വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വ രുത്തുന്ന തിനും ജന പ്രതിനിധികളും വകുപ്പ് ഉദ്യോഗസ്ഥ ൻമാരും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

15.4. ദരിദ്രജനങ്ങളുടെ സാമൂഹിക - സവിശേ ഷതകൾ

ഈ ഗ്രാമത്തിലെ ദരിദ്രജനവിഭാഗങ്ങളിൽ ഭൂരിഭാഗവും ഗ്രാമത്തിൻെറ ഉൾപ്രദേശങ്ങളിൽ ഒറ്റ പ്പെട്ട സ്ഥലങ്ങളിൽ പാർക്കുന്നവരാണ്. ചോർച്ച യുള്ളതും ഏച്ചു കെട്ടിയതും നശിച്ചുകൊണ്ടിരി ക്കുന്നതുമായ കുടിലുകളാണ് അവർക്കുള്ളത് ഇവ സമയത്തിനു മേയാറില്ല. വീടും പരിസരവും വൃ ത്തിയായി സൂക്ഷിക്കുന്നില്ല. ശുദ്ധജലവും വൈദ്യു തിയും കക്കൂസും ഇല്ല. വീട്ടുപകരണങ്ങളിൽ ഭൂരി ഭാഗവും വിലകുറഞ്ഞ മൺപാത്രങ്ങളോ പ്ലാസ്റ്റി ക്ക് - അലൂമിനിയം പാത്രങ്ങളോ ആണ്. ഫർണി ച്ചർ പേരിനു മാത്രമായി ചില വീടുകളിൽ കാണാം. വൃത്തിയുള്ള വേഷം ധരിക്കുവാൻ ഇഷ്ടപ്പെടുന്നു വെങ്കിലും ഒന്നിലധികം വസ്ത്രങ്ങൾ ഇല്ലാത്തതി നാൽ അതിന് സാധിക്കാതെ വരുന്നു. ആഭരണ

ഭ്രമമുണ്ട്. മൂക്കു പണ്ടങ്ങളോ മുത്തുമാലകളോ അണിയുന്നു. സ്ഥിരമായ ജോലികൾ ഇല്ല. എല്ലാ പണികളും ചെയ്യുന്നു. എന്നാൽ ഒന്നിലും വൈദഗ്ധ്യമില്ല. വീട്ടുവേലകളിൽ സ്ത്രീകൾ ഏർപ്പെടുന്നു. നിരക്ഷരരാണ് ഭൂരിപക്ഷം പേരും സാക്ഷരരായവർ കൂടി നിരക്ഷരതയിലേക്ക് നീങ്ങി. വിദ്യാഭ്യാസപരമായി ഏറെ പിന്നോക്കമാണ്. ഉപരിപഠനത്തിന് പലർക്കും സാധിക്കുന്നില്ല. പോഷണവൈകല്യം മൂലം ശാരീരികമായ അവശത പ്രകടമാണ്. പൊതു പരിപാടികളിൽ നിന്ന് വിട്ട് നിൽക്കുന്നു. പൊതുചടങ്ങുകളിൽ പങ്കെടുക്കുമ്പോൾ വിധേയത്വവും അപകർഷതാബോധവും ഇവരെ അലട്ടുന്നു. അന്നന്നുള്ള ആഹാരം തേടുന്നതിൽ മാത്രമാണ് ശ്രദ്ധ. ഏതൊരു അനുകൂല്യം ലഭിച്ചാലും ആസൂത്രിതമായി ഉപയോഗിക്കാനോ ഭാവി ഭദ്രമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനോ ശ്രദ്ധിക്കുന്നില്ല. ലഹരി പദാർത്ഥങ്ങളിൽ തൽപരരാണ്.

**15.5 ഗ്രാമത്തിന്റെ തനതായ പ്രവർത്തനങ്ങൾ**

സഹായധനങ്ങൾ നേടികൊടുക്കുന്നതിന് പൊതുപ്രവർത്തകർ നേരിട്ട് ബന്ധപ്പെടേണ്ട സ്ഥിതിയാണ് ഉള്ളത് അപേക്ഷകൾ പൂരിപ്പിച്ചു നൽകുക, ഓഫീസുകൾ കയറിയിറങ്ങി നൂലാമാലകൾ പരിഹരിക്കുക എന്നിവ പൊതു പ്രവർത്തകരോ സന്നദ്ധസേവകരോ ഇവർക്കു വേണ്ടി നിർവ്വഹിക്കുന്നു. ഈ ഗ്രാമത്തിൽ മാറ്റ് ഇന്ത്യ എന്ന ഒരു സന്നദ്ധ സംഘടന ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഈ സംഘടനയെക്കുറിച്ചുള്ള വിശദവിവരങ്ങൾ 'സംസ്ക്കാരം' എന്ന ലേഖനത്തിൽ കൊടുത്തിട്ടുണ്ട് ഇതിനു പുറമേ നായർ വെൽഫയർ സൊസൈറ്റി, എസ്. എൻ. ഡി. പി, കെ.പി. എം. എസ്, അയ്യൻകാളി ട്രസ്റ്റ്, പണ്ഡിറ്റ് കറുപ്പൻ മെമ്മോറിയൽ ട്രസ്റ്റ്, മുസ്ലീം വെൽഫയർ സൊസൈറ്റി, ക്രിസ്ത്യൻ പള്ളികൾ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന വിവിധ സംഘടനകൾ, വിവിധ മരണാനന്തര സഹായസമിതികൾ, രാഷ്ട്രിയപാർട്ടികൾ എന്നിവ ഈ പ്രവർത്തിക്കുന്നുണ്ട്.

**15.5.1 സമൂഹ വിവാഹം**

കോടം തുരുത്ത് പട്ടണക്കാട് എന്നിവിടങ്ങളിൽ കേന്ദ്രീകരിച്ചു നടന്ന സമൂഹ വിവാഹങ്ങൾ ഈ വിഭാഗം ജനങ്ങൾക്ക് ഏറെ ആശ്വാസം നൽകി. ഇതുപോലെയുള്ള പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് വേണ്ടി സന്നദ്ധ സംഘടനകളും ഗ്രാമ പഞ്ചായത്തും ഗവൺമെൻറും ശ്രദ്ധിക്കേണ്ടതുണ്ട്.

**15.6 ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ**

**1. സ്ക്കൂൾ ഉച്ചഭക്ഷണ പരിപാടി.**

ഗ്രാമത്തിലെ ആറു സ്ക്കൂളുകളിലും ഉച്ചഭക്ഷണ പരിപാടി നടത്തുന്നുണ്ട്. ഇതിന്റെ ഗുണഫലം അനുഭവിക്കുന്ന കുട്ടികളുടെ എണ്ണം 1187 ആണ്. രക്ഷകർത്താവിന്റെ താത്പര്യം അനുസരിച്ചാണ് ഉച്ചഭക്ഷണ പരിപാടിയിൽ കുട്ടികളുടെ പേര് ചേർക്കുന്നത്. അപകർഷതാബോധം മൂലം അർഹരായ പല കുട്ടികളും ഒഴിഞ്ഞുനിൽക്കാറുണ്ട്. അർഹതയില്ലാത്തവർ പട്ടികയിൽപ്പെടുന്ന അവസ്ഥയും ഉണ്ടാവാറുണ്ട്. സമഗ്രമായ ഒരു പരിശോധനയും സംവിധാനവും ഈ രംഗത്ത് അവശ്യം വേണ്ടതാണ്.

**2. ട്രൈസം**

ഇതിന്റെ ഗുണം അനുഭവിക്കുന്നവരുടെ എണ്ണം ഈ പഞ്ചായത്തിൽ കുറവാണ്. ട്രൈസം പദ്ധതി അനുസരിച്ച് 12 പേർക്ക് തൊഴിൽ പരിശീലനം ലഭിച്ചിട്ടുണ്ട്. സ്വയം തൊഴിൽ ലഭിച്ചവർ 5 പേരുണ്ട്. പരിശീലനം ലഭിച്ച ശേഷം മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ 5 പേരാണ്. 2 പേർ പരിശീലനം ലഭിച്ചതിനു ശേഷവും തൊഴിലില്ലാതെ കഴിയുന്നു. ട്രൈസം പദ്ധതി ഈ ഗ്രാമത്തെ സംബന്ധിച്ചിടത്തോളം പരിപൂർണ്ണ പരാജയമാണെന്നാണ് ഇതു കാണിക്കുന്നത്. ഫലപ്രദമായ സംവിധാനങ്ങൾ ഉരുത്തിരിയേണ്ടിയിരിക്കുന്നു.

**3. J.R.Y. - N.R.E.P - R.L.E.G.P - D.W.C.R.A**

ഈ പദ്ധതികൾ പ്രകാരമുള്ള ക്ഷേമപ്രവർത്തനങ്ങളുടെ വിവരം ശേഖരിച്ചു വരുന്നതേയുള്ളൂ. ഗ്രാമസഭകൾക്ക് ഇതു വിലയിരുത്താൻ കഴിഞ്ഞിട്ടില്ല.

**4. അംഗൻ വാടികൾ - ബാലവാടികൾ**

ഗ്രാമത്തിൽ 18 അംഗൻ വാടികൾ പ്രവർത്തിക്കുന്നുണ്ട് . ഒരു വാർഡിൽ 2 എണ്ണം വീതം. ഇവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് അംഗൻവാടി വെൽഫെയർ കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. കൂടുതൽ ബാലവാടികൾ അല്ലെങ്കിൽ അംഗൻവാടികൾ സ്ഥാപിക്കണമെന്ന ആവശ്യം ഗ്രാമസഭകളിൽ ഉയർന്നു വരികയുണ്ടായി. അംഗൻവാടികളുടെ പ്രവർത്തനം ഏറെക്കുറെ തൃപ്തികരമാണ്. കെട്ടിടമില്ലാത്ത അംഗൻ

വാടികൾ 6 എണ്ണമാണ്. ഇവയ്ക്കു അടിയന്തിര മായി കെട്ടിടം ഉണ്ടാക്കേണ്ടതുണ്ട്.

**15.7 സാമൂഹ്യ നൻമ സഹായ പദ്ധതികൾ**

ഗ്രാമത്തിൽ പഞ്ചായത്ത് മെമ്പർമാർ നടത്തിയ സർവ്വെ പ്രകാരം1867 പേർ അഗതികളാണ്. ഗ്രാമത്തിലെ അഗതികളുടെ വിവരങ്ങൾ.

ഗ്രാമത്തിലെ ജനസംഖ്യയുടെ 10.31% അഗതികളാണ്. രോഗികളായി 5.26% പേർ ഉണ്ട്. വിധവകൾ 37.2 % ആണ്. ഉപേക്ഷിപ്പിക്കപ്പെട്ട സ്ത്രീകൾ 0.67% ആണ്. വികലാംഗർ 0.4%വും ബധിരർ 0.24% വും മൂകർ 0.22% ആണ്. അവിവാഹിതരായ അമ്മമാർ 0.13% ഉം അന്ധൻമാർ 0.12% ആണ്. പ്രത്യേക വിദഗ്ദ ചികിൽസാ രീതികൾ നൽകുന്ന ഒരു സ്ഥാപനം ബ്ളോക്ക് തലത്തിൽ ഉണ്ടാകണം. മൂല്യ വിദ്യാഭ്യാസം, ലൈംഗീക വിദ്യാഭ്യാസം എന്നിവ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

**15.8 പെൻഷനുകൾ സംബന്ധിച്ച വിവരങ്ങൾ**

28 തരത്തിലുള്ള പെൻഷനുകൾ ഉണ്ട്. ഇവയുടെ വിശദ വിവരങ്ങൾ പല വകുപ്പുകളുൽ നിന്നായി ശേഖരിക്കേണ്ടി വന്നു. പലതും ലഭിച്ചില്ല. അതുകൊണ്ട് വിശദമായ വിലയിരുത്തലിന് ഗ്രാമ സഭകൾക്ക് സാധിച്ചില്ല.

മത്സ്യത്തൊഴിലാളികളിൽ 600 പേർക്കും തൊഴിലില്ലായ്മ വേതനം 498 പേർക്കും കർഷക ത്തൊഴിലാളി പെൻഷൻ 290 പേർക്കും ലഭിക്കുന്നുണ്ട്. മറ്റുള്ള വിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു. ഗ്രാമ സഭയുടെ വിലയിരുത്തൽ അനുസരിച്ചുള്ള നിർദ്ദേശങ്ങൾ പ്രത്യേകം നൽകിയിട്ടുണ്ട്. പെൻഷൻ സംബന്ധിച്ച നടപടികളിൽ പഞ്ചായത്തിന് പങ്കില്ലാത്തതും പെൻഷൻ അനുവദിക്കുന്ന സ്ഥാപനങ്ങൾ തമ്മിൽ കോർഡിനേഷൻ ഇല്ലാത്തതും മാറ്റത്തിനനുസരിച്ച് രജിസ്റ്ററുകൾ പുതുക്കാത്തതും ഈ രംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ശാസ്ത്രീയമായ സംവിധാനം ഉണ്ടാക്കി ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കേണ്ടതാണ്.

**15.9 പെൻഷനുകൾ - ധനസഹായം സംബന്ധിച്ച വിവരങ്ങൾ 1995-96 ചാർട്ട്**

**15.10 പഞ്ചായത്തിന്റെ സഹായം**

വിവിധ സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങൾക്കായി പഞ്ചായത്തു വിനിയോഗിച്ച തുക സംബന്ധിച്ച പട്ടിക.

| ക്രമ നമ്പർ | വർഷം | ചെലവാക്കിയ തുക |
|---|---|---|
| 1 | 1991 - '92 | 100.00 |
| 2 | 1992 - '93 | 2913.00 |
| 3 | 1993 - '94 | - |
| 4 | 1994 - '95 | 496.00 |
| 5 | 1995 - '96 | - |

91-92 ൽ വരവിന്റെ 0.03% ഉം 92-93ൽ 0.59%ഉം 94 =95 ൽ0.08%ഉം ആണ് ഈ രംഗത്ത് പഞ്ചായത്ത് ചിലവാക്കിയത് വരവിന്റെ ഒരു ശതമാനം പോലും നാളിതുവരെ ഈ പ്രവർത്തനത്തിന് പഞ്ചായത്ത് നീക്കിവെച്ചിട്ടില്ല. സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റിൽ വക കൊള്ളിക്കുന്ന നിരക്കിലെങ്കിലും (2.8%) പഞ്ചായത്തുകളും ഈ പ്രവർത്തനത്തിനായി നീക്കി വെക്കേണ്ടതാണ്. ഇതിനു പുറമെ ദുർബല ജന വിഭാഗങ്ങൾക്കുള്ള മറ്റു ക്ഷേമ പരിപാടികളും ഉണ്ട്. ഇവയെക്കുറിച്ചുള്ള വിവരവും ഗ്രാമപഞ്ചായത്ത് ശേഖരിക്കേണ്ടതായിട്ടാണ് ഇരിക്കുന്നത്. അതു കൊണ്ട് വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തു വികസന സഹായി എന്ന രേഖയും ലഭിച്ചിട്ടില്ല.

**15.11 സാമൂഹ്യ ക്ഷേമ വകുപ്പ് വഴി നടപ്പാക്കി വരുന്ന വിവിധ സ്ക്കീമുകളുടെ വിശദവിവരം.**

| ക്രമ നം. | പദ്ധതികൾ | എണ്ണം |
|---|---|---|
| 1 | വികലാംഗർക്കുള്ള യാത്രാബത്ത | - |
| 2 | വികലാംഗ വിദ്യാർത്ഥികൾക്കുള്ള സംസ്ഥാന സ്ക്കോളർഷിപ്പ് | 14 |
| 3 | വികലാംഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പ് | - |
| 4 | തൊഴിൽ പരിശീലനത്തിനുള്ള സംസ്ഥാന സ്കോളർഷിപ്പ് | - |
| 5 | ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർത്ഥികൾക്കുള്ള സ്ക്കോളർഷിപ്പ് | - |
| 6 | തൊഴിൽ പരിശീലനത്തിനുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ് | - |
| 7 | വികലാംഗസംരക്ഷണ ഭവനങ്ങൾക്കുള്ള സംസ്ഥാന ധനസഹായം | - |
| 8 | പട്ടികജാതി പട്ടികവർഗ്ഗേതര മിശ്ര വിവാഹിത ദമ്പതികൾക്കുള്ള ധന | |

സഹായ പദ്ധതി -

9 വികലാംഗർക്കാവശ്യമായ പ്രത്യേക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി -

10 വികലാംഗക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കുള്ള സഹായ പദ്ധതി -

11 അന്ധരായ അഭിഭാഷകർക്കുള്ള ധന സഹായ പദ്ധതി -

12 വാഹന ഉടമകളായ വികലാംഗർക്ക് പെട്രോൾ സബ്സിഡി ലഭിക്കുന്നതിനുള്ള പദ്ധതി -

13 തൊഴിൽ പരിശീലനത്തിനുള്ള സംസ്ഥാന സ്റ്റൈപ്പൻറ് പദ്ധതി -

### 15.12 പ്രശ്നങ്ങൾ

1. പെൻഷൻ മറ്റു സാമ്പത്തിക സഹായങ്ങൾ ഇവയുടെ വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമല്ല.

2. പഞ്ചായത്തിന് വരുമാനം കമ്മിയാണ് ആകയാൽ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള പണം മുടക്കാൻ സാധിക്കുന്നില്ല.

3. വിവിധ ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളുടെ ക്രോഡീകരണത്തിൻേറയും കോഓർഡിനേഷൻേറയും അഭാവം.

4. കാർഷിക - മത്സ്യസംസ്ക്കരണ - കയർമേഖലകളെ ആശ്രയിച്ചാണ് ഈ ഗ്രാമത്തിലെ ജനങ്ങൾ അധികവും ജീവിച്ചു വരുന്നത്. ഈ മേഖലയിൽ ഉണ്ടാകുന്ന മുരടിപ്പ് സാമൂഹ്യ സാമ്പത്തിക അടിത്തറയെ ബാധിക്കുന്നു.

5. ട്രൈസം പദ്ധതി അനുസരിച്ച് ട്രൈനിംഗ് നൽകുന്നത് വ്യക്തികൾക്കുമാത്രമാണ്.

6. I.R.D.P സർവ്വെ പൂർണ്ണമല്ല വിശ്വസനീയവുമല്ല.

7. സാമൂഹ്യ ക്ഷേമ പദ്ധതികളും അവയുടെ നടപടിക്രമങ്ങളും സംബന്ധിച്ച അറിവില്ലായ്മ.

8. ധനകാര്യ സ്ഥാപനങ്ങൾക്ക് സാമൂഹ്യ ക്ഷേമ പദ്ധതി പ്രകാരം ധന സഹായം നൽകുവാനുള്ള വിമുഖത.

9. സ്വകാര്യ ബാങ്കുകളുടെ നിസ്സഹകരണം.

10. പ്രാദേശികമായി അപ്രായോഗികമായ പദ്ധതികൾ

11. സാമൂഹ്യക്ഷേമ വകുപ്പുകളുമായി ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കാതിരിക്കുന്നത്.

12. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ അപര്യാപ്തത

13. I.R.D.P ലിസ്റ്റിൽ ഉൾപ്പെട്ടവർക്കുപോലും യഥാസമയം ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

### 15.13 നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ

1. I.R.D.P സർവ്വേ ഗ്രാമപഞ്ചായത്തു വഴി നടത്തുക.

2. സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ച് ഫലപ്രദമായ ബോധവൽക്കരണം നടത്തുക.

3. സാമൂഹ്യ ക്ഷേമ പദ്ധതികൾക്ക് ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന ധനസഹായത്തെക്കുറിച്ച് കാലാകാലങ്ങളിൽ അവലോകനം നടത്തി പോരായ്മകൾ പരിഹരിക്കുക.

4. പ്രാദേശികമായി വിജയകരമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുക.

5. ആയിരം പേർക്ക് ഒരു അംഗൻവാടി എന്നത് 500 പേർക്ക് ഒരു അംഗൻവാടിയായി വർദ്ധിപ്പിക്കുക.

6. അമ്മമാരുടേയും കുട്ടികളുടേയും ആരോഗ്യ പരമായ ക്ഷേമപ്രവർത്തനത്തിന് ഓരോവാർഡിലും I.C.DS. സബ് സെൻററുകൾ സ്ഥാപിക്കുക

7. ഗ്രാമജ്യോതി ജില്ലാതല വിതരണ വിപണന സംഘത്തിൻെറ പ്രവർത്തനം പഞ്ചായത്തിലേക്ക് വ്യാപിപ്പിക്കുക.

8. I.R.D.P. ഗുണഭോക്താക്കൾക്കുള്ള സൗജന്യ ഇൻഷുറൻസ് വിപുലീകരിക്കുകയും ഈ പദ്ധതിയെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുക.

9. പഞ്ചായത്ത് മുൻകൈ എടുത്ത് ഒരു സർവ്വേ നടത്തി പെൻഷന് അർഹതയുള്ളവരുടെ പേര് വിവരം ഒരു രജിസ്റ്ററായി പഞ്ചായത്തിൽ സൂക്ഷിക്കുക.

10. വിവിധ വകുപ്പുകൾ നൽകുന്ന സാമൂഹ്യ നൻമ സഹായധന വിതരണ വിവരങ്ങൾ ഗ്രാമപഞ്ചായത്തുകളെ അപ്പപ്പോൾ അറിയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

11. സ്പോൺസർഷിപ്പ്, സംഭാവന എന്നിവയിലൂടെ സാമൂഹ്യക്ഷേമപ്രവർത്തനത്തിനുള്ള പണം സംഭരിക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കുക.

12. വിവിധ ഏജൻസികൾ പെൻഷനും മറ്റു സഹായങ്ങളും നൽകുന്നതിനു മുമ്പായി ഗ്രാമപഞ്ചായത്തിനെ കൂടി വിവരം അറിയിച്ച് സഹായം ലഭിച്ചവർക്ക് തന്നെ ഒന്നിലധികം സഹായം ലഭിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുക.

13. എതു തൊഴിൽ മേഖലയെക്കുറിച്ചുള്ള നിയമ നിർമ്മാണവും തീരുമാനവും എടുക്കുന്നതിനു മുമ്പായി വിശദമായ പഠനവും ഗ്രാമപഞ്ചായത്തുകളുടെ അഭിപ്രായവും ആരായാൻ ഗവൺമെൻറ് തയ്യാറാകണം.

14. ട്രൈസം പദ്ധതി അനുസരിച്ചുള്ള ട്രെയ്നിംഗിന് തൊഴിൽ രഹിതരുടെ ചെറു സംഘങ്ങളെ സംഘടിപ്പിച്ച് അവർക്ക് ട്രെയിനിംഗ് നൽകുകയും അവരുടെ കൂട്ടായ തൊഴിൽ സംരംഭത്തിന് സഹായ ധനം നൽകുകയും വേണം.

15. അന്ധ മൂക ബധിര വികലാംഗ കുട്ടികളുടെ തൊഴിൽ പരിശീലനത്തിനായി ഒരു ജില്ലയിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണം

16. മാരകരോഗങ്ങൾ ബാധിച്ചിട്ടുള്ളവർക്ക് നൽകുന്ന സർക്കാർ സാമ്പത്തിക സഹായത്തിന് നിലവിലുള്ള നിബന്ധനകൾ ലഘൂകരിക്കണം.

17. അനാഥരായ സ്ത്രീകൾക്കായി ഒരു അബലാ മന്ദിരം ബ്ലോക്കിൽ സ്ഥാപിക്കുക.

18. നിലവിലുള്ള അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

19. ഓരോവാർഡിലും ഓരോ മഹിളാ സമാജം എങ്കിലും രൂപീകരിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

20. I.R.D.P. ലിസ്റ്റിലുള്ള എല്ലാവർക്കും ആനുകൂല്യങ്ങൾ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

21. കുടിലുകളുടെ സർവ്വേ നടത്തി ആവശ്യ സൗകര്യമുള്ള ചെറിയ വീടുകളെങ്കിലും നിർമ്മിക്കേണ്ട താണ്.

22. പഞ്ചായത്തിൽ 2 വൃദ്ധ സദനങ്ങൾ സ്ഥാപിക്കുക.

23. സമൂഹ്യക്ഷേമ വകുപ്പിന് താലൂക്ക് തല ഓഫീസുകൾ സ്ഥാപിക്കുക.

24. പെൻഷൻ, തൊഴിൽ, ക്ഷേമനിധികൾ ഇവയ്ക്കായി പഞ്ചായത്ത് തലത്തിൽ ബന്ധപ്പെട്ടവരെ ഉൾ ക്കൊള്ളിച്ചുകൊണ്ടുള്ള റിവ്യൂ കമ്മിറ്റികൾ രൂപീ കരിക്കുക.



## ഐ. ആർ.ഡി.പി സർവ്വേ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC. ST. | നാളിതു വരെ സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC. ST. | സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ കുടംബങ്ങൾ | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 4 | 155 | 20 | 16 | 13 | 2 | 153 |
| 2 | 160 | 9 | 7 | 7 | | 160 |
| 3 | 202 | 36 | 28 | 28 | 1 | 201 |
| 4 | 307 | 61 | 49 | 48 | 3 | 304 |
| 5 | 223 | 57 | 33 | 33 | 2 | 221 |
| 6 | 171 | 49 | 25 | 20 | | 200 |
| 7 | 168 | 37 | 29 | 24 | | 122 |
| 8 | 174 | 29 | 31 | 29 | | 216 |
| 9 | 195 | 19 | 10 | 10 | 1 | 195 |
| ആകെ | 1785 | 317 | 228 | 212 | 9 | 1802 |

## ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലന വിഷയത്തിൻേറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ [illegible] എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവുടെ എണ്ണം. | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | എംബ്രോയിഡറി<br>ടെയിലറിംഗ് വെൽഡിംഗ് | 3 | 1 | 2 | 1 |
| 2 | പ്ലാസ്റ്റിക്ക് | 1 | ഇല്ല | | |
| 3 | റേഡിയോ ആൻറ് ടി.വി.മെക്കാ<br>നിസം പ്ലാസ്റ്റിക്ക് പ്രിൻറിംഗ് | 3 | 2 | | ഒന്ന് |
| 4 | വെൽഡിംഗ് ബ്ലാക്സ്മിത്ത് | 2 | 1 | 1 | |
| 5 | ഹാൻലൂം വൂവിംഗ് തയ്യൽ<br>കാർപൻറർ | 3 | 1 | 2 | |
| | ആകെ | 12 | 5 | 5 | 2 |

## ഗ്രാമത്തിലെ അഗതികളുടെ വിവരം

| വാർഡ് | രോഗികൾ | വികലാംഗർ | അന്ധൻമാർ | ബധിരർ | മൂകൻമാർ | വിധവകൾ | അവിവാഹിതരായ അമ്മമാർ | ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | 92 | 3 | 1 | 2 | 4 | 49 | 1 | 5 | 157 |
| 2 | 76 | 2 | 2 | 2 | 3 | 35 | 2 | 6 | 129 |
| 3 | 122 | 4 | 3 | 1 | 4 | 42 | 2 | 7 | 185 |
| 4 | 80 | 3 | 2 | 4 | 3 | 120 | 3 | 60 | 275 |
| 5 | 98 | 7 | 5 | 8 | 5 | 74 | 3 | 10 | 208 |
| 6 | 125 | 27 | 2 | 11 | 9 | 61 | 3 | 4 | 242 |
| 7 | 116 | 11 | 2 | 7 | 4 | 59 | 3 | 9 | 211 |
| 8 | 124 | 9 | 3 | 4 | 6 | 72 | 2 | 11 | 231 |
| 9 | 120 | 6 | 4 | 3 | 2 | 81 | 4 | 9 | 229 |
| ആകെ | 963 | 72 | 22 | 43 | 40 | 593 | 23 | 121 | 1867 |
| ശതമാനം | 5.26 | 0.40 | 0.12 | 0.24 | 0.22 | 3.27 | 0.13 | 0.67 | 10.31 |

## പെൻഷനുകൾ/ധനസഹായം സംബന്ധിച്ച വിവരങ്ങൾ 1995 96

| നമ്പർ | സഹായത്തിൻെറ ഇനം | ലഭിക്കുന്നവരുടെ എണ്ണം | തുക | വകുപ്പ് |
|---|---|---|---|---|
| 1. | കർഷകതൊഴിലാളി | 290 | | ലേബർ |
| 2. | അനാഥർ | | | സാമൂഹ്യ ക്ഷേമം |
| 3. | വികലാംഗ | 90 | വിവരം ലഭ്യമല്ല | |
| 4. | കുഷ്ഠരോഗി | 6 | | |
| 5. | ക്ഷയരോഗി | 16 | | |
| 6. | വാർദ്ധക്യം | 93 | | |
| 7. | വിധവ | 92 | | |
| 8. | തൊഴില്ലായ്മ വേതനം | 498 | | തൊഴിൽ വകുപ്പ് |
| 9. | ക്യാൻസർ രോഗി | 11 | | |
| 10. | മത്സ്യതൊഴിലാളി ക്ഷേമ നിധി | 200 | | |

കയർ, ഖാദി, കൈത്തറി, അബ്ക്കാരി, ചെത്ത്, ചുമട്, ആർട്ടിസാൻസ്, മോട്ടോർ തൊഴിലാളികളുടെ പെൻഷൻ ക്ഷേമനിധി എന്നിവയെകുറിച്ചു വക്കീൽ ഗുമസ്ലൻ, അവശകലാകാരന്മാർ, വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായം, സ്വയം തൊഴിൽ പദ്ധതി, ലേബർ വെൽഫയർ ഫണ്ട്, മരം കയറ്റ തൊഴിലാളികൾ, എന്നിവയെ കുറിച്ചുമുള്ള വിവരങ്ങൾ ലഭ്യമാ യിട്ടില്ല

# 16 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം



## 1.ആമുഖം

സാമൂഹ്യ - സാമ്പത്തിക, സാംസ്ക്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം ഇന്നും പിന്നോക്കാവസ്ഥ അനുഭവിക്കുകയാണ്. തൊഴിലില്ലായ്മ, ദാദിദ്ര്യം, പട്ടിണി എന്നിവ ഈ സമൂഹത്തിൻെറ കൂടപ്പിറപ്പുകളാണ്. പട്ടണങ്ങളിൽ നിന്നും,റോഡുകളിൽ നിന്നും ജനവാസമുള്ള കേന്ദ്രങ്ങളിൽ നിന്നും ഒറ്റപ്പെട്ടാണ് ഇവർ ജീവിക്കുന്നത്. കോളനികളായി വേർതിരിച്ചതും ഇവരെ ഒറ്റപ്പെടുത്താനേ ഉപകരിച്ചുള്ളു. പ്രൈമറി അപ്പർ പ്രൈമറി സ്ക്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക്, ഹൈസ്ക്കൂൾ, കോളേജ് തലങ്ങളിലെ തോൽവി, നിരക്ഷരരായ മാതാപിതാക്കൾ എന്നീ കാരണങ്ങളാൽ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ ഇപ്പോഴും തുടരുന്നു. ഉള്ള തൊഴിൽ തന്നെ നഷ്ടപ്പെടുന്ന പ്രവണത സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ ഇവർക്ക് വിനയായിത്തീർന്നിരിക്കുന്നു. തനതു കലകളെ സംരക്ഷിക്കാനോ നിലനിർത്താനോ കഴിയുന്നില്ല. ഇവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന പണം ഫലപ്രദമാകുന്നില്ല.

## 2.ജനസംഖ്യ

2.1 1991 ലെ സെൻസസ് പ്രകാരം 18124 പേരാണ് ഈ പഞ്ചായത്തിൽ ആകെ ഉള്ളത്. ഇതിൽ പട്ടികജാതിക്കാർ 3173 പേർ ആണ് മൊത്തം ജനസംഖ്യയുടെ 17.5 ശതമാനമാണ് ഇത്. 3173 പേരിൽ 1593 പേർ പുരുഷൻമാരും 1580 പേർ സ്ത്രീകളും ആണ്. ഈ വിഭാഗത്തിലെ സ്ത്രീ പുരുഷാനുപാതം 158:159 ആണ് പട്ടിജാതിയിൽ ആകെ 681 കുടുംബങ്ങളുണ്ട്. പഞ്ചായത്തിലാകെ 9 പുരുഷൻമാരും 16 സ്ത്രീകളും ഉൾപ്പെടെ ആകെ 25 പേരാണ് പട്ടികവർഗ്ഗ വിഭാഗക്കാരായി ഉള്ളത്. ഇവർ മൊത്തം ജനസംഖ്യയുടെ 0.13% ആണ്. 7കുടുംബങ്ങളിലായി ഇവർ അധിവസിക്കുന്നു.



2.2 പട്ടികജാതിയിൽ പുലയൻ, വേലൻ എന്നീ സമുദായങ്ങളും, പട്ടികവർഗ്ഗത്തിൽ ഉള്ളാടൻ എന്ന സമുദായവും ഉൾപ്പെടുന്നു. മറ്റു സമുദായങ്ങൾ ഈ പഞ്ചായത്തിലില്ല.

2.3 പട്ടികജാതി-പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങളുടെ വിശദവിവരം കാണുക.

## 3. വിദ്യാഭ്യാസം

3.1. ഇന്നത്തെ മുതിർന്ന തലമുറയിൽ 65ന് മേൽ പ്രായമുള്ള ഭൂരിഭാഗം നിരക്ഷരരാണ്. 30നും 60നും ഇടയ്ക്ക് പ്രായമുള്ളവർ ഭാഗികമായി സാക്ഷരത നേടിയവരാണ്. 30നു താഴെ പ്രായമുള്ളവർ എല്ലാവരും സാക്ഷരരാണ്. സ്ക്കൂളിലെ കൊഴിഞ്ഞുപോക്ക് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. 'കണക്ക്, ഇംഗ്ലീഷ്, സയൻസ് എന്നീ വിഷയങ്ങളിലാണ് ' ഇവർ പിന്നോക്കം നില്ക്കുന്നത്. ശാസ്ത്രസാങ്കേതികവിദ്യാഭ്യാസ രംഗത്തും ഉപരിപഠനങ്ങളിലും വളരെക്കുറച്ചുപേർ മാത്രമേ പങ്കെടുക്കുന്നുള്ളൂ. പഞ്ചായത്തിലാകെ 5ൽ താഴെ പോസ്റ്റ്ഗ്രാജുവേറ്റുകളും 25 ഓളം ബിരുദധാരികളും 250ൽ അധികം മെട്രിക്കുലേറ്റുകളും ഉണ്ട്. പ്രൊഫഷണൽ ബിരുദധാരികളുടെ എണ്ണം 4ൽ താഴെയാണ്.

3.2 "സവർണ്ണമേധാവിത്വം കൊടികുത്തി നിന്ന കാലത്ത് പട്ടികജാതിക്കാർ സ്വയം സംഘടിച്ച് ഒരു സ്ക്കൂൾ ഉണ്ടാക്കി. കൊല്ലവർഷം 1115ൽ ആയിരുന്നു ഇത്. ഇതിനായി 51 ചക്രം ഇവർ സ്വരൂപിച്ചു. വല്ലേത്തോടിന് കിഴക്കുവശമാണ് വിദ്യാലയം സ്ഥാപിച്ചത്. ഇവിടെ 3-ാം ക്ലാസ്സു വരെ ഉണ്ടായിരുന്നു. ഉളവൈപ്പ് അപ്പുക്കുട്ടൻ, വല്ലേത്തോട് കൊച്ചുഗോവിന്ദൻ എന്നിവരായിരുന്നു പ്രധാനഅദ്ധ്യാപകർ. നടുവിലത്തറ

കൊച്ചുകുട്ടി, വെള്ളക്കാത്തറ കുഞ്ഞൻ, ചാലുംപുറത്ത് കുഞ്ഞൻ, അയ്യപ്പൻ വട്ടത്തറ എന്നിവരായിരുന്നു ഈ വിദ്യാലയത്തിൻെറ സംഘാടക സാരഥികൾ. 15ഓളം വി ദ്യാർത്ഥി കൾ പഠിച്ചിരുന്ന ഈ സ്ഥാപനം എങ്ങനെയോ നിന്നുപോയി. ആസ്ഥാനത്താണ് ഇന്ന് പ്രസിദ്ധമായ സചിവോത്തമപുരം ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്.

3.3. വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

പ്രീപ്രൈമറി സ്ക്കൂളുകൾ, പട്ടികജാതി പട്ടികവർഗ്ഗ ആവാസകേന്ദ്രങ്ങളിൽ സ്ഥാപിക്കുക. അവിടെ മാതൃഭാഷയും, ആംഗലഭാഷയും പഠിപ്പി ക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക. "ഇംഗ്ലീഷ്, കണക്ക്, സയൻസ് എന്നീ വിഷയങ്ങളിൽ ട്യൂട്ടോറിയൽ സിസ്റ്റം ഏർപ്പെടുത്തുക." ഈ സിസ്റ്റത്തിൽ വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്ന മറ്റു വിദ്യാർത്ഥികളേയും ഉൾപ്പെടുത്തുക. ട്യൂട്ടോറിയൽ സിസ്റ്റം നട ത്തുന്നതിന് തൊഴിൽ രഹിതരായ ബിരുദ ധാരികളുടെ സേവനം പ്രയോജനപ്പെടുത്തുക എന്നിവയാണ് ഗ്രാമസഭ ഉന്നയിച്ച പ്രധാന നിർദ്ദേശങ്ങൾ.

ഇതിനുപുറമെ ഉപരിപഠനത്തിനു പോ കുന്നതിനുള്ള ഗ്രാൻറ് തുക വർദ്ധിപ്പിക്കണമെന്നും കംപ്യൂട്ടർ, ഇലക്ട്രോണിക്സ് മാധ്യമങ്ങളിൽ പരിശീലനം നൽകണമെന്നും നിർദ്ദേശിക്കപ്പെട്ടു. പഠിക്കുവാനുള്ള കുടുംബാന്തരീക്ഷം നിലനി ർത്തുന്നതിലേയ്ക്കായി തുടർ സാക്ഷരതാ പരിപാടിയും ബോധവൽക്കരണ പ്രവർത്തനവും നിർബന്ധമായി തുടരണമെന്നും ഗ്രാമസഭ നിർദ്ദേശിച്ചു.

## 4. തൊഴിൽ

4.1. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾ പ്രധാനമായി കേന്ദ്രീകരിച്ചിരിക്കുന്നത് കൃഷി പ്പണികളിലും, മത്സ്യബന്ധനത്തിലും കക്കാ വാരുന്ന ജോലിയിലും ആണ്.

4.2. വിതയ്ക്കുക, കളപറിക്കുക, കൊയ്യുക, കറ്റമെതിക്കുക, നിലംവെട്ടുക, കാവൽ നിൽക്കുക, നെല്ല് സംസ്ക്കരിക്കുക, കൂട,വട്ടി,പുട്ടിൽ,പായ തുടങ്ങിയ കാർഷികോപകരണങ്ങൾ നിർമ്മിക്കുക, ചെളികുത്ത്, തെങ്ങ്കയറ്റം, ഓലമെടയൽ എന്നിവയാണ് പ്രാധാന കൃഷിപ്പണികൾ.

4.3. ഉളവൈപ്പ് കായൽ, കുറുമ്പിക്കായൽ, വിളഞ്ഞൂർ, തട്ടാരി പാടശേഖരങ്ങൾ, ചങ്ങരം, കൊച്ചുചങ്ങരം, കൊണ്ടയിൽ കുരുടാക്കരി, പാലാപടന്നയിൽ, പുരുഷാക്കരി എന്നീ കരിനി ലങ്ങൾ, കരേത്തോട്, പൊഴിത്തോട്, വല്ലത്തോട്, കുത്തിയതോട് പഞ്ചായത്തിലെ മറ്റു ജലാ ശയങ്ങൾ എന്നിവിടങ്ങളിൽ നിന്ന് മുങ്ങി ത്തപ്പിയും, വട്ടവല, തുരുവല, കോരുവല, നീട്ടുവല എന്നിവ ഉപയോഗിച്ച് മത്സ്യം പിടിച്ചു ഇവർ ജീവിച്ചുപോന്നു. കക്കാവാരലും മത്സ്യ ക്കച്ചവടവും തൊഴിലായി സ്വീകരിച്ചവരും ഉണ്ട്. കക്കാവാരുന്നതിന് കിലുങ്ങൻ, നെറ്റ്, വള്ളം എന്നിവ ഉപയോഗിക്കുന്നു. എല്ലാ തൊഴിലുകളും സ്ത്രീപുരുഷ ഭേദമന്യേ ചെയ്തുവരുന്നുണ്ട്.

4-4 മുമ്പ് മത്സ്യ ബന്ധനത്തിന് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരുന്നു.എന്നാൽ പാട ശേഖരങ്ങളിൽ ചെമ്മീൻവാറ്റും ഇടത്തോടുക ളിലെ മത്സ്യകൃഷിയും വ്യാപകമായതോടെ തൊഴിൽ സാദ്ധ്യത മങ്ങി. പീലിംഗ് ഷെഡ്ഡു കളി ൽനിന്നുള്ള മലിനീകരണവും ചെമ്മീൻ തീറ്റ ഫാക്ടറികളിൽ നിന്നുള്ള മലിനജലവും മത്സ്യ സമ്പത്തിന് ഗണ്യമായ നഷ്ടം വരുത്തി ഇതും ഇവരുടെ തൊഴിലിന് ഭീഷണയായി തീരുന്നു.

4.5 കേന്ദ്രസംസ്ഥാന സർവ്വീസിലുള്ളവർ 100ൽ താഴെയേ വരൂ.

4.6 തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1.ഗ്രാമസഭ പട്ടികജാതി പട്ടികവർഗ്ഗജനങ്ങളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് ധാരാളം നിർദ്ദേശങ്ങൾ ഉന്നയിക്കുകയുണ്ടായി

4.6.1 ആഗ്രോസർവ്വീസ് സെൻെററുകൾ, കൂൺകൃഷി, നഴ്സറി, ഇളനീർ പാർലറുകൾ, കോമേഴ്സ്യൽസെൻെററുകൾ കാർഷികോത് പന്നങ്ങളുടെ സംഭരണ വിതരണ യൂണിറ്റുകൾ, ഫുഡ്പ്രോസസിംഗ്, മീറ്റ് പ്രോസസിംഗ് ,മിനറൽ മിക്സർ, മത്സ്യ എണ്ണ ഉൽപ്പാദനം, പാൽ ഉൽപ്പാദനം എന്നിവ തുടങ്ങുനതിന് പരിശീല നവും സഹായധനവും നൽകണം. സസ്യ സംരക്ഷണ ഉപകരണങ്ങൾ സർവീസ് ചെയ്യു ന്നതിനും, റിപ്പയർ ചെയ്യുന്നതിനുമുള്ള യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. തേനീച്ച,

മുയൽ, പന്നി, ആട് എന്നിവ വളർത്തുന്നതിന് ഗ്രാൻറ്കളും നൽകണം.

4-6-2 വ്യാവസായികരംഗത്ത് ഇവരുടെ മുന്നേറ്റം ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കണം. ഇതിൻെറ ഭാഗമായി തഴപ്പാ നെയ്ത്ത്, മെഴുകുതിരി, സോപ്പ്, കറിപൗഡർ, ഫർണ്ണീച്ചർ നിർമ്മാണം എന്നിവ ആധുനീകരീതിയിൽ നടത്തുന്നതിന് പരിശീലനവും സഹായവും നൽകണം. സൗജന്യ ഡ്രൈവിംഗ് പരിശീലനവും നൽകണം.

പൊതുവിതരണ മാർക്കറ്റിംഗ് രംഗത്ത് ഇവരെ ഉൾക്കൊള്ളാൻ കഴിയുംവിധം പദ്ധതികൾ ആവിഷ്ക്കരിക്കണം. റേഷൻകട, മാവേലി സ്റ്റോർ, പച്ചക്കറികട, സ്റ്റേഷനറികട, പലചില്ലറകട എന്നിവ നടത്തുന്നതിന് സൗകര്യങ്ങൾ ചെയ്തു കൊടുക്കണം. ഷോപ്പിങ്ങ് കോംപ്ളക്സിൽ ഇത്തരം ആവശ്യങ്ങൾക്ക് മുറി ലഭ്യമാക്കണം.

4-6-3 തൊഴിൽരഹിതരായ വനിതകളെ പുനരധിവസിപ്പിക്കുന്നതിനായിചന്ദനത്തിരി, സോപ്പ്, തീപ്പെട്ടി, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നിവയിൽ പരിശീലനവും സഹായവും നൽകുക, ഇലക്ട്രോണിക്സ് ടൈപ്പ്റൈറ്റർ, ടെലഫോൺ ബൂത്തുകൾ, ഫോട്ടോസ്റ്റാറ്റ് എന്നിവ സ്ഥാപിച്ചു നൽകുക. വിദേശ ഭാഷകളിൽ പരിശീലനം നൽകി ടൂറിസം രംഗത്ത് ഇവരുടെ സേവനം പ്രയോജനപ്പെടുത്തുക. തുടങ്ങിയ നിർദ്ദേശങ്ങൾ ഗ്രാമസഭ മുന്നോട്ട് വെയ്ക്കുകയുണ്ടായി.

## 5 സാമൂഹ്യ പദവി.

5.1 ചിലപ്രദേശങ്ങളിൽ ഈ വിഭാഗക്കാരെ ജാതി ചൊല്ലി വിളിക്കുന്ന പ്രവണത നിലവിലുണ്ട് തികച്ചും യാഥാസ്ഥിതികരായ ചില സവർണ്ണ വീടുകളിൽ നിന്ന് ഇപ്പോഴും വെള്ളംകോരാൻ അനുവദിക്കാറില്ല.

കലാസാംസ്ക്കാരീക രംഗം

2. രാഷ്ട്രീയ സാമൂഹിക കലാസംഘടനകളുടെ പ്രവർത്തന ഫലമായി ഇവരുടെ സാമൂഹ്യ പദവിയിൽ അഭിലഷണീയമായ മാറ്റമുണ്ടായിട്ടുണ്ട്. വിവാഹ ചടങ്ങുകളിൽ സംബന്ധിക്കുക, ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുക ഇവ സർവ്വ സാധാരണമാണ്.

5.3 ഇവർക്കായി മൂന്നു ക്ഷേത്രങ്ങൾ ഉണ്ട്. അതിൽ പ്രധാനം സചിവോത്തമപുരം ശ്രീ.സുബ്രഹ്മണ്യ സ്വാമിക്ഷേത്രം ആണ്. താലൂക്കിൽ ആദ്യമായി പട്ടികജാതി ജനങ്ങൾ ഗജവീരൻമാരുടെ അകമ്പടിയോടെ ഉത്സവം നടത്തിയത് ഇവിടെയാണ്. ഇവിടുത്തെ കാവടിഘോഷയാത്ര ആകർഷകമാണ്.

5.4 കലാസാംസ്ക്കാരിക രംഗത്ത് ഇവരുടെ തനതു കലകൾ കാണാം. മുടിയാട്ടം, ഞാറ്റു പാട്ട്, ഉടുക്കുപാട്ട്, കോലംവെപ്പുകളി, കൈകൊട്ടികളി എന്നിവയാണ് ഇവരുടെ പ്രധാനകലകൾ. ഇവ അപൂർവ്വമായി മാത്രമെ ഇപ്പോൾ നടത്തപ്പെടുന്നുള്ളൂ. ഇവരുടെ കലകൾ കാത്തു സൂക്ഷിക്കുന്നതിന് ഗ്രാമസഭകൾ താഴെ കൊടുക്കുന്ന നിർദ്ദേശങ്ങൾ ഉന്നയിക്കുകയുണ്ടായി.

5.5 പട്ടികജാതി - പട്ടിക വർഗ്ഗക്കാരുടെ തനതുകലകളെ സംരക്ഷിക്കുന്നതിന് നടപടികൾ ഉണ്ടാകണം. ഈ കലകൾ സ്ക്കൂൾ,യുവജന കേരളോത്സവ പരിപാടികളിൽ ഉൾപ്പെടുത്തണം. ഈ രംഗത്തെ കലാകാരൻമാരെയും സാഹിത്യകാരൻമാരെയും പ്രോത്സാഹിപ്പിക്കുകയും അവരുടെ സൃഷ്ടികൾ പ്രസിദ്ധം ചെയ്യുകയും വേണം. കായീകതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേകഫണ്ട്, സംസ്ഥാന - ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുവാൻ ഗ്രാൻറ് നൽകണം.

ക്ഷേമപ്രവർത്തനങ്ങൾ.

5.6. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ അതിഭീമമായി തുകകൾ പട്ടികജാതി-വർഗ്ഗ ക്ഷേമത്തിനായി ചെലവഴിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ 8-ാം പദ്ധതിയിൽ നടപ്പാക്കിയ സ്ക്കീമുകളുടെ വിവരണം താഴെ പട്ടികയായി ചേർത്തിട്ടുണ്ട്.

ഇങ്ങനെയൊക്കെ പ്രവർത്തനങ്ങൾ ഉണ്ടെങ്കിലും ജീവിതത്തിൻെറ സമസ്ത മേഖലകളിലും നിത്യദുഃഖവും ദുരിതവും ഇവരെ വേട്ടയാടുകയാണ്.

5. . ഈ ദുസ്ഥിതിക്ക് വിരാമമിടുന്നതിനുള്ള കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുന്നതിന് ഗ്രാമസഭകൾ ധാരാളം നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്. സ്വാശ്രയബോധവും, ഇച്ഛാശക്തിയും, കൈവരിക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമം വേണം, ബഹുജന പങ്കാളിത്തത്തോടെ ക്രിയാ

ത്മകവും സമഗ്രവുമായ പദ്ധതികൾ ആവി ഷ്ക്കരിക്കണം, ജീവിതകാലം മുഴുവൻ ആനു കൂല്യം കിട്ടുമെന്ന ധാരണ ഇല്ലായ്മ ചെയ്യണം.

**സഹകരണസംഘങ്ങൾ**

5.8. ഈ പഞ്ചായത്തിൽ പട്ടികജാതി-വർഗ്ഗ വികസനത്തെ ലക്ഷ്യമാക്കി "കോടംതുരുത്ത് പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം Ltd. No. A-797. പ്രവർത്തിക്കുന്നുണ്ട്. 1984 മുതൽ പ്രവർത്തിച്ചുവരുന്ന ഈ ക്രെഡിറ്റ് സംഘം ശ്രീ. എം. വി. കേശവൻെറ നേതൃത്വത്തിലാണ് സ്ഥാപിച്ചത്. ഇന്ന് ഇത് സാമ്പത്തികപരാധീനത മൂലം വിഷമിക്കുന്നു. തഴപ്പാനെയ്ത്ത്, ഫിഷറീസ്, ലേബർ കോൺട്രാക്റ്റ് എന്നിവയിലും പട്ടികജാതി വർഗ്ഗക്കാർക്ക് സഹകരണ സംഘങ്ങൾ ഉണ്ട്. എന്നാൽ ഒരുസംഘവും, ഭംഗിയായി പ്രവർ ത്തിക്കുന്നില്ല. ഇതു പരിഗണിച്ച് ഗ്രാമസഭകൾ താഴെപറയുന്ന നിർദ്ദേശങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

5.9. പട്ടികജാതി സർവ്വീസ് സഹകരണ സംഘ ത്തിന് ആഫീസ് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ ഗ്രാൻറ് നൽകണം. തഴപ്പാ നെയ്ത്തു സഹ കരണസംഘം സമുദ്ധരിക്കണം. വനിതകൾക്കു മാത്രമായി ഒരു സഹകരണസംഘം രൂപീകരി ക്കണം.

## 6. പാർപ്പിടം

6.1. കായലോരങ്ങളിലും തോടുകൾ, പാടശേഖരങ്ങൾ എന്നിവയുടെ സമീപപ്ര ദേശങ്ങളിലും ചിറകളിലും അവയുടെ സമീപങ്ങളിലുമാണ് ഇവർ കൂട്ടമായി താമസിക്കുന്നത്. ഉളവൈപ്പ്കായൽ, കുറുമ്പി ക്കായൽ എന്നിവയുടെ തീരങ്ങളിലും കുത്തിയതോട്, വല്ലേത്തോട്, പൊഴിത്തോട്, കരേത്തോട്, തയ്യിൽത്തോട് എന്നിവയുടെ ചിറകളിലും പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളുടെ അരികിലുമാണ് ഇവർ കൂട്ടമായിതാമസിക്കുന്നത്.

6.2. പട്ടികജാതി-വർഗ്ഗക്കാർക്ക് മാത്രമായി 13 കോളനികൾ ഈ പഞ്ചായത്തിലുണ്ട്. ഇവയിൽ 5-ാം വാർഡിലെ ചക്കാലച്ചിറ, 6-ാം വാർഡിലെ കോട്ടാത്ത് എന്നിവ I.H.D.P. കോളനികളാണ്. ഇതിനുംപുറമെ ലക്ഷംവീട് കോളനികളിലും (12 എണ്ണം) ഇവർ താമസിക്കുന്നുണ്ട്.

6.3. കോളനികൾ സംബന്ധിച്ച വിശദ വിവരങ്ങൾ പ്രത്യേകം കൊടുത്തിട്ടുണ്ട്.

6.4. അടിസ്ഥാന സൗകര്യങ്ങൾ

ആകെ 681 പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. ഇവയിൽ 148 കുടുംബങ്ങൾക്ക് വീടില്ല. ഇത് മൊത്തം കുടുംബങ്ങളുടെ 22 ശതമാനമാണ്. 380 കുടുംബങ്ങൾക്ക് കക്കൂസില്ല. (56%) 77-87 കാലഘട്ടങ്ങളിൽ പട്ടികജാതി വികസന കോർപ്പറേഷൻ നൽകിയ വീടുകൾ ജീർണ്ണിച്ചിരിക്കുന്നു. J.R.Y. സ്ക്കീമിൽപ്പെടുത്തിയ പല വീടുകളുടേയും പണി പൂർത്തിയായിട്ടില്ല. 141 വീടുകൾ പൂർത്തിയാവാതെ കിടക്കുകയാണ്. (21%) 388 കുടുംബങ്ങൾക്ക് വൈദ്യുതി ഇല്ല (57%)

6.5. ഭവനസ്ഥിതിവിവരകണക്കുകൾ കൊടുത്തിട്ടുണ്ട്.

6.6. അടിസ്ഥാനസൗകര്യങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിനായി ധാരാളം നിർദ്ദേശങ്ങൾ ഗ്രാമസഭകൾ ചർച്ച ചെയ്തു. പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമികൾ, കായൽപുറമ്പോക്കുകൾ, ഭവന രഹിത കുടുംബങ്ങൾക്ക് പതിച്ചു നൽകണം എന്നതാണ് ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ. "കോളനി സമ്പ്രദായംഉപേക്ഷിച്ച് മറ്റു സമുദായ ങ്ങൾക്കൊപ്പം ഇടകലർന്ന് ജീവിക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കണം.

## 7 ആരോഗ്യം

വെള്ളം കെട്ടി നിൽക്കുന്ന ചതുപ്പുകൾ, കൊതുക് പെരുകുന്ന പരിതസ്ഥിതി, ഇടുങ്ങിയ വീടുകൾ, കൂട്ടുകുടുംബങ്ങൾ, ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തത ഇവയെല്ലാം അനാരോഗ്യകരമായ ചുറ്റുപാടുകളാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇത് പരിഗണിച്ച് ഫലപ്രദമായ ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. എല്ലാ വീടുകൾക്കും ഫലപ്രദമായ കക്കൂസും സ്ത്രീകൾക്കും കുട്ടികൾക്കും ന്യൂട്രീഷ്യൻ പ്രോഗ്രാമും ആഴ്ചയിൽ ഒരിക്കൽ ആരോഗ്യ പ്രവർത്തകരുടെ ആവാസകേന്ദ്ര സന്ദർശന ങ്ങളുമാണ് ഗ്രാമസഭകൾ ഉന്നയിച്ച നിർദ്ദേശങ്ങൾ.

## 8. വെല്ലുവിളികൾ, പ്രശ്നങ്ങൾ

a. തൊഴിലില്ലായ്മ:-

കാർഷികമേഖലയിൽ പണികൾ കുറഞ്ഞിരി

ക്കുകയാണ്. ആധുനീകരീതിയിയുള്ള മീൻ പിടിത്തവും, മീൻ വളർത്തലും ഈ വിഭാഗ ങ്ങളുടെ ജോലിയെ ബാധിച്ചിട്ടുണ്ട്.

b മലിനീകരണം:-

8.2 പീലിംഗ് ഷെഡ്ഡിൽ നിന്നും ചെമ്മീൻ തീറ്റ ഫാക്ടറിയിൽ നിന്നും ഒഴുക്കി വിടുന്ന മലിനജലം കായലുകളെയും തോടുകളെയും വിഷലിപ്തമാക്കുന്നു. മൽസ്യവിളകളും കൃഷിയും നശിക്കുന്നു. ആരോഗ്യം തകരുന്നു.

C അനാചാരങ്ങൾ

8.3 മന്ത്രവാദത്തിലും, ആഭിചാര ക്രിയകളിലും വിശ്വസിക്കുന്നവർ ഇന്നുമുണ്ട്. മദ്യപാനത്തിന് അടിമകളായവരും ഉണ്ട്.

8.4 ആനുകൂല്യം ലഭിക്കുന്നതിലെ തടസ്സങ്ങൾ.

പ്രഖ്യാപിത പദ്ധതികൾ നേടിയെടുക്കുന്നതിന് കർശന നിബന്ധനകൾ, പദ്ധതിയെപറ്റി വേണ്ടത്ര അറിവില്ലായ്മ, അനുവദിക്കുന്ന തുകകളിലെ അപര്യാപ്തത, കിട്ടുന്ന ആനുകൂല്യങ്ങൾ ബോധപൂർവ്വം വിനിയോഗിക്കുന്നതിലെ അജ്ഞത, വിവിധ ഏജൻസികളുടെ ഏകോപനമില്ലായ്മ. ഈ വിഭാഗത്തിൻെറ സ്ഥിതി വിവരത്തെക്കുറിച്ചുള്ള സമഗ്രസർവ്വേയുടെ അഭാവം എന്നിവയാണ് ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് തടസ്സങ്ങൾ എന്ന് ഗ്രാമസഭ കണ്ടെത്തിയിട്ടുണ്ട്.

## 9 സാധ്യതകൾ.

ഗ്രാമസഭകൾ താഴെ പറയുന്ന സാധ്യതകൾ കണ്ടെത്തി .

1 ഉദ്യോഗനിയമനങ്ങളിൽ സംവരണതത്വം കർശനമായി പാലിക്കൽ.

2.വിവിധ ഗവൺമെൻറ് ഏജൻസികൾ ഏകോപിപ്പിച്ച് ആനുകൂല്യങ്ങൾ പഞ്ചായത്തു തലത്തിൽ വിതരണം ചെയ്യൽ.

3.പട്ടികജാതി- പട്ടികവർഗ്ഗ വികസന ആഫീസുകൾ പഞ്ചായത്തു തലത്തിൽ ആക്കൽ.

4. കോളനി സമ്പ്രദായം അവസാനിപ്പിക്കൽ.

5. മൂന്നു മാസത്തിലൊരിക്കൽ പട്ടികജാതി- വർഗ്ഗ വികസന പദ്ധതികൾ അവലോകനം ചെയ്യൽ.

6. സമഗ്ര സർവ്വെ നടത്തൽ

7. പഞ്ചായത്തു തലത്തിൽ പട്ടികജാതി-വർഗ്ഗ വികസനത്തിന് ഉപദേശകസമിതിയും മാസത്തിലൊ രിക്കൽ അതിൻെറ മീറ്റിങ്ങും നടത്തൽ.

8. ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്രചാരണവും ബോധവൽക്കരണവും.

9. സ്വാശ്രയാധിഷ്ഠിതമായ ജീവിതത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കൽ.

## 10 ഉപസംഹാരം

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഈ വിഭാഗത്തിൽ നിന്നും ഉയർന്നു വന്ന പ്രവർത്തകർ, ഗ്രാമസഭകൾ, സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തകരുടെ കൂട്ടായ പ്രവർത്തനം. ഇവയുടെ ഫലമായി ആത്മവിശ്വാസവും സ്വാശ്രയബോധവും പട്ടികജാതി - പട്ടിക വർഗ്ഗ ജനങ്ങളിൽ സാവകാശം ഉണർന്നു വരുന്നുണ്ട്. ഇത് ഭാവിയെക്കുറിച്ച് ശുഭാപ്തി വിശ്വാസം നൽകുന്നു.



**ബൈബിളും ഖുറാനും എൻെറ ഗീതയാണ്**

ഗാന്ധിജി

**മനസ്സിനെ പരിഷ്ക്കരിക്കാതെ ലോകത്തെ പരിഷ്ക്കരിക്കാനാവില്ല**

ഡോ:അംബേദ്ക്കർ

## 2.3 പട്ടികജാതി-പട്ടികവർഗ്ഗ ആവാസകേന്ദ്രങ്ങൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | പട്ടികജാതി പട്ടികവർഗ്ഗ ആവാസകേന്ദ്രം | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | IX | പുല്ലുവേലി | 24 | 53 |
| 2 | IX | വല്ലേത്തോട് ഈസ്റ്റ് | 30 | 182 |
| 3 | VIII | കൊടിത്തറ | 39 | 198 |
| 4 | VII | കൊടിത്തോട് | 11 | 66 |
| 5 | VII | കോട്ടാത്ത് (I.H.D.P) | 19 | 80 |
| 6 | VIII | ചേരുങ്കൽ | 11 | 44 |
| 7 | V | ചക്കാലച്ചിറ (I.H.D.P) | 48 | 226 |
| 8 | VI | കുഴുവേലി നികർത്ത് | 10 | 58 |
| 9 | III | മനത്തോടം | 54 | 105 |
| 10 | VII | മണ്ണുചിറ | 15 | 60 |
| 11 | VI | പുതുശ്ശേരി വെളി | 19 | 107 |
| 12 | V | പുത്തൻതറ | 21 | 215 |
| 13 | VII | പുത്തനാട് | 39 | 205 |
| | | | 340 | 1499 |

| ക്രമ നമ്പർ | വാർഡ് നമ്പർ | ലക്ഷംവീട് കോളനി | വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | I | ചേപ്പനത്ത് | 12 |
| 2 | IV | വെളിയിൽ | 26 |
| 3 | IV | കത്രേഴത്ത് | 20 |
| 4 | IV | തൊഴുത്തുപറമ്പ് | 9 |
| 5 | V | കറുകപ്പറമ്പ് | 18 |
| 6 | VI | പുതുശ്ശേരി വെളി | 19 |
| 7 | VII | പാലപ്പറമ്പ് | 14 |
| 8 | VII | നീണ്ടകര | 30 |
| 9 | VII | പുത്തനാട്ട് | 6 |
| 10 | IX | ചാണിയിൽ | 24 |
| 11 | IX | ഔട്ടാക്കൽ | 15 |
| | | | 193 |

## 5.6 കോടന്തുരുത്ത് ഗ്രാമ പഞ്ചായത്ത് പട്ടികജാതി വികസനം:

### 8-ാം പദ്ധതിയിലെ നടപ്പു സ്കീമുകളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വർഷം | ലക്ഷ്യം | | നേട്ടം | | വീഴ്ച ഉണ്ടെങ്കിൽ ആയതിനുള്ള കാരണം |
|---|---|---|---|---|---|---|---|
| | | | ഭൗതീകം | സാമ്പത്തികം | ഭൗതീകം | സാമ്പത്തികം | |
| I | <u>കോടന്തുരുത്ത് പഞ്ചായത്ത്</u> സംയോജിത ഭവന നിർമ്മാണ ഗ്രാൻറ് | | | | | | |
| 1 | " | 1995-96 | 1 | 15000 | 1 | 15000 | തുക വിനിയോഗിച്ച് വീടുപണി പൂർത്തീകരിച്ചു. |
| II | <u>ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി</u> | | | | | | |
| 2 | " | 1992-93 | 6 | 95800 | 6 | 95800 | " |
| III | <u>ഐ. എച്ച്. ഡി. പി. ഭവന നിർമ്മാണം</u> | | | | | | |
| 3 | " | 1991-92 | 13 | 156000 | 13 | 156000 | " |
| 4 | " | 1995-96 | 12 | 170000 | 12 | 170000 | " |
| IV | <u>വിവാഹ ധന സഹായ ഗ്രാൻറ്</u> | | | | | | |
| 5 | " | 1990-91 | 5 | 10000 | 5 | 10000 | തുക നിശ്ചിത ആവശ്യത്തിനു തന്നെ വിനിയോഗിച്ചിട്ടുണ്ട്. |
| 6 | " | 1991-92 | 6 | 12000 | 6 | 12000 | " |
| 7 | " | 1992-93 | 3 | 6000 | 3 | 6000 | " |
| 8 | " | 1993-94 | 5 | 10000 | 5 | 10000 | " |
| 9 | " | 1994-95 | 5 | 10000 | 5 | 10000 | " |

KODAMTHURUTH PANCHAYAT '96

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | " | 1995-96 | 3 | 6000 | 3 | 6000 | ഗ്രാൻറ് തുക നിശ്ചിത ആവശ്യത്തിനു തന്നെ വിനിയോഗിച്ചു |
| V | ചികിത്സാ ധന സഹായം | | | | | | |
| 11 | " | 1992-93 | 1 | 750 | 1 | 750 | |
| 12 | " | 1995-96 | 2 | 2000 | 2 | 2000 | " |
| VI | പുരകെട്ടി മേച്ചിൽ ഗ്രാൻറ് | | | | | | |
| 13 | " | 1989-90 | 5 | 750 | 5 | 750 | " |
| 14 | " | 1990-91 | 3 | 450 | 3 | 450 | " |
| 15 | " | 1991-92 | 2 | 300 | 2 | 300 | " |
| 16 | " | 1992-93 | 2 | 300 | 2 | 300 | " |
| 17 | " | 1993-94 | 1 | 500 | 1 | 500 | " |
| 18 | " | 1994-95 | 2 | 1000 | 2 | 1000 | " |
| VII | മിശ്ര വിവാഹ ഗ്രാൻറ് | | | | | | |
| 19 | " | 1992-93 | 1 | 2000 | 1 | 2000 | " |
| 20 | " | 1994-95 | 1 | 2000 | 1 | 2000 | " |
| VIII | ഡ്രൈവിംഗ് പരിശീലനം | | | | | | |
| 21 | " | 1991-92 | 5 | 4500 | 5 | 4500 | " |

| | | | | | | | |
|---|---|---|---|---|---|---|---|
| IX | എസ്സ്. എസ്സ്. എൽ. സി. പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയൽ കോളേജിൽ ചേർന്ന് പഠിക്കുന്നതിനുള്ള ധനസഹായം | | | | | | |
| 22 | " | 1989-90 | 1 | 800 | 1 | 800 | ഗ്രാൻറ് തുക നിശ്ചിത ആവശ്യത്തിനു തന്നെ വിനിയോഗിച്ചു |
| 23 | " | 1993-94 | 1 | 800 | 1 | 800 | " |
| 24 | " | 1994-95 | 1 | 800 | 1 | 800 | " |
| X | പാർപ്പിട സൗകര്യം മെച്ചപ്പെടുത്തൽ പദ്ധതി-കക്കൂസ് നിർമ്മാണം, വയറിംഗ് ഗ്രാൻറ് | | | | | | |
| 25 | " | 1994-95 | 3 | 2800 | 3 | 2800 | |

# 17 സ്ത്രീപദവി



### 1.ആമുഖം

സാമൂഹ്യമാറ്റങ്ങൾക്ക് അനുസൃതമായി സാമൂഹ്യസാമ്പത്തിക രാഷ്ട്രീയരംഗങ്ങളിൽ വനിതകളുടെ മുന്നേറ്റം ഈ ഗ്രാമത്തിലുണ്ടായിട്ടില്ല. വിദ്യാഭ്യാസം നേടിയ വനിതകൾ ധാരാളം ഉണ്ട്. സർക്കാർ – സ്വകാര്യ മേഖലകളിൽ തൊഴിൽ ചെയ്യുന്ന വനിതകളുടെ എണ്ണം ഇവിടെ വർദ്ധിച്ചിട്ടുണ്ട്. സ്ത്രീകൾ ജോലിചെയ്യുന്ന സമ്പ്രദായം ജാതിമത ഭേദമന്യേ വർദ്ധിച്ചിട്ടുണ്ട്. 'വൈറ്റ്കോളർ' ജോലികളോടാണ് പൊതുവേ താൽപര്യം സംഘടനാരംഗത്ത് നേതൃത്വപരമായ പദവികൾ വഹിക്കുന്നവരുടെ എണ്ണം കുറവാണ്. രാഷ്ട്രീയപാർട്ടികളുടെ പ്രാദേശിക നേതൃത്വമോ സംഘടനാ നേതൃത്വമോ സ്ത്രീകൾക്ക് ലഭിച്ചിട്ടില്ല. വീട്ടു കാര്യങ്ങളിൽ സജീവ പങ്കാളിത്തമാണ് സ്ത്രീകൾ വഹിക്കുന്നത് ആദ്ധ്യാത്മിക കാര്യങ്ങളിൽ അവർ കൂടുതൽ ശ്രദ്ധിക്കുന്നതായി കാണാം അന്ധവിശ്വസങ്ങളും ഉണ്ട്.

### 2. സ്ത്രീപുരുഷാനുപാതം

പഞ്ചായത്തിലെ സ്ത്രീപുരുഷാനുപാതം കേരളീയ നിരക്കുമായി ഒത്തു പോകുന്നതാണ് എന്നാൽ പട്ടികജാതി വിഭാഗത്തിൽ സ്ത്രീകളുടെ നിരക്ക് പഞ്ചായത്ത് നിരക്കുമായി പൊരുത്തപ്പെടുന്നില്ല. പട്ടികജാതി വിഭാഗത്തിലെ സ്ത്രീകളുടെ സ്ഥിതി വളരെ മോശമാണ്. പഞ്ചായത്ത് നിരക്കിനേക്കാൾ വളരേ കൂടുതലാണ് പട്ടിക വർഗ്ഗവിഭാഗത്തിലെ സ്ത്രീകളുടെ നിരക്ക് ഇതിന്റെ കാരണങ്ങൾ ശാസ്ത്രീയമായി പരിശോധിക്കേണ്ടതാണ്.

### 3. സാക്ഷരത

1991ലെ ആകെ ജനസംഖ്യ 18124 ആണ്. സ്ത്രീകൾ 9189 പുരുഷൻമാർ 8935 ഉം ആണ് സാക്ഷരതാ പ്രവർത്തനം നടക്കുമ്പോൾ (90-91) പഞ്ചായത്തിലെ സാക്ഷരത 80.9 ശതമാനം പേർ മാത്രമാണ് സാക്ഷരരായിരുന്നത് സാക്ഷരതാ പ്രവർത്തനത്തിനു ശേഷം 95.46 ശതമാനമായി ഉയർന്നു.



സാക്ഷരതാ പ്രവർത്തനത്തിന് മുമ്പ് ആകെയുള്ള സ്ത്രീകളിൽ (9189) 7441പേരാണ് സാക്ഷരരായിരുന്നത്. ഇത് മൊത്തം ജനസംഖ്യയുടെ നാല്പ ത്തൊന്നു ശതമാനം മാത്രമേ ആയിരുന്നുള്ളൂ. ആ കെ സ്ത്രീകളുടെ 80 ശതമാനം പേർ സാക്ഷരരാ യിരുന്നു. സാക്ഷരതാ പ്രവർത്തനത്തിന് ശേഷം 85.2 ശതമാനമായി ഉയർന്നു പട്ടികജാതി പട്ടിക വർഗ്ഗത്തിൽപെട്ട സ്ത്രീകളാണ് ഏറ്റവും പിന്നിൽ.

ഈ ഗ്രാമം സാക്ഷരതാ പ്രവർത്തനത്തിലൂടെ ആശവാഹമായ പുരോഗതി കൈവരിച്ചു എങ്കിലും തുടർപ്രവർത്തനങ്ങൾ ഫലപ്രദമല്ലാതിരുന്നതിനാൽ സാക്ഷരരായിരുന്ന സ്ത്രീകൾ വീണ്ടും നിരക്ഷരതയിലേക്ക് നീങ്ങിയിട്ടുണ്ട്. സാക്ഷരതാ പ്രവർത്തനം ഇല്ലാതിരുന്ന കാലഘട്ടത്തിൽ പോലും സ്ത്രീകളിൽ 80% പേരും സാക്ഷരരായിരുന്നുവെന്നത് സ്ത്രീകളുടെ വിദ്യാഭ്യാസത്തിൽ ഗ്രാമവാസികൾ ഏറെ ശ്രദ്ധിച്ചിരുന്നു എന്നതിന്റെ തെളിവാണ്.

സാക്ഷരതാപ്രവർത്തനത്തിൽ ഇൻസ്ട്രക്ടർമാരായി സേവനം ചെയ്തിരുന്നവരിൽ 85% പേരും സ്ത്രീകളായിരുന്നു. ഇവരുടെ അശ്രാന്ത പരിശ്രമമാണ് പഞ്ചായത്തിലെ സാക്ഷരതാ നിലവാരം ഉയർത്തുവാൻ കാരണമായി. സ്ത്രീകളുടെ സന്നദ്ധതയെ പ്രയോജനപ്പെടുത്തുവാനും ക്രിയാത്മകമായ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

### 4. കുട്ടികളെ സംബന്ധിച്ച് വിവരങ്ങൾ

പഞ്ചായത്തിൽ ആകെ 6 സ്ക്കൂളുകളുണ്ട്. 1 മുതൽ 10 വരെ സ്റ്റാൻേറർഡുകളിൽ 3238 വിദ്യാർത്ഥികൾ പഠിക്കുന്നു.

# 5.2 കൂലിയിലുള്ള അന്തരം

ഈ ഗ്രാമത്തിൽ വിവധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കൂലി വിവരം താഴെ ചേർക്കുന്നു.

| തൊഴിലുകൾ | വരുമാനനിരക്ക് | |
|---|---|---|
| | സ്ത്രീകൾ | പുരഷൻമാർ |
| ഞാറ്റുപണി | 40 മുതൽ 50 വരെ | 70 മുതൽ 100 വരെ |
| ചുമട് | 75 മുതൽ 80 വരെ | 80 മുതൽ 100 വരെ |
| ആയ | 300 മുതൽ 500 വരെ | |
| കക്ക | 50 മുതൽ 100 വരെ | 50 മുതൽ 100 വരെ |
| മത്സ്യബന്ധനം | വരുമാനത്തിന് പരിധിയില്ല | |
| പീലിംഗ്/മറ്റു തൊഴിലാളികൾ | 40 മുതൽ 100 വരെ | 100 മുതൽ 150 വരെ |
| കയർ പിരി | 20 മുതൽ 35 വരെ | |
| സർക്കാർ ഉദ്യോഗം | വിവേചനമില്ല | |
| തഴപ്പായ് നെയ്ത്ത് | 20 മുതൽ 30 വരെ | |
| സ്വകാര്യ ജോലി. | പ്രതിമാസം 1000 രൂ. | പ്രതിമാസം 1500 രൂ. |

കൂലിയുടെ കാര്യത്തിൽ സ്ത്രീ പുരുഷ വിവേചനം ഈ ഗ്രാമത്തിലുണ്ട്. മത്സ്യബന്ധനം, ഔദ്യോഗികരംഗം, കക്കാവാരൽ എന്നീ മേഖലകളിൽ ഇത്തരം വിവേചനം ഇല്ല.

സ്ത്രീ പുരുഷാനുപാതം

| വർഷം | ആകെ ജനസംഖ്യ | സ്ത്രീ | പു. | SC. | | ST. | |
|---|---|---|---|---|---|---|---|
| | | | | സ്ത്രീ | പു. | സ്ത്രീ | പു. |
| 1991 | 18124 | 9189 | 8935 | 1593 | 1580 | 16 | 9 |

പഞ്ചായത്തിന് തൊട്ടടുത്ത പ്രദേശങ്ങളിലെ സ്കൂളുകളിൽ ഈ പഞ്ചായത്തിലെ കുട്ടികളെ പഠിപ്പിക്കുന്നതിനായി അയക്കുന്നുണ്ട്. എറണാകുളം, ചേർത്തല എന്നിവടങ്ങളിലുള്ള പബ്ലിക്ക് പ്രൈവറ്റ് സ്ക്കൂളുകളിൽ കിലോമീറ്ററോളം ബസിൽ സഞ്ചരിച്ചാണ് ഇവർ പോകുന്നത്. ഇതിൽ ഭൂരിപക്ഷവും പെൺകുട്ടികളാണ്. ഇതിനും പുറമേ അരൂർ, തുറവൂർ, പട്ടണക്കാട്, വയലാർ എന്നിവിടങ്ങളിലുള്ള പബ്ലിക്ക് സ്ക്കൂളുകളിൽ ഈ പഞ്ചായത്തിൽ നിന്നും കുട്ടികൾ പോയി പഠിക്കുന്നുണ്ട്. പെൺകുട്ടികളെ പെൺ വിദ്യാലയങ്ങളിൽ ചേർക്കുന്നതിന് വേണ്ടി അകലെയുള്ള സ്ക്കൂളുകളിൽ അയക്കുന്ന രക്ഷകർത്താക്കളാണ് അധികവും. ഇംഗ്ളീഷ് ഭാഷയോടുള്ള അമിത പ്രേമമാണ് ഇതിന് കാരണം.

പഞ്ചായത്തിലെ സ്ക്കൂളുകളുടെ വിദ്യാർത്ഥികളുടെ സ്ത്രീപുരുഷ അനുപാതം1000:1132 ഈ കണക്ക് വിശ്വസനീയമല്ല പഞ്ചായത്തിന് പുറത്ത് വിദ്യാർത്ഥികൾ പോകുന്നതുകൊണ്ടും അതിൻെറ യഥാർത്ഥ വിവരങ്ങൾ ലഭിക്കാത്തത് കൊണ്ടും ഇങ്ങനെ സംഭവിക്കാം .

പഞ്ചായത്തിലെ SC/ST കുട്ടികളുടെ സ്ത്രീ പുരുഷാനുപാതം 1000 : 1127

പഞ്ചായത്തിനു പുറത്തുള്ള സ്ക്കൂളുകളിൽ SC/ST വിഭാഗത്തിൽ പെട്ട കുട്ടികളേയും അയക്കുന്നുണ്ട് എന്നാണ് ഇത് കാണിക്കുന്നത്.

**പഞ്ചായത്തിലുള്ള 6 സ്ക്കൂളുകളുടെ വിദ്യാർത്ഥികളുടെ ആൺ പെൺ ശത മാനം**

വിദ്യാർത്ഥികളിൽ 53 ശതമാനം പെൺകുട്ടികളും 47. ശതമാനം ആൺകുട്ടികളുമാണ്.

**4.6 തോറ്റു പഠിക്കുന്നവർ**

SC/ST പെൺകുട്ടികളിൽ 34% മറ്റുള്ളവരിൽ 32% തോറ്റു പഠിക്കുന്നവരാണ്. പെൺകുട്ടികളിൽ തോൽവിക്കാരിൽ ഭൂരിപക്ഷം പേരും SC/ST വിഭാഗത്തിൽ നിന്നുള്ളവരാണെന്ന് ഇത് സൂചിപ്പിക്കുന്നു. പഞ്ചായത്തിലെ ആറു സ്ക്കൂളുകളിലായി പഠിക്കുന്ന ആകെ പെൺകുട്ടകളുടെ 2. 5 % ആണ് തോൽക്കുന്നത്. ആൺകുട്ടികളുമായി താരതമ്യപ്പെടുത്തുമ്പോൾ വിജയശതമാനവും മാർക്കും പെൺകുട്ടികൾക്ക് ആണ് കൂടുതൽ പെൺകുട്ടികളുടെ പഠന താൽപര്യം കൂടുതൽ പ്രയോജനപ്പെടുത്താനും ആൺകുട്ടികളുടെ പഠനതാൽപര്യം ഉണർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഉണ്ടാവണം.

**4.7 പഠനം നിർത്തിയവർ**

പഞ്ചായത്തിലെ ആറു സ്ക്കൂളുകളിൽ ആകെ 54 പേർ പഠനം നിർത്തി. ഇത് ആകെ കുട്ടികളുടെ 1.66 % ആണ്. 322 SC/ST പെൺകുട്ടികളിൽ ഒരാൾ മാത്രമാണ് പഠനം നിർത്തിയത്. 

**5. തൊഴിൽ**

**5.1** ദുർ ബലജനവിഭാഗങ്ങളിൽ ഭൂരിപക്ഷം പേരും പീലിംഗ് (ചെമ്മീൻ സംസ്ക്കരണം) തൊഴിലാളികളാണ്. പരമ്പരാഗത തൊഴിൽ രംഗമായ കയർ, കൃഷി എന്നീ മേഖലകളിൽ നിന്നും പീലിംഗ് രംഗത്തേക്ക് കൂടുതൽ പേർ വന്നിട്ടുണ്ട്. ഇതു മൂലം കാർഷികരംഗത്തെ തൊഴിലുകൾക്ക് ആളില്ലാത്ത സ്ഥിതി പഞ്ചായത്തിലുണ്ട്. മത്സ്യബന്ധനത്തിൽ പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. കക്കാരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾ വിഭവ ദാരിദ്ര്യം മൂലം (കക്കയുടെ കുറവ്) ഈ പണികളിൽ നിന്നും പിൻമാറിയിട്ടുണ്ട്. ഗൃഹകാര്യങ്ങൾ നോക്കിനടത്തുന്ന വീട്ടമ്മമാരെ തൊഴിലില്ലാത്തവരുടെ പട്ടികയിലാണ് പെടുത്തുക. ഇത് വസ്തുതാപരമായ തെറ്റാണ്. കൃഷികാര്യങ്ങളിൽ നോക്കി നടത്തൽ, ഫലമൂലാദികൾ ശേഖരിക്കൽ, വിറക് സംസ്ക്കരണം, ആട് മാടുകൾ, താറാവ്, കോഴി തുടങ്ങിയവ വളർത്തൽ എന്നിവയിലും സ്ത്രീകൾ പങ്കെടുക്കുന്നു.

**5.2 കൂലിയിലുള്ള അന്തരം**

ഈ ഗ്രാമത്തിൽ വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നവരുടെ കൂലി വിവരം താഴെ ചേർക്കുന്നു.

കൂലിയുടെ കാര്യത്തിൽ സ്ത്രീപുരുഷ വിവേചനം ഈ ഗ്രാമത്തിലുണ്ട്. മത്സ്യബന്ധനം, ഔദ്യോഗിക രംഗം, കക്കാവാരൽ എന്നീ മേഖലകളിൽ ഇത്തരം വിവേചനമില്ല.

**5.3 തൊഴിലെടുക്കുന്ന സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ**

പീലിംഗ് തൊഴിലാളികൾക്ക് ഗർഭാശയ സംബന്ധമായ അസുഖങ്ങൾ കൂടുതലാണ്. കുത്തിയിരുന്നു ജോലിയെടുക്കുന്നതിൻെറ ഫലമായി 'പ്രൊലാപ്സ്ഡ് യൂട്രസ്' എന്ന അസുഖം കൂടുതലായി കാണാം. ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ, നടുവേദന, അനീമിയ എന്നീ രോഗങ്ങ

ളും സ്ത്രീകളുടെ ഇടയിൽ സർവ്വസാധാരണമാണ്.

**5.4 ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ**

ഇവരുടെ കാര്യത്തിൽ ഗ്രാമവാസികൾ വ ന്വിച്ച മുൻഗണന നൽകുന്നു. എല്ലാ പ്രസവങ്ങളും ആശുപത്രികളിലാണ് നടക്കുന്നത്.

**5.5 ആയുസ്സ്**

പുരുഷൻമാരേക്കാൾ ആയുസ് കൂടുതൽ സ്ത്രീകൾക്കാണ്.

**6 അഗതികളായ സ്ത്രീകൾ**

6.1 പഞ്ചായത്തിലെ സ്ത്രീകളിൽ 3.27% പേർ വിധവകളാണ്. അവിവാഹിതരായ മാതാക്കൾ 23 പേർ ഉണ്ട്. ഇത് സ്ത്രീ ജനസംഖ്യയുടെ 0.13% ആണ് ഭർത്താക്കൻമാരാൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ 121 ആണ്. ഇത് ആകെ സ്ത്രീ ജനസംഖ്യയുടെ 0.67% ആണ്. മാനസികമായ സംഘർഷങ്ങൾ ഇവരുടെ ഇടയിൽ കൂടുതലാണ്. സംരക്ഷിക്കാൻ ബന്ധുക്കൾ ഉള്ളവരുടെ കാര്യത്തിൽ പോലും ഈ സ്ഥിതിക്ക് മാറ്റമില്ല. പൊതു ചടങ്ങുകളിൽ ഈ വിഭാഗം സ്ത്രീകൾ അപൂർവ്വമായേ പങ്കെടുക്കാറുള്ളൂ. മറ്റുള്ളവരുടെ അധിക്ഷേപത്തിന് ഇവർ ഇരയാകുന്നു.

6.2 വിധവകളെ പൊതുചടങ്ങുകളിൽ നിന്ന് ബോധപൂർവ്വമായി ഒഴിവാക്കുന്നുണ്ട്. വിധവകളെ കണി കാണാൻ പാടില്ല. വിവാഹ ചടങ്ങുകൾക്ക് മുന്നോടിയായി വധുവിന് താലം കൈമാറുന്നതിനുള്ള അവകാശം അമ്മായിമാർക്കാണ്. വധുവിൻെറ അമ്മായി വിധവ യാണെങ്കിൽ ഇതിന് അനുവദിക്കാറില്ല.

6.3 അവിവാഹിത മാതാക്കളിൽ ഭൂരിപക്ഷം പേരും സാമൂഹ്യസാമ്പത്തിക പിന്നോക്കാവസ്ഥയുള്ള കുടുംബങ്ങളിൽ നിന്നാണ് സമൂഹത്തിൻെറ മേലെതട്ടിലുള്ളവരുടെ ഇടയിലും ഇത്തരം പ്രശ്നങ്ങൾ ഉണ്ടെങ്കിലും അവ പുറത്തറിയാറില്ല.

6.4 പുരുഷൻമാരാണ് തെറ്റു ചെയ്യുന്നതെങ്കിൽ പോലും അവർക്ക് വേണ്ടി ത്യാഗം സഹിക്കേണ്ടത് തൻെറ കടമയാണെന്ന് വിശ്വസിക്കുക, കോടതികളെ സമീപിച്ച് പരിഹാരം തേടാനുള്ള അപ്രാപ്തി, മുൻകാലങ്ങളിലെപോലെ കുടുംബകലഹങ്ങൾ പരിഹരിക്കുന്നതിന് നാട്ടുകൂട്ടങ്ങൾ പോലുള്ള മദ്ധ്യസ്ഥ സമിതികളുടെ അഭാവം, പ്രവാസികളായ ഭർത്താക്കൻമാരുടെ സംശയങ്ങൾ, മാനസികപൊരുത്തമില്ലായ്മ, വന്ധ്യത തുടങ്ങിയവയാണ് ഉപേക്ഷിക്കപ്പെടാനുള്ള കാരണങ്ങളായി ഗ്രാമസഭകൾ ചൂണ്ടിക്കാണിച്ചത്.

**6.5 പെൻഷനുകൾ**

593 വിധവകളിൽ 92 പേർക്കാണ് പെൻഷൻ ലഭിക്കുന്നത് ഇത് ആകെ വിധവകളുടെ 15.5% മാത്രമാണ്.

**7. സ്ത്രീകളുടെ സമ്പത്തിക പദവി**

7.1 സ്ത്രീകൾ കുടുംബനാഥകളായിരിക്കുന്ന കുടുംബങ്ങളുടെ എണ്ണം വളരെ കുറവാണ്. സ്ത്രീകളുടെ പേരിൽ ഭൂമി സമ്പാദിക്കുക, നിക്ഷേപങ്ങൾ നടത്തുക എന്നീ കാര്യങ്ങളിൽ സമ്മിശ്രമായ ഒരു രീതിയാണ് ഗ്രാമത്തിലുള്ളത്. ചിലർ സ്ത്രീകളുടെ പേരിലും മറ്റു ചിലർ ഭാഗികമായും ഇങ്ങനെ ചെയ്യാറുണ്ട് പൊതുവേ നോക്കിയാൽ സാമ്പത്തികാധികാരം പുരുഷൻമാരിൽ തന്നെ കേന്ദ്രീകരിച്ചിരിക്കുന്ന പ്രവണതയാണ് ഗ്രാമത്തിലുള്ളത്. തൊഴിലെടുത്ത് സ്വന്തം നിലയിൽ പണമുണ്ടാക്കുന്ന സ്ത്രീകളുടെ കാര്യത്തിൽ ഈ നിലയിൽ സാരമായ മാറ്റം കാണാം.

**7.2 സമ്പാദ്യ ശീലം**

സ്ത്രീകൾ പൊതുവേ സമ്പാദ്യ ശീലമുള്ളവരാണ്. മഹിളാ പ്രധാൻ ഏജൻറുമാരിൽ നിന്നും ശേഖരിച്ച വിവരം അനുസരിച്ച് ഭൂരിപക്ഷം സ്ത്രീകളും സമ്പാദ്യം നടത്തുന്നുണ്ട്. അവയെക്കുറിച്ചുള്ള വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കാറാണ് പതിവ്. ഭാവിയെക്കുറിച്ചുള്ള ആശങ്കകളും പ്രതീക്ഷകളും സ്ത്രീകളിൽ കൂടുതലാണ്.

**8 സ്ത്രീകളുടെ സാമൂഹ്യ പദവി**

**8.1 വനിതാസംഘടനകൾ**

രാഷ്ട്രീയ സംഘടനകളിൽ ഔദ്യോഗിക ഭാരവാഹിത്വം വഹിക്കുന്ന വനിതകൾ നാമമാത്രമാണ്. പ്രാതിനിധ്യ സ്വഭാവത്തിന് വേണ്ടിമാത്രം എന്ന രീതിയാണ് ഉള്ളത്. എന്നാൽ വിവിധ ബഹുജന സംഘടനകളിലും പോഷക സംഘടനകളിലും ഇവർ പ്രവർത്തിക്കുന്നുണ്ട്.

**8.2 വനികൾ പൊതുരംഗത്ത് വരാതിരിക്കാനുള്ള കാരണങ്ങൾ**

1. വീട്ടു പണികളുടെ പൂർണ്ണമായ ഉത്തരവാദിത്വം സ്ത്രീകളിലാണ്.
2. പൊതുരംഗത്തെത്തുന്ന സ്ത്രീകളുടെ പദവി അംഗീകരിക്കുന്നില്ല
3. വീട്ടു പണിക്ക് പുറമേ ഉപജീവനം തേടുന്നതി

നുള്ള ജോലി കൂടി സ്ത്രീകൾ ചെയ്യേണ്ടിവരുന്നു.

8.3 സ്ത്രീധനം

സ്ത്രീധന സമ്പ്രദായം ഈ ഗ്രാമത്തിൽ നിലവിലുണ്ട്. ആഭരണം, പണം, സ്വത്തുവിഹിതം ഇവയൊക്കെ ഡിമാൻറു ചെയ്താണ് വിവാഹങ്ങൾ നടക്കുന്നത്. എല്ലാ സമുദായങ്ങളിലും ഈ പ്രവണതയാണ് കാണുന്നത് സ്ത്രീധനം കൊടുക്കുന്ന പ്രവണതയും വാങ്ങുന്ന പ്രവണതയും ഏറിവരുകയാണ്. വിവാഹ ധൂർത്തും വർദ്ധിച്ചു.

8.4 അശ്ലീല പോസ്റ്ററുകൾ

പരസ്യങ്ങളിലെ ചിത്രങ്ങളിൽ സ്ത്രീകളേയാണ് കാണുക. മറ്റു പരസ്യങ്ങളിലും ഇതു തന്നെയാണ് സ്ഥിതി ഈ പ്രവണതക്കെതിരേയുള്ള പ്രചാരണ പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല.

9. പ്രശ്നങ്ങൾ

1. മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നതിനും സുരക്ഷിതത്വത്തിനും വേണ്ടി പെൺകുട്ടികളെ പബ്ലിക്ക് സ്ക്കൂളുകളിലും പഞ്ചായത്തിന് പുറത്ത് അകലെയുള്ള പെൺപള്ളികൂടങ്ങളിലും ചേർത്ത് പഠിപ്പിക്കുന്ന പ്രവണതയുണ്ട്.

2. തുടർ സാക്ഷരതാ പ്രവർത്തനത്തിൻെറ അഭാവം നിമിത്തം സാക്ഷരരായ സ്ത്രീകൾ നിരക്ഷരതയിലേക്ക് വഴുതി വീഴുന്നു.

3. SC/ST വിഭാഗം പെൺകുട്ടികളാണ് തോറ്റുപഠിക്കുന്നരിൽ ബഹുഭൂരിപക്ഷവും.

4. തോറ്റുപഠിക്കുന്ന വിദ്യാർത്ഥികളും പഠിത്തം നിർത്തുന്ന വിദ്യാർത്ഥികളും ഈ പഞ്ചായത്തിൽ ഉണ്ട്.

5. അർഹരായ എല്ലാവിധവകൾക്കും വിധവാ പെൻഷൻ ലഭിയ്ക്കുന്നില്ല.

6. വിദ്യാസമ്പന്നരായ വനിതകൾക്ക് വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ലഭിയ്ക്കുന്നില്ല.

7. വിദ്യാസമ്പന്ന വനിതകൾക്ക് അതേ വിദ്യാഭാസ യോഗ്യതയുള്ള വരനെ ലഭിയ്ക്കുന്നതിനുള്ള പ്രയാസം.

8. കൂലി നിലവാരത്തിൽ സ്ത്രീപുരുഷ അന്തരം പ്രകടമാണ്.

9. സ്ത്രീധന സമ്പ്രദായം ശക്തി പ്രാപിക്കുന്നു.

10. അഗതികളായ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠന വിധേയമാക്കുന്നില്ല.

11. പീലിംഗ് രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് ശ്വാസകോശ രോഗങ്ങൾ, ഗർഭാശയ സംബന്ധമായ അസുഖങ്ങൾ കാണപ്പെടുന്നു.

12. സ്ത്രീകളെ ബാധിച്ചിരിക്കുന്ന അസുഖങ്ങളിൽ പ്രധാനമായത് അനീമിയ ആണ്.

10 സാധ്യതകൾ നിർദ്ദേശങ്ങൾ

1. വീടിന് തൊട്ടടുത്ത വിദ്യാലയത്തിൽ തന്നെ കുട്ടികളെ പഠിപ്പിക്കേണ്ടതിനെക്കുറിച്ച് രക്ഷകർത്താക്കളെ ബോധ വൽക്കരിക്കണം.

2. ദുർബല ജനവിഭാഗങ്ങളിൽ പെൺ കുട്ടികൾ പഠനകാര്യത്തിൽ മുന്നിൽ നിൽക്കുന്നു എന്നതിനാൽ അവരുടെ ഉപരിപഠനത്തിന് കൂടുതൽ സൗകര്യങ്ങൾ ചെയ്യുന്നതിനുള്ള പ്രാദേശിക സാദ്ധ്യതകൾ പരിഗണിക്കണം

3. മുഴുവൻ പെൺകുട്ടികളേയും കൊഴിഞ്ഞു പോകാതെ സ്ക്കൂളിൽ നിലനിർത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം നടത്തണം.

4. തുടർ സാക്ഷരതാ പ്രവർത്തനത്തിന് പഞ്ചായത്ത് തലത്തിൽ പ്രോജക്റ്റുകൾ ഉണ്ടാക്കി നടപ്പാക്കുന്നതിന് സംസ്ഥാന തലത്തിൽ തന്നെ ശ്രമം ഉണ്ടാകണം.

5. സാക്ഷരതാ പ്രവർത്തനത്തിൻെറ വിജയം സ്ത്രീകളുടെ സന്നദ്ധപ്രവർത്തനത്തിലൂടെയാണ് സാധ്യമായത്. ഈ വസ്തുതകൾ കണക്കിലെടുത്ത് സ്ത്രീകളുടെ ക്രിയാത്മകമായ സന്നദ്ധതയേയും പ്രയോജനപ്പെടുത്തുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കണം.

6. മാതൃഭാഷയിൽ അദ്ധ്യായനത്തിനു പ്രാധാന്യം നൽകണം. അതോടൊപ്പം പ്രാദേശിക സ്ക്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ തുടങ്ങണം.

7. തോറ്റു പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് വേണ്ടിയുള്ള സംയുക്ത സംരംഭങ്ങൾ പഞ്ചായത്ത്, സന്നദ്ധസംഘടനകൾ, സ്ക്കൂളുകൾ എന്നിവ ചേർന്ന് ആരംഭിക്കേണ്ടതാണ്.

8. പഠിത്തം നിറുത്തുന്ന വിദ്യാർത്ഥികളുടെ വിശദ വിവരങ്ങൾ കണ്ടെത്തി അവരുടെ പുനപ്രവേശനത്തിനും തുടർ വിദ്യാഭ്യാസത്തിനും ഗ്രാമപഞ്ചായത്ത് വേണ്ട പ്രവർത്തനങ്ങൾ നടത്തണം.

9. ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, അവിവാഹിത മാതാക്കൾ, വിധവകൾ എന്നിവരോട് അനുഭാവ പൂർണ്ണമായ സമീപനം സ്വീകരിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കണം.

10. വനിതാ പഞ്ചായത്ത് മെമ്പർമാരുടെ സബ്

കമ്മിറ്റി രൂപീകരിച്ച് അഗതികളായ സ്ത്രീകളുടെ ക്ഷേമപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം.

11. തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം എല്ലാ തൊഴിൽ മേഖലയിലും നടപ്പാക്കണം.

12. സ്ത്രീകളുടെ സാമ്പത്തിക പദവി ഉയർത്തുന്നതിനായി അവർക്ക് തൊഴിൽ സംവരണം ഉറപ്പ് വരുത്തണം.

13. എല്ലാവീടുകളിലും പരിഷത്ത് അടുപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

14. സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പാക്കണം.

15. വിധവാ പെൻഷൻ സംബന്ധിച്ച മാനദണ്ഡങ്ങൾ പുനപരിശോധനയ്ക്ക് വിധേയമാക്കണം.

16. സ്വകാര്യസ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് പ്രസവാവധിയും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കാൻ ആവശ്യമായ നിയമം നടപ്പാക്കണം

17. വിദ്യാലയങ്ങളിൽ വിദ്യാർത്ഥിനികൾക്ക് ആവശ്യമായ സാനിറ്ററി സൗകര്യം ഉറപ്പ് വരുത്തണം.

18. സ്ത്രീകളുടെ വരുമാനമാർഗ്ഗം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്കീമുകളിൽപ്പെടുത്തി ആട്, പശു, കോഴി, താറാവ് എന്നിവയെ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

19. വീട്ടുവളപ്പിൽ അടുക്കളതോട്ടം എന്ന പദ്ധതിയുടെ ഭാഗമായി സ്ത്രീകൾക്ക് അതിനാവശ്യമായ വിത്ത്, വളം, കീടനാശിനികൾ, ആവശ്യമായ നിർദ്ദേശങ്ങൾ എന്നിവ നൽകണം.

20. വനിതകൾ കൂടുതലായി തൊഴിലെടുക്കുന്ന പീലിംഗ് മേഖലയിലെ അശാസ്ത്രീയമായ പീലിംഗ് രീതികൾ നിർത്തലാക്കുകയും ആ രംഗത്ത് M.P.E.D.A നിർദേശിച്ചിട്ടുള്ള വിധം ശാസ്ത്രീയ പീലിംഗ് സമ്പ്രദായം നടപ്പിലാക്കുകയും വേണം.

21. വനിതാവ്യവസായ യൂണിറ്റുകൾ അനുവദിച്ച് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കണം.

22. സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കണം.

23. പഞ്ചായത്തിൻെറ ഇതരഭാഗങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കുടുംബക്ഷേമ കേന്ദ്രങ്ങളുടേയും സബ്സെൻററുകളുടേയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

24. നിർദ്ധനരായ വിധവകളുടെ പെൺകുട്ടികൾക്കുള്ള വിവാഹ സഹായം വർദ്ധിപ്പിക്കണം.

25. സ്ത്രീ നഗ്നത പ്രദർശിപ്പിക്കുന്ന പോസ്റ്ററുകളും ഇതര ദൃശ്യ, ശ്രവണ മാദ്ധ്യമങ്ങളും കർശനമായി നിരോധിക്കുക.



# 18 സംസ്ക്കാരം



18.1 കോടംതുരുത്തിന് ഒരു ഗ്രാമീണ സംസ്ക്കാരമാണുള്ളത്. ഭൂരിഭാഗം ജനങ്ങളും കാർഷിക-മത്സ്യബന്ധന മേഖലയിൽ പണി എടുക്കുന്നവരാണ്. ലളിതജീവിതമാണ് ഈ ഗ്രാമത്തിന്റെ മുഖമുദ്ര. കായലുകളും തോടുകളും കുളങ്ങളും കൊണ്ട് സമ്പന്നമാണ് ഈ ഗ്രാമം അതുകൊണ്ട് ജലാശയങ്ങളുമായി ബന്ധപ്പെട്ടാണ് ഈ പഞ്ചായത്തിന്റെ സംസ്ക്കാരം രൂപം കൊണ്ടത്. ഗ്രാമത്തിന് തനതായ കലകൾ ഉണ്ട്. വിവിധ ജാതി മതസ്ഥർ സഹോദരങ്ങളെ പോലെ കഴിഞ്ഞു കൂടുന്നു. കുംഭം-മീനമാസമാകുമ്പോൾ ഉത്സവങ്ങളുടേയും ആഘോഷങ്ങളുടേയും വരവായി. ഓണാഘോഷങ്ങൾ നടത്തുന്ന 30ഓളം ക്ലബ്ബുകൾ ഈ ഗ്രാമത്തിലുണ്ട്. സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സജീവമാണ്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ പ്രചരണം വായനാശീലത്തേയും നാടൻകലകളേയും സാരമായി ബാധിച്ചിട്ടുണ്ട്. ദേശീയ പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്തിരുന്ന ഒരു തലമുറ ഈ ഗ്രാമത്തിലുണ്ടായിരുന്നു. നവോത്ഥാന പ്രസ്ഥാനങ്ങൾ പണ്ടെന്നപോലെ ഇന്നും സജീവമാണ്. ഇവയെല്ലാം കൂടി രൂപപ്പെടുത്തിയ പഞ്ചായത്തിന്റെ സാംസ്ക്കാരിക ചരിത്രമാണ് ഈ രേഖയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

18.2 മതവിഭാഗങ്ങൾ

ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം മതങ്ങളിൽപ്പെട്ടവരാണ് ഈ ഗ്രാമവാസികൾ. ഹിന്ദുക്കളിൽ പട്ടികജാതിക്കാരായി പുലയൻ, വേലൻ എന്നിവരാണ് ഭൂരിപക്ഷം. പട്ടികവർഗ്ഗത്തിൽ ഉള്ളാടൻ മാത്രമേയുള്ളൂ.

എട്ടുവീട്ടിൽകർത്താക്കൻമാർ, തട്ടാരി, കരുമാഞ്ചേരി, കരീത്തറ തുടങ്ങിയ ജൻമികുടുംബങ്ങൾ ഈ പഞ്ചായത്തിലെ പ്രതാപികളായിരുന്നു. മിക്കവാറും എല്ലാ രാഷ്ട്രീയപാർട്ടികളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.



പണ്ടുകാലത്ത് കെട്ടുകല്യാണം, തിരണ്ടുകല്യാണം എന്നിവ ഈ പഞ്ചായത്തിൽ സജീവമായിരുന്നു. കെട്ടുകല്യാണം പൂർണ്ണമായും അവസാനിച്ചു. എന്നാൽ തിരണ്ടുകല്യാണം തികച്ചും മാഞ്ഞുപോയിട്ടില്ല. ചില സമുദായങ്ങളിൽ മരിച്ചുപോയ ആത്മാക്കളെ ആവാഹിച്ചു കുടിയിരുത്തുന്ന ചടങ്ങുകളുണ്ട്.

സ്ത്രീകൾ എല്ലാ തൊഴിൽ രംഗത്തും സജീവമായി പങ്കെടുക്കുന്നുണ്ട്. മുസ്ലീം സമുദായത്തിലും തൊഴിൽ ചെയ്യുന്ന സ്ത്രീകൾ ധാരാളമുണ്ട്.

18.3.ഉത്സവങ്ങൾ,ആഘോഷങ്ങൾ, പെരുന്നാളുകൾ

മതസൗഹാർദ്ദത്തിന്റെ പ്രതീകമെന്നോണം ഹിന്ദു - മുസ്ലീം - ക്രൈസ്തവ ദേവാലയങ്ങൾ സമീപസ്ഥമായി നിലകൊള്ളുന്നത് ഈ ഗ്രാമത്തിൽ കാണാം. ഗ്രാമത്തിലെ എല്ലാ ക്ഷേത്രങ്ങളിലും ഉത്സവങ്ങൾ ഉണ്ട്. കുംഭം - മീന മാസങ്ങളിലാണ് ഒട്ടുമിക്ക ഉത്സവങ്ങളും. 41 ദിവസം നീണ്ടുനിൽക്കുന്ന ഭജനയോടുകൂടി മണ്ഡലപൂജ സമർപ്പണം നടത്തുന്നത് സർവ്വസാധാരണമാണ്. പഴയ നാലു കെട്ടുകളോടുകൂടിച്ചേർന്ന് ചില തറവാടുകളിൽ കാവുകൾ ഉണ്ട്. ചില സ്ഥലങ്ങളിൽ തളിച്ചുകുട നടത്തി വരുന്നു. സർപ്പം തുള്ളൽ, കളമെഴുത്തു പാട്ട്, അറുകുല തുള്ളൽ, ഗന്ധർവ്വൻ പാട്ട്, അയ്യപ്പൻ പാട്ട്, ഉടുക്കുപാട്ട്, പുള്ളുവൻപാട്ട് എന്നിവ നടത്താറുണ്ട്. ക്ഷേത്രങ്ങളിൽ കഥകളി, ഓട്ടൻ തുള്ളൽ, പറയൻ തുള്ളൽ, ശീതങ്കൻതുള്ളൽ, കൂത്ത്, കാവടിയാട്ടം എന്നിങ്ങനെ ഒട്ടുമിക്ക ക്ഷേത്രകലകളും നടത്തുന്നുണ്ട്. പറക്കെഴുന്നള്ളിപ്പ്, താലപ്പൊലി വരവ്, വെളിച്ചപ്പാടിന്റെ ഗൃഹസന്ദർശനം എന്നിവ ക്ഷേത്ര

## 18. 3 .1 കോടം തുരുത്ത് പഞ്ചായത്തിലെ ഹിന്ദു ദേവാലയങ്ങളും ആരാധനാലയങ്ങളും

| ക്രമ നമ്പർ | ആരാധനാലയം/ദേവാലയം | പഴക്കം | മൂർത്തി | ഉത്സവങ്ങൾ/ആഘോഷങ്ങൾ | പ്രത്യേകതകൾ |
|---|---|---|---|---|---|
| 1 | വിളഞ്ഞൂർ മഹാദേവക്ഷേത്രം വാർഡ് 3 | നൂറ്റാണ്ട് | ശിവൻ | കുംഭം ശിവരാത്രി | സമീപ പ്രദേശങ്ങളിൽ ഏക ശിവ ക്ഷേത്രം തിങ്കളാഴ്ച്ച/ശനിയാഴ്ച്ച പ്രധാനം, കല്ലമ്പള്ളി തിരുമേനി വക |
| 2. | ചമ്മനാട് ദേവീക്ഷേത്രം, വാർഡ് 3 | നൂറ്റാണ്ട് | ഭദ്ര | കുംഭഭരണി | താലപ്പൊലി മഹോത്സവം കുരുതി നടത്താറുണ്ട്,എട്ടു വീട്ടിൽ കർത്താക്കൻമാരുടേതായി ഗരുഡൻ തൂക്കം |
| 3. | കിഴക്കേ ചമ്മനാട് ദേവീക്ഷേത്രം വാർഡ് 4 | നൂറ്റാണ്ട് | ഭദ്ര | കുംഭം പൂരം | എസ്എൻ.ഡി.പി വക ചമ്മനാട് ദേവീക്ഷേത്രത്തിലെ ദേവിയുടെ അനിയത്തിയാണ് ഇവിടെയെന്ന് വിശ്വസിക്കുന്നു. |
| 4. | സചിവോത്തമപുരം സുബ്രഹ്മണ്യ ക്ഷേത്രം വാർഡ് 9 | 1114ന് ശേഷം | സുബ്രഹ്മണ്യൻ | മീനത്തിലെ പൂയം | പുലയരുടെ ആരാധന ക്ഷേത്രം കാവടിയാട്ടം പ്രധാനം,ഷഷ്ഠി,ചൊവ്വാഴ്ച്ച പ്രത്യേക പൂജ |
| 5. | കേളംകുളങ്ങര ദേവീക്ഷേത്രം വാർഡ് 2 | നൂറ്റാണ്ട് | ഭദ്ര | കുറേനാളായി ഉത്സവം ഇല്ല | എൻ.എസ്.എസ്സ് കരയോഗം വക |
| 6. | സൂര്യനാരായണ ക്ഷേത്രം വാർഡ് 2 | 35 | ശ്രീകൃഷ്ണൻ | ഡിസം.41 മഹോത്സവം | ശ്രീകൃഷ്ണ ജയന്തി ഭജനമഠമായി തുടക്കം കുറിച്ചു |
| 7. | പെരിങ്ങോട്ട് സുബ്രഹ്മണ്യ ക്ഷേത്രം | 40 | സുബ്രഹ്മണ്യൻ | മീനത്തിലെ പൂയം | ഭജനമഠമായി തുടക്കം കുറിച്ചു |
| 8. | മൂർത്തിക്കൽ ക്ഷേത്രം വാർഡ് 8 | 50 | വിഷ്ണു ശിവൻ | ജനുവരി മാസം തിരുവോണം | കുഡുമ്പി സമുദായം വക ചങ്ങരത്ത് പണിക്കർ കുടുംബക്കാർ നൽകിയത് പഞ്ചായത്തിലെ ഏക തപ്പടിതുള്ളൽ ഉള്ള ക്ഷേത്രം |
| 9. | കോട്ടയിൽ സുബ്രഹ്മണ്യ ക്ഷേത്രം വാർഡ്8 | 100 | സുബ്രഹ്മണ്യൻ | ഡിസം.41 മഹോത്സവം | നിത്യപൂജ |
| 10 | കൊടിത്തറ ഭദ്രകാളി ക്ഷേത്രം വാർഡ്8 | 25 | ഭദ്രകാളി | മീനഭരണി | കുരുതി ഭരണികളി (കണ്ടച്ചൻ കളി) ദേവീ പ്രീതിക്കായി മൃഗബലിയുണ്ടായിരുന്നു . ഇപ്പോൾ ഇല്ല |
| 11. | ചങ്ങരത്ത് ദേവീ ക്ഷേത്രം | 80 | ഭദ്രകാളി | 41 മഹോത്സവം | പ്രസിദ്ധമായ കാവുണ്ട് |
| 12. | വെള്ളാം ഭഗവതിക്കൽ ക്ഷേത്രം | 80 | ദേവി | 41 മഹോത്സവം | |
| 13 | യക്ഷിയമ്പലം വാർഡ് 9 | പുരാതനം | യക്ഷിയമ്മ | കന്നിമാസത്തിലെ നമസ്ക്കാരഅടിയന്തം | ഗൗഡസാരസ്വത ബ്രാഹ്മണരുടെ വക കാവുണ്ട് |

## 18. 3. 1കോടം തുരുത്ത് പഞ്ചായത്തിലെ ഹിന്ദു ദേവാലയങ്ങളും ആരാധനാലയങ്ങളും

| ക്രമ നമ്പർ | ആരധനാലയം/ദേവാലയം | പഴക്കം | മൂർത്തി | ഉത്സവങ്ങൾ/ അഘോഷങ്ങൾ | പ്രത്യേകതകൾ |
|---|---|---|---|---|---|
| 14. | ചങ്ങരത്ത് ശ്രീ ഭുവനേശ്വരി മഠം വാർഡ് 8 | 70 വർഷം | ദുർഗ്ഗ | ഉത്സമുണ്ട് | നായർ സമുദായം വക |
| 15. | ശ്രീ കൃഷ്ണ ക്ഷേത്രം വാർഡ് 5 | 50 വർഷം | ശ്രീകൃഷ്ണൻ | 41 മഹോത്സവം | പുലയ സമുദായം വക |
| 16. | പനക്കാംന്തറ ചമ്മനാട് പാലത്തിന് വടക്ക് യക്ഷിക്കാവ് ചമ്മനാട് തെക്ക് കിഴക്ക് വാർഡ് 4 | 80വർഷം | യക്ഷി | | വിളക്ക് വയ്ക്കുന്നുണ്ട് നായർ സമുദായം വക ചെറിയ ക്ഷേത്രമുണ്ട്. |
| 17. | കുരീത്തറ ഭജനമഠം | 50 വർഷം | | വിളക്ക് വയ്ക്കാറുണ്ട് | ശ്രീ നാരായണ ഗുരുദേവൻ ഇവിടെ സന്ദർശിച്ചിട്ടുണ്ട് |
| 18. | ചേന്നഴേത്ത് ഭജനമഠം | 80 വർഷം | | വിളക്ക് വയ്ക്കാറുണ്ട് | ഈ ഭജനമഠവും സ്ഥലവും എസ്എൻ.ഡി.പ്പിക്ക് വേണ്ടി വാങ്ങിക്കുവാൻ ഗപരപദേവൻ8 ഇവിടെ അന്തിയുറങ്ങിയിട്ടുണ്ട്. |
| 19. | ചെത്തിക്കാട് ക്ഷേത്രം | 10 വർഷം | | വിളക്ക് വയ്ക്കാറുണ്ട് | ആഴ്ച്ച പൂജ നായർ കുടുംബം വക നാരങ്ങാമാല വഴിപാട് പ്രാധാന്യം |
| 20. | ചേരുങ്കൽ ഭജനമഠം | 25 വർഷം | | പത്താമുദയം | ചേരുങ്കൽ കരവക |
| 21. | കോണത്തേഴത്ത് ക്ഷേത്രം | | | ഉത്സവ അടിയന്തിരം നടത്താറുണ്ട് | കുടുംബക്ഷേത്രം |
| 22. | ശാസ്താങ്കൽ ചമ്മനാട് | 100 വർഷം | ശബരിമല ശാസ്താവ് | നിത്യപൂജ മണ്ഡലവൃതം | ചമ്മനാട് ക്ഷേത്രത്തിലെ ആറാട്ട് എഴുന്നള്ളിപ്പ് ഇവിടെ നിന്നും പുറപ്പെടുന്നു. |
| 23. | കന്നുമ്മേക്ക് | 50 വർഷം | | വിളക്ക് വയ്പ്പ് | ഈഴവാത്തി കുടുംബക്ഷേത്രം |
| 24 | മുട്ടത്തി ക്ഷേത്രം | 60 വർഷം | | വിളക്ക് വയ്പ് | മുട്ടത്തി കുടുംബം വക |
| 25. | കണ്ണാട്ടു കുടുംബ ക്ഷേത്രം | നൂറ്റാണ്ട് | കണ്ടാകർണ്ണൻ | ഉത്സവം | വെളിച്ചപ്പാട് തുള്ളൽ |
| 26. | പടിഞ്ഞാറ്റേഴത്ത് ക്ഷേത്രം | നൂറ്റാണ്ട് | സർപ്പങ്ങൾ രക്ഷസ്സ് അന്ന പൂർണ്ണേശ്വരി | വിളയ്ക്ക് വെപ്പ് തളിച്ചുകുട | നായർ സമുദായം വക |
| 27. | കോതാങ്ങത്തറ | 60വർഷം | ശാസ്താവ് | വിളയ്ക്കു വെപ്പ് തളിച്ചുകുട! തുള്ളൽ | പുലയസമുദായം കുടുംബ ക്ഷേത്രം |
| 28. | യക്ഷികാവ്, ചങ്ങരത്ത് വാർഡ് 8 വല്ലേത്തോട് | 70 വർഷം | യക്ഷി | തളിച്ചകുട മുതലായവ | അമ്പലമില്ല |

ങ്ങളുമായി ബന്ധപ്പെട്ട ആചാരങ്ങളാണ്.

മേടം പത്തിന് അവസാനിക്കുന്ന പത്താമുദയം, 'ഉദയംപൂജ' ഈ പഞ്ചായത്തിലെ എടുത്തുപറയേണ്ട ഭക്തി നിർഭരമായ ഒരു ചടങ്ങാണ്. ആഴ്ചകളോളമുള്ള പ്രതിഷ്ഠാനുഷ്ഠാനങ്ങളോടെ പൂജപ്പാടങ്ങളിലും ക്ഷേത്രാങ്കണങ്ങളിലും ഇത് നടത്തുന്നു. ശുദ്ധമായ വെളിച്ചെണ്ണ ഉണ്ടാക്കി അപ്പം വാർത്ത് സൂര്യദേവന് നിവേദിക്കുന്നതാണ് മുഖ്യ ചടങ്ങ്.

ചിങ്ങമാസത്തിലെ തിരുവോണം ജാതിമതഭേദമന്യേ എല്ലാവരും ആഘോഷിക്കുന്നു. ഇത് കരപ്പാടങ്ങളിലെ 'ഓണമുട്ടൻ' കൊയ്ത്തോടുകൂടി ആരംഭിക്കുന്നു. വട്ടക്കളി, ചുവടുകളി, കോലുകളി, കിളിത്തട്ടുകളി, തുമ്പപത്രം കളി, കുമ്മിയടി, ഊഞ്ഞാലാട്ടം, ബോറുകളി, പുഞ്ചകെട്ടിക്കളി, വട്ടുകളി, എട്ടുകളി, കല്ലുകളി, കുഴിപ്പന്തുകളി, കബഡികളി, കുട്ടിയും കോലും കളി, ഗോലികളി, ഓലപ്പന്തുകളി, വള്ളം കളി, പുലികളി, വടംവലി, വാഴയിൽകയറ്റം, മുടിയാട്ടം, കുടമൂത്ത് തുടങ്ങിയ ധാരാളം നാടൻ വിനോദങ്ങൾ ഈ ആഘോഷത്തിന് മാറ്റു കൂട്ടുന്നു. പുത്തനുടുപ്പും ഓണസദ്യയുമാണ് പ്രധാനം. വിഷു, തിരുവാതിര, ദീപാവലി എന്നിവയും ആഘോഷിക്കുന്നു.

പെരുന്നാളുകൾ എന്നപേരിലാണ് ക്രിസ്ത്യൻ പള്ളികളിലെ ആഘോഷങ്ങൾ പൊതുവെ അറിയപ്പെടുന്നത്. ക്രിസ്തുമസ്സ്, ഈസ്റ്റർ എന്നിവ വിപുലമായി ആഘോഷിക്കുന്നു. സെൻറ് ആൻറണീസ് പള്ളിയിലെ മാതാവിൻെറ തിരുനാൾ വളരെ പ്രസിദ്ധമാണ്. ബൈബിൾ കൺവൻഷൻ ചില പള്ളികളോടനുബന്ധിച്ച് നടത്തിവരുന്നു. നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിലാണ് പ്രധാനമായും പെരുന്നാളുകൾ നടത്തപ്പെടുന്നത്. ചവിട്ടുനാടകം, മാർഗ്ഗംകളി, പരിചമുട്ട് എന്നിവ പ്രധാന ക്രിസ്ത്യീയകലകളാണ്. ക്രിസ്തുമസ്സിനോട നുബന്ധിച്ചുള്ള കരോൾ, കുരുത്തോലപെരുനാൾ, പാതിരാകുർബാന ഇവയും പ്രധാനമാണ്.

ബക്രീദ്, റംസാൻ ഇവ മുസ്ലീം ആഘോഷങ്ങളും, മുഹറം, നബിദിനം ഇവ വിശേഷദിനങ്ങളുമാണ്. പള്ളികളോടനുബന്ധമായി അറബിപഠനത്തിന് മദ്രസ്സ പ്രവർത്തിച്ചുവരുന്നുണ്ട്. റംസാനു മുന്നോടിയായി ഒരു മാസക്കാലം നീണ്ടുനിൽക്കുന്ന വ്രതാനുഷ്ഠാനവും 'സക്കാത്തും', ബക്രീദിനോടനുബന്ധിച്ച് മൃഗബലി നടത്തി പാവങ്ങൾക്ക് ഇറച്ചി വിതരണം ചെയ്യുന്നതും പ്രധാന ആചാരങ്ങളാണ്. ഒപ്പന, ദഫ്മുട്ട്, അറമനമുട്ട്, കോലുകളി, എന്നിവ മുസ്ലീങ്ങളുടെ പ്രധാന കലാവിനോദങ്ങളാണ്.

**10.4. സാംസ്ക്കാരിക സ്ഥാപനങ്ങൾ**

സാംസ്ക്കാരിക സ്ഥാപനങ്ങളിൽ പ്രമുഖമായത് ഗ്രന്ഥശാലകളാണ്. അവയുടെ ലിസ്റ്റ് താഴെ കൊടുത്തിരിക്കുന്നു.

ഗ്രാമത്തിലെ ഗ്രന്ഥശാലകൾ പൊതുവെ ആശാവഹമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്നില്ല. പഞ്ചായത്ത് ലൈബ്രറിയിൽ മാത്രമാണ് കാര്യമായ പുസ്തകവിതരണം നടക്കുന്നത്. ഗ്രാമത്തിലെ പോലീസ്സ്റ്റേഷനിൽ ഒരു ഗ്രന്ഥശാല പ്രവർത്തിക്കുന്നുണ്ട്. പൊതുവെ പുസ്തക വായനാശീലം വന്നിരിക്കുന്നു. ആനുകാലികങ്ങളുടെ വായന വർദ്ധിച്ചിട്ടുണ്ട്.

**18.5 സന്നദ്ധ സംഘടനകൾ**

ഗ്രാമത്തിൽ 'മാറ്റ് ഇൻഡ്യ' (മ്യൂച്ചൽ എയ്ഡ് ട്രസ്റ്റ്, തഴുപ്പ്) എന്ന പേരിൽ ഒരു സന്നദ്ധ സംഘടന സജീവമായി പ്രവർത്തിക്കുന്നു. 1986 ലാണ് ഇത് രൂപീകൃതമായത്. ജർമ്മനിയിൽ നിന്നും ഈ സംഘടനക്ക് വിഭവ പിൻതുണ ലഭിക്കുന്നുണ്ട്. ഗ്രാമവാസികളുടെ അടിസ്ഥാന ആവശ്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടി അവരെ സ്വയം പ്രാപ്തരാക്കുക എന്നതാണ് ഇതിൻെറ ലക്ഷ്യം. ലാഭേച്ഛകൂടാതെയുള്ള ജീവകാരുണ്യ പ്രവർത്തനം ഈ സംഘടന നടത്തുന്നു. തൊഴിൽ ഉപകരണങ്ങൾ സൗജന്യമായി നൽകുക, കുടിൽ വ്യവസായങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ വിഭവങ്ങൾ ദാനം ചെയ്യുക, പൊതുജനാരോഗ്യം ലക്ഷ്യമാക്കി പരിശീലന കളരികൾ സംഘടിപ്പിക്കുക, നിർദ്ധന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുക. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതീക സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുക, മെഡിക്കൽ ക്യാംപുകൾ സംഘടിപ്പിക്കുക. ശുദ്ധജല വിതരണത്തിന് ടാങ്കുകൾ നിർമ്മിക്കുക, ആംബുലൻസ് സർവ്വീസ് നടത്തുക, ആശുപത്രി നടത്തുക, ചികിത്സാ ചിലവുകൾ വഹിക്കുക എന്നിവയൊക്കെയാണ് ഈ സംഘടന ഗ്രാമത്തിൽ ചെയ്തു വരുന്ന പ്രവർത്തനങ്ങൾ.

ഈ ഗ്രാമത്തിൽ മാറ്റ് - ഇൻഡ്യ

മെഡിക്കൽ സെൻറർ എന്ന പേരിൽ നൂറു കിടക്കകളുള്ള മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ നടത്തുന്നുണ്ട്. ഗ്രാമത്തിലെ കൊടിത്തറ പ്രദേശത്ത് ശുദ്ധജല വിതരണത്തിനായി ഓവർ ഹെഡ് ടങ്ക് നിർമ്മിച്ചിട്ടുണ്ട്. നാഷണൽ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ചും ഒരു വ്യക്തിയുടെ 70 വയസ്സുവരെയുള്ള ചികിത്സാ ചിലവുകൾ വഹിക്കുന്ന മെഡിക്കൽ റീ ഇംപേഴ്സ് മെൻറ് ഫണ്ട് (M.R.F.) നടപ്പിലാക്കിയി ട്ടുണ്ട്. ചങ്ങരം യൂ. പി സ്ക്കൂളിനു വേണ്ടി രണ്ടു ക്ളാസ്സു മുറികൾ പണികഴിപ്പിച്ചു കൊടുത്തിട്ടുണ്ട്. ഇതിനു പുറമെ ആയിരം പേർക്ക് പരോക്ഷമായും 500 പേർക്ക് പ്രത്യക്ഷമായും തൊഴിൽ ലഭിക്കത്ത ക്കവണ്ണമുള്ള ചെറിയ പ്രോജക്റ്റുകൾ ഏറ്റെടുത്തു നടത്തുന്നു. കാർഷിക വികസനം ലക്ഷ്യമാക്കി എ ലി നശീകരണപ്രവർത്തനത്തിന് ഈ സംഘടന നേ തൃത്വം കൊടുക്കുന്നുണ്ട്. ഈ സംഘടനയുടെ സാര ഥികൾ സർവ്വശ്രീ. ഫ്രീഡിൽ ബുഷ്, ജോയ് തട്ടുങ്ക ൽ, കെ. ജെ. ചെറിയാൻ, എ. കെ. കുട്ടിമൂസാ ഹാജി, വി. എൻ. രവീന്ദ്രൻ, എ. എ. തങ്കപ്പൻ, പി. ആൻറണി എന്നിവരാണ്.

കേരളശാസ്ത്രസാഹിത്യ പരിഷത്തിൻെറ രണ്ടു യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നു. കോടംതുരുത്ത്, വല്ലേത്തോട് എന്നിവിടങ്ങളിൽ കേന്ദ്രീകരിച്ചാണ് പ്രവർത്തനം. ബോധവൽക്കരണ പ്രവർത്തനങ്ങൾക്കാണ് ഈ സംഘടന ഊന്നൽ നൽകുന്നത്. വിദ്യാഭ്യാസ രംഗത്ത് ഇവരുടെ പ്രവർത്തനം സജീവമാണ്.'വിജ്ഞാനോത്സവം' ഇതിൻെറ ഭാഗമാണ്. കൂടാതെ ദേശീയ ശാസ്ത്രവേദിയുടെ പ്രവർത്തനവും ഇവിടെയുണ്ട്. കോടംതുരുത്തിൻെറ വിവിധ വാർഡുകളിൽ മര ണാനന്തര സഹായ സമിതികൾ പ്രവർത്തിക്കുന്നു.

### 18.6 പത്രമാസികകൾ- പ്രചാര പ്രവണതകൾ

ഗ്രാമത്തിൽ കൂടുതൽ പ്രചാരമുള്ള പത്ര ങ്ങൾ, മലയാള മനോരമ, മാതൃഭൂമി, കേരള കൗമു ദി, ദേശാഭിമാനി എന്നിവയാണ്. ദീപിക, ചന്ദ്രിക, മാധ്യമം, രാഷ്ട്ര ദീപിക, ഇൻഡ്യൻ എക്സ്പ്രസ്സ്, ഹിന്ദു എന്നിവയും പ്രചാരത്തിലുണ്ട്. വനിതകളുടെ വായനാ ശീലം വർദ്ധിച്ചു. പ്രധാനമായും വായി ക്കുന്നത് ചിന്താപരമായി ആയാസമില്ലാത്ത വാരിക കളാണ്. ഗ്രാമവാസികൾക്ക് പത്ര വായന നിർബന്ധ മാണ്. രാവിലെ ചായക്കടകളിലും മറ്റും പത്രവായ നയും ചർച്ചയും സജീവമായി കാണാം. പത്രവായ നയിൽ പിന്നിൽ സ്ത്രീകളാണ്.

### 18.7 കലാസമിതികൾ

ഗ്രാമത്തിൽ മുപ്പതോളം ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബുകൾ പ്രവർത്തിക്കുന്നു അവയു ടെ വിശദവിവരം താഴെ ചേർക്കുന്നു.

ഇവയുടെ പ്രവർത്തനങ്ങളിൽ സ്ത്രീകളു ടെ പങ്കാളിത്തം നാമമാത്രമാണ്. അമച്വർ നാടക വേദികൾ നാശോൻമുഖമായി. വാർഷികവും ഓ ണാഘോഷങ്ങളും ആണ് ക്ലബുകളുടെ പ്രധാന പ രിപാടി. നാടൻകലകളുടെ പ്രദർശനവേദി കൂടി യാണ് മിക്ക ക്ലബുകളുടെയും വാർഷിക പരിപാ ടികൾ. സാംസ്ക്കാരിക സമ്മേളനം ഒഴിച്ചു കൂടാനാ വാത്ത ചടങ്ങാണ്. ഈ സമ്മേളനങ്ങളിൽ ജനങ്ങൾ ക്ക് താത്പര്യം കുറവാണ്. പ്രച്ഛന്ന വേഷ മത്സര റാലികൾ അടുത്തകാലത്തായി ഏറെപ്രധാന്യ ത്തോടെ നടത്തപ്പെടുന്നു. സേവന മേഖലകളിൽ വേണ്ടത്ര പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നില്ലാ എന്നതാണ് പ്രധാന പോരായ്മ. ക്ലബുകളുടെ സാര ഥികളെ സംഘടനാ തലത്തിൽ പരിശീലനം കൊടു ത്ത് പ്രോത്സാഹിപ്പിക്കുവാൻ ഒരുഭാഗത്തുനിന്നും സംഘടിത ശ്രമം ഉണ്ടായിട്ടില്ല.

### 10-8. നാടൻകലകൾ

ഗ്രാമത്തിൻെറ തനതു കലകൾ വളരെ കുറവാണ്. തിരുവാതിര, കുമ്മിയടി, കോലുകളി, വട്ടകളി, നവീന രീതികളിലുള്ള കൈകൊട്ടിക്കളി മുതലായവയാണ് തനതു കലകൾ.

### 18.9 കരകൗശലം

തഴപ്പായനെയ്ത്ത്, ഓലമെടയൽ, കുട്ട, വട്ടി, പുട്ടിൽ, മുറം, മുതലായവയുടെ നിർമ്മാണം. വാരിക്കുട്ട, വള്ളിക്കുട്ട, ചകിരിമാല, കയർ നിർമ്മാ ണവും, വലനെയ്ത്തുമാണ് പ്രധാന കരകൗശല വിദ്യകൾ. നെൽമണിയിൽ തീർത്ത അലങ്കാരവ സ്തുക്കൾ നിർമ്മിക്കുന്ന ശ്രീ. ചാർളി ജോസഫ് പയ്യമ്പള്ളി(വാർഡ് 9) ഇവിടെ പ്രസിദ്ധനാണ്. ഗ്രാമത്തിലെ വീടുകൾ തനി കേരളീയ ശൈലിയിൽ ഉള്ളതാണ്. ഒന്നോ രണ്ടോ മുറികളും അടുക്കളയും വരാന്തയുമാണ് മിക്കവീടുകൾക്കും ഉള്ളത്. ആശാരിമാർ ആണ് മിക്കവീടുകളുടെയും എൻജിനീയർമാർ. അരിവാൾ, പൂട്ട്, മറ്റു കാർഷികോപകരണങ്ങൾ എന്നിവ നിർമ്മിക്കുന്ന കൊല്ലൻമാർ ഗ്രാമത്തിലുണ്ട്. വിവിധ

## 18.3.2 കോടം തുരുത്ത് പഞ്ചായത്തിലെ ക്രൈസ്തവ ദേവാലയങ്ങൾ

| ക്രമ നമ്പർ | ദേവാലയത്തിൻെറ പേര് | സ്ഥാപന വർഷം | വിഭാഗം | സുവനീർ പ്രസിദ്ധീകരണം | പ്രധാന ആഘോഷങ്ങൾ പ്രത്യേകതകൾ |
|---|---|---|---|---|---|
| 1. | ഫാത്തിമമാതാ ചർച്ച് വാർഡ്2 കോടംതുരുത്ത് | 40 വർഷം | ലത്തീൻ | ഉണ്ട് | തിരുനാൾ ആഘോഷം ബൈബിൾ കൺവൻഷൻ ക്രിസ്മസ് ഈസ്റ്റർ ആഘോഷങ്ങൾ |
| 2. | സെൻറ് ആൻറണീസ് ചർച്ച് മനത്തോടം വാർഡ് 3 | 15 വർഷം | സിറിയൻ | | കാളങ്കേരി കുടുബം വക ഇടവകയിതതെ നിന്ന് രൂപതയിൽ ബിഷപ്പുണ്ട് ( റവ:ഫാ:ജേക്കബ് മനത്തോടം ) |
| 3. | സെൻറ് മാർട്ടിൻ ചർച്ച് നീണ്ടകര വാർഡഅ 7 | 40 വർഷം | സുറിയാനി | ഉണ്ട് | ക്രിസ്മസ്സ് ഈസ്റ്റർ |
| 4. | സെൻറ് ആൻറണീസ് ചർച്ച് കരുമാഞ്ചേരി വാർഡ് 6 | ·200 വർഷം | ലത്തീൻ | ഉണ്ട് | തിരുനാൾ (ഡിസംബർ ) ക്രിസ്മസ്സ്, ഈസ്റ്റർ |
| 5. | സെൻറ് ജോസഫ് ചാപ്പൽ വല്ലേത്തോട് വാർഡ് 9 | 30 വർഷം | ലത്തീൻ | | മാർച്ച 19 ഔസേപ്പിതാവിൻെറ തിരുനാൾ ജാനുവരി 1ന് പ്രത്യേകം പ്രാർത്ഥന ക്രിസ്മസ്സ് ഈസ്റ്റർ ആഘോഷങ്ങൾ. |

## 18. 3. 3 മുസ്ലീം പള്ളികൾ

| ക്രമ നമ്പർ | ദേവാലയത്തിൻെറ പേര് | സ്ഥാപന വർഷം | വിഭാഗം | പ്രധാന ആഘോഷങ്ങൾ പ്രത്യേകതകൾ |
|---|---|---|---|---|
| 1. | മുഹിയിദ്ദീൻ മസ്ജിദ് കോടംതുരുത്ത് വാർഡ് 1 | 25 വർഷം | സുന്നി | നബിദിനം, റംസാൻ, ബക്രീദ് പെരുന്നാൾ നമസ്ക്കാരങ്ങൾ സമസ്തകേരള ജമാഅത്ത് ഉൽ-ഉലുമയുടെ സിലബസ്സ് പ്രകാരമുള്ള അറബി പഠനം നടക്കുന്നു. |
| 2. | ഹിദായത്തുൽ ഇസ്ലാം മസ്ജിദ് ആൻറ് മദ്രസ, കാവലേഴത്ത്, എഴുപുന്ന തെക്ക് | 1978 ൽ സ്ഥാപിച്ചത | സുന്നി | നബിദിനം മദ്രസയിൽ സമസ്തകേരള ജമാഅത്ത് ഉലമായുടെ സിലബസ്സ് പ്രകാരമുള്ള അറബി പഠനം നടക്കുന്നു. |

## 18.7.1 സാംസ്കാരിക സംഘടനകൾ

| ക്രമനമ്പർ | സംഘടനയുടെ പേര് വിലാസം | സ്ഥാപന വർഷം | അംഗ സംഖ്യ | റേഡിയോ, ടി.വി ഉണ്ടോ | മുഖ്യപ്രവർത്തനങ്ങൾ പ്രത്യേകതകൾ |
|---|---|---|---|---|---|
| 1. | മിത്രാ ആർട്ട്സ് ക്ലബ് പി.എസ് കടവിന് കിഴക്ക് വശം വാർഡ് 1 | 1984 | 27 | ഇല്ല | വാർഷികാഘോഷങ്ങൾ ഓണാഘോഷങ്ങൾ |
| 2. | സെവൻസ് ചമ്മനാട് ചമ്മനാട് ജംഗ്ഷൻ | 1990 | 25 | | ഫുട്ബോൾ മൽസരം നടത്തുന്നു. |
| 3. | ഫ്രണ്ട്സ് ആർട്ട്സ് ക്ലബ് വാർഡ് 2 | 91 | 40 | | നാടകം കുട്ടികളുടെ കലാപരിപാടികൾ വാർഷികം എന്നിവ നടത്തുന്നു. |
| 4. | സിന്തഗി, കവരേഴത്ത് പുരയിടം | 1989 | 50 | | വോളിബോൾ മത്സരം നടത്തിയിരുന്നു. ഇപ്പോൾ കാര്യമായ പ്രവർത്തനം ഇല്ല |
| 5. | ബ്ലാക്ക് സ്ക്കോർപ്പിയോൺസ് കുത്തിയതോട് | 89 | 40 | | വോളിബോൾ മത്സരം ഇപ്പോൾ കാര്യമായ പഞറവർത്തനം ഇല്ല. |
| 6. | ബഞ്ചമിൻ മൊളോയ്സ് കുത്തിയതോട് ടൗൺ | 1986 | 60 | | ജനിവരു 1ന് പ്രച്ഛന്നവേഷ മത്സരറാലി സാസ്ക്കാരിക സമ്മേളനം ബഹുജനങ്ങൾ പങ്കെടുക്കുന്നു. |
| 7. | വി ഹെൽപ്പ് കാവരേഴത്ത് പുരയിടം | 1991 | 40 | | വാർഷിക ഓണാഘോഷം |
| 8. | ഫ്രണ്ട്സ് ആർട്ട്സ് ക്ലബ്ബ് കൈതക്കാട്ട് പുരയിടം | 1992 | 42 | | വാർഷിക ഓണാഘോഷം |
| 9 | ഫ്രണ്ട്സ് ആർട്ട്സ്ക്ലബ് തൈക്കൂടം വാർഡ് 3 കടവിന് പടിഞ്ഞാറ് | 1991 | 28 | | കലാമത്സരം വാർഷികം |
| 10. | പണ്ടിറ്റ് കറുപ്പൻ മെമ്മോറിയൽ ആർട്ട്സ് ക്ലബ് തൈക്കൂടം കടവ് വാർഡ് 4 | 1980 | 50 | | കലാമത്സരം വാർഷികം |
| 11. | കേളി വാർഡ് 4 വാർഷികാഘോഷം | 1988 | 26 | | വാർഷികം |
| 12. | നിസരി പുതുശ്ശേരി വെളി | 1991 | 38 | | കലാമത്സരം വാർഷികം ചൈതന്യ |
| 13 | ചൈതന്യ പുതുശ്ശേരി വെളി | 1985 | | | ഓണാഘോഷ പരിപാടികൾ |
| 14 | പവിഴകല വട്ടക്കാൽ മുക്ക് വാർഡ് 6 | 1992 | 95 | | രോഗപ്രതിരോധ ബോധവൽക്കരണം ശ്രമദാനം രക്തദാനം സാംസ്ക്കാരിക സമ്മേളനം |

## 18.7.1 സാംസ്കാരിക സംഘടനകൾ

| ക്രമനമ്പർ | സംഘടനയുടെ പേര് വിലാസം | സ്ഥാപന വർഷം | അംഗ സംഖ്യ | റേഡിയോ, ടി.വി ഉണ്ടോ | മുഖ്യപ്രവർത്തനങ്ങൾ പ്രത്യേകതകൾ |
|---|---|---|---|---|---|
| 16. | സങ്കീർത്തന | 1993 | 35 | ഇല്ല | കലാമത്സരങ്ങൾ വാർഷികം കുട്ടികളുടെ കലാമത്സരങ്ങൾ വാർഷികം |
| 17 | ഗോൾഡൻ ആരോസ് നീണ്ടകര | 1995 | 25 | | വാർഷികം |
| 18. | ന്യൂ ലൈറ്റ് കരുമാഞ്ചേരി | 1993 | 25 | | കലാമത്സരങ്ങൾ വാർഷികം |
| 19. | അശ്വം കലാവേദി, വല്ലേത്തോട് പാലത്തിന് തെക്ക് വാർഡ് 8 | 1993 | 32 | | ഓണഘോഷ പരിപാടികൾ |
| 20. | സെക്യുലർ, ചങ്ങരം സ്ക്കൂളിന് പടിഞ്ഞാറ് | 1994 | 25 | | കലാമത്സരങ്ങൾ സാംസ്ക്കാരിക സമ്മേളനം |
| 21 | സരിഗമ വല്ലേത്തോട് | 1984 | 60 | | പ്രൊഫണൽ നാടക സംഘമായിരുന്നു വോളീബോൾ മത്സരം സംഘടിപ്പിച്ചിരുന്നു ഇപ്പോൾ കാര്യമായ പ്രവർത്തനം ഇല്ല. |
| 22 | ഗ്രാമചേതന വല്ലേത്തോട് | 1993 | 40 | | കലാമത്സരങ്ങൾ ഓണാഘഷം |
| 23 | ശ്രീ അയ്യൻകാളി സ്മാരക സമിതി പി.എസ് കടവ് വാരഡ് 9 | 1984 | 88 | | ഓണോഘോഷ പരിപാടി സാമൂഹ്യ പ്രവർത്തനങ്ങൾ ഇപ്പോൾ കാര്യമായ പ്രവർത്തനം ഇല്ല. |
| 24 | ബ്രദേഴ്സ് പെരിങ്ങോട്ട് | 1994 | 50 | | വാർഷികം കലാമൽസരം |
| 25 | നവശ്രീ പി.എസ് കടവിന് തെക്ക് | 1985 | 43 | | നാടകമത്സരം കലാമത്സരം ആരോഗ്യ വിദ്യാഭ്യാസ ക്യാമ്പ് ഇപ്പോൾ കാര്യമായ പ്രവർത്തനം ഇല്ല |
| 26. | അരുണോദയം പി.എസ് കടവ് | 1993 | 20 | | ഓണഘോഷ പരിപാടി |
| 27. | നവജ്യോതി സചിവോത്തമപുരം | 1984 | 32 | | കുറമ്പിക്കായലിൽ വള്ളം കളി മത്സരം നടത്തിയിരുന്നു. ഇപ്പോൾ കാര്യമായ പ്രവർത്തനം ഇല്ല. |
| 28. | യൂണിവേഴ്സൽ മനശ്ശേരിൽ | 1982 | 56 | | അമച്വർ മാടത മത്സരങ്ങൾ നടത്തിയരുന്നു ഇപ്പോൾ കാര്യമായ പ്രവർത്തനം ഇല്ല ട്രോഫികൾ ലഭിച്ചിരുന്നു. |
| 29 | സൃഷ്ടി വാർഡ് 6 പി.എസ് കവലക്ക് | 1995 | 36 | | വായനസാല പ്രവർത്തനം വാർഷികം |

സമുദായങ്ങളിൽപ്പെട്ട വള്ളം പണിക്കാർ ഈ ഗ്രാമത്തിലുണ്ട്. പട്ടിക വർഗ്ഗത്തിൽപ്പെട്ട ഉള്ളാട സമുദായക്കാരാണ് ഈ ജോലിയിൽ വിദഗ്ദർ.

നാലുകെട്ടുകൾ, എട്ടു കെട്ടുകൾ, അമ്പലങ്ങൾ, എന്നിവയുടെ വാസ്തുവിദ്യ വൈദഗ്ദ്യം നഷ്ടപ്പെട്ടു വരികയാണ്. വിദേശ വിപണിയിൽ ആകർഷകമായ വില കിട്ടുന്നതിനാൽ പഴയ നാലു കെട്ടുകളും മറ്റും പൊളിച്ചു വിൽക്കുന്ന പ്രവണത കാണുന്നു. നെട്ടൂർ പെട്ടി, കാൽപെട്ടി, ആഭരണ പെട്ടി, വെറ്റിലചെല്ലം ഇവയുടെ നിർമ്മാണവും വിപണനവും പരിമിതമായ രീതിയിൽ ഇവിടെയുണ്ട്. നാടൻ കലകൾ പാരമ്പര്യ ഗ്രാമത്തിൽ വളരെയധികം ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബുകൾ പ്രവർത്തിക്കുന്നു. കലാരൂപങ്ങൾ കരകൗശല വൈദഗ്ദ്യം എന്നിവ സംരക്ഷിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നില്ല. ആകയാൽ ഇവ നാശോൻമുഖമായികൊണ്ടിരിക്കുകയാണ്.

**18.10 കായികരംഗം**

ഓണക്കാലത്ത് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ളബുകൾ നടത്തുന്ന കായികമത്സരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കേരളോത്സവം സ്ക്കൂളുകളിൽ നടത്തുന്ന കായികമത്സരം എന്നിവയിൽ ഒതുങ്ങി നിൽക്കുന്നു. പഞ്ചായത്തിലെ കായികരംഗത്തെ പ്രവർത്തനങ്ങൾ. പൊതു കളി സ്ഥലം ഒരെണ്ണമേയുള്ളൂ. അതാകട്ടെ ഇ. സി. ഇ. കെ. സ്ക്കൂൾ ഗ്രൗണ്ടാണ്. ജിംനേഷ്യം ഒരെണ്ണം ഉണ്ടായിരുന്നത് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ആയോധന കലകൾ, കരാട്ടെ പഠിപ്പിക്കുന്ന കേന്ദ്രങ്ങൾ ഇല്ല. നാടൻ കായിക വിനോദത്തിൽ പ്രധാനമായ വള്ളംകളി കുറുമ്പിക്കായലിൽ നടന്നു വന്നിരുന്നു. കായികരംഗത്ത് ആശാവഹമായ സ്ഥിതിയല്ല ഈഗ്രാമത്തിലുള്ളത്.

**18.11 ഇലക്ട്രോണിക് മാധ്യമങ്ങൾ**

റേഡിയോ മിക്ക വീടുകളിലുമുണ്ട്. 30 ശ തമാനം വീടുകളിൽ ടെലിവിഷൻ സെറ്റുകളും ഉള്ള തായി സാമ്പിൾ സർവ്വേയിൽ കാണുന്നു. കേബിൾ ടി.വി. ഉള്ള വീടുകൾ നാമമാത്രമാണ്. ഗ്രാമത്തിൽ ഒരു സിനിമാശാലയുണ്ട്. ടെലിവിഷൻ വമ്പിച്ച സ്വാധീനമാണ് ഗ്രാമീണജീവിതത്തിൽ വരുത്തിയിട്ടുള്ളത്. പൊതുവേ വായനാശീലം കുറഞ്ഞു. അദ്ധ്വാന സമയത്തിൽ കുറവു വന്നു. കുട്ടികളുടെ കളികളെയും പഠനത്തെയും ബാധിച്ചു. പരസ്യങ്ങൾ കു ടുംബ ബഡ്ജറ്റിനെ സാരമായി ബാധിച്ചു. ടി.വി ഉള്ള വീടുകളിൽ ഞായറാഴ്ച ദിവസങ്ങളിൽ വലിയ തിരക്കാണ്. ടി.വി.യിൽ വിവിധ തരം പരിപാടികൾ നടക്കുന്നുവെങ്കിലും സിനിമയുമായി ബന്ധപ്പെട്ട പരിപാടികളിലാണ് സ്ത്രീകൾക്കും കുട്ടികൾക്കും ഏറെ താത്പര്യം. ടി.വി പരിപാടികൾ വിദ്യാഭ്യാസ - ബോധവൽക്കരണ രംഗത്തിന് മുൻതൂക്കം കൊടുക്കുന്ന വിധം മാറ്റിയെടുത്താൽ ആശാവഹമായ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിയും.

**18.11 ദേശീയ പ്രസ്ഥാനം**

മഹാത്മാഗാന്ധി ഈ ഗ്രാമത്തിലൂടെ കാൽ നടയായി പോകുകയുണ്ടായി. സ്വാതന്ത്ര സമരത്തിൽ നേരിട്ടു പങ്കെടുത്തവർ ഈ ഗ്രാമത്തിലുണ്ട്. അവരിൽ പ്രമുഖരാണ് സർവ ശ്രീ. വി. എ. ഗോപാലൻ നായർ, ചങ്ങരത്ത് കുമാരപണിക്കർ, എന്നിവർ. സ്വാതന്ത്ര പെൻഷൻ വാങ്ങുന്നവർ 6 പേരുണ്ട്.

**18.12 നവോത്ഥാന പ്രസ്ഥാനങ്ങൾ**

ശ്രീ നാരായണ ഗുരു, അയ്യങ്കാളി, പണ്ഡിറ്റ് കറുപ്പൻ, മന്നത്തുപത്മനാഭൻ, ചട്ടമ്പി സ്വാമികൾ എന്നിവരുടെ നവോത്ഥാന പ്രവർത്തനങ്ങൾ ഈ ഗ്രാമത്തിൽ ആശാവഹമായ ചലനങ്ങൾ സൃഷ്ടിച്ചു. സ്ക്കൂളുകൾ സ്ഥാപിക്കുന്നതിലും അവയുടെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിലും ഇതിൻെറ ഫലമായി കാര്യമായ മുന്നേറ്റം ഉണ്ടായി. അയിത്തോച്ചാടന പ്രവർത്തനങ്ങളിൽ വിവിധ സംഘടനകൾ പ്രവർത്തിച്ചു. എസ്. എൻ. ഡി. പി. ആണ്. ഇതിൽ പ്രമുഖമായ പങ്കുവഹിച്ചത്. മദ്യപാനാസക്തി ഈ ഗ്രാമത്തിൻെറ ശാപമാണ്. സ്ത്രീകൾ സംഘടിച്ച് സമരം ചെയ്തതിൻെറ ഫലമായി പടിഞ്ഞാറൻ മേഖലയിൽ (കരുമാഞ്ചേരി, എഴുപുന്ന) ശ്രദ്ധേയമായ മാറ്റമുണ്ടായിട്ടുണ്ട്. തമ്പാക്ക് മുറുക്കാൻ, വ്യാപകമായി വിറ്റഴിക്കപ്പെടുന്നു. വിവാഹ ചടങ്ങുകൾ ആർഭാട പൂർണ്ണമായി നടത്തപ്പെടുന്നു. സ്ത്രീധന സമ്പ്രദായം വ്യാപകമാണ്. സദ്യ വട്ടങ്ങൾ, ആഭരണങ്ങൾ, വിരുന്നുകൾ, ഫോട്ടോ, വീഡിയോ, സമ്മാനങ്ങൾ തുടങ്ങി ചെലവു വളരെ വർദ്ധിക്കുന്ന വിധമുള്ള പുതിയ പ്രവണതകളാണ് ഉണ്ടായിട്ടുള്ളത്.

ലഭിച്ച സ്വാതന്ത്ര്യം നിലനിർത്തുക, മദ്യ

പാനാസക്തി ഇല്ലായ്മ ചെയ്യുക, വിവാഹധൂർത്ത് അവസാനിപ്പിക്കുക തുടങ്ങിയ സാമൂഹിക നൻമാ നടപടികൾക്കായുള്ള ബോധവൽക്കരണ പരിപാടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. സമൂഹ വിവാഹം പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു.

**18.14 പ്രസിദ്ധീകരണങ്ങൾ**

ഗ്രാമത്തിൽ പ്രാദേശിക പ്രസിദ്ധീകരണങ്ങൾ ഇല്ല. മൂന്ന് അച്ചടിശാലകൾ ഉണ്ട്. കൈയ്യെഴുത്ത് മാസികകൾ പ്രസിദ്ധീകരിക്കുന്ന പതിവ് ഉണ്ടായിരുന്നു.ചില രാഷ്ട്രിയപാർട്ടികളും, ക്രിസ്ത്യൻ ദേവാലയങ്ങളും സുവനീയറുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**18.15 പ്രശ്നങ്ങൾ**

1. നാടൻകലകൾ നാശോൻമുഖമായി കൊണ്ടിരിക്കുന്നു.
2. ഉത്സവങ്ങൾ, ആഘോഷങ്ങൾ, പെരുന്നാളുകൾ, എന്നിവയോടനുബന്ധിച്ച് കൂടുതൽ ധനം ചിലവഴിക്കപ്പെടുന്നു.
3. ഗ്രന്ഥശാലകൾ നശിച്ചുകൊണ്ടിരിക്കുന്നു.
4. പുസ്തക വായനാ ശീലം കുറയുന്നു.
5. ചിന്താപരമായ ആയാസമില്ലാത്ത വാരികകൾ വായിക്കുന്ന പ്രവണത സ്ത്രീകളിൽ ഏറിവരുന്നു.
6. അമച്ച്വർ നാടകവേദികൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നു.
7. കലാസമിതികളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറഞ്ഞുകൊണ്ടിരിക്കുന്നു.
8. നാടൻകളികൾ അവഗണിക്കപ്പെടുന്നു.
9. നാടൻ കരകൗശലവൈദഗ്ദ്യം പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.
10. പഴയതും പാരമ്പര്യ തനിമയാർന്നതുമായ വാസ്തു വിദ്യാശിൽപ്പങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല.
11. കായികരംഗത്ത് ഗ്രാമീണരെ പ്രോത്സാഹിപ്പിക്കുന്നതിന് സാധിക്കുന്നില്ല.
12. ടെലിവിഷൻ അനാരോഗ്യകരമായ പുതിയ പ്രവണതകൾക്ക് കാരണമായിത്തീരുന്നു.
13. മദ്യപാനാസക്തി വർദ്ധിക്കുന്നു.
14. വിവാഹങ്ങളോടനുബന്ധിച്ചുള്ള ധൂർത്തും സ്ത്രീധന സമ്പ്രദായവും വർദ്ധിച്ചു വരുന്നു.
15. പ്രാദേശിക ചരിത്രമായി തീരേണ്ട സുവനീയറുകൾ, കൈയ്യെഴുത്ത് മാസികകൾ തുടങ്ങിയവ പ്രസിദ്ധീകരിക്കുന്നില്ല.
16. ആഭരണ ഭ്രമം വർദ്ധിക്കുന്നു.
17. കേരളീയമായ വേഷവിധാനത്തോട് യുവതി യുവാക്കൾക്ക് താത്പര്യം കുറയുന്നു.
18. അമിതമായ ഇംഗ്ളീഷ് ഭാഷാപ്രേമം എങ്ങും കാണപ്പെടുന്നു.

**18.16 സാദ്ധ്യതകൾ**

1. അന്യംനിന്നു പോയ പാരമ്പര്യ ഗ്രാമീണകലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന കർമ്മ പരിപാടികൾ ബന്ധപ്പെട്ട വകുപ്പുകൾ വഴി നടപ്പിലാക്കുക.
2. പ്രൈമറി തലത്തിൽ തനതുകലാരൂപങ്ങൾക്കും നാടൻ കളികൾക്കും വിനോദങ്ങൾക്കും പ്രാധാന്യം നൽകികൊണ്ടുള്ള പാഠ്യവിഷയങ്ങൾ ഉൾപ്പെടുത്തുക.
3. എല്ലാ വർഷവും ഓണത്തോടനുബന്ധിച്ച് നാടൻ കലാരൂപങ്ങൾ, വിനോദങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള മത്സരങ്ങൾ സംഘടിപ്പിക്കുക.
4. വിവിധ നാടൻ കലാരൂപങ്ങളെക്കുറിച്ചുള്ള ചിത്രങ്ങൾ, പാരമ്പര്യ വേഷങ്ങൾ, ഉപകരണങ്ങൾ, രേഖകൾ, എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള മ്യൂസിയങ്ങൾ സ്ഥാപിക്കുക.
5. അനൗപചാരിക വിദ്യാഭ്യാസ പരിപാടികളും സാക്ഷരതാ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുക.
6. കേരള ഗ്രന്ഥശാല സംഘം ഓരോ താലൂക്കിലും ഫുൾടൈം ഓർഗനൈസേഴ്സിനെ നിയമിച്ചും പഞ്ചായത്ത് മുഖാന്തിരവും ഗ്രാമീണ ഗ്രന്ഥശാലകളെ പുനരുദ്ധരിക്കുക.
7. പ്രൈമറി തലത്തിൽ മാതൃഭാഷ പഠനം നിർബന്ധമാക്കുക.
8. പഞ്ചായത്ത് തലത്തിൽ ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുക.
9. മഹിളാ സംഘടനകളുടെ പ്രവർത്തനം സജീവമാക്കുക.
10. വർദ്ധിച്ചു വരുന്ന അന്ധമായ പാശ്ചാത്യ അനുകരണത്തെ നിയന്ത്രിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ പഞ്ചായത്തു തലത്തിൽ നടത്തുക.
11. മദ്യപാനം, മയക്കുമരുന്ന് ഇവയോടുള്ള ആസക്തി ശാശ്വതമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
12. നാടൻ കരകൗശല വിദഗ്ദരെ ആദരിക്കുന്നതിനുള്ള വേദികൾ കണ്ടെത്തുക.
13. സമൂഹ വിവാഹത്തെ പ്രോത്സാഹിപ്പിക്കുക.
14. മലയാളം സർവകലാശാലതലം വരെ ബോധന മാധ്യമമാക്കുക.

# 19 സഹകരണ മേഖല



## 19.1 പഞ്ചായത്തിൻെറ സഹകരണ ചരിത്രം

ഈ ഗ്രാമത്തിലെ സഹകരണ പ്രസ്ഥാനത്തിന് എഴുപതു വർഷത്തിനു മേൽ പ്രവർത്തന പാരമ്പര്യമുണ്ട് ഇവിടത്തെ ഭൂമികളിൽ ഭൂരി ഭാഗവും ചില ജൻമികുടുംബങ്ങളുടെയും ദേവസ്വങ്ങളുടേയും കൈയ്യിലായിരുന്നു. ഇടത്തരക്കാരും നാമമാത്രഭൂമിയുള്ളവരും തങ്ങളുടെ അടിയന്തിര ആവശ്യങ്ങൾക്ക് കൂടുതൽ പണം വേണ്ടി വരുമ്പോൾ ഈ ജൻമിമാരിൽ നിന്നും പണം കടം വാങ്ങുക പതിവായിരുന്നു. ഇതിനായി ഈട് നൽകിയിരുന്നത് സ്വന്തം ഭൂമിയായിരുന്നു. ഇങ്ങനെ നാമമാത്രമുണ്ടായിരുന്ന ഭൂമിയും ബഹുഭൂരി പക്ഷം വരുന്ന ജനങ്ങളുടെ കൈയ്യിൽ നിന്നും ജൻമിമാർ കൈയ്യടക്കി ഈ പ്രതിസന്ധി നേരിടുന്നതിനെക്കുറിച്ച് ചിന്തിച്ച ഇടത്തരക്കാരുടെ കണ്ടെത്തലായിരുന്നു. അക്കാലത്ത് ഇന്ത്യയിലാരംഭിച്ച സഹകരണ സംഘങ്ങൾ.

കേരളത്തിലെ ആദ്യകാല സഹകരണ സംഘങ്ങളോടൊപ്പം കോടം തുരുത്ത് പഞ്ചായത്തിലെ എഴുപുന്ന തെക്ക് കേന്ദ്രീകരിച്ച് ഒരു സംഘം നിലവിൽ വന്നു. ഇതിൻെറ ആദ്യകാല പ്രവർത്തകരാണ് സർവ്വ ശ്രീ ചങ്ങരത്ത് കുമാരപണിക്കർ, സി.ജെ ചെറിയാൻ,കായിക്കര മൈതീൻകുഞ്ഞ്, നാരായണമൂപ്പൻ, പി.എസ് നാരായണൻ, സി.ആർ രാമകൃഷ്ണപണിക്കർ, കുത്തിയതോട് ഭാസി, മിന്യാൻമൂപ്പൻ, വി.ഏ ഗോപാലൻ നായർ തുടങ്ങിയവർ ഇതാണ്. പിന്നീട് എസ്.സി.ബി നമ്പർ1124 ആയിമാറിയത്.

സഹകരണ ചരിത്രത്തിൽ നാഴികകല്ലായി മാറിയ ഈ.സി ഈ.കെ യൂണിയൻ ഹൈസ്ക്കൂൾ സഹകരണ സംഘങ്ങളും ഗ്രാമത്തിലെ മറ്റു സ്ഥാപനങ്ങളും സാമുദായിക സംഘടനകളും വ്യക്തികളും കഴിവിനൊത്ത് സംഭാവനകളും എടുത്താണ് ഈ സ്ഥാപനം ഉണ്ടാക്കിയത് എരമല്ലൂർ, ചന്തിരൂർ, എഴുപുന്ന കോടംതുരുത്ത് കരകളിലെ ജനങ്ങളുടെ സഹകരണത്തിൻെറ



സ്മരണയ്ക്ക് വേണ്ടിയാണ് ഈ.സി.ഇ.കെ എന്ന് നാമകരണം നൽകിയിത്

കുത്തിയതോട്ടിൽ ഇന്ന് പ്രവർത്തിക്കുന്ന അർബൻ സഹകരണ ബാങ്ക് മുൻമ്പ് ചേർത്തല താലൂക്ക് കോ–ഓപ്പറേറ്റീവ് ബാങ്ക് ആയിരുന്നു. ഈ സൊസൈറ്റിയുടെ നേതൃത്വത്തിലാണ് ഈ ഗ്രാമത്തിലെ ആദ്യത്തെ സിനിമാകൊട്ടക (സിനിമാ തീയേറ്റർ ) പണിതത്

1960 കൾ ഈ ഗ്രാമത്തിലെ സഹകരണ മേഖലയുടെ സുവർണ്ണകാലമായിരുന്നു. ഗവർൺമെൻറിൻെറ ചില നടപടികളാണ് ഇതിന് കാരണമായത്. വളംസബ്സിഡി, വിത്തുവിതരണം, കാർഷികോപകരണങ്ങൾ ലഭ്യമാക്കൽ, കാർഷികോത്പന്നങ്ങൾക്കുള്ള ന്യായവില തുടങ്ങിയവ ഇതിന് കാരണമായി

1970 കൾ മുതലാണ് ഈ ഗ്രാമത്തിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് മാന്ദ്യം സംഭവിച്ചത്. തേങ്ങയുടെ വിലയിടിവും രോഗബാധിതമായ തെങ്ങുകളും ശിഥിലമായ ഭൂഉടമാ ബന്ധങ്ങളും ഇതിന്കാരണമാണ്.

സഹകരണരംഗത്ത് ആദ്യകാലം മുതൽ തന്നെ സ്ത്രീകൾക്ക് മെമ്പർഷിപ്പ് കൊടുത്തിരുന്നു. എന്നാൽ ഭരണപരമായ കാര്യങ്ങളിൽ ഇവർക്ക് പങ്കാളിത്തമുണ്ടായിരുന്നില്ല. മറ്റുസ്ഥലങ്ങളിലേതുപോലെ സർക്കാർ നിയമപ്രകാരമുള്ള സംവരണത്തിൻെറ അടിസ്ഥാനത്തിലാണ് സ്ത്രീകൾക്ക് പ്രാതിനിധ്യം ലഭിച്ചത്.

നല്ലസംഘാടകൻ എന്ന നിലയിൽ ഈ ഗ്രാമത്തിലെ സഹകാരികൾ മുന്നിൽനിന്നിരുന്നു. പിൽക്കാലത്ത് ജാതിസമ്പ്രദായത്തിൻെറ ദൂഷ്യഫലങ്ങൾ സഹകരണ രംഗത്തും പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

ഗ്രാമത്തിലെ സഹകരണ സംഘങ്ങൾ സുവനീറുകൾ പ്രസിദ്ധീകരിക്കുയും സെമിനാറുകൾ നടത്തിയതായോ അറിവില്ല. എന്നാൽ ജനക്ഷേമ തൽപരരായ സഹകാരികൾ ഒരു രൂപാ മാത്രം പ്രതിഫലം പറ്റികൊണ്ട് ഒന്നരലക്ഷം രൂപാവരുന്ന സഹകരണ സംഘത്തിലെ കെട്ടിടം പ്രാഥമികാരോഗ്യകേന്ദ്രത്തിന് വിട്ട് കൊടുത്തത് ഈ നാട്ടിലെ സഹകരണ ചരിത്രത്തിൽ ഒരു നാഴിക കല്ലാണ്. ഉപഭോക്തൃ മേഖലയിൽ പ്രശ്ന പരിഹാരം കാണുന്നതിനായി സർക്കാരാവിഷ്ക്കരിച്ച പദ്ധതികളുടെ തുടക്കം മുതൽ ഈ ഗ്രാമവും മുഖ്യമായ പങ്ക് വഹിച്ചിട്ടുണ്ട്.

**19.2ഗ്രാമത്തിലെ സഹകരണ സംഘങ്ങളുടെ ചരിത്രം**

**ക്രെഡിറ്റ് മേഖല**

**2.1 എഴുപുന്ന തെക്ക് സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ - 1124.**

ഈ ഗ്രാമത്തിൽ ക്രെഡിറ്റ്മേഖലയിൽ രൂപീകരിക്കപ്പെട്ട ആദ്യത്തെ സഹകരണസംഘമാണിത് M.E.S.S 1101 (1925 ) ഈ സംഘം രൂപീകൃതമായി. സംഘത്തിൻെറ സ്ഥാപക പ്രസിഡണ്ട് ചങ്ങരത്ത് ശ്രീ.കുമാരപണിക്കരാണ്. സമീപപ്രദേശങ്ങളിലൊന്നും അക്കാലത്ത് സഹകരണസംഘങ്ങൾ രൂപീകരിച്ചിരുന്നില്ല.

ഇതിൻെറ രൂപീകരണത്തിൽ 762ാം നമ്പർ നായർ സർവ്വീസ് സൊസൈറ്റി മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട്. ചങ്ങരംഗവ: യു.പി.സ്ക്കൂൾ നിൽക്കുന്ന സ്ഥലത്തുണ്ടായിരുന്ന ചെറിയ കെട്ടിടത്തിലാണ് ഈ സംഘം പ്രവർത്തിച്ചിരുന്നത്. കുറച്ചു വർഷങ്ങൾക്ക് ശേഷം ഇപ്പോൾ എഴുപുന്ന തെക്ക് പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം സംഘം വിലയ്ക്ക് വാങ്ങി കെട്ടിടം പണികഴിപ്പിച്ചു. ഉദ്ദേശം 25 വർഷങ്ങൾക്കു മുമ്പ് 1രൂപ പ്രതിഫലം പറ്റി 11 സെൻറ് സ്ഥലവും കെട്ടിടവും ഇന്നത്തെ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് വിട്ടു കൊടുത്തു. പിന്നീട് സ്ഥലം വാങ്ങി നിർമ്മിച്ച കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. 6810 അംഗങ്ങളുണ്ട് ഈ സംഘം ഇപ്പോൾ ഭൂമിയുടെ വിസ്തീർണ്ണം അനുസരിച്ചാണ് വായ്പ കൊടുത്തിരിക്കുന്നത്.

**1.കുത്തിയതോട് കോ - ഓപ്പറേറ്റീവ് അർബൻ ബാങ്ക് നമ്പർ: 1051**

കുത്തിയതോട് ടൗണിൽ M.E-1011 (25-6-1926 ) ൽ പ്രവർത്തനം ആരംഭിച്ചു. ക്രെഡിറ്റ് മേഖലയിലെ എല്ലാത്തരം ആവശ്യങ്ങൾക്കും ലോൺ കൊടുക്കുന്നുണ്ട്. 3871അംഗങ്ങളാണ്. ഈ സംഘത്തിൻെറ അംഗീകൃത ഓഹരി മൂലധനം 500,000 രൂപയാണ്. ഇപ്പോൾ കുത്തിയതോട് പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം ബാങ്കിൻേറതായിരുന്നു. സാമ്പത്തിക ബുദ്ധിമുട്ടുമൂലം അത് പഞ്ചായത്തിന് വിറ്റ ശേഷം വാടകകെട്ടിടത്തിലേക്ക് മാറി. കോടംതുരുത്ത്, കുത്തിയതോട്, എഴുപുന്ന, തുറവൂർ, തൈക്കാട്ടുശ്ശേരി ,മറ്റത്തിൽഭാഗം എന്നിവിടമാണ് ഇതിൻെറ പ്രവർത്തനമേഖല. സ്ഥാപനകാലത്ത് ഇതിൻെറ പേര് ചേർത്തലതാലൂക്ക് സഹകരണബാങ്ക് എന്നായിരുന്നു.

'സ്വാതന്ത്ര്യ സമരത്തോടനുബന്ധിച്ച് പദയാത്ര നയിച്ച് വന്ന മഹാത്മാഗാന്ധി ഒരു ദിവസം അന്തിയുറങ്ങിയത് ഈ സ്ഥാപനത്തിലാണ്. "

**2.3 കുത്തിയതോട് റൂറൽ ഹൗസിംഗ് കോ - ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ - എ 692**

പട്ടണക്കാട് ബ്ലോക്ക് പ്രവർത്തനമേഖലയായി ഒരു ഹൗസിംഗ് സഹകരണ സംഘം ഉണ്ടായിരുന്നു. പിന്നീട് 1980ൽ മൂന്നു സംഘങ്ങൾ കൂടി ഈ മേഖയിൽ രജിസ്റ്റർചെയ്ത് പ്രവർത്തനം ആരംഭിച്ചു. അവയിൽ കോടം തുരുത്ത്, എഴുപുന്ന,അരൂർ എന്നീ പഞ്ചായത്തുകൾ പ്രവർത്തനമേഖലയാക്കി ഈ സംഘം. കുത്തിയതോട്ടിൽ പ്രവർത്തിച്ചു വരുന്നു. 702 അംഗങ്ങളുണ്ട് 26-2-80 ൽ രജിസ്റ്റർ ചെയ്തു. 1-3-80 ൽ പ്രവർത്തനം ആരംഭിച്ചു. ഇതിൻെറ അംഗത്വ മൂലധനം 200000വും വ്യക്തികളുടെ ഓഹരി ഇനത്തിൽ 656625 വും, ഗവ: ഓഹരി 100000 വും ആണ്. ഭവന നിർമ്മാണത്തിനും അറ്റകുറ്റ പണിനടത്തുന്നതിനും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മാത്രമേ ഈ സംഘം വായ്പ നൽകുന്നുള്ളു. സംഘം 1984ൽ എരമല്ലൂർ ഹൗസിംഗ് കോംപ്ലക്സ് പദ്ധതിയിൽ ഉൾപ്പെടുത്തി 18 അംഗങ്ങൾക്ക് ന്യായവിലയ്ക്ക് ഭൂമി വിതരണം ചെയ്യുകയും അവിടെ വീടുകൾ പണിയുന്നതിന് ദിർഘകാലാടി

സ്ഥാനത്തിൽ വായ്പകൾ കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇന്നേവരെ 235 അംഗങ്ങൾക്ക് സംഘം 1,21,18,500 വായ്പകൾ നൽകിയിട്ടുണ്ട്.

24. കോടംതുരുത്ത് പഞ്ചായത്ത് പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം. നമ്പർ: എ-797

27-1-1984 ൽ പ്രവർത്തനം ആരംഭിച്ചു 744 അംഗങ്ങളുണ്ട് സംഘത്തിന്റെ പ്രവർത്തന മേഖല ഈ പഞ്ചായത്താണ്. പട്ടികജാതി വിഭാഗത്തിൽ പെട്ട സംഘാംഗങ്ങൾക്ക് കെട്ടു തെങ്ങ് വ്യവസ്ഥയും വായ്പ കൊടുക്കുകയും നിക്ഷേപങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. എഴുപുന്നയിൽ വാടക കെട്ടിടത്തിലാണ് ഈ സംഘം പ്രവർത്തിക്കുന്നത്.

**3.നോൺ ക്രെഡിറ്റ് മേഖല**

കോടംതുരുത്ത് പഞ്ചായത്ത് ഹരിജൻ വ്യവസായ സഹകരണ സംഘം No.17 6

ഈ സംഘം 26 3 1992ൽ പ്രവർത്തനം ആരംഭിച്ചു. കോടംതുരുത്ത് പഞ്ചായത്തിന്റെ 5,6, ,8,9, വാർഡുകളാണ് പ്രവർത്തന മേഖല. 2 അംഗങ്ങളുണ്ട് മത്സ്യവ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന സംഘം സ്വന്തമായി വാങ്ങിയ സ്ഥലത്ത് വർക്ക് ഷെഡ്ഡ് കം ഓഫീസ് ഉണ്ട്. ചെമ്മീൻ പീലിംഗിനായി നിർമ്മിച്ചിട്ടുള്ള വർക്ക് ഷെഡ്ഡിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

3 2 ചേർത്തല താലൂക്ക് സെൻട്രൽ ഹരിജൻ മത്സ്യതൊഴിലാളി സഹകരണസംഘം Maf (I) A 1987 ൽ പ്രവർത്തനം ആരംഭിച്ചു.

കോടംതുരുത്ത്, കുത്തിയതോട്, തുറവൂർ പഞ്ചായത്തുകളാണ് പ്രവർത്തനമേഖല 240 മെമ്പർമാർ ഉണ്ട്. ഇതിന്റെ വർക്ക് ഷെഡ്ഡ് കം ഓഫീസ് പഞ്ചായത്ത് നാലാം വാർഡിൽ പ്രവർത്തിക്കുന്നു. ഹരിജൻ മത്സ്യതൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമാക്കിയാണ് ഈ സംഘം പ്രവർത്തിക്കുന്നത്.

കോടംതുരുത്ത് - എഴുപുന്ന കോ - ഓപ്പറേറ്റീവ് ട്രാൻസ്പോർട്ട് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ -1015

കോടംതുരുത്ത്,എഴുപുന്ന, പഞ്ചായത്തുകളാണ് പ്രവർത്തന മേഖല കോടംതുരുത്താണ് ആസ്ഥാനം. 4-4-96 ൽ ആരംഭിച്ചു. 28 അംഗങ്ങളുണ്ട് യാത്രാസൗകര്യം വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം. സംഘത്തിന്റെ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് എന്നാൽ സർവ്വീസ് നടത്തുന്നതിന് വാഹനങ്ങൾ വാങ്ങിയിട്ടില്ല. അതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. തൊഴിൽ രഹിതരായ യുവാക്കൾക്ക് സ്വയം തൊഴിലിൽ ഏർപ്പെടുന്നതിനുള്ള സാദ്ധ്യതകൾ ഉള്ള ഒരു മേഖലയാണ് ഇത്.



**4 ഉല്പാദകമേഖല**

എഴുപുന്ന തെക്ക് ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എ 93 (ഡി)

4.1 പഞ്ചായത്തിലെ 5,6, 7,8,9എന്നീ വാർഡുകളാണ് പ്രവർത്തനമേഖല. എഴുപുന്ന തെക്ക് ആറാം വാർഡിൽ 26-2-1982 ൽ ആരംഭിച്ചു. ക്ഷീരോൽപാദകരുടെ സാമ്പത്തിക ഉന്നമനമാണ് ലക്ഷ്യം. 309 അംഗങ്ങളുണ്ട്

4.2 കോടം തുരുത്ത് ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എ 88 (ഡി)

കോടംതുരുത്ത് പഞ്ചായത്തിലെ ഒന്നുമുതൽ നാലുവരെ വാർഡുകളാണ് .പ്രവർത്തനമേഖല. 1981 ൽ പ്രവർത്തനം ആരംഭിച്ചു. 200 അംഗങ്ങളുണ്ട്. ക്ഷീരോൽപാദകരുടെ സാമ്പിത്തിക ഉന്നമനമാണ് ലക്ഷ്യം. ഇപ്പോൾ പ്രവർത്തന രഹിതമാണ്.

**5. തൊഴിൽ മേഖല**

5.1 ചേർത്തല താലൂക്ക് പട്ടിക ജാതി ലേബർ കോൺട്രാക്റ്റ് സഹകരണം സംഘം ലിമിറ്റഡ് നമ്പര് എ .907

പഞ്ചായത്തിലെ പട്ടിക ജാതിയിൽ പ്പെട്ട തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം ഇവിടെ കെട്ടിട നിർമ്മാണങ്ങൾക്കാവശ്യമായ വസ്തുക്കൾ നിർമ്മിക്കുന്നു.

ചേർത്തല താലൂക്കാണ് പ്രവർത്തന മേഖല പഞ്ചായത്ത് ഒന്നാം വാർഡിൽ ചേപ്പനത്ത് ലക്ഷം വീട് കോളനിക്ക് സമീപം പ്രവർത്തിക്കുന്നു. 14 -3-1992 ൽ രജിസ്റ്റർ ചെയ്തു. 55 തൊഴിലാളികൾ അംഗങ്ങളാണ് പ്രവർത്തന വായ്പാ മൂലധനക്കുറവുണ്ട്.

**6.വ്യാവസായ മേഖല**

6.1 കയർ വ്യവസായ സഹകരണ സംഘങ്ങൾ

1. കയർ വ്യവസായ സഹകരണ സംഘം എഴുപുന്ന തെക്ക് എ 556

2. കരുമാഞ്ചേരി ഭാഗം കയർ വ്യവയായ




സഹകരണമേഖലയിലെ കടിഞ്ഞൂൽ കനി
എഴുപുന്ന തെക്ക് SCB - 1124

സഹകരണ സംഘം എ 822

3. കോടംതുരുത്ത് കയർ വ്യവസായ സഹകരണ സംഘം 136 എന്നിങ്ങനെ 3 കയർ വ്യവസായ സഹകരണ സംഘങ്ങൾ ഉണ്ട്.

കയർ പിരിമേഖലയിലുള്ള തൊഴിലാളികൾക്ക് ജോലിയും മെച്ചപ്പെട്ട വേതനവും ലഭിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത സംഘങ്ങൾ രൂപീകരിച്ചത്

4. കുത്തിയതോട് കക്കവ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ ഏ 193.

കോടംതുരുത്ത് എഴുപുന്ന, അരൂർ, അരൂക്കുറ്റി, പെരുമ്പളം, പാണാവള്ളി, കുത്തിയതോട്, തുറവൂർ പഞ്ചായത്തുകളാണ് പ്രവർത്തന മേഖല. 1963ൽ ആണ് ആരംഭിച്ചത്. കോടംതുരുത്തിൽ കുത്തിയതോട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. 701 അംഗങ്ങളുണ്ട് കക്കാസംഭരണവും വിപണനവുമാണ് ലക്ഷ്യം. 87500 രൂപ കക്ക തൊഴിലാളികൾക്ക് വായ്പ നൽകിയിട്ടുണ്ട്. തൊഴിലാളികളും വ്യവസായികളും അംഗങ്ങളാണ്

## 7. വിദ്യാഭ്യാസ മേഖല

1 കുത്തിയതോട് ഈ. സി കെ യൂണിയൻ ഹൈസ്ക്കൂൾ സഹകരണ സംഘം സി.എസ് എ 16.

പഞ്ചായത്തിൽ നിലവിലുള്ള രണ്ട് ഹൈസ്ക്കൂളുക്ളിൽ ഒന്നാണ് ഈ സി കെ യൂണിയൻ ഹൈസ്ക്കൂൾ. നോൺ ക്രഡിറ്റ് മേഖലയിൽ 1-7-1952ൽ സ്ക്കൂൾ സൊസൈറ്റി പ്രവർത്തനം ആരംഭിച്ചു. കുട്ടികൾക്കാവശ്യമായ പാഠപുസ്തകങ്ങളും പഠനോപകരണങ്ങളും ലഭ്യമാക്കുകയാണ് ലക്ഷ്യം 5455 അംഗങ്ങളുണ്ട്.

7.2 ചങ്ങരം ഗവൺമോൻറ് യൂ പി സ്ക്കൂൾ സഹകരണ സംഘം സീ എസ് നമ്പർ ഏ 556

ചങ്ങരം യൂ പി സ്ക്കൂൾ, സെൻറ് ആൻറണി എൽ. പി സ്ക്കൂൾ, പറയകാട് എൽ പിസ്ക്കൂൾ എന്നിവയാണ് പ്രവർതനമേഖല നോൺ ക്രഡിറ്റ് മേഖലയിൽ 26 9 1977 ൽ പ്രവർത്തനം ആരംഭിച്ചു. 1053 അംഗങ്ങളുണ്ട്

7.3 കോടംതുരുത്ത് വി.വി ഹൈസ്ക്കൂൾ സഹകരണ സംഘം സി എസ് ലിമിറ്റഡ് നമ്പർ 489

കോടംതുരുത്ത് ഗവ: വി.വി ഹൈസ്ക്കൂൾ എരമല്ലൂർ എൻ.എസ്.എൽ.പി സ്ക്കൂൾ കോടംതുരുത്ത് ഗവൺമ്മെൻറ് ഗവ: എൽ.പി സ്ക്കൂൾ എന്നിവ പ്രവർത്തന പരിധിയിൽ പ്പെടുന്നു. 29 3 1976ൽ നോൺ ക്രഡിറ്റ് മേഖലയിൽ പ്രവർത്തനം ആരംഭിച്ചു. 6216 അംഗങ്ങളുണ്ട് കുട്ടികൾക്കാവശ്യമായ പാഠപുസ്തകങ്ങൾ പാഠനോപകരണങ്ങൾ എന്നിവ മിതമായ വിലയ്ക്ക് ലഭ്യമാക്കുക എന്നിവയണ് ലക്ഷ്യം.

**8.സഹകരണ രംഗത്തെ പ്രവർത്തനവിലയിരുത്തൽ**

ഗ്രാമത്തിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഗ്രാമസഭകൾ പ്രധാനമായും ആശ്രയിച്ചത് സ്വന്തം അനുഭവങ്ങളും സ്ഥാപനങ്ങളുടെ മുൻകാല വാർഷിക റിപ്പോർട്ടുകൾ എന്നിവയാണ്. ഗ്രാമത്തിൽ 17 അംഗങ്ങളുണ്ട് അവയിൽ ഒരെണ്ണം പ്രവർത്തിക്കുന്നില്ല.

### 8.1 ഗ്രാമത്തിലെ സഹകരണ സംഘങ്ങൾ

(മേഖല തിരിച്ച് )

| ക്രമനമ്പർ | മേഖല | എണ്ണം |
|---|---|---|
| 1. | ക്രഡിറ്റ് | 4 |
| 2. | നോൺ ക്രഡിറ്റ് | 3 |
| 3. | ഉല്പാദനം | 2 |
| 4. | തൊഴിൽ | 1 |
| 5. | വ്യവാസയ | 4 |
| 6 | വിദ്യാഭ്യാസം | 3 |
| ആകെ | 17 | |

ഒരെണ്ണം പ്രവർത്തിക്കുന്നില്ല.

ഏറ്റവും കൂടുതൽ സംഘങ്ങൾ പ്രവർത്തിക്കുന്നത് ക്രഡിറ്റ് മേഖലകളിലാണ്. സഹകരണരംഗത്തെ ഒട്ടെല്ലാ മേഖലകളിലും ഈ ഗ്രാമം പ്രവർത്തിക്കുന്നുണ്ട്.

### 8.3 മെമ്പർഷിപ്പ്

16 സഹകരണ സ്ഥാപനങ്ങളിലും കൂടി 27348 അംഗങ്ങളാണ് ഉള്ളത്. അതായത് കോടംകുരത്ത് പഞ്ചായത്തിലെ ആകെ ജനസംഖ്യയേക്കാൾ 9224 പേർ കുടുതലാണ്. സംഘങ്ങളുടെ പ്രവർത്തന മേഖല പഞ്ചായത്തിന് പുറത്തുമുണ്ട്. എങ്കിലും സ്ഹകരണ സംഘങ്ങളിൽ മെമ്പർഷിപ്പ് ഇല്ലാത്ത ഗ്രാമിണർ വളരെ കുറവാണ്. മെമ്പർഷിപ്പ് വർദ്ധനയ്ക്ക് ചില കാരണങ്ങൾ ഗ്രാമസഭ കണ്ടെത്തി.

1. ഒന്നിലധികം സഹകരണ സംഘങ്ങളിൽ ഒരാൾ തന്നെ മെമ്പർഷിപ്പ് എടുക്കുന്നു.

2.സമാന സ്വഭാവമുള്ള സംഘങ്ങളിൽ പോലും ഈ സ്ഥിതി ഉണ്ടാവുന്നു.

3. സ്ക്കൂൾ സഹകരണ സംഘങ്ങളിലെ ദ്വയാംഗത്വം

4. മരിച്ചവർ, സ്ഥലം മാറിയവർ തുടങ്ങിയവരെ യഥാസമയം നീക്കംചെയ്യാത്തത്.

5.വോട്ടിന് വേണ്ടി മാത്രം ചേർക്കുന്ന മെമ്പർഷിപ്പ്.

## 8.4 സാമ്പത്തിക കാര്യങ്ങൾ

സഹകരണ സംഘങ്ങളുടെ ആകെ അംഗീകൃത ഓഹരി മൂലധനം 1,35,80,000 രൂപയും പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 27,40,203 രൂപയും സർക്കാർ ഓഹരി 890160 രൂപയുമാണ്. ഈ സംഘങ്ങളിൽ നിന്ന് പരമാവധി കടമെടുക്കാവുന്ന തുക 7542057 5 രൂപയും ഇതു വരെ സ്വീകരിച്ചിട്ടുള്ള ആകെ നിക്ഷേപം 13249573 രൂപയും നൽകിയിട്ടുള്ള വായ്പ 1,93,75,631 രൂപയുമാണ്.

കയർ വ്യവസായ സഹകരണ സംഘങ്ങളുടെ ഉത്പാദന വിപണന പട്ടിക

| | 91-92 | | | | 92-93 | | | | 93-94 | | | | 94-95 | | | | 95-96 | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ഉത്പാദനം | | വിപണനം | | ഉത്പാദനം | | വിപണനം | | ഉത്പാദനം | | വിപണനം | | ഉത്പാദനം | | വിപണനം | | ഉത്പാദനം | | വിപണനം | |
| | Qtls | kg | Qtls | kg | Qtls | kg | Qtls | kg | Qtls | kg | Qtls | kg | Qtls | kg | Qtls | kg | Qtls | kg | Qtls | kg |
| എഴുപുന്ന കയർ വ്യവസായ സഹകരണ സംഘം നമ്പർ എ. 556 | 194 | 40 | 195 | 07 | 145 | 34 | 145 | 44 | 159 | 37 | 109 | 86 | 321 | 58 | 277 | 03 | 258 | 24 | 350 | 09 |
| കോടംതുരുത്ത് കയർ വ്യവസായ സഹകരണ സംഘം നമ്പർ 136 | 209 | 60 | 205 | | 244 | 57 | 245 | 10 | 210 | 56 | 210 | 54 | 255 | 50 | 280 | 10 | 348 | 48 | 352 | 25 |
| കരുമാഞ്ചേരി ഭാഗം കയർ വ്യവസായ സഹകരണ സംഘം നമ്പർ 822 | വിവരങ്ങൾ ലഭ്യമല്ല | | | | | | | | | | | | | | | | | | | |

KODAMTHURUTH PANCHAYATH '96

## 8. കയർ

കയർവ്യവസായ സഹകരണ സംഘങ്ങളുടെ ഉല്പാദന വിപണന പട്ടികയിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്ന ഒരു വസ്തുത 1992-93 കാലഘട്ടത്തിൽ ഉല്പാദന-വിപണന രംഗത്ത് മാന്ദ്യം അനുഭവപ്പെടുകയും 94-95 ഈ രംഗത്ത് കുതിച്ചു കയറ്റം അനുഭവപ്പെടുകയും ചെയ്തു.

തൊണ്ട് ലെവി സമ്പ്രദായം നിറുത്തിയത് കയർ വ്യവസായ രംഗങ്ങളെ തളർത്തി. മാർക്കറ്റ് കണ്ടെത്തായ്ക, ആധുനിക യന്ത്ര സംവിധാനങ്ങളെ ഉപയോഗപ്പെടുത്താതിരിക്കുക. തുടങ്ങിയവയാണ് മറ്റ് കാരണങ്ങൾ.

8.8 കുത്തിയതോട് കക്ക വ്യവസായ സഹകരണ സംഘം ( ക്ലിപ്തം ) നമ്പർ A193

ഉല്പാദന വിപണന പട്ടിക

| വർഷം | ഉല്പാദനം മെട്രിക്ക് ടണ്ണിൽ | വിലയും കൂലിയും കൂടിയുള്ള തുക | പ്രത്യക്ഷ തൊഴിലാളികൾ | പരോക്ഷ തൊഴിലാളികൾ |
|---|---|---|---|---|
| 1993 -94 | 1938 - 400 | 621762 | 315 | 620 |
| 1994-95 | 1529.600 | 586569 | 290 | 640 |
| 1995-96 | 1913.800 | 640228 | 350 | 700 |

## 8.9 കക്ക

കക്കവ്യവസായ സഹകരണ സംഘത്തിൻെറ ഉല്പാദനരംഗത്ത് 94 - 95ൽ വളർച്ചയും 1993-94, 95 - 96 വർഷങ്ങളിൽ മാന്ദ്യവും അനുഭവപ്പെട്ടു. വിപണന രംഗം 95-96 ൽ സജീവവും 94-95ൽ നിർജ്ജീവവുമായിരുന്നു. ഈ സംഘത്തിലെ പ്രത്യക്ഷ തൊഴിലാളികളുടെ എണ്ണത്തിൽ സാരമായ കുറവുണ്ടായത് 94-95 ലാണ്. പ്രതിവർഷം ശരാശരി 321 തൊഴിലാളികൾ ഈ സ്ഥാപനത്തിൽ ജോലി ചെയ്തു വരുന്നു.

ഈ രംഗത്തെ പ്രധാന പ്രശ്നം ചുണ്ണാമ്പുകല്ല്, ഇറക്കുമതിയും, കക്കാകള്ളക്കടത്തുമാണ്.

## 8.10 ഓഹരി

സഹകരണ സംഗങ്ങളിലെ അംഗങ്ങളുടെ ഓഹരി 27 ലക്ഷവും ഗവഃഓഹരി 8 ലക്ഷവുമാണ്.

8.4 നിക്ഷേപം

ഒരു കോടി രൂപ ഈ ഗ്രാമം നിക്ഷേപമായി നല്കിയിട്ടുണ്ട്. എന്നാൽ സർക്കാരിൻെറ, മുടക്കുമുതൽ 27ലക്ഷമാണ്.

## 9. പ്രശ്നങ്ങൾ

1. സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്ക്കരിക്കുന്നില്ല.
2. ഒരു പൗരന് വിവിധ സ്വഭാവമുള്ള സഹകരണ സംഘങ്ങളിൽ അംഗത്വമെടുക്കാം. പഞ്ചായത്തിന് പുറത്തുള്ള ധാരാളം പേർ ഇവിടെ ഉള്ള പല സംഘങ്ങളിലും അംഗങ്ങളാണ്.
3. കോടംതുരുത്ത് പഞ്ചായത്ത് ഹരിജൻ വ്യവസായ സംഘം ചെമ്മീൻ പീലിംഗ് ചെയ്യുന്നതിന് വേണ്ടി നിർമ്മിച്ചിട്ടുള്ള വർക്ക് ഷെഡ്ഡിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.
4. സീസൺ അനുസരിച്ചുള്ള ജോലിയായതിനാൽ ചേർത്തല താലൂക്ക് സെൻട്രൽ ഹരിജൻ മത്സ്യതൊഴിലാളി സഹകരണ സംഘത്തിന് നിരന്തരമായി പ്രവർത്തനം നടത്തുവാൻ കഴിയുന്നില്ല.
5. പ്രവർത്തന മൂലധനത്തിൻെറ കുറവ് സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്
6. സ്ക്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത് ഒരു സ്ക്കൂളിന് 1 എന്ന നിലയിലാണ്.
7. ഉല്പാദന ചെലവുമായി തട്ടിച്ചു നോക്കുമ്പോൾ ഉല്പന്നങ്ങൾക്ക് ന്യായവിലകിട്ടാത്തത് കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.
8. വ്യവസായ സഹകരണ സംഘങ്ങളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കേണ്ടതാണ്.
9. എഴുപുന്നതെക്ക് ക്ഷീരോല്പാദക സഹകരണസംഘത്തിന് ഗവ:സാമ്പത്തിക സഹായം ലഭ്യമല്ലാത്തത് ഒരു പ്രശ്നമായി അവശേഷിക്കുന്നു.
10. 1,2,3,4, വാർഡുകളിലെ ക്ഷീരോല്പാദകർക്ക് പാൽ വിപണനം നടത്തുവാനുള്ള സൗകര്യം ഇല്ല.
11. നബാർഡ് പോലുള്ള സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ പലിശയ്ക്ക് കിട്ടുന്ന പണം പോലും ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

12. സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പ് കക്ഷി രാഷ്ട്രിയത്തിലധിഷ്ടിതമാകായാൽ നല്ല രീതിയിൽ പ്രവർത്തിയ്ക്കുവാൻ കഴിയുന്നില്ല.

13. വായ്പ എടുക്കുന്നവർ അതിൻെറ വിനിയോഗം വേണ്ട രീതിയിൽ നടത്തുന്നില്ല.

14. ക്രഡിറ്റ് മേഖലയുടേയും നോൺ ക്രഡിറ്റ് മേഖലയുടേയും പ്രവർത്തന രീതി കാലപഴക്കം ചെന്നതാണ്.

15. ആളോഹരി നിക്ഷേപത്തിന് ആനുപാതികമായ ക്രമത്തിൽ വായ്പ ലഭിക്കുന്നില്ല. തൻമൂലം ബ്ലേയ്ഡ് കമ്പനികൾ പെരുകുന്നു.

16. സർക്കാർ സ്വീകരിക്കുന്ന ഏതൊരു നടപടികളും സഹകരണ സംഘങ്ങളെ എങ്ങനെ ബാധിക്കുന്നു എന്ന് പഠനവിധേയമാക്കാറില്ല.

17. കക്ക വ്യവസായ സഹകരണ സംഘം തകർച്ചയെ നേരിടേണ്ടി വരുന്നു.

18. ഒരു വിദ്യാർത്ഥിക്ക് ഒന്നിലധികം സ്ക്കൂളികളിൽ മെമ്പർഷിപ്പ് എടുക്കേണ്ടിവരുന്നു.

നിർദ്ദേശങ്ങൾ–സാദ്ധ്യതകൾ

1. ഓരോ സഹകാരിയും അവരവർ അംഗങ്ങളായുള്ള സംഘങ്ങളിലെ പ്രവർത്തനങ്ങളിൽ കൂടുതൽ ഊർജ്ജസ്വലമായി ഇടപെടണം.

2. സഹകരണ സംഘങ്ങളിലെ പൊതുയോഗങ്ങൾ കേവലം ഔപചാരികമായ ചടങ്ങുകളിൽ ഒതുങ്ങാതെ മെച്ചപ്പെട്ട പ്രവർത്തനങ്ങളെ സമ്പന്ധിച്ച ചർച്ചകളും പരിപാടികളും നടത്തി അംഗങ്ങളുടെ പുരോഗതി ലക്ഷ്യം വെച്ച് നീങ്ങണം.

3. ഒരു സഹകാരി വായ്പക്ക് അപേക്ഷിക്കുമ്പോൾ അയാൾ മറ്റു സംഘങ്ങളിൽ നിന്ന് വായ്പയൊന്നും എടുത്തിട്ടില്ലെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ, റേഷൻ കാർഡിൽ വായ്പ സംബന്ധിച്ച വിവരം രേഖപ്പെടുത്തുകയോ വേണം.

4. കോടംതുരുത്ത് പഞ്ചായത്ത് ഹരിജൻ വ്യവസായ സഹകരണ സംഘം പണി കഴിപ്പിച്ചിട്ടുള്ള വർക്ക് ഷെഡ്ഡ്, തൊഴിലാളികൾക്ക് ജോലിയും മെച്ചപ്പെട്ട വേതനവും ലഭിക്കുന്നതാകയാൽ കഴിവതും വേഗം അതിൻെറ പ്രവർത്തനം ആരംഭിക്കണം.

5. ചേർത്തലതാലൂക്ക് സെൻറൽ ഹരിജൻ മത്സ്യതൊഴിലാളി സഹകരണ സംഘം വക വർക്ക് ഷെഡ്ഡിൻെറ സൗകര്യം വർദ്ധിപ്പിച്ചാൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. സംഘങ്ങൾക്ക് തൊഴിലുപകരണങ്ങൾ വാങ്ങുന്നതിനായി വിതരണം ചെയ്യുന്ന 1000 രൂപ ധനസഹയം കൂടുതൽ അംഗങ്ങൾക്ക് വിതരണം ചെയ്യണം. ആവശ്യമായ ഫണ്ടനുവദിച്ച് ഇതിനെ പരിപോഷിപ്പിക്കയും വേണം.

6. പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കണം.

7. ഹൈസ്ക്കൂളികളിലെ കേന്ദ്ര സഹകരണ സംഘങ്ങളുടെ അംഗത്വം ശാസ്ത്രിയമായി പുനർനിർണ്ണയം ചെയ്യണം.

8. കയറുല്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാക്കണം

9. പ്രവർത്തനമൂലധന വായ്പ നൽകി കയർവ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

10. എഴുപുന്നതെക്ക് ക്ഷീരോല്പാദക സഹകരണസംഘത്തിന് ഗവൺമെൻറിൻെറ സാമ്പത്തക സഹായം ലഭ്യമാക്കിയാൽ പാലുല്പ്പന്നങ്ങൾ നിർമ്മിക്കാൻ സാദ്ധ്യതയുള്ള ഒരു സംഘമാക്കി ഇതിനെ ഉയർത്താൻ കഴിയും.

11. പഞ്ചായത്തിലെ 1,2,3,4 വാർഡുകളെ കേന്ദ്രീകരിച്ച് വർഷങ്ങൾക്കു മുമ്പ് കിഴക്കൻ മേഖലയിൽ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ക്ഷീരോല്പാദക സഹകരണ സംഘം പുനരുജ്ജീവിപ്പിക്കണം.

12.ഉല്പാദന-വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിനും കാർഷിക- വ്യവസായിക മേഖലയെ പുഷ്ടിപ്പെടുത്തുന്നതിനും തദ്വാര ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വേണ്ടി സഹകരണ മേഖലയെ മെച്ചപ്പെടുത്തണം.

13. "ഓരോരുത്തരും എല്ലാവർക്കും വേണ്ടിയും എല്ലാവരും ഓരോരുത്തർക്കും വേണ്ടിയും"- എന്ന സഹകരണ തത്വം പൂർണ്ണായും ഉൾക്കൊള്ളണം.

14. കക്ഷിരാഷട്രിയത്തിനതീതമായി പ്രാപ്തിയും സന്നദ്ധതയും ഉള്ളവരെ ഭരണ സാരഥ്യം ഏൽപ്പിക്കാൻ തക്ക രീതിയിൽ തെരഞ്ഞെടുപ്പ് രംഗം ക്രമീകരിക്കണം.

15. നബാർഡ് പോലുള്ള സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ പലിശയ്ക്ക് കിട്ടുന്ന പണം നല്ല രീതിയിൽ ഉപയോഗിക്കാൻ ഉതകുന്ന പദ്ധതികൾക്ക് സഹകരണ ഭരണ സമിതികൾ രൂപം നൽകണം.

16. വായ്പയെടുക്കുന്നവർ അതിൻെറ വിനിയോ ഗം

ഫലപ്രദമായി നടത്തുന്നണ്ടോ എന്ന് ഭരണസമിതികൾ വിലയിരുത്തണം.

17. ക്രഡിറ്റ് മേഖലയുടേയും നോൺ ക്രിഡിറ്റ് മേഖലയുടേയും പ്രവർത്തനം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ രണ്ട് ഉന്നതാധികാര കമ്മിറ്റികളെ നിയോഗിക്കണം.

18.സർക്കാർ നൽകേണ്ടതായ ഓഹരി മൂലധനം കുറവാണ്. ആളോഹരി നിക്ഷേപം 732 രൂപയും ആളോഹരി വായ്പ 1050 രൂപയുമാണ്. നിക്ഷേപത്തിൻെറ ഇരട്ടിയെങ്കിലും വായ്പയായി നൽകണം.

19. കയർ വ്യവസായ സഹകരണസംഘങ്ങളെ രക്ഷിക്കാൻ തൊണ്ട് ലവി സമ്പ്രദായം പുനഃസ്ഥാപിക്കണം.

20. ആധുനിക സംവിധാനങ്ങളെ സഹകരണ രംഗം പ്രയോജനപ്പെടുത്തണം.

21. കക്ക വ്യവസായ സഹകരണ സംഘങ്ങളെ നിലനിർത്തുന്നതിന് ചുണ്ണാമ്പുകല്ല് ഇറക്കുമതിയും കക്കാ കള്ളക്കടത്തും നിയന്ത്രിക്കണം.

22. സംഘാഗങ്ങളുടെ ഓഹരി തുകയ്ക്ക് തുല്യമായ തുകതന്നെ സർക്കാർ വിഹിതമായി നൽകണം.

23. നിക്ഷേപത്തിൻെറ തുല്യമായ വിഹിതം സർക്കാർ നൽകണം.

24.ബ്ലേയ്ഡ് കമ്പനികളെ നിരോധിക്കണം.

25. സേവന മേഖലയിൽ ലാഭം നോക്കാതെ സബ്സീഡി നൽകുന്ന നയം സർക്കാർ സ്വീകരിക്കണം.

26. ഒരു സ്ക്കൂളിന് ഒരു സംഘം എന്ന രീധി പ്രാവർത്തികമാക്കണം.

**18ാം ലേഖനത്തിൻെറ തുടർച്ച**

**18.4.1 കോടംതുരുത്ത് പഞ്ചായത്തിലെ ഗ്രന്ഥശാലകൾ.**

1.0 4.1 ഗ്രന്ഥശാലകൾ

| | |
|---|---|
| 1. സെൻറ് ആൻറണീസ് പബ്ലിക്ക് ലൈബ്രറി വാർഡ് 6 എഴുപുന്ന തെക്ക് | പ്രവർത്തനം ഇല്ല ഇവിടെ ഉണ്ടായിരുന്ന പുസ്തകങ്ങൾ കുത്തിയതോട് പോലീസ് സ്റ്റേഷൻ ലൈബ്രറിയിലേക്ക് മാറ്റി. |
| 2. എഴുപുന്ന തെക്ക് സർവ്വീസ് സഹകരണ സംഘം നമ്പർ 1124 ലൈബ്രറി | ദിനപത്രങ്ങൾ = 3 ഗസറ്റ്, = 2 വീക്കിലികൾ = 3 ഗ്രന്ഥശാല ഇല്ല. |
| 3. കോടംതുരുത്ത് പഞ്ചായത്ത് പബ്ലിക്ക് ലൈബ്രറി | പത്രം 5 വാരിക 3 മാസിക 3 ഗസറ്റ് പുസ്തക ശേഖരമുണ്ട് |
| 4. പോലീസ് സ്റ്റേഷൻ ലൈബ്രറി കോടംതുരുത്ത് കുത്തിയതോട് പി.ഒ | പോലീസ് സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഈ ഗ്രന്ഥശാല പോലീസുകാർക്കു മാത്രമുള്ളതാണ്. |
| 5. അയ്യൻകാളി സ്മാരക ട്രസ്റ്റ് വായന ശാല, വാർഡ് 3, ഇടത്തിച്ചിറ | പത്രം = 3, വാരിക = 3 ഗ്രന്ഥശാല പ്രവർത്തിക്കുന്നില്ല പുസ്തകം ഉണ്ട് വിതരണം ഇല്ല റീഡീങ്ങ് റൂം ഉണ്ട്. ഗ്രന്ഥ ശാല സംഘം അഫിലിയേഷൻ ഉണ്ട് |

# 8.2 പഞ്ചായത്തിലെ സഹകരണ സംഘങ്ങളുടെ സ്ഥിതിവിവര പട്ടിക

| ക്രമ നമ്പർ | സംഘങ്ങളുടെ പേര് | നല്കിയ വായ്പ ഇനം | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | ഒരു ഓഹരിയുടെ വില | അംഗീകൃത ഓഹരി മൂലധനം | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരി | പരമാവധി കടമെടുക്കാവുന്ന തുക | സ്വീകരിച്ച നിക്ഷേപം | നല്കിയ വായ്പ | പ്രവർത്തന പരിധി | ക്രെഡിറ്റ്/ നോൺ ക്രെഡിറ്റ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1. | എഴുപുന്ന തെക്ക് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (ക്ലിപ്തം) നമ്പർ 1124. | കാർഷിക വായ്പ<br>സാധാരണവായ്പ | എം.ഇ. 1101 | 6810 | 10 രൂപ | 50000000 | 1140000 | 25000 | 58055165 | 12758624<br>5308995 | 7127264<br>- | കോടംതുരുത്ത് പഞ്ചായത്തിലെ 9 വാർഡുകളും | ക്രെഡിറ്റ്<br>- |
| 2. | കുത്തിയതോട് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് നമ്പർ 1051. | സി.എസ്.ഒ.എൽ ബി.ഒ.ൽ | എം.ഇ. 1101 | 3871 | 10 രൂപ | 500000 | 191970 | ഇല്ല | 1919700 | 477027 | 445665 | കുത്തിയതോട്, കോടംതുരുത്ത് എഴുപുന്ന, തുറവൂർ, പാണാവള്ളി, തൈക്കാട്ടുശ്ശേരി, | ക്രെഡിറ്റ് |
| 3. | കുത്തിയതോട് ഇ.സി.ഇ.കെ. യൂണിയൻ സി.എസ്.എ.16 | - | 1952 | 5455 | 10,1 | 10000 | 5816 | - | - | - | - | ഇ.സി.ഇ.കെ. യൂണിയൻ ഹൈസ്ക്കൂൾ | നോൺ ക്രെഡിറ്റ് |
| 4. | കോടംതുരുത്ത് കയർ വ്യവസായ സഹകരണ സംഘം (ക്ലിപ്തം) നമ്പർ 136 | - | 1955 | 430 | 10 രൂപ | 200000 | 197433 | - | - | 1593 | - | കോടംതുരുത്ത് പഞ്ചായത്ത് മുഴുവനും | നോൺ ക്രെഡിറ്റ് |
| 5. | കുത്തിയതോട് കക്കവ്യവസായ സഹകരണസംഘം | - | 1963 | 701 | 10 | 700000 | 24226 | - | 3500000 | - | 87500 | അരൂർ എഴുപുന്ന കോടംതുരുത്ത് | നോൺ ക്രെഡിറ്റ് |
| 6. | കോടംതുരുത്ത് ഗവ.ഹൈസ്ക്കൂൾ സി.എസ് നമ്പർ 489 | - | 1976 | 6216 | 5,1 | 10000 | 6710 | - | - | - | - | കോടംതുരുത്ത് ഗവ.ഹൈസ്ക്കൂൾ എൻ.എസ്.എൽ.പി.എസ്. ഗവ. എൽ.പി.എസ്. കോടംതുരുത്ത് | നോൺ ക്രെഡിറ്റ് |
| 7. | ചങ്ങരം ഗവ.യു.പി സ്ക്കൂൾ സി.എസ് നമ്പർ എ 586 | | 1977 | 1053 | 5,1 | 10000 | 1372 | - | - | - | - | ചങ്ങരം യു.പി.എസ്, സെന്റ് ആന്റണീസ് എൽ.പി.എസ്, പറയകാട് എൽ.പി.എസ് | നോൺ ക്രെഡിറ്റ് |
| 8. | എഴുപുന്ന തെക്ക് കയർ വ്യവസായ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 556 | റാട്ടുവായ്പ | 1977 | 421 | 10 | 1000000 | 40490 | 235760 | 1000000 | - | 10583 | 5,6,7,8,9 വാർഡുകൾ, കോടംതുരുത്ത് പഞ്ചായത്ത് | നോൺ ക്രെഡിറ്റ് |
| 9. | കുത്തിയതോട് റൂറൽ ഹൗസിംഗ് സഹകരണ സംഘം എ 692 | - | 1980 | 737 | 100 | 200000 | 656625 | 100000 | - | 262 | 6089558 | അരൂർ,എഴുപുന്ന, കോടംതുരുത്ത് പഞ്ചായത്ത് | ക്രെഡിറ്റ് |
| 10. | എഴുപുന്ന തെക്ക് ക്ഷീരോല്പാദക സഹകരണ സംഘം നമ്പർ എ 93 (ഡി) | - | 1982 | 309 | 10 | - | 3490 | - | - | | - | കോടംതുരുത്ത് പഞ്ചായത്തിലെ 5,6,7,8,9 വാർഡുകളിൽ | നോൺ ക്രെഡിറ്റ് |
| 11. | കോടംതുരുത്ത് പഞ്ചായത്ത് പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) എ 797 | കാർഷിക വായ്പ | 1984 | 744 | 10 | 300000 | 33546 | 10000 | 335460 | 4418 | 214066 | കോടംതുരുത്ത് പഞ്ചായത്തിലെ 9 വാർഡുകൾ. | ക്രെഡിറ്റ് |
| 12. | കരുമാഞ്ചേരി ഭാഗം കയർ വ്യവസായ സഹകരണ സംഘം നമ്പർ എ 822 | - | 1985 | 241 | 10 | 100000 | 48000 | 48000 | 100000 | 649 | - | കോടംതുരുത്ത് പഞ്ചായത്തിലെ 6,7 വാർഡുകൾ. | നോൺ ക്രെഡിറ്റ് |
| 13. | ചേർത്തല താലൂക്ക് സെൻട്രൽ ഹരിജൻ മത്സ്യ തൊഴിലാളി സഹകരണ സംഘം നമ്പർ എഫ് (1)എ | ഉപകരണ വായ്പ | 1987 | 250 | 10 | 100000 | 2500 | 140000 | - | - | 31000 | ചേർത്തല താലൂക്ക്. | നോൺ ക്രെഡിറ്റ് |
| 14. | കോടംതുരുത്ത് പഞ്ചായത്ത് ഹരിജൻ വ്യവസായ സഹകരണ സംഘം നമ്പർ എ176 | - | 1992 | 27 | 2000 | 2000000 | 252000 | 201400 | 6300000 | - | - | കോടംതുരുത്ത് പഞ്ചായത്തിലെ 9 വാർഡുകൾ. | നോൺ ക്രെഡിറ്റ് |
| 15. | ചേർത്തല താലൂക്ക് പട്ടിക ജാതി ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം എ 907 | ഉപകരണ വായ്പ | 1992 | 55 | 25 | 250000 | 6025 | 50000 | 60250 | 7000 | 61000 | ചേർത്തല താലൂക്ക് . | നോൺ ക്രെഡിറ്റ് |
| 16. | കോടംതുരുത്ത്, എഴുപുന്ന ട്രാൻസ്പോർട്ട് സർവ്വീസ് സഹകരണസംഘം എ 1015 | - | 1996 | 28 | 1000 | 500000 | 130000 | - | 3250000 | - | - | ആലപ്പുഴ ജില്ല. | നോൺ ക്രെഡിറ്റ് |
| 17. | കോടംതുരുത്ത് ക്ഷീരോല്പാദകസഹകരണ സംഘം എ 88(ഡി) | - | - | - | - | - | - | - | - | - | - | പ്രവർത്തനമില്ല. | നോൺ ക്രെഡിറ്റ് |
| | ആകെ അംഗസംഖ്യ | | | 27,348 | | 13580000 | 2740203 | 890160 | 75420575 | 13249573 | 19375631 | | |



ജീവനക്കാർക്ക് ശമ്പളം പോലുമില്ലാത്ത പഞ്ചായത്ത്
വികസനം തേടുന്ന ഗ്രാമപഞ്ചായത്തുകൾ
കോടംതുരുത്ത്
കുടിവെള്ള ക്ഷാമം ഗുരുതര പ്രശ്നം
സാക്ഷരതാ പരിശീലനക്കളരി സമാപിച്ചു
ക്ഷരകേരളം
ദര കേരളം

# 20 വിഭവ സമാഹരണം



1. കോടംതുരുത്ത് ഗ്രാമപഞ്ചായത്ത്, 'സ്പെഷ്യൽ ഗ്രേഡി'ൽപെടുന്നു. സാമ്പത്തികബുദ്ധിമുട്ടുകളാണ് ഈ പഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. കഴിഞ്ഞ അഞ്ചുവർഷത്തെ വരവു ചെലവുകൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്. ഒരു കാർഷിക മത്സ്യബന്ധന മേഖലയായ ഈ ഗ്രാമത്തിന് പ്രദേശത്തെ വ്യാവസായിക വികസനം സമഗ്രമായി ആസൂത്രണം ചെയ്യാൻ സാധിച്ചില്ല.

## 2. വരവിനങ്ങൾ

നികുതികൾ, പ്രത്യേക ആക്ട് പ്രകാരമുള്ള വരവ്, പഞ്ചായത്തു വക വസ്തുക്കളിൽ നിന്നുള്ള ആദായം എന്നിവയാണ് പ്രധാനപ്പെട്ട വരവുകൾ. '91-'92 ൽ 3.73 ലക്ഷം രൂപയായിരുന്നു വരവ്. '95-'96 ആകുമ്പോൾ ഇത് 6.63 ലക്ഷമായി വർദ്ധിച്ചു. വരവിലുള്ള വർദ്ധന നിരക്ക് 7.74%.

നികുതി ഇനത്തിൽ '91-'92 ൽ 2.55 ലക്ഷം രൂപ പഞ്ചായത്തിന് ലഭിച്ചു. '95-'96 ൽ ഇത് 4.97 ലക്ഷം ആയി വർദ്ധിച്ചു. വർദ്ധനവ് 94.90%. പ്രത്യേക ആക്ട് പ്രകാരമുള്ള വരവ് വർദ്ധന '91-'92 ലെ വരവിന്റെ 55.15% ആണ്. പഞ്ചായത്തു വക വസ്തു വകകളിൽ നിന്നുള്ള വരവിൻ വർദ്ധനവ് 13.55% ആണ്. പഞ്ചായത്ത് ഫീസ് 77.33% വർദ്ധിച്ചു. പലവക വരവുകൾ 206% വർദ്ധിച്ചു.

നികുതിയിനങ്ങളിലാണ് വർദ്ധനവ് ഉണ്ടായത്. പഞ്ചായത്ത് വസ്തുവകകളിൽ നിന്നുള്ളവരവ് കലാനുസൃതമായി വർദ്ധിച്ചിട്ടില്ല.

## 3. ചെലവിനങ്ങൾ

തഞ്ചെലവ്, പൊതുമരാമത്ത്, വിദ്യാഭ്യാസം, പൊതുജനാരോഗ്യം, വൈദ്യുതി, പഞ്ചായത്ത് വക വസ്തുവകകൾ, കാർഷിക ഓരു മുട്ടുകൾ, കടം തിരിച്ചടയ്ക്കൽ എന്നിവയാണ് പ്രമുഖ ചെലവിനങ്ങൾ. '91-'92 ലെ ചെലവിനങ്ങളും '95-'96 ലെ ചെലവിനങ്ങളും സംബന്ധിച്ച വിലയിരുത്തൽ ഇപ്രകാരമാണ്.



ശമ്പളമിനത്തിൽ 67% വർദ്ധനയുണ്ടായി. '95-'96 പൊതുമരാമത്തു വർക്കുകൾക്കായി പണം ചെലവഴിച്ചിട്ടില്ല. വിദ്യാഭ്യാസത്തിന് 24.95% വും പൊതുജനാരോഗ്യത്തിന് 30.3%വും വർദ്ധനയുണ്ടായി. വൈദ്യുതി നിരക്കിൽ വർദ്ധനവുണ്ടായിട്ടില്ല. '95 -'96 ൽ സാമൂഹ്യ ക്ഷേമത്തിനായും പഞ്ചായത്ത് വസ്തുവകകൾ സംരക്ഷിക്കുന്നതിനായും കാർഷിക ഓരുമുട്ടുകൾ ഇടുന്നതിനായും പഞ്ചായത്ത് പണം ചെല വഴിക്കുകയുണ്ടായിട്ടില്ല.

'91-'92 ൽ നിന്ന് '95-96 ലെത്തുമ്പോൾ 62.44% ചെലവിനത്തിൽ വർദ്ധിക്കുകയുണ്ടായി. '95-'96 ൽ 6,63,903 രൂപ വരവുണ്ടായി. എന്നാൽ ചെലവ് 7,41,640 രൂപയാണ്. കമ്മി 11.71% ആണ്.

സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താകയാൽ, എസ്റ്റാബ്ലിഷ്മെന്റ്ഗ്രാൻറ് (തൻ ചെലവുകൾക്കുള്ളഗ്രാൻറ്) ലഭിക്കുന്നില്ല. തനതു വരവിന്റെ സിംഹഭാഗവും തൻ ചെലവുകൾക്കായാണ് ചെലവഴിക്കുന്നത്. നികുതിയേതര വരുമാനത്തിൽ വർദ്ധനവില്ല. പൊതുമരാമത്ത് പണികൾക്കായി വിനിയോഗിക്കുവാൻ പഞ്ചായത്ത് ഫണ്ടില്ല. വർഷങ്ങളായി പഞ്ചായത്ത് ലക്ഷകണക്കിന് രൂപ മൈനസ്സ് ഫണ്ടിൽ പ്രവർത്തിക്കുകയാണ്.

## 4. സർക്കാരിൽനിന്നു ലഭിക്കുന്ന ധനസഹായം

### 4.1 ഗവൺമെന്റ് ഗ്രാൻറുകൾ

| 1991-92 | 1992-93 | 1993-94 | 1994-1995 | 1995-96 |
|---|---|---|---|---|
| 29,381 | 78,931 | 3,63,433 | 10,196 | 46,368 |

ഏറ്റവും കൂടുതൽ ഗ്രാൻറ് ലഭിച്ചത് '93-'94 ലാണ്. ഏറ്റവും കുറവ് '94-'95 ലും. ഗ്രാൻറുകൾക്ക് ക്രമപ്രവൃദ്ധമായ വളർച്ച കാണുന്നില്ല.'91-'92 നേക്കാൾ 57.82% വർദ്ധന '95-'96 ലുണ്ട്.

### 4.2 അൺടൈഡ് ഫണ്ടുകൾ:-

| 1991-'92 | '92-'93 | '93-'94 | '94-'95 | '95-'96 |
|---|---|---|---|---|
| 1,87,000 | 1,96,000 | 2,08,000 | 2,79,000 | 2,98,000 |

അൺടൈഡ് ഫണ്ടിനത്തിൽ '91-'92 നേക്കാൾ 59,36% വർദ്ധനവുണ്ടായി. പഞ്ചായത്തിന് ഈ ഇനത്തിൽ ലഭിച്ച തുകയ്ക്ക് ക്രമപ്രവൃദ്ധമായ വർദ്ധനവുണ്ട്

### 4.3 ജെ.ആർ.വൈ

| 1991-'92 | 1992-'93 | 1993-'94 | 1994-'95 | 1995-1996 |
|---|---|---|---|---|
| 4,12,961 | 3,97,400 | 2,80,200 | 2,63,500 | 2,81,000 |

ജെ.ആർ.വൈ ഫണ്ടുകൾ ഓരോ വർഷവും കുറഞ്ഞുവരുന്നു. '91-92 നേക്കാൾ 46.96% കുറവാണ്, '95-96ൽ. അൺടൈഡ്ഫണ്ട്, ജെ.ആർ.വൈ ഫണ്ട് എന്നിവ ഉപയോഗിച്ചുള്ള വർക്കുകൾ മാത്രമേ പഞ്ചായത്തിന് നടത്തുവാൻ കഴിയുന്നുള്ളൂ. ഇതിൽ അൺടൈഡ്ഫണ്ട് ഉപയോഗിച്ചുള്ള പണികൾ പഞ്ചായത്ത് നേരിട്ടും ജെ.ആർ.വൈ ഫണ്ടുപയോഗിച്ചുള്ള പണികൾ അതിനായിതെരഞ്ഞെടുക്കപ്പെട്ടനിർമ്മാണ കമ്മിറ്റിയുടെ കൺവീനർമാർ മുഖേനേയും നടത്തുന്നു.

### 4.4 വികസന പ്രവർത്തനത്തിലെ സന്നദ്ധത:-

സ്കൂൾ പി.ടി.എ കൾ കേന്ദ്രീകരിച്ചുള്ള വികസന പ്രവർത്തനങ്ങളാണ് ഈ പഞ്ചായത്തിൽ മുന്നിട്ടു നിൽക്കുന്നത്.

## 5. ഉല്പാദനമേഖലയിൽ പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങൾ

5.1 പ്രത്യേക ഉല്പാദന മേഖലയിൽ കഴിഞ്ഞ വർഷം ഒരു ലക്ഷത്തോളം രൂപ ചെലവഴിച്ച് കുത്തിയതോട് മാർക്കറ്റിൽ നാലു മുറികളോട് കൂടിയ മാർക്കറ്റ് സ്റ്റാൾ നിർമ്മിച്ചു. ഈ ഇനത്തിൽ പ്രതിവർഷം 20,000 - രൂപ വരുമാനമുണ്ട്.

ഓരുമുട്ടുകൾ സ്ഥാപിക്കുന്നതിന് പ്രതിവർഷം17000ത്തോളം രൂപ ചെലവഴിക്കേണ്ടിവരുന്നു.

### 5.2 ധനകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനം

സ്വകാര്യമേഖലയിൽ പണം പലിശയ്ക്ക് കൊടുക്കുന്ന 30 സ്ഥാപനങ്ങൾ ഉണ്ട്. ഇവ ചിട്ടി നടത്തുക, അമിത പലിശയ്ക്ക് പണം കൊടുക്കുക എന്നിവ നടത്തുന്നു. ഇതിനു പുറമേ നാല് ബാങ്കുകളുണ്ട്. എസ്.ബി.ഐ, എസ്.ബി.ടി, ധനലക്ഷ്മി ബാങ്ക്, ഡി.സി.ബി എന്നിവയാണ് അവ. കൂടാതെ, സർക്കാർ മേഖലയിലെ ചിട്ടി സ്ഥാപനമായ ഫിനാൻഷ്യൽ എൻറർപ്രൈസസും ഈ ഗ്രാമത്തിൽ പ്രവർത്തിക്കുന്നുണ്ട്.

### 5.3 വിദേശ ജോലിക്കാർ

117പേർവിദേശത്തും 293 പേർസംസ്ഥാനത്തിനു പുറത്തും ഈ ഗ്രാമത്തിൽ നിന്നും ജോലി ചെയ്യുന്നു.

### 6 കടം തിരിച്ചടക്കുന്നതിന് വേണ്ടിയുള്ള ചെലവുകൾ

6.1 പ്രതിവർഷം ഒരു ലക്ഷത്തോളം രൂപ പൈപ്പുകൾ സ്ഥാപിച്ച വകയിൽ ജല അതോറിറ്റിക്ക് നൽകണം. നാളിതുവരെ ഈ തുക കൊടുക്കാവാനായിട്ടല്ല.

6.2 കറൻറ് ചാർജിനത്തിൽ പ്രതിവർഷം 35000 രൂപ വഴിവിളക്ക് സ്ഥാപിച്ചിട്ടുള്ളതിന് ഇലക്ട്രിസിറ്റി ബോർഡിന് നൽകണം.

6.3 ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി എടുത്തിട്ടുള്ള 148823.50 രൂപ സർക്കാർ ലോൺ തിരികെ കൊടുക്കുവാനുണ്ട്. പ്രത്യുൽപാദനപരമല്ലാത്ത ഈ തുക പ്രതിവർഷം 23577 രൂപ പ്രകാരം തിരികെ ഒടുക്കേണ്ടതുണ്ട്. 1987 മുതൽ ഈ തുക കുടിശിക വരുത്തിയിരിക്കുകയാണ്.

### 7.പ്രശ്നങ്ങൾ

1 'സ്പെഷ്യൽ ഗ്രേഡ് 'പദവി പഞ്ചായത്തിന് ലഭിച്ചത് പഞ്ചായത്ത് പുറമ്പോക്ക് തോടുകൾ മത്സ്യ കൃഷിക്ക് ലേലം ചെയ്തു കൊടുക്കുന്നതിലൂടെയായിരുന്നു. ചില സാങ്കേതി കാരണങ്ങളാൽ കുറെ വർഷങ്ങളായി പഞ്ചായത്തിന് ഈ വരുമാനം നഷ്ടപ്പെട്ടു.

2. പരിമിതമായെങ്കിലും പഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ അടയ്ക്കേണ്ട പതിനായിരികണക്കിന് തുക അടയ്ക്കുവാൻ കഴിയുന്നില്ല.

3. തീരദേശ പഞ്ചായത്ത് ആയതിനാൽ പല സ്കീമുകളിലായി നിർമ്മിക്കുന്ന റോഡുകൾ കൂടുതൽ ഈടുറ്റവയല്ല. തൻമൂലം പഞ്ചായത്തിന് ലഭിക്കുന്ന ഗ്രാൻറുകൾ റിപ്പയർ പണികൾക്കായി ചെലവഴിക്കേണ്ടിവരുന്നു.

4. അസസ്മെൻറിന് ശേഷം ഉണ്ടാകുന്ന കെട്ടിട പരിഷ്ക്കാരങ്ങളുടെ അടിസ്ഥാനത്തിൽ അപ്പപ്പോൾ പരിശോധനയ്ക്ക് വിധേയമാക്കി നികുതി ചുമത്തുന്നില്ല. അതോടൊപ്പം വാടകയ്ക്ക് കൊടുക്കുന്ന കെട്ടിടങ്ങളെ യഥാർത്ഥ വാടകയുടെ അടിസ്ഥാനത്തിൽ നികുതിക്ക് വിധേയമാക്കുന്നില്ല.

5. നികുതിയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായെങ്കിലും

പഞ്ചായത്ത് വക വസ്തുവകകളിൽ നിന്ന് കാലാനുസൃതമായ വർദ്ധനവ് ഉണ്ടായില്ല.

6. പഞ്ചായത്തിൻെറ ഇപ്പോഴത്തെ കെട്ടിട നികുതി നിർണ്ണയത്തിൽ സാരമായ അപാകത കളുണ്ട്.

7 . രജിസ്ട്രേഷൻ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലഭിക്കുന്ന തുക തുലോം തുച്ഛമാണ്.

8. പഞ്ചായത്തതിർത്തിയിൽ 37ഓളം ചെമ്മീൻ സംസ്ക്കരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ലൈസൻസ് ഫീസ് വർഷങ്ങൾക്ക് മുമ്പ് നിർണ്ണിയിക്കപ്പെട്ട മാനദണ്ഡത്തെ അടിസ്ഥാനമാക്കിയുള്ളതാണ്.

9. പുറമ്പോക്ക് തോടുകളിൽ നിന്നും ഇപ്പോൾ പഞ്ചായത്തിന് ഒരു വരുമാനവും ലഭിക്കുന്നില്ല.

10. പഞ്ചായത്ത് മേഖലയിൽ നിലനില്ക്കുന്ന രൂക്ഷമായ ഊർജ്ജ പ്രതിസന്ധിയാണ് ഇവിടെ വ്യവസായങ്ങൾ ആരംഭിക്കുവാൻ തടസ്സം നില്ക്കുന്നത്.

11. ഇതു വരെ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾക്ക് ബഹുജന പങ്കാളിത്തം ഉണ്ടായിരുന്നില്ല.

12. പഞ്ചായത്ത് വാദിയായും പ്രതിയായും നടത്തിവരുന്ന കേസുകളുടെ ബാഹുല്യം വലിയ സാമ്പത്തിക ബാദ്ധ്യതകൾക്ക് കാരണമാകുന്നു.

13. പഞ്ചായത്താഫിസ് അടക്കമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിലേക്കായി ഗ്രാമ വികസന വകുപ്പിൽനിന്നും എടുത്തിട്ടുള്ള കടങ്ങൾ പലിശ സഹിതം തിരിച്ചടയ്ക്കുവാൻ കഴിയുന്നില്ല.

**8.ഗ്രാമസഭാനിർദ്ദേശങ്ങൾ**

1. സ്വകാര്യ ആശുപത്രികളിൽ നിന്നും വർഷത്തിൽ നിശ്ചിത ശതമാനം ഫീസ് പഞ്ചായത്ത് ഈടാക്കണം.

2. വർഷങ്ങളായി മൈനസ് ഫണ്ടിൽ പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിന് ഗ്രേഡ് മാറ്റി ഫസ്റ്റ് ഗ്രേഡാക്കണം.

3.മത്സ്യം, ചെമ്മീൻ, ഞണ്ട് വളർത്തൽ കേന്ദ്രങ്ങളിൽ നിന്ന് ഏക്കറിന് നൂറു രൂപ നിരക്കിൽ ഫീസ് ഈടാ ക്കണം

4. ടാക്സി വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം എർപ്പെടുത്തി ഫീസ് പിരിക്കണം

5. പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ വാഹനങ്ങൾക്കും നികുതി ഏർപ്പെടുത്തണം.

6. ഷോപ്പിംഗ്കോംപ്ലക്സ്, പബ്ലിക്മാർക്കറ്റ് എന്നിവ നിർമ്മിക്കുക.

7. പഞ്ചവാർഷിക നികുതി പുതുക്കലിൽ അർഹമായ നികുതി എല്ലാ കെട്ടിടങ്ങൾക്കും ചുമത്തുന്നതിനും ഇടയ്ക്കുണ്ടാകുന്ന കെട്ടിട പരിഷ്ക്കാരങ്ങൾക്ക് അപ്പപ്പോൾ നികുതി ചുമത്തുന്നതിനുള്ള ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്തണം.

8.പഞ്ചായത്ത് ഉദ്യോഗസ്ഥ[illegible]ാർക്ക് നേരിട്ട് സർക്കാർ ഖജനാവിൽ നിന്ന് ശം[illegible]ം നൽകാൻ നടപടിയെടുക്കു കയാണെങ്കിൽ പ[illegible]യത്തിൻെറ തനത് ഫണ്ട് വിവിധ വികസ നപ്രവ.ർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുവാൻ കഴിയും

9. പഞ്ചായത്തിൻെറ ഉടമസ്ഥതയിൽ നിന്നും നഷ്ടപ്പെട്ടുപോയ പുറമ്പോക്കു ഭൂമി, തോടുകൾ എന്നിവ പഞ്ചായത്തിന് തിരികെ ലഭ്യമാക്കാൻ നടപടികൾ കൈക്കൊള്ളണം

10. വികസന പ്രവർത്തനങ്ങളിൽ വർദ്ധിച്ച തോതിലുള്ള ജന പങ്കാളിത്തവും വിഭവ സമാഹരണവും സ്വായത്തമാക്കുക.

11. നിർമ്മാണ പ്രവർത്തനങ്ങളിൽ ജന പങ്കാളിത്തവും സന്നദ്ധസേവനവും ഉറപ്പുവരുത്തുവാൻ ദീർഘകാലപരിപാടിക്ക് രൂപം നൽകണം.

12. ബിൽഡിംഗ് റഗുലേഷൻ ആക്ട് നടപ്പിലാക്കി പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുക.

13.വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളുടെ യഥാർത്ഥ വാടക എത്രയെന്നറിയുന്നതിനും, വസ്തു കൈമാറ്റത്തിൻെറ യഥാർത്ഥവില അറിയുന്നതിനുമുള്ള ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്തണം.

14. നിലവിലുള്ള ഡി ആൻറ് ഒ ബൈലയിലെ ലൈസൻസ് ഫീസ് സമ്പ്രദായം കാലോചിതമായി പരിഷ്ക്കരിക്കുക.

15.വിവാഹ രജിസ്ട്രേഷൻ ഫീസ് ഏർപ്പെടുത്തുകയും , സർച്ച് ഫീ വർദ്ധിപ്പിക്കുകയും ചെയ്യുക.

16. അൺ എയ്ഡഡ് ഇംഗ്ലീഷ്- മലയാളം സ്ക്കൂളുകൾ പാരലൽ, കോളേജുകൾ, സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നികുതി ഈടാക്കുക.

1 . സ്വകാര്യ ആശുപത്രികളിൽ നിന്നും ഹൗസ് കൺസൾട്ടൻസിയിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കേണ്ടതാണ്.

18. പഞ്ചായത്തതിർത്തിയിലുള്ള മുഴുവൻ ഫെറി സർവ്വീസുകളും ലേലം ചെയ്ത് വരുമാനം വർദ്ധിപ്പിക്കണം,

19. പഞ്ചായത്തതിർത്തിക്കുള്ളിൽ നടക്കുന്ന വസ്തു

പഞ്ചായത്തിൻെറ 91-92 മുതൽ 95-96 വരെയുള്ള തനത് വരവും ചെലവും (ഗ്രാൻറ് തുകയുടെ വരവ് ചെലവ് കഴിച്ച്)

| വരവിനങ്ങൾ | 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| നികുതി ഇനം | 255696.10 | 321204.60 | 375259.35 | 448067.50 | 497433.00 |
| പ്രത്യേക ആക്ട് പ്രകാരം വരവ് | 30626.00 | 37288.05 | 39536.00 | 40714.00 | 47516.00 |
| പഞ്ചായത്ത് വക വസ്തുവകകളിൽ നിന്നുള്ള വരവ് | 68599.60 | 73888.00 | 109075.50 | 77218.15 | 77893.00 |
| പഞ്ചായത്ത് ഫീസ് | 12909.05 | 13612.50 | 19892.50 | 18226.70 | 22891.00 |
| പലവക വരവുകൾ | 5937.11 | 3635.75 | 14824.45 | 18170.00 | |
| ആകെ | 373767.86 | 445993.15 | 547329.10 | 599050.80 | 663903.00 |
| ചെലവിനങ്ങൾ | | | | | |
| നടത്തിപ്പ് | 356334.90 | 416018.60 | 461118.55 | 488437.50 | 504820.00 |
| പൊതുമരാമത്ത് | 9968.00 | 69460.00 | | 9871.00 | |
| വിദ്യാഭ്യാസം | 18221.65 | 21914.40 | 28299.30 | 21596.50 | 22767.50 |
| പൊതുജനാരോഗ്യം | 19537.00 | 19025.00 | 21724.00 | 24897.00 | 25540.00 |
| വൈദ്യുതി | 34507.80 | 34507.80 | 36517.15 | 34568.80 | 34507.15 |
| സാമൂഹ്യക്ഷേമം | 100.00 | 2913.00 | | 496.00 | |
| പഞ്ചായത്ത് വസ്തു വകകൾ | 17902.00 | 2628.00 | 11209.00 | 3060.00 | |
| കാർഷിക ഓരുമുട്ടുകൾ | | | | 24097.00 | |
| അസാധാരണ ചെലവുകൾ (കടം തിരികെ ) | | | 25871.50 | | |
| പലവക | | 15406.00 | | | |
| ആകെ | 456571.35 | 566466.80 | 584739.50 | 607023.80 | 741640.65 |

KODAMTHURUTH PANCHAYATH '96

കൈമാറ്റ നികുതി അതാതു പഞ്ചായത്തുകൾക്ക് നേരിട്ട് ലഭ്യമാക്കണം.

20. പഞ്ചായത്ത് പ്രദേശത്തെ ചെമ്മീൻ, മത്സ്യ സംസ്ക്കരണ ശാലകൾക്കുള്ള ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുവാൻ ബൈലോ ഭേദഗതി ചെയ്യണം.

21. പഞ്ചായത്തിൻെറ പലിശ രഹിത തനതു ഫണ്ടുപോയഗിച്ച് ഷോപ്പിംഗ് കോംപ്ലക്സ്, സ്റ്റാളുകൾ, സാംസ്ക്കാരിക നിലയം എന്നിവ നിർമ്മിച്ച് വരുമാനം വർദ്ധിപ്പിക്കണം.

22. പഞ്ചായത്ത് പ്രദേശത്ത് പരസ്യം പ്രദർശിപ്പിക്കുന്നതിനും പതിക്കുന്നതിനും ഫീസ് ഈടാക്കണം.

23. ജലാശയങ്ങളിൽ നിന്നും അരവ, ചെളി, മണൽ വാരുന്നതിന് പാസ് സമ്പ്രദായം ഏർപ്പെടുത്തണം.

24. പഞ്ചായത്ത് വസ്തുവകകളിൽ നിന്നും വരവ് കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി നടപടി സ്വീകരിക്കണം.

25. പഞ്ചായത്ത് വക സ്ഥലം തറവാടകയ്ക്ക് നൽകുന്നത് ഒഴിവാക്കി ബങ്കുകൾ നിർമ്മിച്ച് ലേലം ചെയ്ത് നൽകണം.

26. വണ്ടി, വള്ളത്താവളങ്ങൾ സൗകര്യപ്പെടുത്തി ലേലം ചെയ്ത് നൽകണം.

2 .പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ പ്പെടുത്തണം.

28.പഞ്ചായത്ത് പ്രദേശത്ത് എസ്.ബിഐ, എസ്,ബി.ടി ഡി.സി.ബി, ഡി,എൽ,ബി, കെ.എസ്.എഫ്,ഇ തുടങ്ങിയ പ്രമുഖ ബാങ്കുകൾ പ്രവർത്തിയ്ക്കുന്നുണ്ട്. ഇവിടെ നിന്നും നിക്ഷേപമായി സമാഹരിക്കുന്ന തുകയുടെ എൺപതു ശതമാനവും പ്രദേശത്തെ കാർഷിക -വ്യാപാര- വാണിജ്യ- വ്യാവസായിക വികസനത്തിനായി വിനിയോഗിക്കപ്പെടുവാൻ നടപടിയുണ്ടാവണം.

29. പഞ്ചായത്ത് പ്രദേശത്തെ ക്രെഡിറ്റ് സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുകയും പഞ്ചായത്തിൻെറ ധനനിക്ഷേപം സഹകരണ ബാങ്ക് വഴി നടത്തുവാൻ നിയമ ഭേദഗതി വരുത്തണം.

30. വളർത്തുനായ ഫീസ് 25രൂപയായി വർദ്ധിപ്പിക്കണം.

പഞ്ചായത്തിൻെറ തനത് വരവ് ചെലവ്
(ഗ്രാൻറ് തുകയുടെ വരവ് ചെലവ് കഴിച്ച് )

| വർഷം | വരവ് | ചെലവ് |
|---|---|---|
| 1991-92 | 373767.86 | 456571.35 |
| 1992-93 | 445993.15 | 566466.80 |
| 1993-94 | 547329.10 | 584739.50 |
| 1994-95 | 599050.80 | 607023.80 |
| 1995-96 | 713903.00 | 741640.65 |

## പോലീസ് സ്റ്റേഷനിൽ ഒരു ലൈബ്രറി

നമ്മുടെ ഗ്രാമത്തിലെ കുത്തിയതോട് പോലീസ് സ്റ്റേഷനിൽ ഒരു ലൈബ്രറി പ്രവർത്തിച്ചു വരുന്നു. പോലീസ് ഉദ്യോഗ സ്ഥന്മാരുടെ ആവശ്യത്തിന് അവർ തന്നെ സ്ഥാപിച്ചതാണിത്.സംസ്ഥാനത്ത് തന്നെ ഇത്തരമൊരു സംരംഭം ആദ്യമാണെന്ന് പറയപ്പെടുന്നു.

" സേനേഹമൂർത്തിയായ സ്ത്രീ അഹിംസയുടെ അവതാരമാണ് "
ഗാന്ധിജി



സന്ദർശകർക്കൊരു പറുദീസ

ഉളവയ്പ് കായലിന്റെ വിരിമാറിൽ പുതിയ അനുഭവവുമായ്

# 21 ഉപസംഹാരം

**സഹോദരങ്ങളേ,**

**ഇന്നലെ നാം എന്തായിരുന്നു. ഇന്നത്തെ അവസ്ഥയെന്താണ്. നാളെ എന്തായിരിക്കണം. ഇതു സംബന്ധിച്ച നമ്മുടെ അന്വേഷണമാണ് ഈ വികസന രേഖയുടെ ഉള്ളടക്കം. ഇത് വളരെ ശ്രമകരമായ ഒന്നായിരുന്നു.**

**ഇന്നലെകളെക്കുറിച്ച് അന്വേഷിച്ചു കണ്ടെത്താനും കണ്ടെത്തിയവയുടെ ശരിയും തെറ്റും വിലയിരുത്തുവാനും നന്നേ ബദ്ധപ്പെടേണ്ടിവന്നു. രേഖകളുടെ അഭാവവും ചരിത്രരേഖകൾ സൂക്ഷിക്കുന്നതിലുള്ള താത്പര്യക്കുറവും ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കേണ്ട ആവശ്യകതയെക്കുറിച്ചുള്ള അറിവില്ലായ്മയും ഇതിനു കാരണമായി. കാരണവൻമാരുമായുള്ള ചർച്ചകളെയാണ് ഇതിനു പ്രധാനമായും ആശ്രയിച്ചത്. ഇതിൽ പാളിച്ചകൾ സംഭവിച്ചിരിക്കാം.**

**ഇന്നത്തെ അവസ്ഥ വിലയിരുത്താൻ നമ്മുടെ സ്ഥാപനങ്ങൾ ഏറെ സഹകരിച്ചു. അവിടെയും പ്രശ്നങ്ങളുണ്ട്. രേഖകൾ വേണ്ടത്ര ഭംഗിയായി സൂക്ഷിച്ചിരുന്നില്ല. ഉദ്യോഗസ്ഥൻമാർ നൽകിയ വിവരങ്ങളെ ആശ്രയിക്കാനേ തരമുണ്ടായിരുന്നുള്ളൂ. അതും പലപ്പോഴും അപൂർണ്ണമായിരുന്നു.**

**നമ്മുടെ ഗ്രാമസഭകളുടെ മുമ്പാകെ അവതരിപ്പിച്ച പ്രശ്നങ്ങളിൽ കൂട്ടായ ചർച്ച നടത്തുവാൻ നമുക്ക് കഴിഞ്ഞു. അത് വമ്പിച്ച നേട്ടമാണ്. പ്രശ്നങ്ങൾ കണ്ടെത്തിയപ്പോൾ അവയ്ക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കുവാൻ ഗ്രാമസഭക്ക് കഴിഞ്ഞു. ആ നിർദ്ദേശങ്ങൾ നടപ്പാക്കുക എന്നതാണ് നമ്മുടെ ആവശ്യം. അതിന് മറ്റാരും വരില്ല. നാം തന്നെ അവ ഏറ്റെടുക്കണം.**

**ഇതിനായി അണിയറയിൽ പണിയെടുത്തവർ ഏറെയുണ്ട്. അവർക്കൊക്കെ പേരെടുത്തുപറഞ്ഞ് നന്ദി രേഖപ്പെടുത്തുക അസാദ്ധ്യമാണ്. അത്രയ്ക്കധികം അവർ കഷ്ടപ്പെട്ടു. ഉദ്യോഗസ്ഥൻമാർ, ഡി. ആർ. പി. മാർ, കോർ ഗ്രൂപ്പ് അംഗങ്ങൾ, ആർ. പി. മാർ, ബ്ലോക്കിലെ കെ. ആർ. പി., ഗ്രാമസഭകളിൽ പങ്കെടുത്തവർ, വിവരങ്ങൾ ശേഖരിച്ചവർ, വിവരങ്ങൾ നൽകിയവർ എന്നിങ്ങനെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടവർ അനവധിയാണ്. എന്നാൽ ശ്രീ. പി.ആർ രാമചന്ദ്രന്റെ (സീനിയർ ലക്ച്ചറർ,ഡയറ്റ്, തിരുവല്ല )പേരെടുത്ത് പറയാതിരിക്കുന്നത് അനുചിതമായിരിക്കുമെന്ന് ഞങ്ങൾ കരുതുന്നു.**

**നമ്മുടെ ചരിത്രത്തെ വിലയിരുത്തി ഇന്നത്തെ അവസ്ഥ മനസ്സിലാക്കി നാളെ എങ്ങനെയായിരിക്കണമെന്ന് കണ്ടെത്താൻ നമുക്ക് കൂട്ടായി ശ്രമിക്കാം. ഈ രേഖ നിങ്ങളുടെ ചർച്ചയ്ക്കും തെറ്റുകൾ തിരുത്തി സമ്പൂർണ്ണമാക്കുന്നതിനും വേണ്ടി സമർപ്പിക്കുന്നു.**

**വിനയാദരപൂർവ്വം,**

**25.12.1996** **നിങ്ങളുടെ ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ**

ഡി.ആർ.പി മാർ.

1.വി.കെ. അംബർഷൻ.
2. കെ. പ്രദീപ് കുമാർ.
3. എ. എൽ അനിയച്ചൻ.
4. എ. പുരുഷോത്തമൻ.
5. എൻ. കെ. വിജയൻ.
6. സുധ. എസ് പ്രസാദ്.

**ആർ.പി.മാർ.**

വാർഡ് 1

1.എൻ.എ മജീദ് 2. ആർ.സുകുമാരൻ നായർ 3. കെ.കെ ലത്തീഫ് 4.പി.എം. സതീശൻ 5. ആർ.അപ്പു 6.കെ.ആർ മോഹനൻ നായർ 7.കെ.ബി രത്നമ്മ 8 ആർ.അശോകൻ

വാർഡ് 2

1. എ.തങ്കച്ചൻ 2. വി.രാജേന്ദ്രൻ 3. കെ.യൂസഫ് 4. കെ.കെ. ചക്രപാണി 5. എസ്. ജോസഫ് 6 എം. ശശിധരൻ 7.ബി. ചന്ദ്രൻ 8.ലളിതമ്മ

വാർഡ് 3

1. കെ. എൻ. പൊന്നപ്പൻ 2. പി.ആർ. ഷൺമുഖൻ 3. പി.കെ. തങ്കപ്പൻ 4. എൻ. ബാബു 5. ഷൈലജൻ കാട്ടിത്തറ 6.കുമാരൻ. സി.കെ 7. മാധവൻ 8. എൻ. രാജ്കുമാർ 9. ജോൺ വർഗ്ഗീസ്

വാർഡ് 4

1.സി.പി സൈജു 2. കെ. മോഹനൻ 3.സതീഷ് ചന്ദ്രൻ 4. ഭുവനേശ്വര പണിക്കർ 5. അജിത് 6. എം. പി മുകുന്ദൻ 7. രാധാമണി ഭാർഗ്ഗവൻ 8. കെ. പി സുധാകരൻ 9. പി.കെ ലീലാമ്മ .

വാർഡ് 5

1.സോമൻ കെ.വി 2. സുരേഷ് പി.പി 3. രാമചന്ദ്രൻ 4.കെ.ടി കുഞ്ഞപ്പൻ 5. പി.കെ ഉദയമ്മ 6. എസ്.ബാഹുലേയൻ 7 കെ.എ. വിശ്വനാഥൻ 8.കെ.കെ പുരഷോത്തമൻ 8. മിനി ആലുങ്കൽ

വാർഡ് 6

1.പി.ജെ ഐസക്ക് 2. കെ.മുകുന്ദൻ 3. രമാഗോപി 4. എം.കെ നാരായണൻ 5.ടി.വി രാഘവൻ 6. ജയമണി 8. ഇ.കെ ഗോപി9. ജോയി കുരുവിള10.ഹിലാൽ മുഹമ്മദ്

വാർഡ് 7

1. വി. വി സുഗുണൻ 2. ഷാജി പണിക്കവീട് 3, ഭാസ്ക്കരൻ 4.ടോമി വില്യംസ് 5. പി.എ അനിരുദ്ധൻ 6.കെ.ജെ.റോയ് 7. ലീലാ ബാലചന്ദ്രൻ 8.സി.ജെ ജോസഫ് 9. രമണി.ജി 10.ഗിരിജ ആർ 11.ടി വി .ചെറിയാൻ.

വാർഡ് 8

1. ശിവശങ്കരൻ 2. സീ.ജി പരമേശ്വരൻ 3. ആൻറണി ജോർജ് 4. സൗദാമിനി.വി.കെ 5. കെ.എം കുഞ്ഞുമോൻ. 6 സി.പാലി 7. കെ. എം ചന്ദ്രൻ 8. പ്രസന്ന 9.സീജ.സി.ആൻറണി 10 ജോസഫ് ആലുങ്കൽ

വാർഡ് 9

1. എൻ.കെ. പ്രതാപൻ 2. കെ.പി.മോഹനൻ 3. എൻ.സി.ദാമോദരൻ 4. പി.വി.മണിയപ്പൻ 5. കിഷോർ കുമാർ 6. ഷീജാ ജോസഫ് 7. പ്രകാശൻ എൻ.കെ 8.രേണുകാ സാജൻ 9. രമാദേവി 10. സി. ആർ.ഗോപകുമാർ 13.രതി.

**മേപ്പുകൾ**

1. കേരളം,ജില്ല,പഞ്ചായത്ത്.
2. സ്ഥാപനങ്ങൾ,വാർഡ് മണ്ഡലങ്ങൾ.
3. മണ്ണിനങ്ങൾ, ഭൂമിയുടെ ഘടന.
4. റോഡുകൾ, ജലാശയങ്ങൾ, പാലങ്ങൾ, സ്ക്കൂളുകൾ.
5. ജലവിതരണം

## കോർ ഗ്രൂപ്പ് അംഗങ്ങൾ.

1. ടി. ചിത്ര, കൃഷി ഓഫീസർ, കോടംതുരുത്ത്, 2. ടി. കല്യാണികുട്ടി അമ്മ, വുമൻസ് വെൽഫയർ ആഫീസർ, 3. ഡോഃ എൻ സുദക്ഷിണ സി.എം.ഒ, ഡി.എ.എച്, ആലപ്പി. 4.ഗ്രേസി സെബാസ്റ്റ്യൻ ,കരുമാഞ്ചേരി , 5. കെ.രാജമ്മ ലൈബ്രേറിയൻ കോടം തുരുത്ത് പഞ്ചായത്ത്, 6. റോസി ജോസഫ് 7. ഗ്ലേഡീസ് പത്മം ബി.കെ സൂപ്പർ വൈസർ ഐ.സി.ഡി.സ്, 8. ഗിരിജ.ആർ. അംഗനവാടി വർക്കർ 9. കെ.പി ശാന്തമ്മ എച്.എം.സെൻറ് ആൻറണീസ് ഗവ ഃഎൽ.പി.എസ് എഴുപുന്ന സൗത്ത്, 10.റീത്താമ്മ ഏ.സി. എച്.എം. സെൻറ് മാർട്ടിൻ, യു.പി.എസ്, 11. എ.കെ.രാഘവൻ പിള്ള എസ്.എസ്സ്, എ.ഇ.ഓ രുറവൂർ 12, സീ.കെ നാരായണൻ പി.ടി.എ പ്രസിഡണ്ട് ചങ്ങരം യു.പിസ്കൂൾ, 13. പ്രസന്നൻ ശ്രീധരൻ 14. ജീ.വിശ്വനാഥൻ 15. ഇ.എസ്.ആൻറണി 16. ജോ യി കരുവിള 17. ജി രഘുനാഥൻ നായർ എസ്.ഐ എഫ്. അരൂർ 18. വി രാജേന്ദ്രൻ 19.എസ് .പ്രകാശൻ 20. എ. പുരുഷോത്തമൻ 21.എം ശ്രീധരൻ നായർ 22. ഇ.ടി. അബ്ദുൽ കരീം 23. സി.പി.മൈക്കിൾ 24. ഷൈലജൻ കാട്ടിത്തറ 25. എൻ.ബാബു 26 എ.ബിജുകുമാർ വി.ഇ.ഒ ഏഴുപുന്ന 27.ദിനേശൻ. അസിഃഎൻജിനിയർ 28.പി. എക്സ്.ഓസ്റ്റിൻ,കോടംതുരുത്ത് മെ.ഓ. പി.എച്.സി 29. പി. വി രഘുവരൻ കെ. ഡബ്ല്യു. 30.കെ. പി. വിജയകുമാർ 31. കെ.എസ്.സാജൻ 32. എ.രത്നാകരൻ 33. ആർ. അപ്പു 34. എൻ. രവീന്ദ്രൻ കെ.ഡബ്ല്യു .എ.പി. എച്ച് കുത്തിയതോട് 35. പി.കെ തങ്കപ്പൻ 36. കെ.എൻ. പൊന്നപ്പൻ 37. പി.വി തിലകൻ 38. വി. സുരേന്ദ്രൻ വി.ഇ.ഒ കോടംതുരുത്ത് 39. സി.കെ കുമാരൻ 40. പി.പി സുരേഷ് 41. ടോമി വില്യംസ് 42. ജി.മോഹൻദാസ് 43.എ. നൂറുദ്ധീൻ അസിഃ ജില്ലാ വ്യവസാ. ആഫീസർ ചേർത്തല 44. ജി. കെ പണിക്കർ 45 ആർ.സുകമാരൻ നായർ 46.കെ.യൂസഫ് 47. രമണി.ജി 48. ടി.വി ചെറിയാൻ 49.എൻ രാജ് കുമാർ 50 ആർ. അശോകൻ 51. ശ്യാം എസ് 52. പി. എസ് വർഗ്ഗീസ് 53. സി.പി. സൈജു 54. പ്രതീപ് കുമാർ. കെ 55. വി. കെ അംബർഷൻ 56. അജിത് കുമാർ 57. കെ.എൻ.ആർ സ്വാമി 58. ശശിധരൻ.എം. 59 .എം.കെ നാരായണൻ 60. കെ.കെ കുര്യൻ 61. എ. ജെ ജോസഫ് 62.പി.വി മണിയപ്പൻ.63. പി.വി ശ്യാമപ്രസാദ്. 64. കെ. രമേശൻ 65. പി. എ ശാർങ്ങധരൻ 66. കെ. കെ. ചക്രപാണി 67. പി.ജെ ഐസക്ക് 68. എ.എൽ. അനിയച്ചൻ 69. കെ.എൻ. അബ്ദുൾ ഗഫൂർ, ഫിഷറീസ് 70. പി.ഒ കുരു വിള 71.എൻ.കെ. വിജയൻ 72.ഏ.ജെ. കുഞ്ഞ ച്ചൻ 73. കെ. ജെ. മൈക്കിൾ കെ.ഡബ്ല്യു.എ 74. പി. നടരാജൻ, കെ.ഡബ്ല്യു. എ75.സി.ഡി. പ്രസാദ്, കെ.ഡബ്ല്യു. എ 76.രമാദേവി, ഡയറി ഫാം. 77. എം.ശ്യാമ ളാമ്മ, എച്ച്.എം.ജി. എൽ.പി.എസ് കോടംതുരുത്ത് 78. സോണിയാ രാമചന്ദ്രൻ. 79. എ.നാസർ 80. കെ. പ്രഭാകരൻ 81.സി.ജി. കുമാർ 82. ബി. രമാദേവി 83. പ്രഭാപുഷ്ക്കരൻ 84.ബി. ജയകുമാർ 85. കാർത്തിയായിനി വേണു.

### ഗ്രൂപ്പ് ലീഡർമാർ

ഗ്രൂപ്പ് 1 ചെറിയാൻ ടി.വി
ഗ്രൂപ്പ് 2 എം. ശശിധരൻ
ഗ്രൂപ്പ് 3 എം. കെ നാരായണൻ
ഗ്രൂപ്പ് 4 പി. വി മണിയപ്പൻ

### ഗ്രാമ പഞ്ചായത്ത് ജീവനക്കാർ

വി.ദേവകി, സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി.
സി. ഔസേഫ്, ജൂനിയർ സൂപ്രണ്ട്.
വി.ടി. അമ്മിണി, യൂ.ഡി ക്ലർക്ക്.
എൻ.ഡി. വിജയപ്പൻ, യൂ.ഡി ക്ലർക്ക്.
എം.കെ കുമാരി ലളിത, യൂ.ഡി ക്ലർക്ക്.
കെ.പുരുഷൻ, എൽ.ഡി ക്ലർക്ക്.
എൻ.അല്ലി, എൽ.ഡി ക്ലർക്ക്.
എൽ. പ്രസന്നകുമാരി, എൽ.ഡി ക്ലർക്ക്.
വി. രാമചന്ദ്രൻ, പ്യൂൺ, ഗ്രേഡ് ഫസ്റ്റ്.
കെ.കെ ചിത്രാവതി, ഫുൾ ടൈം സ്വീപ്പർ
കെ.രാജമ്മ, ലൈബ്രേറിയൻ

ഭൂപ്രകൃതി പഠനം:- ജോയി കുരുവിള (കൺവീനർ)

അംഗൻ വാടി സർവ്വേ:- അജിത്ത് (കൺവീനർ)

ദ്വിതീയ വിവര ശേഖരണം:- ആർ.പി.മാർ

സാമ്പത്തിക സാമൂഹ്യ സർവ്വേ:- ആർ.പി.മാർ

പീലിംഗ് ഷെഡ്ഡ് സർവ്വേ:- പഞ്ചായത്ത് മെമ്പർമാർ

SOCIAL ECONOMIC SURVEY

കോടംതുരുത്ത് ഗ്രാമപഞ്ചായത്ത്
തൊഴിൽ വിഭജനം (18 വയസ്സിന് മുകളിൽ)

| സർക്കാർ | ആർദ്ധസർക്കാർ | കമ്പനി ജീവനം | വ്യവസായം | കയർ | കാർഷികം | മൽസ്യം | തൊഴിൽ രഹിതർ |
|---|---|---|---|---|---|---|---|
| 453 | 106 | 1110 | 183 | 1181 | 2103 | 2056 | 7293 |



PRINTED BY : SAROJA PRINTERS, AROOR. PH: 0478 872265.

G.P VIDYA BHAVAN
ENGLISH MEDIUM
SCHOOL
[C.B.S.E SYLLABUS ]
KUTHIATHODE P.O
PHONE- 562158



ആശംസകളോടെ






ആശംസകളോടെ

എഴുപ്പുന്ന തെക്ക്
സർവ്വീസ് സഹകരണ
ബാങ്ക് · ക്ലിപ്തം· നമ്പർ
1124

ഇറച്ചി കോഴികൾക്ക്



തേനാടി പൗൾട്രി ഫാം

ചമ്മനാട്, കോടംതുരുത്ത്
കത്തിയതോട് പി.ഒ
ഒരു വനിതാ വ്യവസായ യൂണിറ്റ്

Ph: 87 3151
87 4147
Res 872465

## ആശംസകൾ



☞ ഗ്രാൻറ് ഫർണ്ണീച്ചർമാർട്ട്

☞ ഗ്രാൻറ് ഫ്രിഡ്ജ് ഹൗസ്

☞ ഗ്രാൻറ് ടി.വി ഹൗസ്

എരമല്ലൂർ

എല്ലാവിധ വീട്ടുപകരണങ്ങളും തവണ
വ്യവസ്ഥയിൽ ലഭിക്കുന്ന കെ.എസ്
എഫ്.ഇ.യുടെ ഒരു അപ്രൂവ്ഡ് സ്ഥാപനം.
പ്രമുഖ കമ്പനിയുടെ അംഗീകൃത വ്യാപാരി.

---

# പ്രോവിഡൻസ്

Phone { Office : Aroor 872994/872554
Res : Ktd 562248
Res : 562242

## ചിട്ടി ഫണ്ട്, എരമല്ലൂർ പി.ഒ

കേരളാ ഗവ:അനുവാദപ്രകാരം 6 പ്രതിമാസ ലേലചിട്ടികൾ കൂടി ക്യാഷ് സെക്യൂരിറ്റിയിൻ മേൽ ഉടനെ ആരംഭിക്കുന്നു. ഇതിൽതാഴെ പ്പറയുന്ന നമ്പരുകൾ ഉണ്ടായിരിക്കുന്നതാണ്.

| | | | |
|---|---|---|---|
| ചിട്ടി നമ്പർ 138<br>Order No.6046/96<br>500 രൂപാ വീതം<br>50 തവണ<br>25000 | ചിട്ടി നമ്പർ 139<br>Order No.6047/96<br>500 രൂപാ വീതം<br>50 തവണ<br>25000 | ചിട്ടി നമ്പർ 140<br>Order No.6048/96<br>500 രൂപാ വീതം<br>50 തവണ<br>25000 | സ്വർണ്ണ പ്പണ്ടം<br>പണയത്തിൻമേൽ<br>പണം കടം<br>കൊടുക്ക പ്പെടും |
| ചിട്ടി നമ്പർ 141<br>Order No.6049/96<br>500 രൂപാ വീതം<br>50 തവണ<br>25000 | ചിട്ടി നമ്പർ 142<br>Order No.6050 / 96<br>250 രൂപാ വീതം<br>50 തവണ<br>12500 x2 | ചിട്ടി നമ്പർ 142<br>Order No.6050 / 96<br>250 രൂപാ വീതം<br>50 തവണ<br>12500 x2 | |

ഏരമല്ലൂർ

തലയാളർ :– എൻ.ടി. ആൻറണി
എൻ.വി അഗസ്റ്റിൻ

**ആശംസകൾ**

# ARDT ഫാർമസി

**H.O. പട്ടണക്കാട് 688531**

**ഫോൺ : 0478 - 54**

**ഫാക്സ് 0478 812098**

**350 ൽപരം ആയുർവ്വേദ ഔഷധങ്ങൾ**
**നിർമ്മിച്ച് വിതരണം ചെയ്യുന്ന കേരളതിലെ പ്രശസ്തമായ സ്ഥാപനം**
**കേന്ദ്ര സംസ്ഥാന ജീവനക്കാർക്ക് മെഡിക്കൽ റീ ഇംപേഴ്സ്മെൻറ്**
**പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നു**

ARDT ഉൽപ്പന്നങ്ങളെ കേരള സർക്കാർ വിൽപന
നികുതി നിന്നും പൂർണ്ണമായി ഒഴിവാക്കിയിരിക്കുന്നു.
ഹെഡ്ഡ് ആഫീസിൽ ഡോക്ടർ ശോഭാ രാജേന്ദ്രൻ (DAMS)
രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നു.
ഞങ്ങളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുക

കെ രാജേന്ദ്രൻ
ചെയർമാൻ

*ആശംസകൾ*

# കുന്നുമ്മേൽ ചിട്ടീസ്

എഴുപുന്നതെക്ക്.പി.ഒ

വല്ലേത്തോട്

കേരള ഗവ:അനുവാദപ്രകാരം പ്രതിമാസ

ലേല ചിട്ടികൾ നടത്തി വരുന്നു.

ഉടൻ ആരംഭിക്കുന്നപുതിയ ചിട്ടി.

സലവിവരം

500 x 50 = 25000



തലയാൾ

കെ. രാജീവൻ

കുന്നുമ്മേൽ

വിജയം

സുനിശ്ചിതമാക്കുവാൻ ,,

അറിവ് നേടുവാൻ ,,

കൂടുതൽ മാർക്ക് വാങ്ങുവാൻ ,,

ചേർന്ന് പഠിക്കുക.



# S.V.T.C

കുത്തിയതോട്, ചമ്മനാട്

ട്യൂഷൻ: Std - V - VI - VII - VIII - IX - X

സെഷൻ : S.S.L.C

*With best compliments from*



## SARADHY TALKIES,

**KUTHIATHODE.**

**CHERTHALA, ALAPPUZHA, (DIST)**

Properator T.M.C Nair
Manager K.J Chandrabose

*With Best Compliments from :*

# S. H. INDUSTRIES
# FATHIMA ICE

**Siraj Manzil, Chandiroor.**

Phone : 872741 (Aroor)
562205, 562495,
562446.

ആശംസകൾ

# പരമേശ്വര

# ടെക്സ്റ്റൈയിൽസ്

എരമല്ലൂർ

വസ്ത്രശേഖരങ്ങളുടെ അപൂർവ്വ കലവറ
കല്യാണ സാരികൾ,
ഷർട്ടിംഗ്സ്, ചുരിദാറുകൾ,
യൂണിഫോം തുണിത്തരങ്ങൾ
ഡ്രസ് മെറ്റീരിയൽസ്

*With Best Compliments from :*



**Placo Pack (P) Ltd.,**

KODAMTHURUTH, KUTHIATHODE. P. O.
PHONE : 0478 - 562904

MFRS OF : CORRUGATED CARTONS, DUPLEX CARTONS, POLYTHENE SHEETS, BAGS & ROLLS.

# ആശംസകൾ



## കരുമാഞ്ചേരി ഫൈനാൻസിയേഴ്സ്

എഴുപുന്ന തെക്ക്

ഫോൺ : 562 778

## കരുമാഞ്ചേരി ലക്ഷ്മി ജ്വവല്ലറി

തുറവൂർ

ഫോൺ : 562 275

## കരുമാഞ്ചേരി ഫൈനാൻഷ്യൽ എന്റർപ്രൈസസ്

എഴുപുന്ന തെക്ക്

## കരുമാഞ്ചേരി മറൈൻസ്

എഴുപുന്ന തെക്ക്